# ജീവിക്കുന്ന രക്തസാക്ഷികൾ



റിച്ചാർഡ് വുംബ്രാണ്ട്

# ജീവിക്കുന്ന രക്തസാക്ഷികൾ

## (TORTURED FOR CHRIST)

## റിച്ചാർഡ് വുംബ്രാണ്ട്

ഇരുമ്പു മറയ്ക്കുള്ളിൽ ദണ്ഡനമനുഭവിക്കുന്ന യഥാർത്ഥ ക്രിസ്ത്യാനികളുടെ ഹൃദയഭേദകമായ കഥ

Love In Action Society
P.O. Box 4532, Green Park, New Delhi-110016-

# JEEVIKKUNNA RAKTHASAKSHIKAL

(Malayalam)

**By Richard Wurmbrand**

Translated by
**Thomas Mathai**

©Richard Wurmbrand



| | | | |
|---|---|---|---|
| I | Edition | 5000 | Copies |
| II | " | 6000 | " |
| III | " | 50000 | " |
| IV | " | 10000 | " |

1990

Printed and published by Dr. P.P. Job, V-31, Green Park, New Delhi-110016, at Sabina Printing Press, Faridabad, India.

# ഗ്രന്ഥകാരനെപ്പററി

മാതൃരാജ്യമായ റുമേനിയായിൽ, കമ്മ്യൂണിസ്ററ് ദണ്ഡനമേററ് പതിനാലുവർഷം ജയിൽവാസമനുഭവിച്ച ഒരു സുവിശേഷ വിഹിത സഭാശുശ്രൂഷകനാണ് റവ. റിച്ചാർഡ് വുംബ്രാണ്ട്. റുമേനിയായിൽ ഏററവും കൂടുതൽ അറിയപ്പെടുന്ന ഒരു ക്രിസ്തീയ നേതാവും ഗ്രന്ഥകർത്താവുമാണ് അദ്ദേഹം.

1945-ൽ കമ്മ്യൂണിസ്ററുകാർ റുമേനിയായിൽ അധികാരത്തിൽ വന്നപ്പോൾ, തങ്ങളുടെ ഉദ്ദേശപ്രാപ്തിക്കായി അവിടെയുള്ള ക്രിസ്തീയസഭകളെ നിയന്ത്രിക്കുവാൻ തുടങ്ങി. ഉടൻതന്നെ റിച്ചാർഡ് ഒളിവിൽ ശക്തിമത്തായ ക്രിസ്തീയ പ്രവർത്തനങ്ങൾ ആരംഭിച്ചു. അടിമത്വത്തിലാണ്ട റുമേനിയൻ ജനതയുടെയിടയിലും റുമേനിയായെ ആക്രമിച്ചു കീഴടക്കിയ റഷ്യൻ ഭടന്മാരുടെ ഇടയിലുമാണ് ഈ വേല ആരംഭിച്ചത്. 1948-ൽ അദ്ദേഹവും ഭാര്യ സബീനയും ബന്ധിക്കപ്പെട്ടു. അദ്ദേഹത്തിൻെറ ഭാര്യ ഒരു അടിമത്തൊഴിലാളിയായി മൂന്നു വർഷം വേലചെയ്തു. അദ്ദേഹത്തിന് മൂന്നുവർഷക്കാലം ഏകാന്തതടവ് അനുഭവിക്കേണ്ടിവന്നു. ആ നാളുകളിൽ തന്നെ ദണ്ഡിപ്പിക്കുന്ന കമ്മ്യൂണിസ്ററുകാരെയല്ലാതെ ആരേയും അദ്ദേഹം കണ്ടിട്ടില്ല. മൂന്നു വർഷങ്ങൾക്കുശേഷം അദ്ദേഹത്തെ അനേകർ വസിക്കുന്ന ഒരു ജയിലിലേക്കു മാററി. അവിടെയും ദണ്ഡനവിധികൾ തുടർന്നുകൊണ്ടിരുന്നു.

റിച്ചാർഡ് വുംബ്രാണ്ട് ലോക പ്രശസ്തനായ ഒരു ക്രിസ്തീയ നേതാവായിരുന്നതിനാൽ വിദേശ രാജ്യങ്ങളിൽ നിന്നുള്ള സ്ഥാനാപതികൾ പലരും അദ്ദേഹത്തിൻെറ ക്ഷേമത്തെപ്പററി അന്വേഷിക്കുകയുണ്ടായി. അദ്ദേഹം റുമേനിയവിട്ട് ഓടിപ്പോയി എന്നുള്ള ഉത്തരമാണ് അവർക്കു

ലഭിച്ചത്. രഹസ്യപ്പോലീസുകാർ, തങ്ങാം തടവുകാരായിരുന്നു എന്ന ഭാവേന വുംബ്രാണ്ടിന്റെ ഭാര്യയെ സന്ദർശിച്ചു വുംബ്രാണ്ട് മരിച്ചുപോയി എന്നും, അദ്ദേഹത്തിന്റെ ശവസംസ്കാര ശുശ്രൂഷയിൽ തങ്ങാം പങ്കെടുത്തു എന്ന് അറിയിക്കുകയും ചെയ്തു. ഈ വിവരം അവർ കുടുംബക്കാരെയും സ്നേഹിതന്മാരെയും അറിയിക്കുകയും ചെയ്തു.

എട്ടു വർഷങ്ങാംക്കുശേഷം അദ്ദേഹം വിമുക്തനായി. അതോടുകൂടി വുംബ്രാണ്ട് ഒളിവു സഭയുടെ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. വീണ്ടും രണ്ടു വർഷങ്ങാംക്കുശേഷം 1959-ൽ അദ്ദേഹത്തെ ബന്ധിക്കുകയും ഇരുപത്തഞ്ചു വർഷത്തെ തടവു ശിക്ഷയ്ക്കു വിധിക്കുകയും ചെയ്തു.

1964-ൽ പൊതുവായ ഒരു രാഷ്ട്രീയ മാപ്പ് പ്രഖ്യാപിക്കപ്പെട്ടതിന്റെ ഫലമായി വുംബ്രാണ്ട് സ്വതന്ത്രനായിത്തീർന്നു. വീണ്ടും ജയിലിൽ പോകേണ്ടിവരുന്നത് ആപത്താണെന്നു മനസ്സിലാക്കിയ നോർവേയിലെ വിശ്വാസികാം, അദ്ദേഹത്തിന് റുമേനിയായിൽനിന്ന് വെളിയിൽ പോകുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനായി ഗവൺമെൻറുമായി വേണ്ട ഇടപാടുകാം ചെയ്തു. റുമേനിയായിലെ കമ്മ്യൂണിസ്ററ് ഗവൺമെൻറ് രാഷ്ട്രീയ തടവുകാരുടെ "വില്പന" ആരംഭിച്ചു കഴിഞ്ഞിരുന്നു. ഒരു തടവുകാരന്റെ സാധാരണ വില 800 പവൻ ആയിരുന്നു. എങ്കിലും വുംബ്രാണ്ടിന്റെ വിലയായി 2500 പവൻ കൊടുക്കേണ്ടിവന്നു.

1966 മേയ് മാസത്തിൽ, അമേരിക്കൻ സെനററിന്റെ ആഭ്യന്തര രക്ഷാസമിതിയുടെ മുമ്പാകെ വുംബ്രാണ്ട് സാക്ഷ്യം പറയുകയും, താൻ ഏററ ദണ്ഡനങ്ങളുടെ ഫലമായി തന്റെ ദേഹത്ത് അരക്കെട്ടു മുതൽ മുകളിലോട്ട് ഉണ്ടായിരുന്ന പതിനെട്ട് ആഴമുള്ള മുറിവുകളുടെ പാടുകാം കാണിക്കുകയും ചെയ്തു. അതോടുകൂടി അദ്ദേഹത്തിന്റെ കഥ അമേരിക്കയിലും യൂറോപ്പിലും ഏഷ്യയിലും പരക്കുകയുണ്ടായി. 1966 സെപ്തംബറിൽ, തന്നെ വധിക്കുവാൻ റുമേനിയൻ

ഗവൺമെൻറ് തീരുമാനിച്ചതായുള്ള ഒരു മുന്നറിവ് അദ്ദേഹത്തിനു ലഭിച്ചുവെങ്കിലും, അങ്ങനെയുള്ള ഭീഷണികൾകൊണ്ടൊന്നും അദ്ദേഹം നിശ്ശബ്ദനായില്ല.

"ഒളിവുസഭയുടെ ശബ്ദം" എന്ന പേരിൽ അദ്ദേഹം അറിയപ്പെടുന്നു. "ജീവിക്കുന്ന രക്തസാക്ഷി" എന്നും "ഇരുമ്പുമറയ്ക്കുള്ളിലെ പൗലോസ് അപ്പോസ്തലൻ" എന്നും ക്രിസ്തീയ നേതാക്കന്മാർ അദ്ദേഹത്തെ വിളിച്ചുവരുന്നു.

# മുഖവുര

**(റവ. ഡബ്ളിയു. സ്ററുവാർട്ട് ഹാരീസ്, എഫ്.ആർ.ജി.എസ്--ജനറൽ ഡയറക്ടർ, യൂറോപ്യൻ ക്രിസ്ത്യൻ മിഷൻ)**

1964-ൽ ആണ് ഞാൻ ആദ്യമായി റുമേനിയായിൽ പ്രവേശിച്ചത്. അതിനുമുമ്പ്, അൽബേനിയാ ഒഴിച്ചാൽ യൂറോപ്പിൽ ഞാൻ സന്ദർശിച്ചിട്ടില്ലാത്ത ഏക രാജ്യം റുമേനിയ ആയിരുന്നു. ഞാൻ അവിടേക്കു പോകണമെന്നുള്ള സൂചന പല മാസങ്ങളായി എനിക്ക് ദൈവത്തിൽനിന്ന് ലഭിച്ചിരുന്നു. അങ്ങനെ റവ. ജോൺ മോസ്ലിയും ഞാനും ഹംഗേറിയൻ അതിർത്തികടന്ന് റുമേനിയായിൽ പ്രവേശിച്ചു.

ഞങ്ങൾ ഒരു കമ്മ്യൂണിസ്ററ് രാജ്യത്താണെന്നും, അവിടുത്തെ അധികാരികൾ ഞങ്ങളെ ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നുണ്ടെന്നും ഞങ്ങൾക്ക് അധികം താമസിയാതെ മനസ്സിലായി. എങ്കിലും അവിടെയുള്ള വിശ്വാസികൾ ഞങ്ങളെ ഹാർദ്ദമായി സ്വാഗതം ചെയ്തു. ക്രിസ്തുമസ്സിന് നാലാഴ്ചമുമ്പ്, ഒരു ഞായറാഴ്ച വൈകുന്നേരം ഞങ്ങൾ ബുക്കാറസ്ററിലുള്ള ജർമ്മൻ ബാപ്ററിസ്ററു പള്ളിയിൽ പോയി. അവിടെ സന്നിഹിതരായിരുന്നവരെ അഭിവാദനം ചെയ്യുന്നതിനും സാക്ഷ്യം പറയുന്നതിനും ഞങ്ങൾക്ക് രണ്ടുപേർക്കും അവസരം ലഭിച്ചു.

യോഗം കഴിഞ്ഞപ്പോൾ പലർവന്ന് ഞങ്ങളോടു സംസാരിച്ചു. ആ കൂട്ടത്തിൽ വെളുത്തുവിളറിയ മുഖവും പ്രതീക്ഷനിറഞ്ഞ കണ്ണുകളുമുള്ള ഒരു വൃദ്ധൻ ഉണ്ടായിരുന്നു. ഞങ്ങളോടു സംസാരിക്കുവാൻ തനിക്ക് ആഗ്രഹമുണ്ടെന്നും,

തൻെറ വീട്ടിലേക്കു വരുന്നപക്ഷം അതിൻെറ ഭവിഷ്യത്ഫലങ്ങളെ നേരിടുവാൻ താൻ ഒരുക്കമാണെന്നും അദ്ദേഹം പറഞ്ഞു. അന്നുരാത്രി പത്തുമണിയോടുകൂടി റിച്ചാർഡ് വുംബ്രാണ്ടും, ഭാര്യയും, മകൻ മിഹായിയും താമസിച്ചിരുന്ന മേൽനിലയിലുള്ള ഒരു ചെറിയ മുറിയിലേക്ക് ഞങ്ങൾ നടന്നു.

ശാന്തമായി ഞങ്ങൾ ആ മുറിയിൽ പ്രവേശിച്ചു. അവിടെ താമസിച്ചിരുന്ന സഭാപരിപാലകനെപ്പററി ഞങ്ങൾ പശ്ചിമ രാജ്യങ്ങളിൽ വളരെയധികം കേട്ടിരുന്നു. പതിന്നാലുവർഷക്കാലം അദ്ദേഹം അനുഭവിച്ച സംഭ്രമജനകമായ യാതനകളെപ്പററിയും അതിൽനിന്നുള്ള വിടുതലിനെപ്പററിയുമുള്ള കഥ അദ്ദേഹം വെളിപ്പെടുത്തി. ആദ്യം അദ്ദേഹത്തിൻെറ ഭാര്യ സബീനയും പിന്നീട് മകൻ മിഹായിയും പുറത്തിറങ്ങി തെരുവിലേക്ക് നോക്കിയപ്പോൾ വീടിനുചുററും പോലീസ് നില്ക്കുന്നതായും എതിരെയുള്ള വീടിനു മുമ്പിൽ അവരുടെ കാറു കിടക്കുന്നതായും കണ്ടു. അവർ എത്രനേരം ഈ വീടു കാത്തുകൊണ്ടിരിക്കും? അതിൻെറ ഫലം എന്തായിരിക്കും? റിച്ചാർഡ് വുംബ്രാണ്ട് തൻെറ കഥ അവസാനിപ്പിച്ചപ്പോൾ ഞങ്ങൾ പ്രാർത്ഥിച്ചു. മറക്കാനാവാത്ത ഒരു പ്രാർത്ഥനയായിരുന്നു അത്. തൻെറ മക്കളെ സംരക്ഷിക്കേണമേ എന്ന് ഞങ്ങൾ ദൈവത്തോട് അപേക്ഷിച്ചു. അദ്ദേഹത്തിൻെറ ശരീരത്തിലുള്ള ദണ്ഡനങ്ങളുടെ പാടുകൾ ഞങ്ങൾ കണ്ടിരുന്നു. ആ ദണ്ഡനകാലങ്ങളിലെ ഭയങ്കരത ഞങ്ങൾ മനസ്സിലാക്കിയിരുന്നു. എങ്കിലും കാരാഗൃഹവാസത്തിൻെറയും പീഢകളുടേയും കറുത്തിരുണ്ട ആ കഥയിൽകൂടിയും—മഹത്വത്തിൻെറയും സ്നേഹത്തിൻെറയും വെളിച്ചം പരന്നിരുന്നു. ദൈവം ഞങ്ങളുടെ പ്രാർത്ഥന കേട്ടു. ഞങ്ങൾ തിരികെ പോകുവാനായി തെരുവിൽ ഇറങ്ങിയപ്പോഴേക്കും പോലീസുകാർ പോയിരുന്നു!

യേശുക്രിസ്തുവിനുവേണ്ടി ധീരസാക്ഷികളായിരുന്ന ഈ കുടുംബത്തെ കണ്ടുമുട്ടിയശേഷം ഞങ്ങളുടെ ജീവിതത്തിൽ പല പരിവർത്തനങ്ങളുമുണ്ടാകാതിരിക്കാൻ നിവൃത്തിയില്ല എന്ന് ഞങ്ങൾക്കു തോന്നി. അങ്ങനെ ഈ പുസ്തകം

അവതരിപ്പിക്കുവാൻ എന്നോട് ആവശ്യപ്പെട്ടത് ബഹുമതിയായി ഞാൻ കരുതുന്നു. യേശുക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുകയും ക്രിസ്തുവിൻെറ കഷ്ടങ്ങളിൽ കുറവായുള്ളത് സഭയായ തൻെറ ശരീരത്തിൽ നിറവേററുകയും ചെയ്യുന്ന കിഴക്കൻ യൂറോപ്പിലെ വിശ്വാസികളെ സ്നേഹിപ്പാൻ തക്കവണ്ണം അനേകരുടെ ഹൃദയങ്ങളിൽ ദൈവം പ്രവർത്തിക്കട്ടെ എന്നുള്ള ആത്മാർത്ഥമായ പ്രാർത്ഥനയോടുകൂടിയത്രെ ഞാൻ ഈ പുസ്തകത്തെ അവതരിപ്പിക്കുന്നത്.

# അവതാരിക

ഇരുമ്പുമറയ്ക്കു പിന്നിലുള്ള ഒളിവുസഭയിൽ നിന്നുമുള്ള ഒരു സന്ദേശം സ്വതന്ത്രരായ എല്ലാ ക്രിസ്ത്യാനികൾക്കുമായി ഞാൻ കൊണ്ടുവരികയാണ്.

"സ്വതന്ത്രലോകത്തിലേക്ക് കടന്നുവരുവാൻ ഞാൻ സകല പ്രയത്നവും ചെയ്യണമെന്നും, ഈ അടിയന്തരസന്ദേശം നിങ്ങൾക്ക് എത്തിക്കണമെന്നു" ഞാൻ വളരെ നാളുകളായി നേതൃത്വം നൽകിയിരുന്ന ഒളിവുസഭ തീരുമാനിച്ചു. ഞാൻ ഇന്നു ജീവിച്ചിരിക്കുന്നതും സ്വതന്ത്രലോകത്തിൽ എത്തുവാൻ ഇടയായതും എത്രവലിയ അത്ഭുതമാണെന്ന് ഈ പുസ്തകം വായിക്കുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും. കമ്മ്യൂണിസ്ററ് രാജ്യങ്ങളിൽ പീഢകൾ സഹിച്ചിട്ടും വിശ്വസ്തരായി കഴിയുന്ന ഒളിവുസഭകൾ എന്നെ ഭരമേല്പിച്ച സന്ദേശമാണ് ഈ പുസ്തകത്തിലുള്ളത്.

ഒളിവുസഭയിൽ നിന്നുള്ളതായ ഈ സന്ദേശത്തിന് നിങ്ങളുടെ അടിയന്തര പരിഗണന നൽകുന്നതിനായി, ആദ്യമായി എന്റെ സാക്ഷ്യം നൽകുകയും, തുടർന്ന് ഒളിവുസഭയുടെ പ്രവർത്തനങ്ങളെപ്പററി പറയുകയും ചെയ്തുകൊള്ളുന്നു.

റിച്ചാർഡ് വുംബ്രാണ്ട്

# വിഷയവിവരം


| | | |
|---|---|---|
| ഒന്ന് | ഒരു നിരീശ്വരവാദി ക്രിസ്തുവിനെ കണ്ടെത്തുന്നു | 1 |
| രണ്ട് | പറഞ്ഞുതീരാനാവാത്ത ദണ്ഡനങ്ങൾ | 36 |
| മൂന്ന് | റൂമേനിയ വിട്ടത് | 60 |
| നാല് | കമ്മ്യൂണിസത്തോടുള്ള ആത്മീയ പോരാട്ടം | 67 |
| അഞ്ച് | കമ്മ്യൂണിസ്ററുകാരെ നേടാം | 119 |
| ആറ് | ഒളിവുസഭ മഞ്ഞുമലപോലെ | 150 |
| ഏഴ് | ഒളിവുസഭയിൽ നിന്നുള്ള സന്ദേശം | 183 |

# അദ്ധ്യായം ഒന്ന്

## ഒരു നിരീശ്വരവാദി ക്രിസ്തുവിനെ കണ്ടെത്തുന്നു

മതപരമായ ചിന്തകളൊന്നുമില്ലാത്ത ഒരു കുടുംബത്തിലാണ് ഞാൻ ജനിച്ചുവളർന്നത്. ബാല്യകാലത്തിൽ എനിക്ക് യാതൊരു വിധമായ മതാഭ്യസനവും ലഭിച്ചിരുന്നില്ല. പതിന്നാലു വയസ്സായപ്പോഴേക്കും ഞാൻ കടുത്ത ഒരു നിരീശ്വരവാദിയായി ത്തീർന്നിരുന്നു. ബാല്യകാലങ്ങളിലെ കയ്പേറിയ അനുഭവങ്ങളുടെ ഫലമായിരുന്നു അത്. ചെറുപ്രായംമുതൽ ഒരു അനാഥ ശിശുവായിട്ടാണ് ഞാൻ വളർന്നുവന്നത്. ഒന്നാം ലോകമഹായുദ്ധത്തിൻെറ കഷ്ടത നിറഞ്ഞ വർഷങ്ങളിൽ ദാരിദ്ര്യം എന്തെന്ന് ഞാൻ അറിഞ്ഞിരുന്നു. പതിന്നാലുവയസ്സായ പ്പോഠം ഇന്നത്തെ കമ്മ്യൂണിസ്ററുകാരെപ്പോലെതന്നെ ദൈവമില്ല എന്ന് എനിക്കു പൂർണ്ണബോദ്ധ്യം വന്നിരുന്നു. നിരീശ്വരവാദം അടങ്ങിയ അനേകപുസ്തകങ്ങഠം ഞാൻ വായിച്ചിരുന്നു. ദൈവത്തെപ്പററിയോ യേശുക്രിസ്തുവിനെപ്പററി യോ എനിക്ക് ചിന്തകഠം ഇല്ലായിരുന്നു എന്നല്ല. മറിച്ച് ആവിധ ചിന്തകഠം മനുഷ്യമനസ്സിനു ഹാനികരമാണ് എന്നു കരുതി ഞാൻ ആ ചിന്തകളെ വെറുത്തിരുന്നു. മതത്തോടുള്ള വിദ്വേഷത്തിൽ ഞാൻ വളർന്നു.

എന്നാൽ എനിക്കറിഞ്ഞുകൂടാത്ത കാരണങ്ങളാൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള കൃപ എനിക്കു ലഭിച്ചതായി പിന്നീട് മനസ്സിലായി. എൻെറ സ്വഭാവത്തിൻെറ യാതൊരു വിധ ശ്രേഷ്ഠതയുമായിരുന്നില്ല ആ കാരണങ്ങഠം; കാരണം, എൻെറ സ്വഭാവം വളരെ ദുഷിച്ചതായിരുന്നു.

ഞാൻ ഒരു നിരീശ്വരവാദിയായിരുന്നെങ്കിലും അകാരണമായി എന്തോ ഒരു ശക്തി എന്നെ പള്ളികളിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നു. ഒരു പള്ളിയുടെ സമീപത്തുകൂടെ പോകുമ്പോൾ അതിനകത്തു ഒന്നു കയറാതെ പോകുക എനിക്ക് പ്രയാസമായിരുന്നു. എന്നിരുന്നാലും അവിടെ നടക്കുന്നതു എന്തെല്ലാമാണെന്ന് ഒരിക്കലും എനിക്കു മനസ്സിലായില്ല. ഞാൻ പ്രസംഗങ്ങൾ ശ്രദ്ധിച്ചു. പക്ഷെ അവ എന്റെ ഹൃദയത്തെ സ്പർശിച്ചില്ല. ദൈവമില്ല എന്ന് എനിക്കുറപ്പുണ്ടായി. ഞാൻ അനുസരിക്കേണ്ട യജമാനനായ ദൈവത്തെപ്പററിയുള്ള തെററായ ധാരണകളെ ഞാൻ വെറുത്തു. എന്നാൽ ഈ പ്രപഞ്ചത്തിന്റെ മദ്ധ്യത്തിലെങ്ങോ സ്നേഹം നിറഞ്ഞതായ ഒരു ഹൃദയം ഉണ്ട് എന്നു അറിഞ്ഞിരുന്നെങ്കിൽ എനിക്കു വളരെ സന്തോഷമുണ്ടാകുമായിരുന്നു. ബാല്യത്തിന്റെയോ യൗവ്വനത്തിന്റെയോ സന്തോഷങ്ങളൊന്നും ഞാൻ അറിഞ്ഞിരുന്നില്ല— എനിക്കുവേണ്ടി സ്പന്ദിക്കുന്നതായ ഒരു ഹൃദയത്തെ എവിടെയെങ്കിലും കാണുവാൻ ഞാൻ അതിയായി ആശിച്ചിരുന്നു.

ദൈവമില്ല എന്നുള്ളത് എനിക്കറിയാമായിരുന്നു. എങ്കിലും സ്നേഹവാനായ ഒരു ദൈവം ഇല്ലല്ലോ എന്നുള്ളതിൽ എനിക്കു ഖേദവുമുണ്ടായിരുന്നു. ഒരിക്കൽ എന്റെ ഹൃദയത്തിലുണ്ടായ ഒരു പോരാട്ടത്തിന്റെ ഫലമായി ഞാൻ ഒരു കത്തോലിക്കാ പള്ളിയിൽ പ്രവേശിച്ചു. അവിടെയുണ്ടായിരുന്നവർ മുട്ടുകുത്തി എന്തോ പറയുന്നത് ഞാൻ കണ്ടു. അവരോടുകൂടെ മുട്ടുകുത്തി, അവർ പറയുന്ന പ്രാർത്ഥനകൾ മനസ്സിലാക്കി ഏററുപറഞ്ഞാൽ എന്തെങ്കിലും സംഭവിക്കുമോ എന്നുള്ള വിചാരത്തിൽ ഞാൻ അങ്ങനെ ചെയ്തു. അവർ കന്യകമറിയമിനോടുള്ള ഒരു പ്രാർത്ഥനചൊല്ലി: "കൃപനിറഞ്ഞ മറിയമേ നിനക്കു വന്ദനം." ഞാൻ വീണ്ടും വീണ്ടും ആ പ്രാർത്ഥന ഉരുവിട്ടു. കന്യക മറിയാമിന്റെ പ്രതിമയെ ഞാൻ നോക്കി പക്ഷേ ഒന്നും സംഭവിച്ചില്ല എനിക്കു വളരെ ദുഃഖമുണ്ടായി.

ഉറച്ച ഒരു നിരീശ്വരവാദിയായിരിക്കുമ്പോൾ ഒരു ദിവസം ഞാൻ ദൈവത്തോട് ഏതാണ്ടിപ്രകാരം പ്രാർത്ഥിച്ചു:

“ദൈവമേ, ദൈവം ഇല്ല എന്ന് എനിക്ക് ഉറപ്പായി അറിയാം. നീ ജീവിച്ചിരിക്കുന്നു എന്നുള്ളതിനെ ഞാൻ നിഷേധിക്കുന്നു. എങ്കിലും ഏതെങ്കിലും കാരണവശാൽ നീ ജീവിച്ചിരിക്കുന്നു എങ്കിൽ നിന്നിൽ വിശ്വസിക്കുക എന്നത് എന്റെ കർത്തവ്യമല്ല. നിന്നെത്തന്നെ എനിക്കു വെളിപ്പെടുത്തിത്തരിക എന്നുള്ളത് നിന്റെ കർത്തവ്യമാണ്.” ഞാൻ ഒരു നിരീശ്വരവാദിയായിരുന്നു എങ്കിലും നിരീശ്വരത്വം എന്റെ ഹൃദയത്തിന് സമാധാനം തന്നിരുന്നില്ല.

എന്റെ ഹൃദയത്തിൽ ഇപ്രകാരമുളള കലക്കം ഉണ്ടായസമയത്ത് റുമേനിയായുടെ പർവ്വതപ്രദേശത്തുള്ള ഒരു ഗ്രാമത്തിൽ വൃദ്ധനായ ഒരു ആശാരി ഇങ്ങനെ പ്രാർത്ഥിച്ചു: (എന്ന് എനിക്കു പിന്നീടു മനസ്സിലായി) “എന്റെ ദൈവമേ, ഞാൻ ഈ ലോകത്തിൽ നിന്നെ സേവിച്ചു. അതിന്റെ പ്രതിഫലം ഈ ലോകത്തിലും ലഭിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ മരിക്കുന്നതിനുമുമ്പ് ഒരു യഹൂദനെ യേശുക്രിസ്തുവിങ്കലേക്ക് നടത്താൻ ഇടയാക്കണമെന്നുള്ളതാണ് ആ പ്രതിഫലം. (കാരണം യേശുക്രിസ്തു യഹൂദവംശജനാണല്ലൊ). എന്നാൽ ഞാൻ പാവപ്പെട്ടവനും വൃദ്ധനും രോഗിയുമാണ്. ഒരു യഹൂദനെ അന്വേഷിച്ചു പോകുവാൻ എനിക്ക് കഴിവില്ല. നീതന്നെ ഒരു യഹൂദനെ എന്റെ ഗ്രാമത്തിലേക്ക് കൊണ്ടുവരിക. അവനെ യേശുക്രിസ്തുവിങ്കലേക്ക് നടത്തുവാൻ എന്നാൽ ആവുന്നതെല്ലാം ഞാൻ ചെയ്യാം....”

എതിർത്തുനില്ക്കാൻ കഴിവില്ലാത്ത ഏതോ ഒരു ശക്തി എന്നെ ആ ഗ്രാമത്തിലേക്കു നടത്തി. റുമേനിയായിൽ പന്തീരായിരം ഗ്രാമങ്ങളുണ്ട്. എന്നാൽ ആ ഗ്രാമത്തിലേക്കാണ് ഞാൻ പോയത്. ഞാൻ ഒരു യഹൂദനാണെന്നറിഞ്ഞ് ആ ആശാരി എന്നെ സ്നേഹപൂർവ്വം ക്ഷണിച്ചു. തന്റെ പ്രാർത്ഥനയ്ക്കു ത്തരമായിട്ടാണ് ഞാൻ അവിടെ ചെന്നത് എന്നു മനസ്സിലാക്കിക്കൊണ്ട് അദ്ദേഹം ഒരു വേദപുസ്തകം എനിക്കു സമ്മാനിച്ചു. സാംസ്കാരികമായ താല്പര്യത്താൽ ഞാൻ വേദപുസ്തകം പലപ്പോഴും വായിച്ചിട്ടുണ്ടായിരുന്നു. എന്നാൽ

അദ്ദേഹം എനിക്കു നല്കിയ വേദപുസ്തകം വ്യത്യസ്തമായ ഒന്നായിരുന്നു. എന്റെ മാനസാന്തരത്തിനുവേണ്ടി താനും ഭാര്യയും അനേക മണിക്കൂറുകൾ പ്രാർത്ഥിച്ചുവെന്ന് പിന്നീട് അദ്ദേഹം എന്നോടു പറയുകയുണ്ടായി. സാധാരണ അക്ഷരങ്ങളിലല്ല, അവന്റെ പ്രാർത്ഥനയാൽ കത്തിക്കപ്പെട്ട സ്നേഹത്തിന്റെ തീനാളങ്ങളാലത്രെ ആ വേദപുസ്തകം എഴുതപ്പെട്ടിരുന്നത്.

ഞാൻ എന്റെ ജീവിതത്തെ യേശുക്രിസ്തുവിന്റെ ജീവിതത്തോട് താരതമ്യപ്പെടുത്തി. അവന്റെ ജീവിതത്തോടു എന്റെ ദുഷ്ടജീവിതത്തേയും; അവന്റെ വിശുദ്ധിയോട് എന്റെ അശുദ്ധിയേയും; അവന്റെ സ്നേഹത്തോട് എന്റെ വിദ്വേഷത്തെയും ഞാൻ തുലനം ചെയ്തു. അതു വായിക്കുകയല്ല, വായിച്ചുകരയുവാനേ എനിക്കു കഴിഞ്ഞുള്ളു. യേശുക്രിസ്തു എന്നെ തന്റെ സ്വന്തമായി സ്വീകരിച്ചു! അധികം താമസിയാതെ എന്റെ ഭാര്യയും മാനസാന്തരപ്പെട്ടു. അവൾ മററുള്ളവരെ യേശുവിങ്കലേക്ക് കൊണ്ടുവന്നു. അങ്ങനെ രക്ഷിക്കപ്പെട്ടവർ മററുള്ളവരെ രക്ഷയിലേക്കു നടത്തി. അങ്ങനെ റുമേനിയായിൽ ലൂതറൻ സഭയുടെ ഒരു പുതിയ കൂട്ടം രൂപം പ്രാപിച്ചു.

നാസികളുടെ കാലത്ത് ഞങ്ങൾ വളരെയധികം പീഢ സഹിക്കേണ്ടിവന്നു. യഹൂദന്മാരേയും പ്രോട്ടസ്ററൻറ് സഭാവിഭാഗങ്ങളേയും പീഢിപ്പിക്കുന്ന ഒരു ഏകാധിപത്യമായിട്ടത്രേ റുമേനിയായിൽ നാസിമതം തല ഉയർത്തിയത്.

പട്ടമേൽക്കുന്നതിനു മുമ്പുതന്നെ സഭാശുശ്രൂഷയ്ക്കുവേണ്ടി ഞാൻ ഒരുക്കപ്പെട്ടു. വാസ്തവത്തിൽ ഞാൻ ആ സഭയുടെ നായകനും സ്ഥാപകനുമായിരുന്നു. അതിന്റെ ചുമതലകളും എന്റെമേൽ ഉണ്ടായിരുന്നു. നാസികൾ എന്നെയും എന്റെ ഭാര്യയെയും പലപ്രാവശ്യം ബന്ധിക്കുകയും നാസി ന്യായാധിപന്മാരുടെ മുമ്പിലേക്ക് വലിച്ചിഴയ്ക്കുകയും ചെയ്തു. നാസികളുടെ കീഴിൽ ഞങ്ങൾക്ക് അതിഭയത്തോടുകൂടി കഴിയേണ്ടിവന്നു. എന്നാൽ പിന്നീട് വരാനിരുന്ന കമ്മ്യൂണിസ്ററ് ഭരണത്തിന്റെ ഭീകരതയുടെ ഒരു നിഴൽ

മാത്രമായിരുന്നു അത്. എന്റെ മകൻ മിഹായി വധിക്കപ്പെടാതിരിക്കാൻവേണ്ടി ഞങ്ങൾ അവന് യഹൂദവംശത്തിൽ പെടാത്ത ഒരു പേര് ഇട്ടു.

എന്നാൽ നാസികളുടെ ഭരണം കൊണ്ട് ഒരു പ്രയോജനമുണ്ടായി. ദൈവത്തിന്റെ സഹായത്തോടുകൂടെ, ഒരു മനുഷ്യന് തുടർച്ചയായുള്ള ശാരീരിക ദണ്ഡനങ്ങൾ സഹിക്കാൻ കഴിയുമെന്നുള്ള പാഠം ഞങ്ങൾ പഠിച്ചു. ഒളിവിൽ ക്രിസ്തീയ പ്രവർത്തനങ്ങൾ ചെയ്യുന്നത് എങ്ങനെയെന്നും ഞങ്ങൾ പഠിച്ചു. ഭാവിയിൽ വരാനിരുന്ന അഗ്നിപരീക്ഷകൾക്കുവേണ്ടിയുള്ള ഒരുക്കമായിരുന്നു അത്.

## റഷ്യക്കാരുടെയിടയിലുള്ള പ്രവർത്തനം

ഒരു നിരീശ്വരവാദിയായിരുന്നു എന്ന മനസ്സാക്ഷിയുടെ കുത്തുമൂലം, മാനസാന്തരപ്പെട്ട ദിവസം മുതൽ റഷ്യക്കാരുടെയിടയിൽ സാക്ഷ്യം പറയുവാൻ ഞാൻ അതിയായി ആഗ്രഹിച്ചിരുന്നു. റഷ്യക്കാർ ബാല്യം മുതൽ നിരീശ്വരന്മാരായി വളർത്തപ്പെടുന്നവരാണ്. അവരുടെയിടയിൽ സുവിശേഷം അറിയിക്കുന്നതിനുള്ള എന്റെ ആഗ്രഹം സഫലമായിത്തീർന്നു. യുദ്ധത്തടവുകാരായിരുന്ന അനേകം റഷ്യക്കാർ റുമേനിയായിൽ ഉണ്ടായിരുന്നു. അവരുടെയിടയിൽ ക്രിസ്തീയ വേല ചെയ്യുവാൻ സാധിച്ചതുകൊണ്ട് നാസികളുടെ ഭരണകാലത്തുതന്നെ എന്റെ ആഗ്രഹനിവൃത്തിയുണ്ടായി.

ആ വേല നാടകീയവും ഹൃദയസ്പർശകവുമായിരുന്നു. ആദ്യമായി ഒരു റഷ്യക്കാരനെ കണ്ടെത്തിയത് ഞാൻ ഒരിക്കലും മറക്കയില്ല. താൻ ഒരു എൻജിനീയറാണെന്നു അദ്ദേഹം എന്നോടു പറഞ്ഞു. ദൈവത്തിൽ വിശ്വസിക്കുന്നുണ്ടോ എന്ന് ഞാൻ അദ്ദേഹത്തോടു ചോദിച്ചു. "ഇല്ല" എന്ന് അദ്ദേഹം പറഞ്ഞിരുന്നുവെങ്കിൽ ഞാൻ അത്ഭുതപ്പെടുകയില്ലായിരുന്നു. വിശ്വസിക്കുവാനോ വിശ്വസിക്കാതിരിക്കുവാനോ ഉള്ള അവകാശം ഓരോരുത്തർക്കും ഉണ്ട്. എന്നാൽ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടോ എന്ന് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം എന്നെ നോക്കി, ഒന്നും അറിയാത്തവനെപ്പോലെ പറഞ്ഞു:

"വിശ്വസിക്കണമെന്ന് ഒരു പട്ടാളനിയമവും എന്റെ മേൽ ഇല്ല. അങ്ങനെ ഒരു കല്പന ഉണ്ടെങ്കിൽ ഞാൻ വിശ്വസിക്കും."

എന്റെ കവിൾത്തടങ്ങളിലൂടെ കണ്ണീർഒഴുകി. ഹൃദയം പലകഷണങ്ങളായി പൊട്ടിപ്പോകുമെന്ന് എനിക്കുതോന്നി. ദൈവം മനുഷ്യനുകൊടുത്തിട്ടുള്ളതിൽ ഏററവും വലിയ ദാനമായ വ്യക്തിത്വം നഷ്ടപ്പെട്ട, മനസ്സുമരിച്ച ഒരു മനുഷ്യനാണ് എന്റെ മുന്നിൽ നിന്നത്. കമ്മ്യൂണിസ്ററുകാരുടെ കല്പനയിന്മേൽ വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യത്തക്കവണ്ണം മസ്തിഷ്കപ്രക്ഷാളനം ചെയ്യപ്പെട്ട് അവരുടെ കൈയിൽ ഒതുങ്ങിയ ഒരു ആയുധമായിരുന്നു ആ മനുഷ്യൻ. സ്വതന്ത്രമായി ചിന്തിക്കുവാൻ അവന് കഴിവില്ലായിരുന്നു. അനേകവർഷത്തെ കമ്മ്യൂണിസ്ററ് ആധിപത്യത്തിന്റെ ഫലമായി ഉളവായ സാധാരണക്കാരനായ ഒരു റഷ്യക്കാരനായിരുന്നു അത്. മനുഷ്യ ജീവികളോട് കമ്മ്യൂണിസത്തിനു എന്തുചെയ്യുവാൻ കഴിയും എന്നു മനസ്സിലായപ്പോഠം ഞാൻ ഞെട്ടിപ്പോയി. അതോടുകൂടെ ഈ മനുഷ്യർക്ക് തങ്ങളുടെ വ്യക്തിത്വം തിരികെ കൊടുക്കുവാനും കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് അവരെ നടത്തുവാനും എന്റെ ജീവിതത്തെ സമർപ്പിക്കാമെന്ന് ഞാൻ ദൈവസന്നിധിയിൽ പ്രതിജ്ഞചെയ്തു.

റഷ്യക്കാരോട് സുവിശേഷം അറിയിക്കുവാൻ എനിക്ക് റഷ്യയിലേക്കു പോകേണ്ടിവന്നില്ല.

1944 ആഗസ്ററ് 23-ാം തീയതി തുടങ്ങി പത്തുലക്ഷം റഷ്യൻ പട്ടാളക്കാർ റുമേനിയായിൽ പ്രവേശിക്കുകയും, അതിനെത്തുടർന്നു കമ്മ്യൂണിസ്ററുകാർ അധികാരത്തിൽ വരികയും ചെയ്തു. അതോടുകൂടെ നാസികളുടെ കീഴിലെ പീഢനം ഏതുമില്ലായെന്ന് തോന്നിക്കുന്നവിധമുള്ള ദുഷ്ക്കാലം ആരംഭിച്ചു.

ഒരുകോടി എൺപതുലക്ഷം ജനങ്ങളുള്ള റുമേനിയായിൽ ആ സമയത്ത് കമ്മ്യൂണിസ്ററുപാർട്ടിക്ക് പതിനായിരം അംഗങ്ങഠം മാത്രമേ ഉണ്ടായിരുന്നുള്ളു. പക്ഷേ സോവിയററ് യൂണിയനിലെ വിദേശകാര്യ സെക്രട്ടറിയായ വിഷിൻസ്കി, ഞങ്ങളുടെ പ്രിയപ്പെട്ട മീഖായേൽ ഒന്നാമൻ രാജാവിന്റെ

ഓാഫീസിലേക്ക് തള്ളിക്കയറി— മുഷ്ടിചുരുട്ടി മേശപ്പുറത്തിടിച്ചു കൊണ്ട് അയാാം ഗർജ്ജിച്ചു: "നിങ്ങാം കമ്മ്യൂണിസ്റ്റുകാരെ അധികാരത്തിൽ ആക്കണം." ഞങ്ങളുടെ പട്ടാളവും പോലീസും ആയുധം താഴെ വെയ്ക്കപ്പെട്ടവരായിരുന്ന തിനാൽ മിക്കവാറും എല്ലാവരും വെറുത്തിരുന്ന കമ്മ്യൂണിസ്റ്റുകാർ ബലാൽക്കാരത്തോടെ അധികാരത്തിൽ വന്നു. അന്നത്തെ ബ്രിട്ടനിലെയും അമേരിക്കയിലെയും ഭരണാധികാരികളുടെ സഹകരണമില്ലാതെയല്ല ഇതു സംഭവിച്ചത്.

തങ്ങളുടെ വ്യക്തിപരമായ പാപങ്ങാംക്കുവേണ്ടി മാത്രമല്ല, രാജ്യത്തിന്റെ പാപങ്ങാംക്കും മനുഷ്യർ ഉത്തരവാദികളാണ്. അടിമത്വത്തിലാണ്ടിരിക്കുന്ന രാഷ്ട്രങ്ങളുടെ ഉത്തരവാദിത്വം അമേരിക്കയിലെയും ബ്രിട്ടനിലെയും ക്രിസ്ത്യാനികളുടേതാണ്. ഞങ്ങളുടെമേൽ കൊലയുടേയും ഭീകരതയുടേയും വാഴ്ച സ്ഥാപിക്കുന്നതിൽ തങ്ങാം അറിവില്ലാതെ റഷ്യക്കാരെ സഹായിച്ചിട്ടുണ്ടെന്നുള്ള കാര്യം അമേരിക്കക്കാർ മനസ്സിലാക്കുകയും, അതിന്റെ പ്രായശ്ചിത്തമായി അടിമത്വത്തിലാണ്ട ജനങ്ങാം യേശുക്രിസ്തുവിന്റെ വെളിച്ചം കാണുവാൻ സഹായിക്കുകയും ചെയ്യേണ്ടതാണ്.

## സ്നേഹത്തിന്റെയും വശീകരണത്തിന്റെയും ഭാഷ ഒന്നുതന്നെ

കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നതോടെ ക്രിസ്തീയ സഭയെ വശീകരിക്കുവാനുള്ള മുഖാന്തരങ്ങാം അവർ വിദഗ്ധമായി ഉപയോഗിച്ചു. സ്നേഹത്തിന്റെയും വശീകരണത്തിന്റെയും ഭാഷ ഒന്നുതന്നെയാണ്. ഒരു യുവതിയെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്ന ഒരുവനും, തന്റെ കാമാസക്തിക്ക് അടിമയാക്കുവാൻ ആഗ്രഹിക്കുന്നവനും, ഇവർ രണ്ടുപേരും, "ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്നാണ് പറയുന്നത്. സ്നേഹത്തിന്റെയും വശീകരണത്തിന്റെയും ഭാഷ തിരിച്ചറിയണമെന്നും, ആടുകളെയും ആടുകളുടെ

വേഷത്തിൽവരുന്ന ചെന്നായ്ക്കളെയും തമ്മിൽ തിരിച്ചറിയണമെന്നും യേശുക്രിസ്തു പറഞ്ഞിട്ടുണ്ട്.

കമ്മ്യൂണിസ്ററുകാർ അധികാരത്തിൽ വന്നപ്പോൾ സ്നേഹത്തിൻെറയും വശീകരണത്തിൻെറയും ശബ്ദമേതെന്ന് തിരിച്ചറിയുവാൻ ആയിരക്കണക്കിന് പട്ടക്കാർക്കും സഭാശുശ്രൂഷകന്മാർക്കും **കഴിഞ്ഞില്ല.**

എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളുടേയും ഏകോപിച്ചുള്ള ഒരു സമ്മേളനം കമ്മ്യൂണിസ്ററുകാർ വിളിച്ചുകൂട്ടി. ഞങ്ങളുടെ പാർലമെൻറ് മന്ദിരത്തിൽ വെച്ചാണ് ഈ സമ്മേളനം നടന്നത്. എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളിൽനിന്നുമുള്ള നാലായിരത്തോളം പട്ടക്കാരും സഭാശുശ്രൂഷകന്മാരും ഈ സമ്മേളനത്തിൽ വന്നുകൂടി. ദൈവമില്ല എന്നു വിശ്വസിക്കുന്നവരുടെ അഖിലലോക അദ്ധ്യക്ഷനും അനേക ക്രിസ്ത്യാനികളുടെ കൊലയാളിയുമായ ജോസഫ് സ്ററാലിനെയാണ് ഈ സമ്മേളനത്തിൻെറ അദ്ധ്യക്ഷനായി അവർ തെരഞ്ഞെടുത്തത്. കമ്മ്യൂണിസവും ക്രിസ്ത്യാനിത്വവും അടിസ്ഥാനപരമായ കാര്യങ്ങളിൽ ഒന്നുതന്നെയാണെന്നും, ഇതു രണ്ടും സഹവർത്തികളായി കഴിയാവുന്നതാണെന്നും ബിഷപ്പുമാരും പട്ടക്കാരും ഓരോരുത്തരായി എഴുന്നേററു നിന്ന് പ്രസംഗിച്ചു. ഒന്നിനുപുറകെ ഒന്നായി അവർ കമ്മ്യൂണിസത്തെ സ്തുതിച്ചുകൊണ്ട് സംസാരിക്കയും പുതിയ ഗവൺമെൻറിന് ക്രിസ്തീയ സഭയുടെ സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തു.

ഈ സമ്മേളനത്തിൽ ഞാനും എൻെറ ഭാര്യയും സംബന്ധിച്ചിരുന്നു. എൻെറ ഭാര്യ എന്നോടു ഇങ്ങനെ പറഞ്ഞു. "റിച്ചാർഡ്, എഴുന്നേററു നിന്ന് യേശുക്രിസ്തുവിൻെറ മുഖത്തുനിന്നു ഈ അപമാനം തുടച്ചുകളയുക."

"ഞാൻ അങ്ങനെ ചെയ്താൽ നിനക്കു ഭർത്താവില്ലാതായിത്തീരും."

"ഭീരുവായ ഒരു ഭർത്താവിനെ എനിക്കാവശ്യമില്ല" അവൾ പറഞ്ഞു.

ഞാൻ എഴുന്നേററു ആ സമ്മേളനത്തിൽ സംസാരിച്ചു. ക്രിസ്ത്യാനികളുടെ ഘാതകന്മാരെയല്ല, യേശുക്രിസ്തുവിനേയും ദൈവത്തേയും സ്തുതിച്ചുകൊണ്ടത്രെ ഞാൻ സംസാരിച്ചത്. മാത്രമല്ല ക്രിസ്ത്യാനികളുടെ കൂറ് ആദ്യമായി യേശുക്രിസ്തുവിനോടാണ് എന്നു ഞാൻ പറഞ്ഞു. ഈ സമ്മേളനത്തിലെ പ്രസംഗങ്ങൾ റേഡിയോവിൽക്കൂടി പ്രക്ഷേപണം ചെയ്തിരുന്നതിനാൽ കമ്മ്യൂണിസ്ററ് പാർലമെൻറിൽ പ്രഖ്യാപിക്കപ്പെട്ട യേശുക്രിസ്തുവിൻെറ സന്ദേശം രാജ്യത്തിൻെറ എല്ലാഭാഗങ്ങളിലും കേൾക്കുവാനിടയായി. ഇതുമൂലം ഞാൻ വളരെ പീഢയനുഭവിക്കേണ്ടിവന്നു എങ്കിലും അതു പ്രയോജനപ്രദമായിരുന്നു.

ഓർത്തഡോക്സ് സഭയുടേയും പ്രൊട്ടസ്ററൻറ് സഭയുടേയും നേതാക്കന്മാർ ഓരോരുത്തരായി കമ്മ്യൂണിസത്തിന് വഴങ്ങിക്കൊടുത്തു. ഓർത്തഡോക്സ് സഭയിലെ ഒരു മെത്രാൻ തൻെറ കുപ്പായത്തിന്മേൽ അരിവാളിൻെറയും ചുററികയുടെയും ചിഹ്നങ്ങൾ ഉണ്ടാക്കി എന്നുമാത്രമല്ല, തന്നെ 'തിരുമേനി' എന്നല്ല "സഖാവു മെത്രാൻ" എന്നാണ് വിളിക്കേണ്ടതെന്ന് തൻെറ കീഴിലുള്ള പട്ടക്കാരോടു പറയുകയും ചെയ്തു.

റെസിറേറാ എന്ന പട്ടണത്തിൽ നടന്ന ബാപ്ററിസ്ററുകാരുടെ ഒരു സമ്മേളനത്തിനു ഞാൻ പോയി. ഒരു ചെങ്കൊടിയുടെ കീഴിലാണ് സമ്മേളനം നടന്നത്. മാത്രമല്ല, അവിടെയുള്ളവർ എല്ലാവരും എഴുന്നേററു നില്ക്കുമ്പോൾ സോവിയററ് യൂണിയൻെറ ദേശീയഗാനം പാടുകയുണ്ടായി. സ്ററാലിൻ ദൈവത്തിൻെറ കല്പനകൾ നിവർത്തിക്കുക മാത്രമേ ചെയ്തിട്ടുള്ളു എന്ന് അദ്ധ്യക്ഷൻ പ്രഖ്യാപിച്ചു. സ്ററാലിൻ വേദപുസ്തകം പഠിപ്പിക്കുന്ന ഒരാളാണെന്നു പറഞ്ഞ അയാൾ സ്ററാലിനെ സ്തുതിച്ചു! പട്രാസ്ക്കോയു, റോസിയാനോ മുതലായ പുരോഹിതന്മാർ കുറേക്കൂടെ നേരിട്ടു പ്രവർത്തിക്കുവാൻ തുടങ്ങി. അവർ രഹസ്യപ്പോലീസിൻെറ ഉദ്യോഗസ്ഥന്മാരായിത്തീർന്നു. റുമേനിയായിലെ ലൂതറൻ

സഭയുടെ ഡെപ്യൂട്ടി ബിഷപ്പായ റാപ്പ്, ദൈവം മോശയിൽകൂടിയും യേശുക്രിസ്തുവിലൂടെയും സ്റ്റാലിനിൽ കൂടിയും മൂന്നു വെളിപ്പാടുകൾ നൽകിയിട്ടുണ്ടെന്നും, സ്റ്റാലിനിൽക്കൂടെ നൽകിയിട്ടുള്ളത് മററു രണ്ടിനേയും അസ്ഥിരപ്പെടുത്തി അവയ്ക്കു പകരമായി നല്കിയതാണെന്നും വൈദീകസെമിനാരിയിൽ പഠിപ്പിച്ചു.

യഥാർത്ഥ ബാപ്റ്റിസ്റ്റുകാർ, യേശുക്രിസ്തുവിനോട് ഏററവും വിശ്വസ്തരായി, പീഢയനുഭവിച്ചു ജീവിക്കുന്നുണ്ട് എന്നു ധരിച്ചിരിക്കേണ്ടതാണ്. ഞാൻ അവരെ വളരെയധികം സ്നേഹിക്കുന്നു. എങ്കിലും കമ്മ്യൂണിസ്റ്റുകാരാണ് അവരുടെ നേതാക്കൻമാരെ 'തിരഞ്ഞെടുക്കുന്നത്' ആ നേതാക്കളെ സ്വീകരിക്കുകയല്ലാതെ അവർക്ക് ഒരു നിവൃത്തിയുമില്ല. എല്ലാ മതനേതാക്കൻമാരെ സംബന്ധിച്ചിടത്തോളം ഇതു പരമാർത്ഥമാണ്.

യേശുക്രിസ്തുവിൻെറ ദാസൻമാരാകുന്നതിനു പകരം കമ്മ്യൂണിസ്റ്റുകാരുടെ ദാസൻമാരായിത്തീർന്ന അവർ തങ്ങളോടു ചേരാതിരുന്ന സഹോദരങ്ങളെ പരസ്യമായി ആക്ഷേപിക്കുവാൻ തുടങ്ങി.

റഷ്യയിലെ വിപ്ളവത്തിനുശേഷം അവിടെയുള്ള വിശ്വാസികൾ ഒളിവു സഭ സൃഷ്ടിച്ചതുപോലെ, കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരികയും, ഔദ്യോഗിക അംഗീകാരമുള്ള "സഭ" വിശ്വാസികളെ ഒററിക്കൊടുക്കുകയും ചെയ്തതിൻെറ ഫലമായി റുമേനിയായിലും ഒരു ഒളിവുസഭ രൂപീകരിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിത്തീർന്നു. സുവിശേഷം പ്രസംഗിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും കുട്ടികളെ യേശുക്രിസ്തുവിൻെറ അടുക്കലേക്ക് ആനയിക്കുന്നതിലും ഒളിവു സഭ വിശ്വസ്തയായിരുന്നു. കമ്മ്യൂണിസ്റ്റുകാർ ഈ വിധ പ്രവർത്തനങ്ങളെയെല്ലാം നിരോധിച്ചപ്പോൾ ഔദ്യോഗിക സഭ അതിനു സമ്മതം മൂളി.

മററുള്ള വിശ്വാസികളോടു ചേർന്ന് ഞാൻ ഒളിവുസഭയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. പുറമേ നോക്കുമ്പോൾ

സാമുദായികമായി എനിക്കു നല്ല ഒരു സ്ഥാനവും ബഹുമതിയുമുണ്ടായിരുന്നു. എൻെറ ഒളിവിലുള്ള പ്രവർത്തനങ്ങൾക്ക് അത് ഒരു മറയായിരുന്നു എന്നുള്ളതല്ലാതെ ഒളിവുസഭയുടെ പ്രവർത്തനങ്ങളും എൻെറ സ്ഥാനമാനങ്ങളും തമ്മിൽ ഒരു ബന്ധവുമില്ലായിരുന്നു. നോർവീജിയൻ ലൂതറൻ മിഷൻെറ സഭാ ശുശ്രൂഷകനായിരുന്നുവെന്നുമാത്രമല്ല, അഖിലലോക സഭാ കൗൺസിലിൻെറ റുമേനിയായിലെ പ്രതിനിധിയായും ഞാൻ പ്രവർത്തിച്ചിരുന്നു. (അഖിലലോക സഭാകൗൺസിൽ കമ്മ്യൂണിസ്റ്റുകളുമായി സഹകരിക്കുമെന്നുള്ള ഒരു ചിന്തപോലും റുമേനിയായിൽ ഞങ്ങൾക്കുണ്ടായിരുന്നില്ല. അക്കാലങ്ങളിൽ ഞങ്ങളുടെ രാജ്യത്ത് ദുരിതാശ്വാസപ്രവർത്തനങ്ങൾമാത്രമേ അഖിലലോക സഭാകൗൺസിൽ ചെയ്തിരുന്നുള്ളു). ഈ രണ്ടു സ്ഥാനങ്ങളും അധികാരികളുടെ മുമ്പാകെ എനിക്കു നല്ല ബഹുമതി നേടിത്തന്നു. ഒളിവിലുള്ള എൻെറ പ്രവർത്തനങ്ങളെപ്പററി അവർ അറിഞ്ഞിരുന്നില്ല.

ഒളിവുസഭയുടെ പ്രവർത്തനങ്ങൾക്കു രണ്ടു ശാഖകളുണ്ടായിരുന്നു. ഒന്നാമത്തേത് റുമേനിയായിൽ വസിച്ചിരുന്ന പത്തുലക്ഷം റഷ്യൻ പട്ടാളക്കാരുടെയിടയിലുള്ള പ്രവർത്തനമായിരുന്നു.

രണ്ടാമത്തേത് അടിമത്വത്തിലാണ്ടിരുന്ന റുമേനിയൻ ജനങ്ങളുടെ ഇടയിലും.

## റഷ്യാക്കാർ അതിദാഹമുള്ള ആത്മാക്കൾ

റഷ്യക്കാരോട് സുവിശേഷം അറിയിക്കുക എന്നത് എനിക്കു സ്വർഗ്ഗം ഭൂമിയിലാകുന്നതുപോലെയുള്ള ഒരു അനുഭവമായിരുന്നു. അനേകരാഷ്ട്രങ്ങളിലുള്ള ആളുകളോടു ഞാൻ സുവിശേഷം അറിയിച്ചിട്ടുണ്ട്. എങ്കിലും റഷ്യാക്കാരെപ്പോലെ ആർത്തിയോടുകൂടെ സുവിശേഷം 'കുടിക്കുന്നവരെ' ഞാൻ കണ്ടിട്ടില്ല. അത്രമാത്രം ആത്മീക ദാഹമുള്ള ആത്മാക്കളാണ് അവർ.

ഓർത്തഡോക്സ് സഭയിലെ പട്ടക്കാരനായ എൻെറ ഒരു

സ്നേഹിതൻ എന്നെ ടെലിഫോണിൽ വിളിച്ച്, റഷ്യാക്കാരനായ ഒരു ഉദ്യോഗസ്ഥൻ കുമ്പസാരത്തിനായി (പാപങ്ങളെ ഏററുപറയുന്നതിനായി) തന്റെ അടുക്കൽ വന്നിരിക്കുന്നു എന്നു പറഞ്ഞു. ആ പട്ടക്കാരന് റഷ്യൻ ഭാഷ വശമില്ലായിരുന്നു. എനിക്കു റഷ്യൻ ഭാഷ അറിയാമായിരുന്നതുകൊണ്ട് അദ്ദേഹം ആ ഉദ്ദ്യോഗസ്ഥന് എന്റെ മേൽവിലാസം കൊടുത്തു. അടുത്ത ദിവസം രാവിലെ ആ ഉദ്യോഗസ്ഥൻ എന്റെ അടുക്കൽ വന്നു. ദൈവത്തെ സ്നേഹിക്കുകയും കാംക്ഷിക്കുകയും ചെയ്ത ഒരുവനായിരുന്നു അദ്ദേഹം എങ്കിലും ഒരിക്കൽപോലും അദ്ദേഹം ഒരു വേദപുസ്തകം കണ്ടിരുന്നില്ല. ഒരിക്കൽപോലും ഒരു ആരാധനയിൽ പങ്കെടുത്തിരുന്നില്ലായിരുന്നു. (റഷ്യയിൽ പള്ളികൾ തുലോം വിരളമാണ്.) ദൈവത്തെ അല്പം പോലും അറിഞ്ഞിരുന്നില്ല എങ്കിലും അദ്ദേഹം ദൈവത്തെ സ്നേഹിച്ചിരുന്നു.

യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണവും ഉപമകളും ഞാൻ അദ്ദേഹത്തെ വായിച്ചുകേൾപ്പിച്ചു. അതുകേട്ടപ്പോൾ ആനന്ദാതിരേകത്താൽ അദ്ദേഹം ആ മുറിയിലെങ്ങും തുള്ളിച്ചാടിക്കൊണ്ട് ഇങ്ങനെ വിളിച്ചു പറഞ്ഞു: ''എത്ര അത്ഭുതകരമായ സൗന്ദര്യം! ഇങ്ങനെയുള്ള ക്രിസ്തുവിനെ അറിയാതെ ഞാൻ എങ്ങനെ ജീവിക്കും!'' യേശുക്രിസ്തുവിൽ ഇത്രമാത്രം ആഹ്ളാദിക്കുന്ന ഒരു വ്യക്തിയെ ഞാൻ ആദ്യമായിട്ടാണ് കണ്ടത്.

അതു കഴിഞ്ഞപ്പോൾ എനിക്ക് ഒരു അബദ്ധം പററി. അദ്ദേഹത്തിന്റെ മനസ്സിനെ വേണ്ടതുപോലെ ഒരുക്കുന്നതിനു മുമ്പായി യേശുക്രിസ്തുവിന്റെ കഷ്ടാനുഭവത്തെക്കുറിച്ചും ക്രൂശുമരണത്തെപ്പററിയും ഞാൻ വായിച്ചു കേൾപ്പിച്ചു. അദ്ദേഹം അതു പ്രതീക്ഷിച്ചതല്ലായിരുന്നു. യേശുക്രിസ്തുവിനെ ദണ്ഡിപ്പിച്ചതും ക്രൂശിച്ചതും അവസാനമായി യേശുക്രിസ്തു മരിച്ചതും കേട്ടപ്പോൾ അദ്ദേഹം ചാരുകസേരയിൽ വീണുകിടന്നു അതിദുഃഖത്തോടെ കരയുവാൻ തുടങ്ങി. താൻ വിശ്വാസം അർപ്പിച്ചതായ രക്ഷകൻ

മരിച്ചുപോയി!

ഞാൻ അദ്ദേഹത്തിന്റെ മുഖത്തുനോക്കി. ഒരു സഭാശുശ്രൂഷകനും ഉപദേഷ്ടവുമാണ് എന്നോർത്തപ്പോൾ ഞാൻ ലജ്ജിച്ചുപോയി. യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങൾ ഈ റഷ്യക്കാരനായ ഉദ്യോഗസ്ഥൻ ഏകീഭവിച്ചതുപോലെ ഞാൻ ഏകീഭവിച്ചിരുന്നില്ല. അദ്ദേഹത്തെ കണ്ടപ്പോൾ യേശുക്രിസ്തുവിന്റെ കല്ലറയ്ക്കൽ കരഞ്ഞുകൊണ്ടിരുന്ന മഗ്ദലനമറിയത്തെ കണ്ടതുപോലെയുള്ള ഒരു പ്രതീതിയാണ് എനിക്കുണ്ടായത്.

പിന്നീട് ഞാൻ യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പിനെപ്പററി വായിച്ചു കേൾപ്പിച്ചു. അത്ഭുതകരമായ ആ വാർത്ത കേട്ടപ്പോൾ രണ്ടു കൈകളും മുട്ടിന്മേൽ അടിച്ചുകൊണ്ട് അദ്ദേഹം അശ്ളീലമായ ഭാഷയിൽ ആണയിട്ടു. എങ്കിലും അത് "വിശുദ്ധമായ" ഒരു ആണയാണെന്ന് എനിക്കു തോന്നി. അത് അദ്ദേഹത്തിന്റെ അപരിഷ്കൃതമായ സംസാരരീതിയായിരുന്നു. സന്തോഷം കൊണ്ട് അവൻ വിളിച്ചു പറഞ്ഞു. "അവൻ ജീവിക്കുന്നു" "അവൻ ജീവിക്കുന്നു" സന്തോഷത്താൽ മതിമറന്ന് അദ്ദേഹം ആ മുറിയിലെങ്ങും നൃത്തം ചെയ്തു.

"നമുക്കു പ്രാർത്ഥിക്കാം" ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹത്തിനു പ്രാർത്ഥിക്കാൻ അറിഞ്ഞുകൂടായിരുന്നു. നമ്മുടെ വിശുദ്ധമായ ശൈലികൾ അദ്ദേഹത്തിന് അറിഞ്ഞുകൂടായിരുന്നു. എന്നോടുകൂടെ മുട്ടുകുത്തിക്കൊണ്ട് ഇങ്ങനെ പ്രാർത്ഥിച്ചു. "ദൈവമേ നീ എത്ര നല്ലവനാണ്! ഞാൻ നീയും നീ ഞാനുമായിരുന്നെങ്കിൽ ഞാൻ ഒരിക്കലും നിന്റെ പാപങ്ങൾ ക്ഷമിക്കയില്ലായിരുന്നു. എന്നാൽ നീ വാസ്തവത്തിൽ ഒരു നല്ലവനാണ്. എന്റെ മുഴുഹൃദയത്തോടുകൂടെ ഞാൻ നിന്നെ സ്നേഹിക്കുന്നു."

റഷ്യാക്കാരനായ ആ ഉദ്യോഗസ്ഥന്റെ ഉൽകൃഷ്ടമായ പ്രാർത്ഥന കേട്ടപ്പോൾ സ്വർഗ്ഗത്തിലെ മാലാഖമാർ തങ്ങളുടെ ജോലി നിർത്തിവച്ചിട്ട്, അത് ശ്രദ്ധിച്ചുകാണുമെന്ന് ഞാൻ വിചാരിക്കുന്നു. ആ മനുഷ്യൻ യേശുക്രിസ്തുവിങ്കലേക്കു വന്നു

കഴിഞ്ഞിരുന്നു!

ഒരു കടയിൽവച്ച് ഒരു റഷ്യൻ ക്യാപ്ററനേയും അദ്ദേഹത്തോടുകൂടെ വന്ന ഒരു ഉദ്യോഗസ്ഥനേയും കണ്ടുമുട്ടുവാൻ എനിക്കിടയായി. അവർ പല സാധനങ്ങ ാം വാങ്ങിക്കുകയായിരുന്നു. റഷ്യൻ ഭാഷ അറിഞ്ഞുകൂടാത്ത ആ വില്പനക്കാരനോടു സംസാരിക്കുവാൻ പ്രയാസപ്പെടുന്നതു കണ്ടപ്പോാം ഞാൻ അവർക്കുവേണ്ടി പരിഭാഷപ്പെടുത്തുകയും, അങ്ങനെ അവരെ പരിചയപ്പെടുകയും ചെയ്തു. ഭക്ഷണത്തിനായി ഞാൻ അവരെ എൻെറ വീട്ടിലേക്ക് ക്ഷണിച്ചു. ആഹാരം കഴിക്കുന്നതിനുമുമ്പായി ഞാൻ അവരോടു പറഞ്ഞു, നിങ്ങാം ഒരു ക്രിസ്തീയ ഭവനത്തിലാണ്, പ്രാർത്ഥിക്കുന്ന ഒരു പതിവു ഞങ്ങാംക്കുണ്ട്. ഞാൻ റഷ്യൻ ഭാഷയിൽ പ്രാർത്ഥിച്ചു.

അവർ കത്തിയും മുള്ളും താഴെവച്ചു. ഭക്ഷണം കഴിക്കുന്നതിൽ അവർക്ക് ആഗ്രഹമില്ലാതായിത്തീർന്നു. ദൈവത്തെപ്പററിയും യേശുക്രിസ്തുവിനെപ്പററിയും വേദപുസ്തകത്തെപ്പററിയും ഒന്നിനുപുറകെ ഒന്നായി അവർ ചോദ്യങ്ങാം ചോദിച്ചുതുടങ്ങി.

അവരോടു സംസാരിക്കുന്നതു എനിക്ക് എളുപ്പമായിരുന്നു. നൂറ് ആടുണ്ടായിരുന്ന ആ മനുഷ്യൻെറ ഉപമ ഞാൻ അവരോടു പറഞ്ഞു. അവർക്ക് അതു മനസ്സിലായില്ല. "അയാാംക്ക് നൂറു ആടുണ്ടായിരിക്കാൻ എങ്ങനെ സാധിച്ചു? കമ്മ്യൂണിസ്ററ് സഹകരണസംഘങ്ങാം അവയെ എടുത്തുകൊണ്ടു പോയില്ലേ?"

പിന്നീട് യേശുക്രിസ്തു രാജാവാണെന്ന് ഞാൻ പറഞ്ഞു. "രാജാക്കന്മാരെല്ലാം സ്വേച്ഛാധിപതികളും പ്രജാപീഢകന്മാരുമായിരുന്നു; യേശുക്രിസ്തുവും അങ്ങനെയുള്ള ഒരുവനായിരിക്കണം." അവർ പ്രതിവചിച്ചു.

ഞാൻ അവരോടു മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ ഉപമ പറഞ്ഞപ്പോാം, " ആ വേലക്കാർ യജമാനനോടു മറുതലിച്ചതു ശരിയാണ്. ആ മുന്തിരിത്തോട്ടം സഹകരണസംഘത്തിൻേറതായിരിക്കേണ്ടതായിരുന്നു." എന്നു

അവർ പറഞ്ഞു.

എല്ലാക്കാര്യങ്ങളും അവർക്ക് പുതുമയായിരുന്നു. യേശുക്രിസ്തുവിൻെറ ജനനത്തെപ്പററി ഞാൻ പറഞ്ഞപ്പോൾ "മറിയം ദൈവത്തിൻെറ ഭാര്യയാണോ" എന്നു അവർ ചോദിച്ചു.

പടിഞ്ഞാറൻ രാജ്യങ്ങളിൽ ഇങ്ങനെയൊരു ചോദ്യം ദൈവദൂഷണമായി കരുതപ്പെടും. അവരിൽ പലരോടും സംസാരിച്ചതിൻെറ ഫലമായി എനിക്ക് ഒരു കാര്യം മനസ്സിലായി. അനേകവർഷങ്ങൾ കമ്മ്യൂണിസത്തിൽ വളർന്ന റഷ്യാക്കാരോടു സുവിശേഷം പറയുന്നതിനു ഒരു പ്രത്യേക ഭാഷ തന്നെ ഉപയോഗിക്കേണ്ടിയിരിക്കുന്നു.

മദ്ധ്യ ആഫ്രിക്കയിലേക്ക് പോയ മിഷനറിമാർക്ക് "നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും" എന്ന യെശയ്യാ പ്രവാചകൻെറ വാക്കുകൾ പരിഭാഷപ്പെടുത്തുന്നത് വളരെ പ്രയാസമായിവന്നു. കാരണം മദ്ധ്യ ആഫ്രിക്കയിലുള്ള ആരും ഹിമം കണ്ടിട്ടില്ല. ഹിമം എന്നതിന് ആ ഭാഷയിൽ ഒരു വാക്കില്ലായിരുന്നു. അതുകൊണ്ട് അവർ ആ വാക്യം ഇങ്ങനെ പരിഭാഷപ്പെടുത്തി. "നിങ്ങളുടെ പാപങ്ങൾ തേങ്ങാപ്പരിപ്പുപോലെ വെളുക്കും."

കമ്മ്യൂണിസ്ററുകാർക്ക് മനസ്സിലാകുന്ന ഭാഷയിലും രീതിയിലും സുവിശേഷം പരിഭാഷ ചെയ്യേണ്ടതായി വന്നു. അതു ഞങ്ങളാൽ സാദ്ധ്യമായിരുന്നില്ല. എങ്കിലും പരിശുദ്ധാത്മാവു ഞങ്ങളിൽകൂടി ആ പ്രവർത്തനം ചെയ്തു.

ആ ക്യാപ്ററനും ഉദ്യോഗസ്ഥനും അന്നുതന്നെ മാനസാന്തരപ്പെട്ടു. അതിനുശേഷം ഞങ്ങളുടെ ഒളിവുസഭാപ്രവർത്തനങ്ങളിൽ അവർ ഞങ്ങളെ വളരെയധികം സഹായിച്ചു.

അനേകായിരം സുവിശേഷങ്ങളും സുവിശേഷസാഹിത്യങ്ങളും ഞങ്ങൾ രഹസ്യമായി അച്ചടിച്ചു റഷ്യാക്കാരുടെ ഇടയിൽ വിതരണം ചെയ്തു. രക്ഷിക്കപ്പെട്ട റഷ്യാക്കാരായ പട്ടാളക്കാർ മുഖാന്തരം അനേക വേദപുസ്തങ്ങളും വേദപുസ്തക ഭാഗങ്ങളും ഞങ്ങൾ റഷ്യയിലേക്കയച്ചു.

റഷ്യാക്കാരുടെ ഇടയിൽ ദൈവവചനം എത്തിക്കുന്നതിന്

ഞങ്ങൾ വേറൊരു മാർഗ്ഗം അവലംബിച്ചു. റഷ്യൻ പട്ടാളക്കാർ വർഷങ്ങളായി യുദ്ധത്തിലേർപ്പെട്ടിരുന്നതിനാൽ അവരിൽ പലരും തങ്ങളുടെ കുട്ടികളെ പല വർഷങ്ങളായി കണ്ടിരുന്നില്ല. (റഷ്യാക്കാർക്ക് കുട്ടികളെ വളരെ പ്രിയമാണ്.) എന്റെ മകൻ മിഹായിയും പത്തു വയസ്സിൽ താഴെയുള്ള കുട്ടികളും പോക്കററുകൾ നിറയെ വേദപുസ്തകവും സുവിശേഷപ്രതികളുമായി ഉദ്യാനങ്ങളിലും തെരുവുകളിലും കാണുന്ന റഷ്യൻ പട്ടാളക്കാരുടെ അടുക്കൽ പോകും. പട്ടാളക്കാർ അവരെ കാണുമ്പോൾ സ്നേഹമായി സംസാരിക്കുകയും ഇടപെടുകയും ചെയ്യും. തങ്ങളുടെ കുട്ടികളെപ്പററിയുള്ള ഓർമ്മയാണ് അവർക്ക് അപ്പോൾ ഉണ്ടാകുന്നതു അതുകൊണ്ട് അവർ ആ കുട്ടികൾക്കു ചോക്ക്ലേററോ മിഠായിയോ കൊടുക്കും. അതിനു പകരമെന്നോണം കുട്ടികൾ അവർക്ക് വേദപുസ്തകങ്ങളോ സുവിശേഷപ്രതികളോ കൊടുക്കും. അവർ അതു താല്പര്യത്തോടെ സ്വീകരിക്കുകയും ചെയ്യും. ഞങ്ങൾ പരസ്യമായി ചെയ്താൽ അപകടകരമായ ഈ വേല യാതൊരു ആപത്തും കൂടാതെ കുട്ടികൾ ചെയ്തു. അവർ റഷ്യാക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന 'കൊച്ചു മിഷനറിമാർ' ആയിരുന്നു. ഈ പ്രവർത്തനം വളരെ ഫലവത്തായിരുന്നു. ഒരു സുവിശേഷപ്രതി പോലും കൊടുക്കുവാൻ സാദ്ധ്യമല്ലാതിരുന്ന സാഹചര്യത്തിൽ അനേക റഷ്യൻ പട്ടാളക്കാർക്ക് സുവിശേഷം ലഭിക്കുവാൻ ഇടയായി.

## റഷ്യൻ പട്ടാളക്യാമ്പിൽ സുവിശേഷപ്രസംഗങ്ങൾ

വ്യക്തികളോടുള്ള സാക്ഷ്യം മൂലം മാത്രമല്ല, ചെറിയ കൂട്ടങ്ങളിൽക്കൂടിയും പ്രവർത്തിക്കാനുള്ള അവസരങ്ങൾ ഞങ്ങൾക്കു ലഭിച്ചു.

റഷ്യാക്കാർക്ക് വാച്ചുകൾ വളരെ ഇഷ്ടമാണ്. തരം കിട്ടുമ്പോഴൊക്കെ അവർ ആരുടെയെങ്കിലും വാച്ചുകൾ മോഷ്ടിക്കും. തെരുവുകളിൽക്കൂടെ പോകുന്നവരെ അവർതടഞ്ഞുനിർത്തും. വാച്ചുള്ളവർ അതുകൊടുക്കാതെ നിവൃത്തിയില്ല. ഓരോ കൈയിലും പല വാച്ചുകൾ കെട്ടിയ

റഷ്യാക്കാരെ കാണാൻ നിങ്ങൾക്കു കഴിയും. ചിലപ്പോൾ റഷ്യൻ ഉദ്യോഗസ്ഥന്മാർ വാച്ചു കഴുത്തിൽ കെട്ടിയിരിക്കുന്നതു കാണുവാൻ സാധിക്കും. റഷ്യയിൽ അവർക്കു മുമ്പ് വാച്ചുകൾ ധാരാളമായി ലഭിച്ചിരുന്നില്ല. ഇനി ലഭിക്കുവാനും നിവൃത്തിയില്ല. ഒരു വാച്ചു വാങ്ങിക്കുവാൻ ആഗ്രഹിക്കുന്ന റുമേനിയക്കാരൻ റഷ്യാക്കാരുടെ പട്ടാളക്യാമ്പിൽ പോകേണ്ടിയിരുന്നു. മോഷ്ടിക്കപ്പെട്ട വാച്ചുകളാണ് അവിടെ വിററിരുന്നത്. അവിടെ പോയി തങ്ങളുടെ വാച്ചുകൾ തിരികെ വാങ്ങിക്കുക എന്നതും അപൂർവ്വമല്ലായിരുന്നു. ഒളിവു സഭയിൽപ്പെട്ട ഞങ്ങൾക്കു റഷ്യൻ പട്ടാളക്യാമ്പുകളിൽ പോകുന്നതിന് ഇത് ഒരു നല്ല ഒഴികഴിവായിരുന്നു.

റഷ്യൻ പട്ടാളക്യാമ്പിൽ സുവിശേഷം പ്രസംഗിക്കുന്നതിനുള്ള ആദ്യത്തെ ശ്രമം ഞാൻ നടത്തിയത് വിശുദ്ധ പൗലോസിൻെറയും വിശുദ്ധ പത്രോസിൻെറയും നാൾ എന്നു അറിയപ്പെടുന്ന ഓർത്തഡോക്സ് സഭയുടെ ഒരു പെരുന്നാൾ ദിവസമായിരുന്നു. ഒരു വാച്ചു വാങ്ങിക്കാനെന്നുള്ള നാട്യത്തിൽ ഞാൻ പട്ടാളക്യാമ്പിലേക്കു പോയി. ഒരു വാച്ചിനു വില കൂടുതലാണ്, മറെറാന്ന് തീരെ ചെറുതാണ്, എന്നൊക്കെ ഞാൻ നടിച്ചു. പല പട്ടാളക്കാർ എൻെറ അടുക്കൽ വന്നുകൂടി. അവരെല്ലാവരും ഓരോ വാച്ചു വില്ക്കാനാണ് വന്നത്. ''പൗലോസ് എന്നോ പത്രോസ് എന്നോ പേരുള്ള ആരെങ്കിലും നിങ്ങളുടെ ഇടയിൽ ഉണ്ടോ?'' ഞാൻ തമാശയായി ചോദിച്ചു. ആ പേരുള്ള ചിലർ അവിടെയുണ്ടായിരുന്നു. ഞാൻ വീണ്ടും ചോദിച്ചു: ''ഇന്നു വിശുദ്ധ പൗലോസിൻെറയും വിശുദ്ധ പത്രോസിൻെറയും നാളായി നിങ്ങളുടെ ഓർത്തഡോക്സ് സഭ കൊണ്ടാടുന്നു എന്നുള്ളത് നിങ്ങൾക്കറിയാമോ?'' (പ്രായമുള്ള റഷ്യാക്കാരിൽ ചിലർക്ക് അത് അറിയാമായിരുന്നു.) ''പൗലോസും പത്രോസും ആരായിരുന്നു എന്നു നിങ്ങൾക്കറിയാമോ?'' ഞാൻ അവരോടു പൗലോസിനെയും പത്രോസിനെയും കുറിച്ചു പറയുവാൻ തുടങ്ങി.

പ്രായമുള്ള ഒരു റഷ്യൻ പട്ടാളക്കാരൻ ഇടയ്ക്കുകയറി

പറഞ്ഞു. "നിങ്ങഠം വാച്ചു വാങ്ങിക്കാനല്ല, വിശ്വാസസംബന്ധമായ കാര്യങ്ങഠം പറയുവാനാണ് വന്നത്. ഇവിടെ ഇരുന്നു ഞങ്ങളോടു സംസാരിക്കുക. പക്ഷേ സൂക്ഷ്മതയോടുകൂടി ഇരിക്കണം. ആരെയാണു പേടിക്കേണ്ടത് എന്നു ഞങ്ങഠംക്കറിയാം. ഇവിടെ എനിക്കു ചുററുമുള്ളവരെല്ലാം നല്ലവരാണ്. ഞാൻ എൻെറ കൈ നിങ്ങളുടെ മുട്ടിന്മേൽ അമർത്തുമ്പോഠം നിങ്ങഠം വാച്ചിനെപ്പററി മാത്രമേ സംസാരിക്കാവൂ. ഞാൻ കൈമാററുമ്പോഠം നിങ്ങളുടെ സന്ദേശം തുടരാം."

എൻെറ ചുററും നല്ല ഒരു കൂട്ടമുണ്ടായിരുന്നു. ഞാൻ അവരോട് പൗലോസിനെയും പത്രോസിനെയും കുറിച്ചു പറഞ്ഞു. അവർ യേശുക്രിസ്തുവിനുവേണ്ടിയാണ് രക്തസാക്ഷികളായി മരിച്ചത് എന്നു പറഞ്ഞതിനുശേഷം ഞാൻ യേശുക്രിസ്തുവിനെപ്പററിയും അവരോടു സംസാരിച്ചു. എൻെറ കേഠംവിക്കാർക്കു വിശ്വാസമില്ലാത്ത ആരെങ്കിലും അടുത്തുവരും. അപ്പോഠം ആ പ്രായമുള്ള പട്ടാളക്കാരൻ തൻെറ കൈ എൻെറ മുട്ടിന്മേൽ അമർത്തുകയും ഞാൻ ഉടൻ തന്നെ വാച്ചിനെപ്പററി സംസാരിക്കുകയും ചെയ്യും. ആ മനുഷ്യൻ പോയിക്കഴിയുമ്പോഠം ഞാൻ വീണ്ടും ക്രിസ്തുവിനെക്കുറിച്ചു സംസാരിക്കും. വിശ്വാസികളായ റഷ്യൻ പട്ടാളക്കാരുടെ സഹായത്തോടുകൂടി ഞാൻ അനേക പ്രാവശ്യം പട്ടാളക്യാമ്പുകളിൽ പോകുകയും അനേകർ യേശുക്രിസ്തുവിനെ രക്ഷിതാവായി കണ്ടെത്തുന്നതിനു ഇടയാകുകയും ചെയ്തു. ആയിരക്കണക്കിനു സുവിശേഷപ്രതികഠം ഒളിവിൽ വിതരണം ചെയ്യുകയും ചെയ്തു.

ഇങ്ങനെയുള്ള പ്രവർത്തനങ്ങഠം ചെയ്തതിൻെറ ഫലമായി ഒളിവു സഭയിലുള്ള പല സഹോദരന്മാരും സഹോദരികളും പിടിക്കപ്പെടുകയും ക്രൂരമായി മർദ്ദിക്കപ്പെടുകയും ചെയ്തു. എങ്കിലും അവർ തങ്ങളുടെ സംഘടനയെ ഒററിക്കൊടുത്തില്ല.

ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ സമയത്തു റഷ്യയിലെ ഒളിവു സഭയിലുള്ള സഹോദരങ്ങളെ കാണുന്നതിനും അവരുടെ അനുഭവങ്ങളെപ്പററി കേഠംക്കുന്നതിനും എനിക്ക് ഇടയായി.

കമ്മ്യൂണിസ്ററുകാർ അനേകവർഷങ്ങളായി തങ്ങളുടെ ഉപദേശസിദ്ധാന്തങ്ങൾ അവരിൽ കുത്തിച്ചെലുത്താൻ ശ്രമിച്ചിരുന്നു. അവരിൽ ചിലർ കമ്മ്യൂണിസ്ററു സർവ്വകലാശാലകളിൽ പഠിച്ചവരായിരുന്നു. എങ്കിലും ഉപ്പുവെള്ളത്തിൽ ജീവിക്കുന്ന മത്സ്യത്തിനു ഉപ്പുരസമില്ലാതിരിക്കുന്നതുപോലെ, അവർ തങ്ങളുടെ ആത്മാക്കളെ യേശുക്രിസ്തുവിൽ വിശുദ്ധരായി സൂക്ഷിച്ചിരുന്നു.

ഈ റഷ്യൻ വിശ്വാസികൾ മഹാത്മാക്കൾ തന്നെയായിരുന്നു. "ഞങ്ങളുടെ തൊപ്പികളിന്മേലുള്ള അരിവാളിൻെറയും ചുററികകളുടേയും നക്ഷത്രത്തിൻെറയും ചിഹ്നങ്ങൾ അന്തിക്രിസ്തുവിൻെറ ചിഹ്നങ്ങളാണെന്നു ഞങ്ങൾക്കറിയാം." വളരെ ദുഃഖത്തോടുകൂടെ അവർ പറഞ്ഞു. റഷ്യൻ പട്ടാളക്കാരുടെയിടയിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിന് അവർ ഞങ്ങളെ വളരെയധികം സഹായിച്ചു.

ക്രിസ്തീയമായ എല്ലാ സ്വഭാവശ്രേഷ്ഠതകളും അവർക്കുണ്ടായിരുന്നു എങ്കിലും സന്തോഷമെന്തെന്ന് അവർ അറിഞ്ഞിരുന്നില്ല എന്നു പറയുവാൻ എനിക്കു കഴിയും. അവരുടെ മാനസാന്തരത്തിൻെറ സന്ദർഭത്തിൽ മാത്രമേ അവർക്കു സന്തോഷമുണ്ടായിരുന്നുള്ളു. എനിക്കു് ഇതു വളരെ അത്ഭുതകരമായി തോന്നി. ഒരിക്കൽ ഞാൻ ബാപ്ററിസ്ററുകാരനായ ഒരു വിശ്വാസിയോടു ചോദിച്ചു. "നിങ്ങൾക്കു സന്തോഷമില്ലാതിരിക്കുന്നതെങ്ങനെ?" അദ്ദേഹം പറഞ്ഞു, "ഞാൻ യഥാർത്ഥ ക്രിസ്ത്യാനിയാണെന്നും, പ്രാർത്ഥനാ ജീവിതം നയിക്കുന്നവനാണെന്നും, ആത്മാക്കളെ നേടുവാൻ ശ്രമിക്കുന്നവനാണെന്നും എൻെറ സഭാശുശ്രൂഷകനിൽ നിന്നും ഒളിച്ചുവയ്ക്കേണ്ടിയിരിക്കുമ്പോൾ ഞാൻ സന്തോഷമുള്ളവനായിരിക്കുന്നതെങ്ങനെ? സഭാശുശ്രൂഷകൻ രഹസ്യപ്പോലീസിൻെറ ചാരനാണ്. കൂട്ടത്തിലുള്ളവർ തന്നെ ഞങ്ങളെ ഒററിക്കൊടുക്കുന്നു. ഞങ്ങളുടെ ഹൃദയത്തിൻെറ ആഴങ്ങളിൽ രക്ഷയുടെ സന്തോഷം ഉണ്ടു എങ്കിലും, നിങ്ങളെപ്പോലെ അതു വെളിയിൽ പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്കു നിവൃത്തിയില്ല."

"ഞങ്ങളെ സംബന്ധിച്ചിടത്തോളം ക്രിസ്ത്യാനിത്വം നാടകീയമാണ്. സ്വതന്ത്ര ക്രിസ്ത്യാനികളായ നിങ്ങൾ ഒരുവനെ ക്രിസ്തുവിങ്കലേക്ക് നടത്തുമ്പോൾ അവർ ശാന്തമായി കഴിഞ്ഞുകൂടുന്ന ഒരു സഭയുടെ അംഗമായിത്തീരുകയാണ് ചെയ്യുന്നത്. എന്നാൽ ഞങ്ങൾ ഒരുവനെ ക്രിസ്തുവിങ്കലേക്കു നയിക്കുമ്പോൾ അവർ ബന്ധനസ്ഥനാകുമെന്നും, അവൻെറ മക്കൾ അനാഥരായിത്തീരുമെന്നും ഞങ്ങൾക്കറിയാം. ഒരുവനെ ക്രിസ്തുവിങ്കലേക്കു നടത്തിയ സന്തോഷത്തോട് കലർന്നുതന്നെ, അതിനു വലിയൊരു വിലകൊടുക്കേണ്ടിയിരിക്കുന്നു എന്നുള്ള ചിന്തയും ഞങ്ങളെ ഭരിക്കുന്നു."

എല്ലാ വിധത്തിലും പുതിയതരത്തിലുള്ള ഒരു ക്രിസ്ത്യാനിയെയത്രെ നാം കണ്ടത്. ഒളിവുസഭയിലെ ഒരു വിശ്വാസിയിൽ അത്ഭുതകരമായ പല കാര്യങ്ങളും ഞങ്ങൾക്കു കാണുവാനിടയായി.

തങ്ങൾ ക്രിസ്ത്യാനികളാണെന്നു വിശ്വസിച്ചുകൊണ്ടു അനേകർ ദൈവമില്ലാത്തവരായി ജീവിക്കുന്നതുപോലെതന്നെ, റഷ്യാക്കാരുടെയിടയിൽ, നിരീശ്വരൻമാരെന്ന് അഭിമാനിക്കുന്നവരും, വാസ്തവത്തിൽ നിരീശ്വരൻമാരല്ലാത്തവരുമായ ആളുകളുണ്ട്.

ശില്പവിദ്യയിൽ വിദഗ്ധരായ ഒരു ഭാര്യയോടും ഭർത്താവിനോടും ഞാൻ സംസാരിക്കുകയായിരുന്നു. ഞാൻ അവരോട് ദൈവത്തെക്കുറിച്ച് സംസാരിച്ചപ്പോൾ അവർ ഇങ്ങനെ പറഞ്ഞു. "ദൈവം" എന്ന ഒരു വ്യക്തിയില്ല. ഞങ്ങൾ ദൈവമില്ലാത്തവരാണ്. എന്നാൽ ഞങ്ങൾക്കുണ്ടായ രസകരമായ ഒരു അനുഭവം ഞങ്ങൾ പറയാം.

"ഒരിക്കൽ ഞങ്ങൾ സ്ററാലിൻെറ ഒരു പ്രതിമ ഉണ്ടാക്കിക്കൊണ്ടിരിക്കയായിരുന്നു. എൻെറ ഭാര്യ എന്നോട് ഇങ്ങനെ ചോദിച്ചു. 'ഇതാ ഈ തളളവിരൽ സൂക്ഷിക്കുക; ഇത് മററു വിരലുകളിൽനിന്നും വ്യത്യസ്തമായിരുന്നില്ലെങ്കിൽ നമുക്ക് ഒരു ചുററികയോ ആയുധമോ, പുസ്തകമോ റൊട്ടിയോ പിടിക്കാൻ സാധിക്കയില്ലായിരുന്നു. ഈ തളളവിരലില്ലായിരുന്നു

വെങ്കിൽ മനുഷ്യജീവിതം തന്നെ അസാദ്ധ്യമായിരുന്നേനെ. എന്നാൽ ആരാണ് ഈ തള്ളവിരൽ നിർമ്മിച്ചത്? ആകാശവും ഭൂമിയും തനിയെ ഉണ്ടായതാണെന്നു ഞങ്ങൾ സ്കൂളുകളിൽ (മാർക്സിസത്തിൽ നിന്നു) പഠിച്ചിരുന്നു. അങ്ങനെ ഞാൻ വിശ്വസിച്ചുമിരുന്നു. ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചില്ല എങ്കിൽത്തന്നെയും കൈയ്യുടെ തള്ളവിരൽ നിർമ്മിച്ചതു ദൈവമാണെങ്കിൽ, ഈ ചെറിയ കാര്യത്തിൽതന്നെ അവൻ സ്തുതിക്ക് യോഗ്യനാണ്.''

ആ ഭർത്താവ് കോപം കൊണ്ടു നിറഞ്ഞു. ഭാര്യമാർ വിവേകപൂർണ്ണമായി എന്തെങ്കിലും പറഞ്ഞാൽ ഭർത്താക്കന്മാർക്ക് കോപം വരിക സാധാരണയാണല്ലൊ. ''വിഡ്ഢിത്തരം പറയരുത്. ദൈവമില്ല എന്നു നീ പഠിച്ചിട്ടുണ്ട്. മാത്രമല്ല, ഈ വീടിനുചുററും രഹസ്യപ്പോലിസുകാർ ഉണ്ടോ എന്നും എപ്പോഴാണു നാം ആപത്തിൽ അകപ്പെടുന്നതെന്നും ആർക്കറിയാം? ദൈവം ഇല്ല എന്നുള്ളതു എന്നെന്നേക്കുമായി നിന്റെ മനസ്സിൽ പതിക്കുക. സ്വർഗ്ഗത്തിൽ ആരുമില്ല.

''ഇത് ഏററവും അത്ഭുതകരമായ ഒരു സംഗതിയാണ്. നമ്മുടെ പിതാക്കന്മാർ മടയത്തരത്തിൽ വിശ്വസിച്ചതുപോലെ സർവ്വശക്തനായ ഒരു ദൈവം സ്വർഗ്ഗത്തിൽ ഉണ്ടെങ്കിൽ, നമുക്കു ഈ തള്ളവിരൽ ഉണ്ടായിരിക്കുക എന്നതു സ്വാഭാവികമാണ്. സർവ്വശക്തനായ ഒരു ദൈവത്തിന് എന്തും ചെയ്‌വാൻ കഴിവുള്ളതുകൊണ്ട് ഒരു തള്ളവിരൽ നിർമ്മിക്കുവാനും കഴിയും. എന്നാൽ സ്വർഗ്ഗത്തിൽ ആരുമില്ല എങ്കിൽ, തള്ളവിരൽ നിർമ്മിച്ച ആ 'ആരുമില്ലാത്ത'തിനെ എന്റെ പൂർണ്ണഹൃദയത്തോടുകൂടെ ആരാധിക്കുവാൻ ഞാൻ തീരുമാനിച്ചുകഴിഞ്ഞു.''

അങ്ങനെ അവർ 'ആരുമില്ലാത്ത'തിന്റെ ആരാധകരായിത്തീർന്നു. 'ആരുമില്ലാത്തതിലുള്ള അവരുടെ വിശ്വാസം വർദ്ധിക്കുകയും തള്ളവിരലിന്റെ മാത്രമല്ല; നക്ഷത്രങ്ങളുടേയും, പൂക്കളുടേയും, കുഞ്ഞുങ്ങളുടേയും എന്നല്ല, ലോകത്തിൽ സുന്ദരമായ എല്ലാററിന്റെയും നിർമ്മാതാവ് 'ആരുമല്ലാത്ത' താണ് എന്ന് അവർ വിശ്വസിച്ചു.

പൗലോസ് അപ്പോസ്തോലൻ അഥേനയിൽ അജ്ഞാതദേവനെ ആരാധിക്കുന്നവരെ കണ്ടുമുട്ടിയതുപോലെയുള്ള ഒരനുഭവമായിരുന്നു അത്.

വാസ്തവത്തിൽ സ്വർഗ്ഗത്തിൽ ''ആരുമല്ലാത്ത'' ദേഹരഹിതനായ, സ്നേഹവും ജ്ഞാനവും സത്യവും ശക്തിയും നിറഞ്ഞ, ആത്മാവായ ഒരു ദൈവമാണ് ഉള്ളതെന്നും, ആ ദൈവം അവരെ സ്നേഹിക്കയും, തൻെറ ഏകജാതനായ പുത്രനെ ക്രൂശിൽ യാഗമായിത്തീരുന്നതിനുവേണ്ടി അയയ്ക്കയും ചെയ്തുവെന്നും, അവരുടെ വിശ്വാസം യഥാസ്ഥാനത്താണെന്നും ഞാൻ പറഞ്ഞപ്പോഠം ആ ദമ്പതികഠംക്ക് പറഞ്ഞറിയിക്കാൻ വയ്യാത്ത സന്തോഷമുണ്ടായി.

അവർ അറിയാതെതന്നെ ദൈവത്തിൽ വിശ്വസിക്കുന്നവരായിരുന്നു. അവരെ ഒരുപടികൂടി മുൻപോട്ട് കൊണ്ടുപോകുവാൻ—രക്ഷയുടെയും വീണ്ടെടുപ്പിൻെറയും അനുഭവത്തിലേക്ക് നടത്തുവാനുള്ള പദവി എനിക്കു ലഭിച്ചു.

ഒരിക്കൽ തെരുവിൽവെച്ച് ഞാൻ ഒരു റഷ്യൻ ഉദ്യോഗസ്ഥയെ കണ്ടു. ആ സ്ത്രീയെ സമീപിച്ചു ക്ഷമാപണരീതിയിൽ ഞാൻ പറഞ്ഞു: ''പരിചയമില്ലാത്ത ഒരു സ്ത്രീയോട് തെരുവിൽവെച്ചു സംഭാഷണം തുടങ്ങുന്നത് മര്യാദകേടാണ് എന്ന് എനിക്കറിയാം. എന്നാൽ ഞാൻ ഒരു സഭാശുശ്രൂഷകനാണ്. നല്ല ഉദ്ദേശത്തോടുകൂടിയാണു വന്നിരിക്കുന്നത്. നിങ്ങളോടു ക്രിസ്തുവിനെപ്പററി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.''

''നിങ്ങഠം ക്രിസ്തുവിനെ സ്നേഹിക്കുന്നുവോ?'' അവഠം എന്നോടു ചോദിച്ചു. ''ഉവ്വ്, പൂർണ്ണഹൃദയത്തോടുകൂടെ സ്നേഹിക്കുന്നു.''

''ഞാനും ക്രിസ്തുവിനെ സ്നേഹിക്കുന്നു.'' ആവേശത്തോടുകൂടെ അവഠം എൻെറ കരങ്ങളിലേക്കു വീണു. ഒരു സഭാശുശ്രൂഷകനെന്ന നിലയിൽ അതെനിക്ക് ഏററവും സംഭ്രമജനകമായ ഒരു പരിതഃസ്ഥിതിയായിരുന്നു.

ഞാൻ അവളെ എൻെറ വീട്ടിലേക്ക് ക്ഷണിച്ചുകൊണ്ടു പോയി. ക്രിസ്തു എന്ന പേരൊഴികെ അവഠംക്ക് ക്രിസ്തുവിനെപ്പററി ഒന്നും തന്നെ അറിവില്ല എന്നു മനസ്സിലായപ്പോഠം എനിക്കു വളരെ അത്ഭുതം തോന്നി. എങ്കിലും അവഠം ക്രിസ്തുവിനെ സ്നേഹിച്ചിരുന്നു. ക്രിസ്തു അവളുടെ രക്ഷിതാവാണെന്നു അവഠംക്ക് അറിഞ്ഞുകൂടായിരുന്നു. രക്ഷ എന്നാൽ എന്തെന്നും അവഠം അറിഞ്ഞിരുന്നില്ല. ക്രിസ്തു എവിടെ ജീവിച്ചു എന്നോ മരിച്ചു എന്നോ അവഠംക്കറിഞ്ഞുകൂടാ യിരുന്നു. ക്രിസ്തുവിൻെറ ജീവിതത്തെപ്പററിയോ ശുശ്രൂഷയെപ്പററിയോ അവൻെറ ഉപദേശങ്ങളെപ്പററിയോ അവഠം കേട്ടിരുന്നില്ല. പേരുകൊണ്ടുമാത്രം അറിയുന്ന ഒരാളിനെ എങ്ങനെ സ്നേഹിക്കുവാൻ കഴിയും? ഈ ചിന്ത എന്നെ ജിജ്ഞാസാഭരിതനാക്കി. വിവരങ്ങഠം ആരാഞ്ഞപ്പോഠം അവഠം പറഞ്ഞു. "ഞാൻ ഒരു കൊച്ചുകുട്ടിയായിരുന്നപ്പോഠം ചിത്രങ്ങഠം മുഖാന്തരമാണ് എന്നെ വായിക്കാൻ പഠിപ്പിച്ചത്. ഓരോ അക്ഷരങ്ങഠംക്കും ഓരോ ചിത്രമുണ്ടായിരുന്നു. ഞാൻ ഹൈസ്കൂളിൽ പഠിക്കുമ്പോഠം എൻെറ പിതൃദേശമായ കമ്മ്യൂണിസ്ററ് രാജ്യത്തെ രക്ഷിക്കുക എന്നത് എൻെറ വിശുദ്ധമായ ഒരു കടമയാണെന്നും എന്നെ പഠിപ്പിച്ചു. എന്നാൽ വിശുദ്ധമായ കടമ എന്തെന്നോ സദാചാരം എന്തെന്നോ ഞാൻ അറിഞ്ഞിരുന്നില്ല. അത് മനസ്സിലാക്കുന്നതിന് എനിക്കു ചിത്രങ്ങഠം ആവശ്യമായിരുന്നു.

"മനോഹരവും സത്യപൂർണ്ണവും സ്തുതിക്കുയോഗ്യവുമായ ഏതൊന്നിൻെറയും ചിത്രങ്ങഠം ബഹുമാനസൂചകമായി സൂക്ഷിക്കുന്ന ഒരു പതിവ് എൻെറ പിതാക്കന്മാർക്കുണ്ടായിരുന്നു. എൻെറ വലിയമ്മ സാധാരണയായി ഒരു ചിത്രത്തിൻെറ മുമ്പിൽ വണങ്ങുക പതിവായിരുന്നു. അത് ക്രിസ്തോസ് (ക്രിസ്തു) എന്ന വ്യക്തിയുടേതാണെന്നു എന്നോടു പറഞ്ഞു.

"എനിക്കു ആ പേരിനോട് വലിയ സ്നേഹം തോന്നി. ആ പേര് ഏററവും യാഥാർത്ഥ്യമായി എനിക്കു തോന്നി. ആ നാമം ഉച്ചരിക്കുന്നതിൽ തന്നെ എനിക്കു ആനന്ദമുണ്ടായിരുന്നു."

അവളുടെ വാക്കുകൾ കേട്ടപ്പോൾ "യേശുക്രിസ്തുവിന്റെ നാമത്തിൽ എല്ലാ മുഴങ്കാലും മടങ്ങും." എന്നുള്ള ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിലെ വാക്യമാണ് എന്റെ ഓർമ്മയിൽ വന്നത്. ഒരു പക്ഷെ ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തെ ലോകത്തിൽനിന്ന് കുറേക്കാലത്തേക്ക് തുടച്ചുമാററുവാൻ എതിർക്രിസ്തുവിനു കഴിഞ്ഞേക്കാം. പക്ഷെ ക്രിസ്തു എന്ന നാമത്തിനു മനുഷ്യരെ വെളിച്ചത്തിലേക്ക് നടത്തുവാനുള്ള ശക്തിയുണ്ട്. എന്റെ ഭവനത്തിൽവെച്ച് അവൾ സന്തോഷത്തോടുകൂടെ യേശുക്രിസ്തുവിനെ രക്ഷകനായി കണ്ടെത്തി. അവ ആരുടെ നാമത്തെ സ്നേഹിച്ചിരുന്നോ, ആ വ്യക്തി ഇപ്പോൾ അവളുടെ ഹൃദയത്തിൽ വസിക്കുന്നു.

റഷ്യാക്കാരോടുകൂടെ ഞാൻ ചിലവഴിച്ച അവസരങ്ങൾ അർത്ഥപൂർണ്ണവും കവിതാനിർഭരവുമായിരുന്നു.

റെയിൽവേസ്റേറഷനുകളിൽ സുവിശേഷം പ്രചരിപ്പിച്ചു കൊണ്ടിരുന്ന ഒരു സഹോദരി സുവിശേഷം കേൾക്കുവാൻ താല്പര്യമുള്ള ഒരു ഉദ്യോഗസ്ഥന് എന്റെ മേൽവിലാസം കൊടുത്തു.

സുമുഖനും ദീർഘകായനുമായ ഒരു റഷ്യൻ ഉദ്യോഗസ്ഥൻ ഒരു സായാഹ്നത്തിൽ എന്റെ ഭവനത്തിലേക്ക് കടന്നുവന്നു.

എന്നിൽനിന്ന് എന്തു സഹായമാണ് പ്രതീക്ഷിക്കുന്നത് എന്ന് ഞാൻ ഉപചാരപൂർവ്വം ചോദിച്ചു.

"വെളിച്ചം ലഭിക്കുന്നതിനായിട്ടാണ് ഞാൻ വന്നത്." അദ്ദേഹം പ്രതിവചിച്ചു.

ഞാൻ പുസ്തകത്തിൽ നിന്ന് പ്രധാനപ്പെട്ട ചില വാക്യങ്ങൾ വായിക്കുവാൻ തുടങ്ങി. അദ്ദേഹം എന്റെ കൈയ്ക്കുപിടിച്ചുകൊണ്ട് പറഞ്ഞു.

"എന്നെ തെററായ വഴിയിലേക്ക് നടത്തരുതെന്നു ഞാൻ ആത്മാർത്ഥമായി അപേക്ഷിക്കുന്നു. അന്ധകാരത്തിൽ പാർപ്പിക്കപ്പെട്ട ഒരു ജനസമൂഹത്തിൽപ്പെട്ടവനാണ് ഞാൻ. ഇത് തീർച്ചയായും ദൈവവചനം തന്നെയാണോ എന്ന് ദയവുചെയ്ത് എന്നോടു പറയുക."

വേദപുസ്തകം വാസ്തവമായി ദൈവവചനമാണെന്ന് ഞാൻ അദ്ദേഹത്തിന് ഉറപ്പുകൊടുത്തു. ചില മണിക്കൂറുകൾ അദ്ദേഹം ദൈവവചനം ശ്രദ്ധിച്ചു...യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു.

മതപരമായ കാര്യങ്ങളിൽ റഷ്യാക്കാർ കഴമ്പില്ലാത്തവരോ അല്പജ്ഞാനികളോ അല്ല. അവർ മതവിരോധികളാണെങ്കിൽ സർവ്വശക്തിയുമുപയോഗിച്ചു മതത്തെ എതിർക്കും. നേരെമറിച്ച് മതാനുകൂലികളായി ക്രിസ്തുവിനെ അന്വേഷിക്കുന്നുവെങ്കിൽ അവർ പൂർണ്ണമനസ്സോടും പൂർണ്ണാത്മാവോടും കൂടെ അതിനായി പ്രവർത്തിക്കും. അതുകൊണ്ടത്രെ റഷ്യയിലെ ഓരോ വിശ്വാസിയും ആത്മാക്കളെ നേടുന്നവനായിരിക്കുന്നത്. റഷ്യ, ഫലപ്രദമായ പ്രവർത്തനത്തിന് ഏററവും അനുയോജ്യമായിരിക്കുന്നതും അതേ കാരണത്താലാണ്. റഷ്യാക്കാർ സ്വാഭാവികമായി ഏററവും കൂടുതൽ മതചിന്തയുള്ളവരാണ്. അവർക്ക് ഊർജ്ജിതമായി സുവിശേഷം നൽകുന്നുവെങ്കിൽ ലോകത്തിന്റെ ഗതിതന്നെ മാററാം.

ഒരു തീവണ്ടിയിൽ യാത്രചെയ്യുമ്പോൾ എനിക്കെതിരെ ഒരു റഷ്യൻ ഉദ്യോഗസ്ഥൻ ഇരുന്നു. ഞാൻ അദ്ദേഹത്തോട് അല്പസമയം യേശുക്രിസ്തുവിനെക്കുറിച്ചു പറഞ്ഞു. ഉടൻതന്നെ അദ്ദേഹം ദൈവമില്ല എന്ന് സമർത്ഥിക്കുന്നതിനുള്ള അനേക വാദഗതികൾ ഉന്നയിച്ചു. വേദപുസ്തകത്തിനെതിരായി മാർക്സ്, സ്ററാലിൻ, വോൾട്ടയർ, ഡാർവിൻ മുതലായവർ ചെയ്തിട്ടുള്ള അനേക പ്രസ്താവനകൾ അദ്ദേഹം ഉദ്ധരിച്ചു. ദൈവമില്ല എന്ന് എന്നെ ബോദ്ധ്യപ്പെടുത്തുന്നതിനായി ഒരു മണിക്കൂറിൽ കൂടുതൽ അദ്ദേഹം സംസാരിച്ചുകഴിഞ്ഞപ്പോൾ ഞാൻ ചോദിച്ചു: "ദൈവമില്ല എങ്കിൽ പിന്നെ ആപത്തിൽ അകപ്പെടുമ്പോൾ നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുന്നതെന്തിനാണ്?" മോഷണം നടത്തുന്നതിനിടയിൽ പിടികൂടിയ കള്ളനെപ്പോലെ അദ്ദേഹം പറഞ്ഞു: "ഞാൻ പ്രാർത്ഥിക്കുന്നുണ്ട് എന്ന് ആരാണ് നിങ്ങളോട് പറഞ്ഞത്?" ഞാൻ വിട്ടില്ല.

''നിങ്ങഠം പ്രാർത്ഥിക്കുന്നതെന്തിനാണ് എന്ന് ഞാനാണ് ചോദിച്ചത്. അതിനു ഉത്തരം പറയുക.''

തലതാഴ്ത്തിക്കൊണ്ട് അദ്ദേഹം സമ്മതിച്ചു. ''യുദ്ധക്കളത്തിൽ ജർമ്മൻകാർ ഞങ്ങളെ വളഞ്ഞിരിക്കുമ്പോഠം ഞങ്ങഠം എല്ലാവരും പ്രാർത്ഥിച്ചു! എങ്ങനെയാണ് പ്രാർത്ഥിക്കുന്നത് എന്ന് ഞങ്ങഠംക്കറിഞ്ഞുകൂടായിരുന്നു. അതുകൊണ്ട് ദൈവമേ, അമ്മയുടെ ആത്മാവേ എന്നൊക്കെ ഞങ്ങഠം പ്രാർത്ഥിച്ചു.''

ഹൃദയങ്ങളെ അറിയുന്ന ദൈവത്തിൻെറ കാഴ്ചയിൽ അത് ഒരു നല്ല പ്രാർത്ഥനയായിരുന്നു.

റഷ്യാക്കാരുടെയിടയിലുള്ള ഞങ്ങളുടെ പ്രവർത്തനം വളരെ ഫലപ്രദമായിരുന്നു. ഞാൻ പീററർ എന്ന ഒരു സഹോദരൻെറ കാര്യം ഓർക്കുന്നു. റഷ്യയിലെ ഏതു കാരാഗൃഹത്തിൽവെച്ചാണ് ആ സഹോദരൻ മരിച്ചതെന്ന് ആർക്കും അറിഞ്ഞുകൂടാ. തീരെ പ്രായം കുറഞ്ഞ ഒരു യുവാവ്. പക്ഷെ ഇരുപതു വയസ്സ് ഉണ്ടായിരുന്നിരിക്കാം. റഷ്യൻ പട്ടാളക്കാരനായി റുമേനിയായിലേക്ക് അവൻ വന്നു. ഒളിവിൽ ഒരു സുവിശേഷ പ്രസംഗയോഗത്തിൽവെച്ച് അവൻ മാനസാന്തരപ്പെട്ടു. തന്നെ സ്നാനപ്പെടുത്തുവാൻ അവൻ എന്നോട് അപേക്ഷിച്ചു.

സ്നാനത്തിനുശേഷം, അവനെ ക്രിസ്തുവിങ്കലേക്ക് നടത്തുവാൻ തക്കവണ്ണം ഏററവും കൂടുതൽ സ്വാധീനശക്തി ചെലുത്തിയ വാക്യം ഏതാണെന്ന് ഞാൻ അവനോട് ചോദിച്ചു.

''ഒളിവിൽ നടന്ന ഒരു യോഗത്തിൽവെച്ച് ലൂക്കോസിൻെറ സുവിശേഷം 24—ാം അദ്ധ്യായത്തിൽ നിന്ന്, എമ്മവുസിലേക്കു പോയ ശിഷ്യന്മാർ യേശുക്രിസ്തുവിനെ തിരിച്ചറിയാതിരുന്ന സംഭവം വായിച്ചത് ഞാൻ ശ്രദ്ധിച്ചുകേട്ടു'' എന്ന് അവൻ എന്നോടു പറഞ്ഞു. ''അവർ ഗ്രാമത്തോട് അടുത്തപ്പോഠം അവൻ മുൻപോട്ടു പോകുന്ന ഭാവം കാണിച്ചു.'' പീററർ തുടർന്നു. ''യേശുക്രിസ്തു ഇങ്ങനെ ചെയ്തത് എന്തിനാണെന്ന് ഞാൻ ചിന്തിച്ചു. തീർച്ചയായും ശിഷ്യന്മാരോടുകൂടെ താമസിക്കുവാൻ അവർ ആഗ്രഹിച്ചിരുന്നു. അങ്ങനെയെങ്കിൽ പിന്നെ അവൻ

മുൻപോട്ടു പോകുന്ന ഭാവം കാണിച്ചതെന്തിന്? യേശുക്രിസ്തു മര്യാദയും സൗമ്യതയുമുള്ളവനാണ്. താൻ അവരോടുകൂടെ വസിക്കുവാൻ അവർ ആഗ്രഹിക്കുന്നു എന്ന് തിട്ടം വരുത്തുവാനായിട്ടാണ് അവൻ മുൻപോട്ടു പോകുന്ന ഭാവം കാണിച്ചത്. തന്നെ അവർ സ്വാഗതം ചെയ്തു എന്ന് കണ്ടപ്പോൾ അവൻ സന്തോഷത്തോടുകൂടെ അവരോടുകൂടി വീട്ടിലേക്കു പ്രവേശിച്ചു. കമ്മ്യൂണിസ്റ്റുകാർ മര്യാദയില്ലാത്തവരാണ്. അവർ ബലാല്ക്കാരേണ ഞങ്ങളുടെ ഹൃദയത്തിലും മനസ്സിലും പ്രവേശിക്കുന്നു. രാവിലെ മുതൽ രാത്രിവരെ അവർക്കു പറയുവാനുള്ളത് കേൾക്കുവാൻ ഞങ്ങളെ നിർബ്ബന്ധിക്കുന്നു. സ്കൂളുകളിൽകൂടിയും റേഡിയോ, വർത്തമാനപ്പത്രങ്ങൾ, പരസ്യങ്ങൾ, ചലച്ചിത്രങ്ങൾ, നിരീശ്വരവാദപ്രചരണങ്ങൾ എന്നിവയിൽകൂടിയും ദൈവമില്ല എന്നുള്ള പ്രചരണം അവർ നടത്തുകയും അതു കേൾക്കുവാൻ ഞങ്ങളെ നിർബ്ബന്ധിക്കുകയും ചെയ്യുന്നു. നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അതുകേട്ടേ മതിയാവൂ! യേശുക്രിസ്തു ഞങ്ങളുടെ സ്വാതന്ത്ര്യത്തെ മാനിക്കുന്നു. അവൻ ശാന്തമായി വാതില്ക്കൽനിന്ന് മുട്ടുന്നു. ക്രിസ്തു തന്റെ സൗമ്യതയാലാണ് എന്നെ നേടിയത്."

കമ്മ്യൂണിസവും ക്രിസ്തുവും തമ്മിലുള്ള ഈ വലിയ അന്തരമാണ്, ഏതാണ് ശ്രേഷ്ഠമായിട്ടുള്ളതെന്നു അവനു ബോദ്ധ്യം വരുത്തിയത്. യേശുക്രിസ്തുവിന്റെ ഈ സ്വഭാവവിശേഷത്താൽ ആകർഷിക്കപ്പെട്ട മററു പല റഷ്യാക്കാരുമുണ്ടായിരുന്നു. (ഒരു സഭാശുശ്രൂഷകനായിരുന്നെങ്കിലും ഈ ചിന്ത ഒരിക്കലും എന്റെ മനസ്സിൽ കടന്നിരുന്നില്ല.)

തന്റെ മാനസാന്തരത്തിനുശേഷം, പീററർ തന്റെ ജീവനെ പണയം വെച്ചുകൊണ്ട് റുമേനിയായിൽ നിന്നും റഷ്യയിലെ ഒളിവു സഭയിലേക്ക് സുവിശേഷസാഹിത്യങ്ങൾ രഹസ്യമായി അയയ്ക്കാൻ ആരംഭിച്ചു. തുടർച്ചയായി ഇങ്ങനെ പ്രവർത്തിച്ചതിന്റെ ഫലമായി അവൻ പിടിക്കപ്പെട്ടു. 1959-ൽ അവൻ ജയിലിലായിരുന്നു എന്ന് എനിക്കറിയാം.

അവൻ മരിച്ചോ? അവൻ ഇതിനകം സ്വർഗ്ഗത്തിലെത്തിയിരിക്കുമോ? അതോ ഈ ലോകത്തിൽത്തന്നെ (വിശ്വാസത്തിൻെറ) നല്ലപോർപൊരുതുകയായിരിക്കുമോ? എനിക്കറിഞ്ഞുകൂടാ. ദൈവം മാത്രമറിയുന്നു.

അവനെപ്പോലെതന്നെ മററു പലരും മാനസാന്തരപ്പെടുക മാത്രമല്ല ചെയ്തത്. രക്ഷിക്കപ്പെട്ട റഷ്യാക്കാർ ഒളിവുസഭയുടെ മിഷനറിമാരായിത്തീരുകയും ചെയ്തു. (ഒരുവനെ ക്രിസ്തുവിങ്കലേക്ക് നടത്തുന്നതുകൊണ്ടു മാത്രം നാം തൃപ്തിപ്പെടരുത്. അത് പകുതി വേല മാത്രമേ ആകുന്നുള്ളു. ക്രിസ്തുവിങ്കലേക്ക് വരുന്ന ഒരോ ആത്മാവും മററുള്ളവരെ ക്രിസ്തുവിങ്കലേക്ക് നടത്തുന്ന വ്യക്തിയായി തീരണം.) യേശുക്രിസ്തുവിനുവേണ്ടി എന്തും ചെയ്യുവാനും സഹിക്കുവാനും അവർ തയ്യാറായിരുന്നു. തങ്ങാംക്കുവേണ്ടി മരിച്ച യേശുക്രിസ്തുവിനുവേണ്ടി വളരെ കുറച്ചു മാത്രമേ പ്രവർത്തിക്കാൻ കഴിയുന്നുള്ളു എന്ന് അവർ എപ്പോഴും പറയുമായിരുന്നു.

## അടിമത്വത്തിലാണ്ട രാഷ്ട്രത്തിലെ പ്രവർത്തനങ്ങാം

ഞങ്ങളുടെ പ്രവർത്തനത്തിൻെറ രണ്ടാമത്തെ ഭാഗം റുമേനിയക്കാരുടെയിടയിലെ സുവിശേഷപ്രവർത്തനങ്ങളായിരുന്നു.

അധികം താമസിയാതെ കമ്മ്യൂണിസ്ററുകാർ അവരുടെ മുഖംമൂടികാം മാററി. ആദ്യകാലങ്ങളിൽ സഭാനേതാക്കന്മാരെ നേടുവാൻ അവർ വശീകരണവിദ്യകളാണ് ഉപയോഗിച്ചത്. പിന്നീട് ഭീകരപ്രവർത്തനങ്ങാം ആരംഭിച്ചു. ആയിരക്കണക്കിന് ആളുകളെ അവർ ബന്ധിച്ച് ജയിലിലാക്കി. റഷ്യയിലെ വിശ്വാസികളെപ്പോലെതന്നെ ഞങ്ങാംക്കും ഒരുവനെ ക്രിസ്തുവിങ്കലേക്കു നടത്തുക എന്നത് നാടകീയമായ ഒരു അനുഭവമായിത്തീർന്നു.

ഞാൻ ക്രിസ്തുവിങ്കലേക്ക് നടത്തിയ ആത്മാക്കളോടൊന്നിച്ച് ഞാനും തടവിലായിരുന്നു. എൻെറ അറയിൽതന്നെ, തൻെറ ക്രിസ്തീയ വിശ്വാസത്തിനുവേണ്ടി ഭാര്യയെയും ആറു കുഞ്ഞുങ്ങളേയും പിന്നിൽ തള്ളിയിട്ട് ജയിൽവാസമനുഭവിക്കുന്ന ഒരു സഹോദരനുണ്ടായിരുന്നു. അവൻെറ ഭാര്യയും കുഞ്ഞുങ്ങളും പട്ടിണിയിൽ കഴിയുകയായിരുന്നു.

ഞാൻ അവനോട് ചോദിച്ചു: "ഞാൻ നിന്നെ ക്രിസ്തുവിങ്കലേക്ക് നടത്തിയതുകൊണ്ടാണല്ലോ നിൻെറ കുടുംബത്തിന് ഇത്ര വലിയ അനർത്ഥം ഉണ്ടായത്. ഇതുമൂലം നിനക്ക് എന്നോട് നീരസമുണ്ടോ?" അവൻ പറഞ്ഞു: "നിങ്ങൾ എന്നെ യേശുക്രിസ്തുവിങ്കലേക്ക് കൊണ്ടുവന്നതിലുള്ള നന്ദിയെ പ്രകാശിപ്പിക്കാൻ എനിക്കു വാക്കുകളില്ല. യേശുക്രിസ്തുവിനെ കൂടാതെയുള്ള ഒരു വഴിയും എനിക്കുവേണ്ട."

ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ യേശുക്രിസ്തുവിനെപ്പററി പ്രസംഗിക്കുക എന്നത് എളുപ്പമല്ലായിരുന്നു. പലവിധത്തിലുള്ള സുവിശേഷ ലഘുലേഖകൾ അച്ചടിപ്പിക്കുന്നതിനും, കമ്മ്യൂണിസ്ററ് ഗുണദോഷവിവേചകന്മാരിൽനിന്നും അവ വിതരണം ചെയ്യുന്നതിനുള്ള അനുവാദം വാങ്ങിക്കുന്നതിനും ഞങ്ങൾക്കു സാധിച്ചു. "മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്." എന്നും മററുമുള്ള പേരുകളിലാണ് ഈ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരുന്നത്. ഒരു ലഘുലേഖയുടെ മുഖചിത്രം കാറൽമാർക്സിൻെറ ഒരു ചിത്രമായിരുന്നു. ഈ പുസ്തകത്തിൻെറ ആദ്യത്തെ ഏതാനും താളുകളിൽ മാർക്സ്, ലെനിൻ, സ്ററാലിൻ മുതലായവരുടെ പ്രസ്താവനകളാണ് ഉദ്ധരിച്ചിരുന്നത്. തുടർന്നുള്ള താളുകളിൽ യേശുക്രിസ്തുവിനെപ്പററിയുള്ള സുവിശേഷ സന്ദേശവുമടങ്ങിയിരുന്നു. ആദ്യത്തെ ചില താളുകൾ മറിക്കുമ്പോൾ അത് കമ്മ്യൂണിസ്ററ് സാഹിത്യങ്ങളാണ് എന്ന് വിചാരിച്ച് ഗുണദോഷവിവേചകന്മാർ വിതരണാനുമതിക്കുള്ള മുദ്ര പതിച്ചുതന്നു.

ഒളിവുസഭ ഭാഗികമായി മാത്രമേ ഒളിവിൽ

പ്രവർത്തിച്ചിരുന്നുള്ളു. ഒരു മഞ്ഞുമലയെപ്പോലെ അതിൻെറ ഒരു ഭാഗം വെളിയിൽ ദൃശ്യമായിരുന്നു. ഞങ്ങൾ കമ്മ്യൂണിസ്ററുകാരുടെ ജാഥാകളിൽപോയി "കമ്മ്യൂണിസ്ററ്" ലഘുലേഖകൾ വിതരണം ചെയ്യുക പതിവായിരുന്നു. മാർക്സിൻെറ ചിത്രമുള്ള ആ ലഘുലേഖ കണ്ടപ്പോൾ അതിൻെറ ഒരു പ്രതി ലഭിക്കാൻ വേണ്ടി അവർ അന്യോന്യം മല്ലടിക്കുകയുണ്ടായി. പത്താമത്തെ താളിലാണ് ദൈവത്തെപ്പററിയും യേശുക്രിസ്തുവിനെപ്പററിമുള്ള സന്ദേശങ്ങൾ ആരംഭിച്ചിരുന്നത്. അതുവരെ അവർ വായിക്കുമ്പോഴേക്കും ഞങ്ങൾ സ്ഥലം വിട്ടിരുന്നു.

മർദ്ദിതരായ ഒരു ജനവിഭാഗമായിരുന്നു ഞങ്ങൾ. ഞങ്ങൾക്കു സ്വന്തമായിരുന്നതൊക്കെയും കമ്മ്യൂണിസ്ററുകാർ പിടിച്ചെടുത്തു. കൃഷിക്കാരുടെ നിലങ്ങളും ആടുമാടുകളും അവർ എടുത്തു. പണക്കാർ മാത്രമല്ല, പാവപ്പെട്ടവരും ചൂഷണം ചെയ്യപ്പെട്ടു. മിക്കവാറും എല്ലാ കുടുംബങ്ങളിൽ നിന്നും ഒരാളെങ്കിലും ജയിലിൽ അടയ്ക്കപ്പെട്ടിരുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ യേശുക്രിസ്തുവിനെപ്പററി പ്രസംഗിക്കുക എന്നത് എളുപ്പമല്ലായിരുന്നു. "സ്നേഹവാനായ ദൈവം ദുഷ്ടത നടമാടുവാൻ, ജയഘോഷം നടത്തുവാൻ അനുവദിക്കുന്നതെങ്ങനെ?" എന്ന് അനേകർ ചോദിച്ചു.

"എൻെറ ദൈവമേ, എൻെറ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?" എന്നു പറഞ്ഞുകൊണ്ട് യേശുക്രിസ്തു ക്രൂശിൽ മരിച്ച ആ (ദുഃഖവെള്ളിയാഴ്ച) ദിവസം യേശുക്രിസ്തുവിനെ പ്രസംഗിക്കുക എന്നത് അപ്പോസ്തലന്മാർക്കും എളുപ്പമുള്ള കാര്യമായിരുന്നില്ല. എങ്കിലും ഇങ്ങനെയുള്ള സാഹചര്യങ്ങളിലും വേല നടന്നു എന്നുള്ളത്, ഇത് ഞങ്ങളുടെ വേലയല്ല, ദൈവത്തിൻെറ വേലയാണ് എന്നുള്ളതിന് തെളിവാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങൾക്ക് ക്രിസ്തീയ വിശ്വാസം ഉത്തരം നൽകുന്നു.

ഞങ്ങളെപ്പോലെതന്നെ അവശതയനുഭവിച്ച ലാസറിൻെറ കഥ യേശുക്രിസ്തു ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. അവൻ പട്ടിണികൊണ്ട് വലഞ്ഞു മരിക്കുകയായിരുന്നു. നായ്ക്കൾ

അവൻെറ വ്രണം നക്കിയിരുന്നു. എങ്കിലും അവർ അവസാനത്തിൽ അബ്രഹാമിൻെറ മടിയിലേക്ക് എടുക്കപ്പെട്ടു.

## ഒളിവുസഭയുടെ 'പരസ്യ' പ്രവർത്തനങ്ങൾ

ഒളിവു സഭ വീടുകളിലും, കാടുകളിലും, നിലവറകളിലും എന്നുവേണ്ടാ എവിടെയെല്ലാം രഹസ്യമായി കൂടിവരാമോ അവിടെയെല്ലാം കൂടിവന്നിരുന്നു. ഇങ്ങനെയുള്ള യോഗങ്ങളിൽ വച്ച് പരസ്യപ്രവർത്തനങ്ങൾക്കുള്ള ഒരുക്കങ്ങൾ ചെയ്തുപോന്നു.

തെരുവുകളിൽ പരസ്യമായി സുവിശേഷയോഗങ്ങൾ നടത്തുന്നതിനുള്ള ഒരു പദ്ധതി ഞങ്ങൾ രൂപീകരിച്ചു. ഈ പ്രവർത്തനത്തിൽ എൻെറ ഭാര്യ വളരെ ഉത്സാഹമായി എർപ്പെട്ടു. ഒരുകൂട്ടം വിശ്വാസികൾ ശാന്തമായി ഒരു തെരുക്കോണിൽ വന്നുകൂടി പാട്ടുകൾ പാടാൻ ആരംഭിക്കും. നല്ല പാട്ടുകൾ കേൾക്കാനായി ജനങ്ങൾ കൂടിവരുമ്പോൾ എൻെറ ഭാര്യ അവരോട് സുവിശേഷം പറയും. പോലീസുകാർ വന്നുചേരുന്നതിനു മുമ്പ് അവർ സ്ഥലം വിടുകയും ചെയ്യും.

ഓരോ ദിവസം കഴിയുന്തോറും ഈ പ്രവർത്തനം കൂടുതൽ അപകടകരമായിത്തീർന്നിരുന്നു എങ്കിലും ഇതുമൂലം അനേകം ആത്മാക്കൾ സുവിശേഷം കേൾക്കുന്നതിനിടയായി.

ഒരു ദിവസം ഉച്ചകഴിഞ്ഞ് ബുക്കാറസ്ററ് നഗരത്തിൽ 'മാലാക്സാ' ഫാക്ടറിയുടെ പ്രവേശനദ്വാരത്തിങ്കൽവെച്ച് ആയിരക്കണക്കിന് തൊഴിലാളികളോട് എൻെറ ഭാര്യ സുവിശേഷം പറയുകയുണ്ടായി. ഞാൻ ആ സമയത്ത് മറെറാരു സ്ഥലത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. ദൈവത്തെപ്പററിയും രക്ഷയെപ്പററിയും അവൾ അവരോട് സംസാരിച്ചു. അടുത്ത ദിവസം, കമ്മ്യൂണിസ്ററുകാരുടെ അനീതികൾക്കെതിരായി മറുതലിച്ചതിൻെറ ഫലമായി ആ ഫാക്ടറിയിലെ പല തൊഴിലാളികൾ തോക്കിനിരയായി. തക്കസമയത്ത് സുവിശേഷസന്ദേശം കേൾക്കുന്നതിന് അവർക്ക് ഇടയായി!

ഞങ്ങൾ ഒരു ഒളിവുസഭയായിരുന്നെങ്കിലും യോഹന്നാൻ സ്നാപകനെപ്പോലെ ധൈര്യമായി ജനങ്ങളോടും. അധികാരികളോടും യേശുക്രിസ്തുവിനെപ്പററി പറയുകയുണ്ടായി.

ഒരു ദിവസം രണ്ടു വിശ്വാസികൾ ഞങ്ങളുടെ പ്രധാനമന്ത്രി ഗീയോർഗിയുദേജിൻെറ ഓഫീസിലേക്ക് കയറിച്ചെന്നു. തങ്ങൾക്കു ലഭിച്ച ഏതാനും നിമിഷങ്ങളിൽ അവർ അദ്ദേഹത്തോട് യേശുക്രിസ്തുവിനെപ്പററി സാക്ഷിക്കുകയും, ക്രിസ്തീയ സഭയ്ക്കെതിരെയുള്ള പീഢകൾ നിർത്തലാക്കുവാനും, അദ്ദേഹത്തിൻെറ പാപജീവിതത്തിൽ നിന്ന് പിൻതിരിയുവാനും അദ്ദേഹത്തോട് അപേക്ഷിച്ചു. ഇങ്ങനെ ധൈര്യമായി യേശുക്രിസ്തുവിനെപ്പററി സാക്ഷിച്ചതിനാൽ പ്രധാനമന്ത്രി അവരെ ജയിലിലാക്കി. ചില വർഷങ്ങൾക്കുശേഷം അതേ പ്രധാനമന്ത്രി ഗീയോർഗിയുദേജ് കഠിന രോഗം പിടിച്ചു കിടക്കുമ്പോൾ, പല വർഷങ്ങൾക്കുമുമ്പ് ആ സഹോദരന്മാർ വിതച്ചതായ സുവിശേഷ വിത്ത് ഫലം പുറപ്പെടുവിച്ചു. അത്യാസന്ന നിലയിൽ കിടന്ന പ്രധാനമന്ത്രി അവർ പറഞ്ഞതായ വാക്കുകൾ ഓർത്തു. ആ വാക്കുകൾ ഇരുവായ്ത്തലയുള്ള ഏതൊരു വാളിനേക്കാളും മൂർച്ചയേറിയതായി അദ്ദേഹത്തിൻെറ ഹൃദയത്തെ വെട്ടിമുറിച്ചു. അദ്ദേഹം തൻെറ പാപങ്ങളെ ഏററു പറഞ്ഞുകൊണ്ട് തൻെറ ജീവിതത്തെ യേശുക്രിസ്തുവിന് അടിയറവെച്ചു. ആ രോഗശയ്യയിൽ കിടന്നുകൊണ്ടുതന്നെ അദ്ദേഹം യേശുക്രിസ്തുവിനെ സേവിക്കുവാൻ തുടങ്ങി. അധികം താമസിയാതെ അദ്ദേഹം മരിക്കുകയും, തൻെറ രക്ഷകൻെറ അടുക്കലേക്ക് പോകുകയും ചെയ്തു. ആ രണ്ടു സഹോദരന്മാർ സുവിശേഷം അറിയിക്കുന്നതിനുവേണ്ടി എന്തും സഹിക്കുവാൻ തയ്യാറായതുകൊണ്ടത്രെ ഇതൊക്കെയും സാധിച്ചത്. ഇന്ന് കമ്മ്യൂണിസ്ററു രാജ്യങ്ങളിലുള്ള ധൈര്യശാലികളായ വിശ്വാസികളുടെ പ്രതിരൂപങ്ങളാണ് അവർ.

അങ്ങനെ ഒളിവുസഭ രഹസ്യമായ പ്രവർത്തനങ്ങളിൽ മാത്രമല്ല, പരസ്യമായി സുവിശേഷം പ്രഖ്യാപിക്കുന്നതിലും

ഏർപ്പെട്ടിരുന്നു. എന്നാൽ അതിനായി എന്തും സഹിക്കാൻ തയ്യാറാകേണ്ടിയിരുന്നു. അതിന് ഞങ്ങൾ തയ്യാറായിരുന്നു. ഇന്നും ഒളിവുസഭ അതിന് ഒരുക്കമുള്ളതാണ്.

കമ്മ്യൂണിസ്ററുകാർക്കെതിരെ സഫലമായ ഏക പ്രതിരോധശക്തി ഒളിവുസഭയാണെന്ന് മനസ്സിലാക്കിയ രഹസ്യപ്പോലീസുകാർ ഞങ്ങളെ വളരെയധികം പീഢിപ്പിച്ചു. ആത്മീകമായ ഈ പ്രതിരോധശക്തിയെ അഗണ്യമായി വിട്ടാൽ അത് നാസ്തിക ശക്തികൾക്ക് തുരങ്കം വെയ്ക്കുമെന്ന് അവർ മനസ്സിലാക്കി. അത് ഉടനടി വന്നുചേരാവുന്ന ഒരാപത്താണെന്ന് അവർ മനസ്സിലാക്കി. ഒരുവൻ ക്രിസ്തുവിൽ വിശ്വസിച്ചാൽ പിന്നെ അവൻ ഒരിക്കലും മനസ്സും ഹൃദയവുമില്ലാത്ത, വഴങ്ങുന്ന ഒരു പൗരനായിരിക്കയില്ലെന്ന് അവർക്കറിയാമായിരുന്നു. അവനെ ബന്ധിച്ച് ജയിലിലടച്ചാലും - ദൈവത്തിലുള്ള അവൻെറ വിശ്വാസത്തെ ബന്ധിക്കുവാൻ കഴിയുകയില്ലെന്ന് അവർ മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് അവർ വിശ്വാസികളോട് ശക്തിയായി പടവെട്ടിയിരുന്നു. എന്നാൽ കമ്മ്യൂണിസ്ററ് ഗവൺമെൻറിലും രഹസ്യപ്പോലീസിൽപോലും ഒളിവുസഭയോട് അനുകമ്പയുള്ള ആളുകൾ ഉണ്ടായിരുന്നു.

രഹസ്യപ്പോലീസിൽ ചേരുവാനും, ഞങ്ങളുടെ നാട്ടിൽ ഏററവും വെറുക്കപ്പെടുന്നതും നിന്ദ്യവുമായ കുപ്പായം ധരിക്കുവാനും ഞങ്ങൾ വിശ്വാസികൾക്കു നിർദ്ദേശം കൊടുത്തു. തങ്ങളുടെ വിശ്വാസത്തെ രഹസ്യമായി വെച്ചുകൊണ്ട് പല വിശ്വാസികളും രഹസ്യപ്പോലീസിൽ ചേർന്നു. അതുകൊണ്ട് ഒളിവുസഭയ്ക്കെതിരായുള്ള രഹസ്യപ്പോലീസിൻെറ പ്രവർത്തനങ്ങളെപ്പററി ഒളിവുസഭയ്ക്ക് അറിവുകൊടുക്കുവാൻ അവർക്കു കഴിഞ്ഞു. എന്തിനുവേണ്ടിയാണ് തങ്ങൾ ഈ വേഷം ധരിക്കുന്നത് എന്നുള്ളത് മററുള്ളവരോട് പറയാതെ തങ്ങളുടെ കുടുംബങ്ങളാലും സ്നേഹിതരാലും നിന്ദിക്കപ്പെടുക എന്നുള്ളത് എളുപ്പമുള്ള കാര്യമല്ലായിരുന്നു. എങ്കിലും അവർ അതു ചെയ്യുകതന്നെ ചെയ്തു.

എന്നെ ബലാൽക്കാരമായി (മോഷ്ടിച്ചു) കൊണ്ടുപോകുകയും അനേകവർഷങ്ങാം രഹസ്യമായി ജയിലിൽ പാർപ്പിക്കുകയും ചെയ്തപ്പോറം എന്റെ കാര്യങ്ങാം അറിയുന്നതിനായി വിശ്വാസിയായ ഒരു ഡോക്ടർ രഹസ്യപ്പോലീസിൽ ചേരുകയുണ്ടായി. രഹസ്യപ്പോലീസിലെ ഒരു ഡോക്ടർ എന്ന നിലയിൽ എല്ലാ തടവുകാരുടെയും അറകളിൽ കടന്നുചെല്ലുവാൻ അദ്ദേഹത്തിനു അനുവാദമുണ്ടായിരുന്നതിനാൽ എന്നെ കണ്ടെത്താം എന്ന് അദ്ദേഹം ആശിച്ചു. അദ്ദേഹം ഒരു കമ്മ്യൂണിസ്ററുകാരനായിത്തീർന്നു എന്നു വിചാരിച്ച് സ്നേഹിതന്മാരെല്ലാം അദ്ദേഹത്തെ പുറംതള്ളി. യേശുക്രിസ്തുവിനുവേണ്ടി പീഡകന്മാരുടെ വേഷംധരിച്ചുകൊണ്ട് നടക്കുക എന്നത് ജയിൽപുള്ളിയുടെ വേഷം ധരിക്കുന്നതിനേക്കാറം വലിയ ത്യാഗമാണ്.

അഗാധവും ഇരുളടഞ്ഞതുമായ ഒരു അറയിൽ ആ ഡോക്ടർ എന്നെ കണ്ടെത്തുകയും ഞാൻ ജീവനോടിരിക്കുന്ന വിവരം മററുള്ളവരെ അറിയിക്കുകയും ചെയ്തു. ജയിലിൽ കഴിച്ച എട്ടരവർഷങ്ങളിൽ എന്നെ ആദ്യമായി സന്ദർശിച്ച സ്നേഹിതൻ അദ്ദേഹമായിരുന്നു! ഞാൻ ജീവിച്ചിരിക്കുന്നു എന്ന വിവരം അദ്ദേഹം മൂലം പ്രസിദ്ധമായി. 1956-ൽ ഐസൻഹോവറും ക്രൂഷേവും തമ്മിലുണ്ടായ താൽക്കാലിക സമാധാനസന്ധിയുടെ ഫലമായി എന്റെ വിടുതലിനുവേണ്ടി വിശ്വാസികറം മുറവിളികൂട്ടുകയും അതിന്റെ ഫലമായി അധികാരികറം എന്നെ അല്പകാലത്തേക്ക് സ്വതന്ത്രനായി വിടുകയും ചെയ്തു.

വിശ്വാസിയായ ആ ഡോക്ടർ എന്നെ കണ്ടെത്തുന്നതിനു വേണ്ടി രഹസ്യപ്പോലീസിൽ ചേർന്നില്ലായിരുന്നു എങ്കിൽ ഞാൻ ഇന്നും ആ ജയിലിലോ (അല്ലെങ്കിൽ ശവക്കുഴിയിലോ) ആയിരുന്നേനെ.

രഹസ്യപ്പോലീസിൽ ചേർന്ന വിശ്വാസികറം പലപ്പോഴും ഞങ്ങറക്കു മുന്നറിവു നല്കുകയും അതു ഞങ്ങറക്കു വളരെ സഹായകരമായിത്തീരുകയും ചെയ്തിട്ടുണ്ട്. വരാൻപോകുന്ന

അപകടത്തെപ്പററി മുന്നറിവു നൽകുന്ന ഒളിവുസഭയുടെ ആളുകാം ഇന്നും രഹസ്യപ്പോലീസിലുണ്ട്. അതിൽ ചിലർ കമ്മ്യൂണിസ്ററ് കേന്ദ്രങ്ങളിൽ ഉന്നത സ്ഥാനമുള്ളവരാണ്. അവർ തങ്ങളുടെ വിശ്വാസത്തെ രഹസ്യമായി പാലിക്കുകയും ഞങ്ങളെ വളരെയധികം സഹായിക്കുകയും ചെയ്തുവരുന്നു. ഇന്ന് അവർ രഹസ്യമായി സേവിച്ചുവരുന്ന ക്രിസ്തുവിനെ ഒരു ദിവസം സ്വർഗ്ഗത്തിൽവച്ച് പരസ്യമായി ഘോഷിക്കുവാൻ അവർക്കു സാധിക്കും.

എങ്കിലും ഞങ്ങളുടെയിടയിൽ വഞ്ചകന്മാരായ ''യൂദാ''മാരും ഉണ്ടായിരുന്നു. അവർ ഞങ്ങളെ രഹസ്യപ്പോലീസിന് ഒററിക്കൊടുത്തതിൻെറ ഫലമായി ഞങ്ങളിൽ അനേകർ ജയിലടയ്ക്കപ്പെട്ടു. തങ്ങളുടെ സഹോദരങ്ങളെ ഒററിക്കൊടുക്കുമെന്നുള്ള ആശയോടുകൂടെ കമ്മ്യൂണിസ്ററുകാർ വിശ്വാസികളേയും സഭാപരിപാലകന്മാരേയും ഭയപ്പെടുത്തുകയും ഭേദ്യം ചെയ്യുകയും മരുന്നുകൊടുത്തു മയക്കുകയും ചെയ്തുവന്നു.

# അദ്ധ്യായം രണ്ട്

ഔദ്യോഗിക നിലയിലും ഒളിവിലുമായി ഞാൻ 1948 ഫെബ്രുവരി 29-ാം തീയതിവരെ പ്രവർത്തിച്ചു. ഒരു ഞായറാഴ്ച സുപ്രഭാതത്തിൽ ഞാൻ പള്ളിയിലേക്കു പോകുമ്പോൾ രഹസ്യപ്പോലീസുകാർ എന്നെ ബലമായി പിടിച്ചുകൊണ്ടുപോയി.

''നരമോഷണം'' എന്നു വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം എന്താണ് എന്നു ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. അതെന്താണെന്നു കമ്മ്യൂണിസ്ററുകാർ ഞങ്ങളെ പഠിപ്പിച്ചു.

ആ ദിവസങ്ങളിൽ അനേകരെ ഇപ്രകാരം മോഷ്ടിച്ചുകൊണ്ടുപോയിട്ടുണ്ട്. രഹസ്യപ്പോലീസിന്റെ ഒരു വണ്ടി പെട്ടെന്ന് എന്റെ മുമ്പിൽ വന്നു നിന്നു. നാലാളുകൾ ആ വണ്ടിയിൽനിന്ന് ചാടിയിറങ്ങി എന്നെ പിടിച്ച് വണ്ടിയിലേക്ക് തള്ളിക്കയററിയിട്ട് വണ്ടിയോടിച്ചുപോകുകയാണ് ചെയ്തത്. അനേക വർഷങ്ങൾ അവർ എന്നെ തടവിൽ സൂക്ഷിച്ചു. ഞാൻ ജീവനോടിരിക്കുന്നോ ഇല്ലയോ എന്ന് എട്ടു വർഷത്തിൽപരം ആർക്കും അറിഞ്ഞുകൂടായിരുന്നു.

രഹസ്യപ്പോലീസുകാർ, തങ്ങൾ എന്നോടൊന്നിച്ചു തടവുകാരായിരുന്നു എന്നു നടിച്ചുകൊണ്ട് എന്റെ ഭാര്യയെ സന്ദർശിക്കുകയും ഞാൻ മരിച്ചുപോയി എന്നും, എന്റെ ശവസംസ്കാര ശുശ്രൂഷയിൽ അവർ പങ്കെടുക്കുകയുണ്ടായി എന്നും അറിയിച്ചു. അവളുടെ ഹൃദയം തകർന്നുപോയി.

പല സഭാവിഭാഗങ്ങളിൽ നിന്നായി ആയിരക്കണക്കിന് ആളുകൾ അക്കാലത്തു ജയിലിൽ അടയ്ക്കപ്പെട്ടു. സഭാശുശ്രൂഷകന്മാർ മാത്രമല്ല, തങ്ങളുടെ വിശ്വാസത്തിനുവേണ്ടി

നിലനിന്ന സാധാരണ ജനങ്ങളും യുവതീയുവാക്കളും അതിലുണ്ടായിരുന്നു. മററു കമ്മ്യൂണിസ്ററ് രാജ്യങ്ങളിലെന്ന പോലെ റുമേനിയയിലും ജയിലുകാം നിറഞ്ഞിരുന്നു. ജയിലിലടയ്ക്കപ്പെടുക എന്നു പറഞ്ഞാൽ ദണ്ഡിക്കപ്പെടുക എന്നായിരുന്നു അർത്ഥം.

പലപ്പോഴും ദണ്ഡനങ്ങാം അതിഭയങ്കരങ്ങളായിരുന്നു. ഞാൻ അനുഭവിച്ച ദണ്ഡനങ്ങളെപ്പററി പറയാതിരിക്കുവാനാണ് എനിക്ക് ഇഷ്ടം. അതിനെപ്പററി പറഞ്ഞുപോയാൽ പിന്നെ എനിക്ക് ഉറക്കം വരികയില്ല. അത് അത്രമാത്രം വേദനാജനകമായിരുന്നു. "ദൈവത്തിൻെറ ഒളിവുസംഘത്തിൽ" (In God's Underground) എന്ന പുസ്തകത്തിൽ ജയിലിൽവെച്ച് ദൈവത്തോടുകൂടിയുള്ള അനേക അനുഭവങ്ങളെ ഞാൻ വർണ്ണിച്ചിട്ടുണ്ട്.

## പറഞ്ഞു തീരാനാവാത്ത ദണ്ഡനങ്ങാം

ഫ്ളോറെസ്കു എന്നു പേരുള്ള ഒരു സഭാപരിപാലകൻ അതിഭയങ്കരമായി ദണ്ഡിക്കപ്പെട്ടു. ചുട്ടുപഴുത്ത കമ്പികളും കത്തികളുമുപയോഗിച്ചാണ് അദ്ദേഹത്തെ ദണ്ഡിപ്പിച്ചത്. അതിനുശേഷം അദ്ദേഹം കിടന്ന അറയിലേക്കു പട്ടിണികിടന്ന എലികളെ ഒരു കുഴൽവഴിയായി ഇറക്കി വിട്ടു. എലികളുടെ ആക്രമണത്തെ തടയുന്നതിനായി അദ്ദേഹം സദാസമയം ജാഗരൂകനായിരിക്കേണ്ടിയിരുന്നതിനാൽ ഒരു നിമിഷം പോലും ഉറങ്ങുന്നതിന് അദ്ദേഹത്തിന് സാധിച്ചില്ല. ഒരു നിമിഷം ഉറങ്ങിപ്പോയാൽ എലികാം ആക്രമിക്കുമായിരുന്നു.

രാപ്പകൽ ഭേദമില്ലാതെ രണ്ടാഴ്ചക്കാലം ഒരേനില്പിൽ എഴുന്നേററു നില്ക്കുവാൻ അദ്ദേഹം നിർബ്ബന്ധിക്കപ്പെട്ടു. തൻെറ സഹോദരങ്ങളെ ഒററിക്കൊടുക്കുവാൻ കമ്മ്യൂണിസ്ററുകാർ നിർബ്ബന്ധിച്ചു. എങ്കിലും അദ്ദേഹം അതിനെ ദൃഢമായി ചെറുത്തു. അവസാനമായി, അവർ അദ്ദേഹത്തിൻെറ പതിനാലു വയസ്സു പ്രായമുള്ള മകനെ കൊണ്ടുവന്നു തൻെറ മുമ്പിലിട്ടു കഠിനമായി പ്രഹരിക്കുവാൻ തുടങ്ങി. തങ്ങാം ആവശ്യപ്പെടുന്ന

വിവരങ്ങളൊക്കെയും പറയുന്നതുവരെ പ്രഹരം തുടരുമെന്ന് അവർ പറഞ്ഞു. ആ നിസ്സഹായനായ മനുഷ്യൻ മിക്കവാറും ഭ്രാന്തനായിത്തീർന്നു. ഒടുവിൽ സഹിക്കാൻ വയ്യാതെ അദ്ദേഹം നിലവിളിച്ചുകൊണ്ട് തന്റെ മകനോടു വിളിച്ചുപറഞ്ഞു: "അലക്സാണ്ടർ, അവർ ആവശ്യപ്പെടുന്നതു ഞാൻ പറയാൻ പോകയാണ്. നീ അടികൊള്ളുന്നതു കാണാൻ എനിക്കുകഴിവില്ല." "അപ്പാ ഞാൻ ഒരു വഞ്ചകന്റെ മകനായിപ്പോയി എന്നു വരാതിരിക്കട്ടെ. ധൈര്യമായി നില്ക്കൂ! ഇവർ എന്നെ കൊന്നാൽ 'യേശുവും എന്റെ പിതൃരാജ്യവും' എന്ന വാക്കുകളോടുകൂടെ ഞാൻ മരിക്കും," അലക്സാണ്ടർ പറഞ്ഞു. ആ കമ്മ്യൂണിസ്ററുകാർക്ക് കലികയറി, അവർ കുട്ടിയുടെമേൽ ചാടിവീണ് അവനെ അടിച്ചുകൊന്നു. അവന്റെ രക്തം ആ ജയിലറയുടെ ഭിത്തികളിലെല്ലാം തെറിച്ചുവീണു. ദൈവത്തെ സ്തുതിച്ചുകൊണ്ട് അവൻ മരിച്ചു. അതോടുകൂടെ ഫ്ളോറെസ്കു കുലുങ്ങാത്ത ഒരു ധൈര്യശാലിയായിത്തീർന്നു.

അകവശത്ത് ആണികൾവെച്ച വിലങ്ങുകൾകൊണ്ട് ഞങ്ങളെ ബന്ധിക്കുക പതിവായിരുന്നു. ശരീരം അനങ്ങാതിരിക്കുമ്പോൾ ഈ ആണികൾ കൊണ്ട് മുറിവ് ഉണ്ടാകുകയില്ല. എന്നാൽ അതികഠിനമായ തണുപ്പുള്ള ജയിലറകളിൽ കിടന്നു ഞങ്ങൾ തണുപ്പുകൊണ്ട് വിറച്ചപ്പോൾ ഞങ്ങളുടെ കൈകൾ ആണികൊണ്ട് മുറിവേററു.

വിശ്വാസികളെ തലകീഴായി കെട്ടിത്തൂക്കി നിർദ്ദയമായി അടിക്കുക പതിവായിരുന്നു. അടിയുടെ ഊക്കുകൊണ്ട് അവരുടെ ശരീരങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ആടി. മഞ്ഞുകട്ടി നിർമ്മിക്കുന്ന യന്ത്രങ്ങളുടെ മഞ്ഞുനിറഞ്ഞ അറകളിൽ വിശ്വാസികളെ ഇട്ടു. അങ്ങനെയുള്ള തണുത്തുമരവിച്ച അറകളിൽ എന്നെയും ഒരിക്കൽ ഇടുകയുണ്ടായി. അർദ്ധനഗ്നനായിട്ടാണ് എന്നെ ആ അറയിൽ ഇട്ടത്. ജയിലിലെ ഡോക്ടറന്മാർ ആ അറയുടെ ഒരു സുഷിരത്തിൽകൂടി നോക്കിക്കൊണ്ടിരിക്കും. തണുത്തുറഞ്ഞു മരിക്കുമെന്നുള്ള ലക്ഷണം കാണുമ്പോൾ അവർ മുന്നറിവുകൊടുക്കുകയും ജയിൽ ശിപായികൾ ഓടിവന്നു

വലിച്ചു വെളിയിൽ എടുക്കുകയും ശരീരം ചൂടുപിടിപ്പിക്കുകയും ചെയ്യും. ഞങ്ങളുടെ ശരീരങ്ങൾ നല്ലതുപോലെ ചൂടായികഴിയുമ്പോൾ വീണ്ടും ഞങ്ങളെ ആ മഞ്ഞു നിറഞ്ഞ അറകളിൽ ഇടും. വീണ്ടും മരിക്കാറാകുമ്പോൾ ചൂടുപിടിപ്പിക്കും. ഈ പ്രവർത്തനങ്ങൾ അന്തമില്ലാത്തവിധം ആവർത്തിക്കുകയുണ്ടായി. ഇന്നും ഒരു റഫ്രിജറേറ്റർ തുറക്കുവാൻ എനിക്കു ഭയമാണ്.

ഞങ്ങളേക്കാൾ അല്പം വലിയ ഒരു പെട്ടിയിൽ ഞങ്ങളെ കടത്തി നിർത്തുക പതിവായിരുന്നു. അതിനകത്തു നില്ക്കുമ്പോൾ ശരീരം അനങ്ങാനുള്ള ഇടമില്ലായിരുന്നു. പെട്ടിക്കുള്ളിൽ നാലുവശത്തും കൂർത്തുമൂർത്ത ആണികൾ തറച്ചിരുന്നു. അങ്ങനെയുള്ള പെട്ടികളിൽ അനേക മണിക്കൂറുകൾ നില്ക്കുവാൻ ഞങ്ങൾ നിർബ്ബന്ധിതരായി. നിശ്ചലമായി നില്ക്കുമ്പോൾ അപകടമില്ലായിരുന്നുവെങ്കിലും ശരീരം ക്ഷീണിക്കുകയും തളരുകയും ചെയ്യുമ്പോൾ ആണികൾ ഞങ്ങളുടെ ദേഹത്തു തുളച്ചുകയറും. അല്പം അനങ്ങുകയോ കൈകാലുകൾ മടക്കുകയോ ചെയ്താൽ കൂർത്ത ആണികൾ ഞങ്ങളുടെ ദേഹത്തു മുറിവുകൾ സൃഷ്ടിച്ചിരുന്നു.

കമ്മ്യൂണിസ്റ്റുകാർ വിശ്വാസികളോടു ചെയ്തത് മനുഷ്യമനസ്സിനു മനസ്സിലാക്കാൻ സാദ്ധ്യമല്ല.

വിശ്വാസികളെ ദണ്ഡിപ്പിക്കുമ്പോൾ കമ്മ്യൂണിസ്റ്റുകളുടെ മുഖം അതിയായ സന്തോഷത്താൽ വിളങ്ങുന്നത് ഞാൻ കണ്ടിട്ടുണ്ട്. അങ്ങനെയുള്ള അവസരത്തിൽ ''ഞങ്ങൾ ചെകുത്താന്മാരാണ്'' എന്ന് അവർ വിളിച്ചു പറയാറുണ്ടായിരുന്നു.

നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടുമത്രെ. കമ്മ്യൂണിസം മനുഷ്യരിൽ നിന്നല്ല, സാത്താനിൽനിന്ന് ഉത്ഭവിച്ചതാണെന്ന് ഞങ്ങൾ കണ്ടു. അത് ദുഷ്ടാത്മസേനകളുടെ ഒരു ശക്തിയാണ്. അതിനേക്കാൾ വലിയ ഒരു ശക്തിയായ ദൈവത്തിന്റെ ആത്മാവിനെക്കൊണ്ടേ ഈ ദുഷ്ടാത്മശക്തികളെ തടുക്കുവാൻ കഴിയുകയുള്ളു.

ഞങ്ങളെ ദണ്ഡിപ്പിക്കുന്നവരോടു ഞങ്ങൾ പലപ്പോഴും ചോദിച്ചിട്ടുണ്ട്, "നിങ്ങളുടെ ഹൃദയങ്ങളിൽ അനുകമ്പയില്ലേ?" അതിനു അവർ സാധാരണയായി മറുപടി പറയുന്നത് ലെനിനിന്റെ ഒരു പ്രസ്താവന ഉദ്ധരിച്ചുകൊണ്ടാണ്. "മുട്ട ഉടയ്ക്കാതെ പൊരിക്കാൻ സാധിക്കയില്ല. വിറകുവെട്ടുമ്പോൾ ചെറിയ കഷണങ്ങൾ തെറിക്കാതെയിരിക്കയില്ല." ഞാൻ വീണ്ടും പറഞ്ഞു: "ലെനിനിന്റെ പ്രസ്താവന എനിക്കറിയാം. എന്നാൽ ഒരു വ്യത്യാസമുണ്ട്. നിങ്ങൾ മരം വെട്ടുമ്പോൾ അതിനു വേദനയില്ല. ഇവിടെ നിങ്ങൾ മനുഷ്യജീവികളെയാണ് ദണ്ഡിപ്പിക്കുന്നത്. ഓരോ അടികളും വേദന ഉളവാക്കുന്നു. അതോർത്തു കരയുന്ന അമ്മമാരുണ്ട്."

ഞാൻ പറഞ്ഞതുകൊണ്ടൊന്നും യാതൊരു പ്രയോജനവുമുണ്ടായില്ല. അവർ ഭൗതിക ചിന്താവാദികളാണ്. അവരെ സംബന്ധിച്ചിടത്തോളം മനുഷ്യനും ഭൗതിക വസ്തുക്കളും തുല്യമാണ്. ഇങ്ങനെ വിശ്വസിച്ചതിന്റെ ഫലമായി ക്രൂരതയുടെ അവിശ്വസനീയമായ ആഴങ്ങളിലേക്ക് അവർ ഇറങ്ങി.

നിരീശ്വരത്വത്തിന്റെ ക്രൂരത എന്തെന്നു വിശ്വസിക്കാൻ പ്രയാസമുണ്ട്. നന്മയ്ക്കു പ്രതിഫലവും തിന്മയ്ക്കു ശിക്ഷയും ഉണ്ടെന്നു മനുഷ്യർ വിശ്വസിക്കാത്തിടത്തോളം കാലം, മാനുഷികമായി പെരുമാറേണ്ട കാര്യമില്ല. ക്രൂരതയുടെ ആഴങ്ങളിലേക്ക് ഇറങ്ങുന്നതിനു തടസ്സങ്ങളുമില്ല.

"ദൈവവുമില്ല, ഇതു കഴിഞ്ഞാൽ പിന്നെ വേറൊരു ജീവിതവുമില്ല; ദുഷ്ടതയ്ക്കു ശിക്ഷയുമില്ല; ഞങ്ങൾക്കിഷ്ടമുള്ളതു ഞങ്ങൾക്കു ചെയ്യാം." എന്നു ഞങ്ങളെ ദണ്ഡിപ്പിക്കുന്നവർ സാധാരണ പറയാറുണ്ടായിരുന്നു. അവരിൽ ഒരുവൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു, "ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നില്ല; എങ്കിലും എന്റെ മനസ്സിലെ ദുഷ്ടത മുഴുവൻ പ്രകടിപ്പിക്കത്തക്കവണ്ണം ഇതുവരെ ജീവിക്കാൻ സാധിച്ചതിനാൽ ഞാൻ ദൈവത്തിന് നന്ദി പറയുന്നു." തടവുകാരുടെമേൽ നടത്തിയ അവിശ്വസനീയമായ ഭേദ്യങ്ങളിൽക്കൂടെയാണ് അയാൾ തന്റെ ഹൃദയത്തിലെ ദുഷ്ടത

പ്രകടമാക്കിയത്.

ഒരു മുതല ഒരു മനുഷ്യനെ വിഴുങ്ങിയാൽ എനിക്കു ഖേദമുണ്ട് എങ്കിലും മുതലയെ എങ്ങനെ കുററം പറയും? അത് മുതലയാണ്. ധർമ്മാധർമ്മവിവേചനമുള്ള ഒരു ജീവിയല്ല അത്. അതുപോലെതന്നെ കമ്മ്യൂണിസ്ററുകളെ ശകാരിച്ചതുകൊണ്ടു പ്രയോജനമില്ല. കമ്മ്യൂണിസം അവരുടെ ജീവിതത്തിൽ നിന്ന് ധാർമ്മിക ചിന്തകളെ ഉന്മൂലനാശം ചെയ്തിരുന്നു. തങ്ങളുടെ ഹൃദയത്തിൽ അനുകമ്പയില്ല എന്ന് അവർ പൊങ്ങച്ചം പറഞ്ഞുവന്നു.

ഞാൻ അവരിൽ നിന്ന് ഒരു പാഠം പഠിച്ചു. അവർ യേശുക്രിസ്തുവിന് അവരുടെ ഹൃദയത്തിൽ അല്പം പോലും ഇടംകൊടുക്കാത്തതുപോലെ, എന്റെ ഹൃദയത്തിൽ സാത്താന് അല്പം പോലും ഇടം കൊടുക്കയില്ലെന്ന് ഞാൻ തീരുമാനിച്ചു.

അമേരിക്കൻ ഐക്യനാടുകളുടെ ആഭ്യന്തര സുരക്ഷിതത്വ കമ്മററിയുടെ മുൻപാകെ ഞാൻ എന്റെ സാക്ഷ്യം പറയുകയുണ്ടായി. വിശ്വാസികളെ നാലു പകലും നാലു രാത്രിയും കുരിശിനോടുചേർത്തു ബന്ധിച്ചിട്ടിരുന്നതും മററുമുള്ള ദണ്ഡനങ്ങളെ ഞാൻ വിവരിക്കുകയുണ്ടായി. വിശ്വാസികളെ ക്രൂശിന്മേൽ കെട്ടി നിലത്തു കിടത്തും. നൂറുകണക്കിന് തടവുകാർ അവരുടെ ദേഹത്തും മുഖത്തും മലമൂത്രവിസർജ്ജനം ചെയ്യാൻ നിർബ്ബന്ധിക്കും. അതിനുശേഷം ആ ക്രൂശുകൾ നാട്ടിനിർത്തും. "നിങ്ങളുടെ ക്രിസ്തുവിനെ കാണുക. അവൻ എത്ര മനോഹരനാണ്. എന്തു സുഗന്ധമാണ് അവൻ സ്വർഗ്ഗത്തിൽ നിന്നു കൊണ്ടുവന്നത്" എന്നൊക്കെ പറഞ്ഞ് കമ്മ്യൂണിസ്ററുകാർ പരിഹസിക്കും.

ദണ്ഡനംമൂലം ഏകദേശം ഭ്രാന്തനായിത്തീർന്ന ഒരു പട്ടക്കാരന്റെ കഥ ഞാൻ അവിടെ പറയുകയുണ്ടായി. മലവും മൂത്രവും കുർബ്ബാനദ്രവ്യങ്ങളായി എടുത്തു കുർബ്ബാന നടത്തുവാൻ അദ്ദേഹം നിർബ്ബന്ധിതനായി. റുമേനിയായിലെ പിറെറസ്ററി എന്ന കാരാഗൃഹത്തിലാണ് ഇത് സംഭവിച്ചത്. ഇപ്രകാരമുള്ള പരിഹാസത്തേക്കാൾ ഭേദം മരിക്കുകയായിരുന്നി

ല്ലേ എന്നു പിന്നീട് ഞാൻ പട്ടക്കാരനോട് ചോദിച്ചു. "എന്നെ വിധിക്കരുത്; ഞാൻ ക്രിസ്തുവിനേക്കാരം ദണ്ഡനമേററു" അദ്ദേഹം പറഞ്ഞു. വേദപുസ്തകത്തിൽ വിവരിച്ചിരിക്കുന്ന നരകമോ ഡാൻെറയുടെ നരകവർണ്ണനയോ കമ്മ്യൂണിസ്ററ് ജയിലുകളിലെ ദണ്ഡനങ്ങളെ അപേക്ഷിച്ചു നോക്കുമ്പോരം ഏതുമില്ല.

പിറെറസ്ററി കാരാഗൃഹത്തിൽ ഞായറാഴ്ചതോറും സംഭവിച്ചതിൻെറ ഒരു ഭാഗം മാത്രമാണിത്. മററു സംഭവങ്ങരം പറയാൻ നിവൃത്തിയില്ല. അവയെ വീണ്ടും വിസ്തരിച്ചു പറയാൻ തുടങ്ങിയാൽ എനിക്ക് ഹൃദയസ്തംഭനം ഉണ്ടാകും. അത് അത്രമാത്രം ഭയാനകമാണെന്നുമാത്രമല്ല, കടലാസ്സിൽ പകർത്താൻ നിവൃത്തിയില്ലാത്തവണ്ണം അശ്ളീലവുമാണ്. അങ്ങനെയുള്ള അനുഭവങ്ങളിൽ കൂടെയാണ് ക്രിസ്തുവിൽ നിങ്ങളുടെ സഹോദരന്മാരായവർ കടന്നുപോയതും, ഇന്നും കടന്നുപോകുന്നതും.

വലിയ വിശ്വാസവീരന്മാരിൽ ഒരാളായിരുന്നു പാസ്ററർ മിലാൻ ഹൈമോവിസി.

ജയിലുകരം നിറയെ തടവുകാരായിരുന്നതുകൊണ്ട് ജയിൽ കാവൽക്കാർക്ക് ഞങ്ങളുടെ പേരുകളറിഞ്ഞുകൂടായിരുന്നു. ഏതോ ജയിൽനിയമം ലംഘിച്ചതിന് ചാട്ടകൊണ്ട് ഇരുപത്തഞ്ച് അടിക്കു വിധിക്കപ്പെട്ട ആളിനെ വിളിച്ചപ്പോരം പാസ്ററർ മിലാൻ ഹൈമോവിസിയാണ് മുൻപോട്ടു ചെന്നത്. പല പ്രാവശ്യം അദ്ദേഹം മററുള്ളവർക്കുവേണ്ടി അടികൊണ്ടിട്ടുണ്ട്. അതുമൂലം അദ്ദേഹം ജയിലിലുള്ള എല്ലാവരുടേയും ബഹുമാനത്തിന് പാത്രീഭൂതനായി. അദ്ദേഹം മാത്രമല്ല, അദ്ദേഹം പ്രതിനിധീകരിച്ചിരുന്ന ക്രിസ്തുവും ബഹുമാനിക്കപ്പെട്ടു.

കമ്മ്യൂണിസ്ററുകാർ ചെയ്ത പീഢനങ്ങളുടേയും വിശ്വാസികരം സഹിച്ച സ്വയത്യാഗങ്ങളുടേയും കഥ ഞാൻ പറയാൻ ആരംഭിച്ചാൽ അവസാനിക്കുകയില്ല. പീഢനങ്ങളുടെ കഥ മാത്രമല്ല, ജയിലിലടയ്ക്കപ്പെട്ട വിശ്വാസികളുടെ ധീരമായ ജീവിതമാതൃകയും സ്വതന്ത്രരായ വിശ്വാസികളെ

പ്രചോദിപ്പിച്ചിരുന്നു.

ഒളിവു സഭയുടെ അംഗമായ ഒരു പെൺകുട്ടി ഞങ്ങളോടുകൂടെ പ്രവർത്തിച്ചിരുന്നു. അവൾ രഹസ്യമായി സുവിശേഷം പ്രചരിപ്പിക്കുകയും കുട്ടികളെ യേശുക്രിസ്തുവിനെപ്പററി പഠിപ്പിക്കുകയും ചെയ്യുന്നതായി രഹസ്യപ്പോലീസുകാർ അറിഞ്ഞു. അവളെ ബന്ധിച്ചു ജയിലിലാക്കുവാൻ അവർ തീരുമാനിച്ചു. എന്നാൽ അവളുടെ ബന്ധനം കൂടുതൽ വ്യഥയും വേദനയും നിറഞ്ഞതാക്കുവാൻവേണ്ടി, അവളുടെ വിവാഹ ദിവസം വരെ അവർ കാത്തിരുന്നു. ആ ദിവസം അവൾ ഒരു മണവാട്ടിയുടെ വേഷത്തിൽ അണിഞ്ഞൊരുങ്ങി. ഒരു പെൺകുട്ടിയുടെ ജീവിതത്തിലെ ഏററവും സന്തോഷകരവും അത്ഭുതകരവുമായ ദിവസം! പെട്ടെന്ന് വാതിൽ തള്ളിത്തുറന്നുകൊണ്ട് രഹസ്യപ്പോലീസുകാർ വീട്ടിനകത്തു കടന്നു.

രഹസ്യപ്പോലീസുകാരെ കണ്ടപ്പോൾ വിലങ്ങുവെയ്ക്കാനായി അവൾ കൈകൾ നീട്ടിക്കൊടുത്തു. അവർ നിഷ്ക്കരുണം അവളെ വിലങ്ങുവെച്ചു. അവൾ തൻെറ പ്രിയനെ ഒന്നു നോക്കിയതിനുശേഷം ആ വിലങ്ങുചങ്ങലയെ മുത്തം ചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞു: ''എൻെറ വിവാഹ ദിവസത്തിൽ ഇങ്ങനെയുള്ള ഒരു രത്നം എനിക്കു സമ്മാനിച്ച എൻെറ സ്വർഗ്ഗീയമണവാളന് ഞാൻ നന്ദി പറയുന്നു. അവനുവേണ്ടി കഷ്ടം സഹിക്കുന്നതിന് എന്നെ യോഗ്യതയുള്ളവളാക്കിയതിനായി ഞാൻ അവനു സ്തോത്രം ചെയ്യുന്നു.''

കരഞ്ഞു വിലപിക്കുന്ന ഭർത്താവിൻെറയും ഒരു കൂട്ടം വിശ്വാസികളുടേയും നടുവിൽനിന്ന് രഹസ്യപ്പോലീസുകാർ അവളെ വലിച്ചിഴച്ചുകൊണ്ടു പോയി. കമ്മ്യൂണിസ്ററുകാരുടെ കയ്യിൽ അകപ്പെടുന്ന വിശ്വാസികളായ പെൺകുട്ടികൾക്ക് എന്തു സംഭവിക്കുമെന്ന് അവർക്ക് അറിയാമായിരുന്നു. അഞ്ചു വർഷങ്ങൾക്കുശേഷം അവൾ വിമുക്തയായി. തകർന്ന ഹൃദയത്തോടും നഷ്ടപ്പെട്ട ആരോഗ്യത്തോടും, മുപ്പതു വയസ്സുകൂടുതൽ പ്രായം തോന്നിക്കുന്നവളുമായി അവൾ

ജയിലിൽനിന്നു പുറത്തുവന്നു. അവളുടെ ഭർത്താവ് അവാംക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു. യേശുക്രിസ്തുവിനുവേണ്ടി തനിക്ക് ചെയ്യാൻ കഴിഞ്ഞ ഏററവും ചെറിയ ഒരു കാര്യമാണ് അത് എന്നത്രെ തൻെറ ജയിൽവാസത്തെപ്പററി അവാം പറഞ്ഞത്. അത്രമാത്രം വിലയേറിയ വിശ്വാസികാം ഒളിവുസഭയിലുണ്ട്.

## മാനസിക സമ്മർദ്ദം

കൊറിയൻ യുദ്ധത്തിലും വിയററ്നാമിലും നടന്ന മാനസിക സമ്മർദ്ദത്തെപ്പററി പാശ്ചാത്യർ കേട്ടിരിക്കാൻ ഇടയുണ്ട്. അതിഭയങ്കരമായ ഒരു ദണ്ഡനമാണ് അത്, ഞാൻ അതിൽക്കൂടി കടന്നുപോയിട്ടുണ്ട്.

കമ്മ്യൂണിസം നല്ലതാണ്!
കമ്മ്യൂണിസം നല്ലതാണ്!
കമ്മ്യൂണിസം നല്ലതാണ്!
കമ്മ്യൂണിസം നല്ലതാണ്!
ക്രിസ്തീയ ജീവിതം മായത്തരമാണ്!
ക്രിസ്തീയ ജീവിതം മായത്തരമാണ്!
ക്രിസ്തീയ ജീവിതം മായത്തരമാണ്!
അത് ഉപേക്ഷിക്കുക!
അത് ഉപേക്ഷിക്കുക!
അത് ഉപേക്ഷിക്കുക!

ദിവസം പതിനേഴു മണിക്കൂർ വീതം തുടർച്ചയായി ഈ മുദ്രാവാക്യങ്ങാം കേട്ടുകൊണ്ട് ഞങ്ങാംക്ക് ഇരിക്കേണ്ടിവന്നു. ദിവസം പതിനേഴു മണിക്കൂർ വീതം അനേക ദിവസങ്ങാം, ആഴ്ചകാം, മാസങ്ങാം!

ഇങ്ങനെയുള്ള മാനസിക സമ്മർദ്ദത്തെ ചെറുത്ത് ജീവിക്കുന്നതെങ്ങനെയാണെന്ന് അനേക വിശ്വാസികാം എന്നോടു ചോദിച്ചിട്ടുണ്ട്. മാനസിക സമ്മർദ്ദത്തെ ചെറുക്കുന്നതിന് ഒരു മാർഗ്ഗമേയുള്ളു. അതു മനസ്സിനേയും ഹൃദയത്തേയും കഴുകുക എന്നതാണ്. യേശുക്രിസ്തുവിൻെറ

സ്നേഹത്താൽ ഹൃദയം കഴുകപ്പെടുന്നു. ഹൃദയംകൊണ്ട് യേശുക്രിസ്തുവിനെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങാക്ക് എല്ലാവിധ ദണ്ഡനവിധികളേയും ചെറുക്കുവാൻ കഴിയും. സ്നേഹവതിയായ ഒരു കാന്ത സ്നേഹിക്കുന്ന കാന്തനുവേണ്ടി എന്തു തന്നെ ചെയ്യുകയില്ല? യേശുക്രിസ്തു ഒരു പൈതലായി തൻെറ കയ്യിൽ ഇരുന്നപ്പോഠം മറിയ അവനെ സ്നേഹിച്ചതു പോലെയും, ഒരു മണവാട്ടി തൻെറ മണവാളനെ സ്നേഹിക്കുന്നതുപോലെയും നിങ്ങഠം ക്രിസ്തുവിനെ സ്നേഹിക്കുന്നെങ്കിൽ, അങ്ങനെയുള്ള ദണ്ഡനങ്ങളെ അതിജീവിക്കുവാൻ നിങ്ങാക്കു കഴിയും.

നാം എത്രമാത്രം സഹിച്ചു എന്നല്ല, നമുക്ക് എത്രമാത്രം സ്നേഹിക്കുവാൻ കഴിഞ്ഞു എന്നത്രെ ദൈവം വിധിക്കുന്നത്. കമ്മ്യൂണിസ്ററ് ജയിലുകളിൽ കിടന്നിരുന്ന വിശ്വാസികാക്ക് ദൈവത്തേയും മനുഷ്യരേയും സ്നേഹിക്കുവാൻ കഴിഞ്ഞിരുന്നു. അതിനു ഞാൻ സാക്ഷിയാണ്.

ദണ്ഡനങ്ങളും നിഷ്ഠൂരതയും മുടങ്ങാതെ തുടർന്നുവന്നു! ഞാൻ ബോധരഹിതനാകുമ്പോഴും അവർ ആവശ്യപ്പെടുന്ന രീതിയിലുള്ള കുററസമ്മതം ലഭിക്കാൻ നിവൃത്തിയില്ല എന്നു ബോദ്ധ്യപ്പെടുമ്പോഴും അവർ ദണ്ഡനം നിർത്തി എന്നെ ജയിലറയിൽ ഇടും. ആരും ശുശ്രൂഷിക്കാനില്ലാതെ അർദ്ധപ്രാണനായി ഞാൻ അവിടെ കിടക്കും. അങ്ങനെ കിടന്നു ബോധാവസ്ഥയിലെത്തുമ്പോഠം വീണ്ടും ദണ്ഡനം ആരംഭിക്കും. ഈ നിലയിൽ പലരും മരിച്ചിട്ടുണ്ട്. എന്നാൽ എനിക്ക് എങ്ങനെയോ എൻെറ ജീവൻ തിരികെ കിട്ടും. തുടർന്നുള്ള വർഷങ്ങളിൽ പല ജയിലുകളിൽവെച്ച് എൻെറ നട്ടെല്ലിൻെറ നാല് എല്ലുകളും മററു പല എല്ലുകളും അവർ ഒടിച്ചു. എൻെറ ശരീരത്തിൽ പന്ത്രണ്ടു സ്ഥലങ്ങളിൽനിന്ന് അവർ മാംസം വാർന്നെടുത്തു. ചുട്ടുപഴുത്ത കമ്പികഠം കൊണ്ട് അവർ എൻെറ ശരീരത്തിൽ പതിനെട്ടു ദ്വാരങ്ങളുണ്ടാക്കി.

ഓസ്ലോയിൽവെച്ച് എന്നെ പരിശോധിച്ച ഡോക്ടർമാർ എൻെറ ദേഹത്തുള്ള പാടുകളും എനിക്കുണ്ടായ

ക്ഷയരോഗത്തിന്റെ അടയാളങ്ങളും കണ്ടപ്പോൾ, ഞാൻ ജീവിച്ചിരിക്കുന്നത് ഒരത്ഭുതമാണെന്ന് അവർ പ്രസ്താവിച്ചു! അവരുടെ വൈദ്യശാസ്ത്രജ്ഞാനം വെച്ചുനോക്കുമ്പോൾ ഞാൻ പല വർഷങ്ങൾക്കു മുമ്പ് മരിക്കേണ്ടതായിരുന്നു. ഞാൻ ജീവിച്ചിരിക്കുന്നത് ഒരത്ഭുതമാണെന്ന് എനിക്കുതന്നെ അറിയാം. ദൈവം അത്ഭുതങ്ങളുടെ ദൈവമാണ്.

ഇരുമ്പുമറയ്ക്കു പിന്നിലുള്ള ഒരു സഭയുടെ ശബ്ദം നിങ്ങൾ കേൾക്കത്തക്കവണ്ണം ദൈവം അത്ഭുതം പ്രവർത്തിച്ചതു കൊണ്ടാണ് ഞാൻ ജീവിച്ചിരിക്കുന്നത് എന്ന് ഞാൻ വിശ്വസിക്കുന്നു. അവിടെ നരകയാതനകളനുഭവിക്കുന്ന വിശ്വസ്ത സഹോദരങ്ങളുടെ സന്ദേശം നിങ്ങളുടെ ചെവികളിൽ എത്തിക്കുവാനത്രെ ദൈവം എന്നെ ജീവനോടെ വെളിയിൽ കൊണ്ടുവന്നത്.

## അല്പകാല സ്വാതന്ത്ര്യം—വീണ്ടും തടവ്

1956-ാം ആണ്ട് സമാഗതമായി. അപ്പോഴേയ്ക്കും ഞാൻ എട്ടരവർഷം ജയിലിൽ കഴിച്ചിരുന്നു. എന്റെ ശരീരം തീരെ ശോഷിച്ചിരുന്നു. ഞാൻ അതികഠിനമായി ദണ്ഡിപ്പിക്കപ്പെട്ടിരുന്നു. ദയയില്ലാതെ ദേഹോപദ്രവം ഏല്പിക്കപ്പെട്ടു എന്നു മാത്രമല്ല, പട്ടിണി കിടക്കേണ്ടതായും, പല വിധത്തിലുള്ള സമ്മർദ്ദങ്ങളും ഭീഷണികളും അനുഭവിക്കേണ്ടതായും വന്നു. അതിനും പുറമേ വഹിക്കാനാവാത്ത രീതിയിൽ എണ്ണമററ അവസരങ്ങളിൽ ഞാൻ ചോദ്യം ചെയ്യപ്പെട്ടു. ഇതുകൊണ്ടൊന്നും എന്നെ ജയിലിലടച്ചവർ ആശിച്ച ഫലങ്ങൾ ഉണ്ടായില്ല. അതുകൊണ്ട് നിരാശരായി അവർ എന്നെ സ്വതന്ത്രനായി വിട്ടു. മാത്രമല്ല എന്നെ ജയിലിലടച്ചതിനെതിരായുള്ള പ്രതിഷേധ സ്വരങ്ങളും അവർ കേട്ടുകൊണ്ടിരുന്നു.

ഒരാഴ്ചക്കാലം എന്റെ പഴയ ജോലിക്ക് പോകുവാൻ എനിക്ക് അനുവാദം ലഭിച്ചു. അതിനുശേഷം അവർ എന്നെ വിളിച്ച്, ഇനിമേൽ പ്രസംഗിക്കുകയോ മതപരമായ പ്രവർത്തനങ്ങളിൽ ഇടപെടുകയോ ചെയ്യരുത് എന്ന് താക്കീതു

നൽകി. എന്റെ ഇടവകയിൽപ്പെട്ട ജനങ്ങളോട് ''നിങ്ങൾ ക്ഷമയോടെ, ക്ഷമയോടെ കൂടുതൽ ക്ഷമയോടെ'' ജീവിക്കേണം എന്നു ഞാൻ ഉപദേശിച്ചത് കുററകരമായിത്തീർന്നു. ''നിങ്ങൾ ക്ഷമയോടിരിക്കുക, അപ്പോൾ അമേരിക്കക്കാർ വന്ന് നിങ്ങളെ വിടുവിക്കുമെന്നാണ് അതിന്റെ അർത്ഥം. കമ്മ്യൂണിസ്ററുകാരുടെ ഭരണം അധികനാൾ തുടരുകയില്ല എന്നാണ് നിങ്ങൾ പറയുന്നത്'' (കാലം മാറിക്കൊണ്ടിരിക്കയാണെന്നും ഞാൻ പറഞ്ഞിരുന്നു). ''ഇതെല്ലാം എതിർ വിപ്ളവകാരികളുടെ നുണകളാണ്.'' പോലീസുകാർ എന്റെ നേരെ ഗർജ്ജിച്ചു. അതോടുകൂടെ എന്റെ പരസ്യശുശ്രൂഷ അവസാനിച്ചു.

വീണ്ടും അവരെ ധിക്കരിച്ചുകൊണ്ട് ഒളിവിൽ സുവിശേഷ വേല ചെയ്യുവാൻ ഞാൻ ഭയപ്പെടുമെന്ന് ഒരുപക്ഷേ അധികാരികൾ വിശ്വസിച്ചു കാണും. എന്നാൽ അവിടെ അവർക്ക് തെററുപററി. ഞാൻ മുമ്പ് ചെയ്തുകൊണ്ടിരുന്ന രഹസ്യസുവിശേഷ പ്രവർത്തനങ്ങൾ ഞാൻ തുടർന്നു. എന്റെ കുടുംബം പുറകിൽ നിന്നു എന്നെ സഹായിച്ചു.

ഒളിവുസഭയിലുള്ള വിശ്വാസികളുടെയിടയിൽ ഞാൻ എന്റെ സാക്ഷ്യം നൽകിക്കൊണ്ടിരുന്നു. വിശ്വസ്തരായ വിശ്വാസികളുടെ മേൽനോട്ടത്തിലാണ് ഈ പ്രവർത്തനം നടന്നുകൊണ്ടിരുന്നത്. ദൈവമില്ല എന്ന ചിന്താഗതിയുടെ ഭവിഷ്യത്ഫലങ്ങളെ എന്റെ ദേഹത്തുണ്ടായിരുന്ന മുറിവുകളുടെ പാടുകൾ സ്ഥിരീകരിച്ചു. വിശ്വാസത്തിൽ ഉറപ്പില്ലാതിരുന്ന വിശ്വാസികളെ ഉറപ്പിക്കുന്നതിനും, ദൈവത്തെ ദൃഢമായി വിശ്വസിക്കുന്നതിന് അവരെ പ്രേരിപ്പിക്കുന്നതിനും അത് സഹായമായിത്തീർന്നു. ഒളിവിൽ നടന്ന അനേകം സുവിശേഷപ്രസംഗകരുടെ വേലയുടെ മേൽനോട്ടം ഞാൻ വഹിച്ചിരുന്നു. കണ്ണുകൾ കുരുടാക്കപ്പെട്ട കമ്മ്യൂണിസ്ററുകാരുടെ മുമ്പിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിന് അവർ സഹായിച്ചു. ദൈവത്തിന്റെ കരങ്ങൾ പ്രവർത്തിക്കുന്നത് കാണാൻ കഴിവില്ലാത്തവണ്ണം കുരുടനായ ഒരുവന് ഒരു

സുവിശേഷകൻെറ പ്രവർത്തനം കാണാൻ കഴിയാത്തതിൽ അത്ഭുതത്തിനു വകയില്ല.

അനേകനാരം തുടർച്ചയായി അന്വേഷിച്ചതിൻെറ ഫലമായി പോലീസുകാർ എൻെറ പ്രവർത്തനങ്ങളെപ്പററി അറിയുകയും അവർ എന്നെ വീണ്ടും തടവിലാക്കുകയും ചെയ്തു. എന്നെപ്പററിയുള്ള വാർത്തകരം എല്ലായിടത്തും പരന്നതുകൊണ്ടോ എന്തോ ഈ പ്രാവശ്യം അവർ എൻെറ കുടുംബത്തെ തടവിലാക്കിയില്ല. എട്ടര വർഷത്തെ ജയിൽവാസത്തിനുശേഷം മൂന്നുവർഷക്കാലം ഞാൻ ചുരുങ്ങിയ തോതിലുള്ള സ്വാതന്ത്ര്യം അനുഭവിക്കയായിരുന്നു. എന്നാൽ ഇപ്പോരം അഞ്ചരവർഷത്തെ ജയിൽവാസമാണ് എനിക്കു ശിക്ഷയായി കല്പിച്ചത്.

എൻെറ രണ്ടാമത്തെ ജയിൽവാസം ഒന്നാമത്തേതിനെ അപേക്ഷിച്ച് പലവിധത്തിൽ കഠിനതരമായിരുന്നു. എന്തെല്ലാം നേരിടേണ്ടിവരുമെന്നുള്ള പ്രതീക്ഷ എനിക്കുണ്ടായിരുന്നു. അധികം താമസിയാതെ തന്നെ എൻെറ ആരോഗ്യസ്ഥിതി വഷളായി. എങ്കിലും ജയിലിലും ഞങ്ങരം ഒളിവുസഭയുടെ പ്രവർത്തനങ്ങരം നടത്തിവന്നു.

## ഞങ്ങരം പ്രസംഗിച്ചു, അവർ അടിച്ചു

തടവുകാരോടു സുവിശേഷം പ്രസംഗിക്കുന്നതിനെ അവർ കർശനമായി തടഞ്ഞിരുന്നു. ആരെങ്കിലും സുവിശേഷം പറയുന്നതായി കണ്ടുപിടിച്ചാൽ അവരെ നിർദ്ദയമായി അടിക്കുക പതിവായിരുന്നു. എന്തുതന്നെ സഹിക്കേണ്ടിവന്നാലും സുവിശേഷം പ്രസംഗിക്കുവാൻ ഞങ്ങളിൽ ചിലർ തീരുമാനിച്ചു. അടികൊണ്ടാലും സുവിശേഷം പ്രസംഗിക്കുന്നതിൽ ഞങ്ങരം സന്തോഷിച്ചു. ഞങ്ങളെ അടിക്കുന്നതിൽ അവരും സന്തോഷിച്ചു. അങ്ങനെ ഞങ്ങളും അവരും സന്തോഷിച്ചു.

ഒരു സഹോദരൻ മററുള്ളവരോടു സുവിശേഷം പറഞ്ഞുകൊണ്ടിരിക്കുമ്പോരം പെട്ടെന്നു ജയിൽ കാവൽക്കാർ അവിടേക്കു കടന്നുവന്നു. അവർ അദ്ദേഹത്തെ വലിച്ചിഴച്ചു ''ദണ്ഡനമുറി''യിലേക്കു കൊണ്ടുപോയി കണക്കില്ലാതെ

പ്രഹരിച്ചു. അതിനുശേഷം മുറിഞ്ഞും ചതഞ്ഞും ചോരയൊഴുകുന്നതുമായ ശരീരത്തോടുകൂടെ അദ്ദേഹത്തെ ജയിൽമുറിയിലേക്കു കൊണ്ടുവന്നു. കുറച്ചുസമയം കഴിഞ്ഞു വേദന നിറഞ്ഞ ശരീരത്തോടുകൂടെ എഴുന്നേററിരുന്ന്, "സഹോദരങ്ങളെ, ഞാൻ എന്താണ് പറഞ്ഞവസാനിപ്പിച്ചത്" എന്നു പറഞ്ഞുകൊണ്ടു തൻെറ സുവിശേഷപ്രസംഗം തുടർന്നു.

ഇങ്ങനെയുള്ള രംഗങ്ങൾ ഞാൻ അനേകപ്രാവശ്യം കണ്ടിട്ടുണ്ട്. മനോഹരമായ ദൃശ്യങ്ങൾ!

പ്രസംഗകരിൽ പലരും സാധാരണവിശ്വാസികളായിരുന്നു. പരിശുദ്ധാത്മാവിനാൽ പ്രേരിതരായി അവർ മനോഹരമായി പ്രസംഗിച്ചു. അങ്ങനെയുള്ള നിഷ്ഠൂരമായ സാഹചര്യങ്ങളിൽ പ്രസംഗിക്കുക എന്നത് എളുപ്പമല്ലായിരുന്നു. അവരുടെ ഹൃദയം മുഴുവൻ ആ വാക്കുകളിൽ അടങ്ങിയിരുന്നു. അങ്ങനെ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ കാവല്ക്കാർ വന്ന് അർദ്ധപ്രാണരാകുന്നതുവരെ അവരെ അടിക്കുക പതിവായിരുന്നു.

ഘെർലാ ജയിലിലുണ്ടായിരുന്ന ഗ്രേസു എന്ന വിശ്വാസി അടിയേററു കൊല്ലപ്പെടുന്നതിനായി വിധിക്കപ്പെട്ടു. അവൻെറമേലുള്ള ദണ്ഡനപരിപാടികൾ ഏതാനും ആഴ്ചകൾ നീണ്ടു നിന്നു. ഇടവിട്ട് ഇടവിട്ട് അവർ അവനെ നിർദ്ദയമായി അടിച്ചു. ഇങ്ങനെ നിർദ്ദയമായി അടിച്ചതിനുശേഷം മരുന്നു കുത്തിവച്ചു അവനെ പ്രജ്ഞയുള്ളവനാക്കി. ആരോഗ്യം വീണ്ടെടുക്കുന്നതിനായി നല്ല ആഹാരം കൊടുത്തതിനുശേഷം അവൻ ഇഞ്ചിഞ്ചായി മരിക്കുന്നതുവരെ, തുടർച്ചയായി, ഇടവിട്ട് അടിച്ചു. തുടർച്ചയായുള്ള അടിയേററ് അവൻ മരിച്ചു. കമ്മ്യൂണിസ്ററു പാർട്ടിയുടെ കേന്ദ്രസമിതിയിലെ ഒരംഗമായ റെക്ക് (Reck) എന്ന ഒരാളായിരുന്നു ഈ മർദ്ദനത്തിനു നേതൃത്വം നൽകിയത്.

ചില സമയങ്ങളിൽ സാധാരണ കമ്മ്യൂണിസ്ററുകാർ പറയുന്നതുപോലെ റെക്ക് പറയുമായിരുന്നു: "ഞാൻ ദൈവമാണ് എന്ന് നീ അറിയേണ്ടിയിരിക്കുന്നു. നിൻെറ

ജീവൻെറമേലും മരണത്തിന്മേലും എനിക്ക് അധികാരമുണ്ട്. സ്വർഗ്ഗത്തിലുള്ളവനു നിൻെറ ജീവനെ സൂക്ഷിക്കാൻ കഴിവില്ല. എല്ലാം എന്നെ ആശ്രയിച്ചത്രെ ഇരിക്കുന്നത്. എനിക്ക് ഇഷ്ടമുണ്ടെങ്കിൽ നിനക്ക് ജീവനോടിരിക്കാം, നീ മരിക്കണമെന്നാണ് എൻെറ ഹിതമെങ്കിൽ അത് അങ്ങനെ സംഭവിക്കും. ഞാൻ ദൈവമാണ്.'' ഇങ്ങനെ പറഞ്ഞ് അയാാം ആ വിശ്വാസിയെ പരിഹസിച്ചു.

ഈ ഭയങ്കരമായ അവസ്ഥയിൽ ഗ്രേസു തക്കതായ ഒരു ഉത്തരം പറഞ്ഞതായി പിന്നെ റെക്കിൽ നിന്നുതന്നെ അറിയുവാൻ എനിക്കിടയായി. അവൻ പറഞ്ഞു: ''എത്ര അർത്ഥവത്തായ ഒരു പ്രസ്താവനയാണ് നിങ്ങാം ചെയ്തതെന്നു നിങ്ങാം മനസ്സിലാക്കുന്നില്ല. വാസ്തവത്തിൽ നിങ്ങാം ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവനാണ്. ശരിയായ വിധത്തിലുള്ള വികസനം പ്രാപിക്കുന്ന ഓരോ പട്ടുനൂൽപുഴുവും ചിത്രശലഭമായിത്തീരും. ഒരു പീഡകനോ കൊലപാതകനോ ആയി ജീവിക്കുന്നതിനുവേണ്ടിയല്ല നിങ്ങാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദൈവതുല്യനായ ഒരു ജീവി ആകുന്നതിനുവേണ്ടിയത്രെ. യേശുക്രിസ്തു ഈ ലോകത്തിൽ ആയിരുന്ന കാലത്ത് യഹൂദന്മാരോട് ''നിങ്ങാം ദേവന്മാർ ആകുന്നു'' എന്ന് പറയുകയുണ്ടായി. ദൈവത്തിൻെറ ജീവൻ നിൻെറ ഹൃദയത്തിലുണ്ട്. നിങ്ങളെപ്പോലെയുള്ള പീഡകന്മാരിൽ പലരും, അപ്പോസ്തോലനായിത്തീർന്ന പൗലോസും ഒരു സമയത്ത് ഇങ്ങനെയുള്ള മർദ്ദനങ്ങാം ചെയ്യുന്നത് ലജ്ജാകരമാണെന്നും, അതിനേക്കാാം മഹത്വകരമായ കാര്യങ്ങാം അവർക്ക് ചെയ്യുവാൻ കഴിയുമെന്നും മനസ്സിലാക്കിയവരാണ്. അങ്ങനെ അവർ ദൈവീക സ്വഭാവത്തിന് അംശികളായിത്തീർന്നു. ഒരു പീഡകനായിത്തീരുവാനല്ല, ദൈവീക സ്വഭാവമുള്ളവനായിത്തീരുന്നതിനാണ് ദൈവം നിങ്ങളെ വിളിച്ചിരിക്കുന്നത്.''

ഇങ്ങനെയുള്ള പീഡനങ്ങളിൽനിന്നും ദണ്ഡനങ്ങളിൽ നിന്നും ഒരു പാഠം പഠിക്കുന്നതിനിടയായി. ആത്മാവ് ശരീരത്തിൻെറ യജമാനനാണ്. പലപ്പോഴും ദണ്ഡനമനുഭവിക്കു

മ്പോരം ശരീരം വേദനിക്കുമെങ്കിലും ആ ദണ്ഡനങ്ങാം ആത്മാവിനെ അല്പവും ബാധിക്കാത്തവണ്ണം യേശുക്രിസ്തുവിൻെറ സാന്നിദ്ധ്യത്തിലും മഹത്വത്തിലും ആത്മാവ് മുങ്ങിമറയുകയാണുണ്ടായത്.

ഒരു ആഴ്ചയിലെ ആഹാരമായി ഞങ്ങാംക്ക് ഒരു കഷണം റൊട്ടിയും അല്പം വൃത്തികെട്ട സൂപ്പും തന്നപ്പോരം ആ ഭക്ഷണത്തിൻെറയും ദശാംശം വിശ്വസ്തമായി വേർതിരിക്കുവാൻ ഞങ്ങാം തീരുമാനിച്ചു. പത്താമത്തെ ആഴ്ചയിൽ ഞങ്ങാംക്കു ലഭിച്ച റൊട്ടിയും സൂപ്പും ഞങ്ങളുടെ ഉടയവനുള്ള ദശാംശമായി, ഞങ്ങാം ബലഹീനരായ സഹോദരങ്ങാംക്കു കൊടുത്തു.

ഒരു വിശ്വാസി മരണത്തിനു വിധിക്കപ്പെട്ടു. മരണത്തിനു മുമ്പ് അവൻെറ ഭാര്യയെ ഒന്നു കാണുവാൻ അവന് അനുവാദം ലഭിച്ചു. തൻെറ ഭാര്യയോട് അവൻ അവസാനമായി ഇങ്ങനെ പറഞ്ഞു: "എന്നെ കൊലചെയ്യുന്നവരെ സ്നേഹിച്ചുകൊണ്ടാണു ഞാൻ മരിക്കുന്നതെന്ന് നീ അറിയേണ്ടിയിരിക്കുന്നു. അവർ ചെയ്യുന്നത് ഇന്നതെന്ന് അറിയാത്തതുകൊണ്ട് നീ അവരേയും സ്നേഹിക്കണമെന്നത്രെ എൻെറ അപേക്ഷ. നിൻെറ പ്രിയ ഭർത്താവിനെ അവർ കൊലചെയ്തു എന്നതുകൊണ്ട് നിൻെറ ഹൃദയത്തിൽ വിദ്വേഷം വെച്ചുകൊണ്ടിരിക്കരുത്. സ്വർഗ്ഗത്തിൽ വച്ച് നാം അന്യോന്യം കണ്ടുമുട്ടും."

ആ ഭാര്യയും ഭർത്താവും തമ്മിലുള്ള സംഭാഷണം ശ്രദ്ധിച്ച രഹസ്യപ്പോലീസ് ഉദ്യോഗസ്ഥൻെറ ഹൃദയത്തിൽ ഈ വാക്കുകാം ആഴമായി പതിഞ്ഞു. ആ ഉദ്യോഗസ്ഥൻ പിന്നീട് ഒരു വിശ്വാസിയായി തീർന്നതിൻെറ ഫലമായി ജയിലിലടയ്ക്കപ്പെട്ടപ്പോഴാണ് ഈ കഥ എന്നോടു പറഞ്ഞത്.

മാച്ചേവിസി എന്ന ഒരു വിശ്വാസി ട്രിഗുകെ്നാ എന്ന ജയിലിൽ അടയ്ക്കപ്പെട്ടിരുന്നു. പതിനെട്ടുവയസ്സുള്ളപ്പോഴാണ് അവൻ ജയിലിലടയ്ക്കപ്പെട്ടത്. ദണ്ഡനങ്ങളുടെ ഫലമായി അവൻ ഒരു ക്ഷയരോഗിയായിത്തീർന്നു. അവൻെറ ആരോഗ്യ നില ഗുരുതരമാണെന്നറിഞ്ഞ അവൻെറ വീട്ടുകാർ നൂറുകുപ്പി

സ്ട്രെപ്ടോമൈസിൻ (Streptomysin) അവൻെറ പേർക്കയച്ചു. അവൻെറ ജീവനെ രക്ഷിക്കാൻ മതിയായ ഔഷധമായിരുന്നു അത്. ആ ജയിലിൻെറ അധികാരി അവനെ വിളിച്ച് ഇങ്ങനെ പറഞ്ഞു: "നിൻെറ ജീവനെ രക്ഷിക്കാൻ തക്കതായ ഔഷധങ്ങഠം ഇതാ, നിൻെറ കുടുംബത്തിൽനിന്നും ഇങ്ങനെയുള്ള പാഴ്സലുകഠം സ്വീകരിക്കാൻ നിനക്ക് അനുവാദമില്ല. വ്യക്തിപരമായി പറഞ്ഞാൽ ഈ മരുന്ന് നിനക്കുതരുവാൻ എനിക്കാഗ്രഹമുണ്ട്. നീ ചെറുപ്പമാണ്. ജയിലിൽകിടന്ന് നീ മരിക്കുന്നത് എനിക്കിഷ്ടമില്ല. നിന്നെ സഹായിക്കത്തക്കവണ്ണം എന്നെ സഹായിക്കുക. നിൻെറ സഹതടവുകാരനെപ്പററി പൂർണ്ണവിവരങ്ങഠം തരിക. അങ്ങനെ നീ ചെയ്യുന്നപക്ഷം ഈ മരുന്നു തരുന്നതിനെ എൻെറ മേലുദ്ദ്യോഗസ്ഥന്മാരുടെ മുമ്പിൽ ന്യായീകരിക്കുവാൻ എനിക്കു കഴിയും."

മാച്ചേവിസി ഉടൻ തന്നെ ഉത്തരം പറഞ്ഞു: "ജീവിച്ചിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കണ്ണാടിയിൽ നോക്കുമ്പോഠം ഒരു വഞ്ചകൻെറ മുഖം കാണുന്ന ഗതിയോടുകൂടി ജീവിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല." അയാഠം ഹസ്തദാനം കൊടുത്തുകൊണ്ട് തുടർന്നു. "ഞാൻ നിന്നെ അഭിനന്ദിക്കുന്നു. മറെറാരുത്തരം ഞാൻ നിന്നിൽനിന്നും പ്രതീക്ഷിച്ചില്ല. എന്നാൽ ഞാൻ മറെറാരു വഴി പറയാം. ചില തടവുകാർ ഞങ്ങളുടെ ചാരന്മാരായി തീർത്തിട്ടുണ്ട്. അവർ കമ്മ്യൂണിസ്ററുകാരാണെന്ന് അവകാശപ്പെടുകയും നിങ്ങളെ അപലപിക്കുകയും ചെയ്യുന്നു. അവർ ഇരുഭാഗവും അഭിനയിക്കുന്നവരാണ്. ഞങ്ങഠംക്ക് അവരെ വിശ്വാസമില്ല. അവർ എത്രമാത്രം ആത്മാർത്ഥതയുള്ളവരാണെന്നറിയുവാൻ ഞങ്ങഠം ആഗ്രഹിക്കുന്നു. അവർ നിങ്ങഠംക്കെതിരെ വളരെ ദോഷം ചെയ്യുന്നവരും നിങ്ങളെ ഒററിക്കൊടുത്തവരുമാണ്. നിൻെറ സഹോദരന്മാരെ ഒററിക്കൊടുക്കുവാൻ നിനക്കു മനസ്സില്ല എന്നുള്ളത് എനിക്ക് മനസ്സിലാക്കാം. എന്നാൽ നിങ്ങളെ എതിർക്കുന്ന ഈ കൂട്ടരെപ്പററിയുള്ള വിവരങ്ങഠം തരിക. അങ്ങനെ ചെയ്താൽ നിനക്കു നിൻെറ ജീവനെ രക്ഷിക്കുവാൻ കഴിയും."

ആദ്യത്തെപ്പോലെ തന്നെ മാച്ചേവിസി ഉടൻതന്നെ ഉത്തരം പറഞ്ഞു. ''ശത്രുക്കളെ സ്നേഹിക്കാൻ പഠിപ്പിച്ച യേശുക്രിസ്തുവിൻെറ ഒരു ശിഷ്യനാണ് ഞാൻ. ഞങ്ങളെ ഒററിക്കൊടുക്കുന്നവർ ഞങ്ങൾക്ക് വളരെ ദോഷം ചെയ്യുന്നുണ്ട്, എങ്കിലും അവർക്കെതിരെ തിന്മയ്ക്കു പകരം തിന്മ ചെയ്യുവാൻ എനിക്കു കഴിവില്ല. അവരെപ്പററിയുള്ള വിവരങ്ങൾ തരുവാൻ എനിക്കു കഴിയുകയില്ല. ഞാൻ അവരോടു സഹതപിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. കമ്മ്യൂണിസ്ററുകാരുമായി യാതൊരുവിധ ബന്ധവും പുലർത്തുവാൻ ഞാൻ ആഗ്രഹിക്കുന്നുമില്ല.'' ആ ഉദ്യോഗസ്ഥനുമായുള്ള സംഭാഷണത്തിനുശേഷം മാച്ചേവിസി ഞാൻ കിടന്ന ജയിലിലേക്കു വന്ന്, അവിടെ വെച്ചു മരിച്ചു. അവൻെറ മരണം ഞാൻ കണ്ടു. ദൈവത്തെ സ്തുതിച്ചുകൊണ്ടാണ് അവൻ മരിച്ചത്. ജീവിക്കുവാനുള്ള സ്വാഭാവികമായ ദാഹത്തെ സ്നേഹം കീഴടക്കിയിരുന്നു.

സംഗീതസ്നേഹിയായ ഒരാൾ തനിക്കു ലഭിക്കുന്ന അവസാനത്തെ പൈസായും ഒരു പാട്ടുകച്ചേരി കേൾക്കുന്നതിനായി ചെലവഴിക്കുന്നു. അതുകഴിയുമ്പോൾ തൻെറ പക്കൽ ഒരു കാശുപോലുമില്ലായെങ്കിലും അവന് നിരാശയില്ല. അതിമനോഹരമായ സംഗീതം അവൻ കേട്ടുകഴിഞ്ഞു.

അനേക വർഷങ്ങൾ ജയിലിൽ കിടന്നു കഷ്ടപ്പെട്ടു എന്നതിൽ എനിക്കു നിരാശയില്ല. അതിമനോഹരങ്ങളായ കാര്യങ്ങൾ കാണുവാൻ എനിക്കു കഴിഞ്ഞു. ജയിൽവാസികളായ വിശ്വാസികളുടെയിടയിൽ ഞാൻ ഒരു സാധാരണക്കാരനായിരുന്നെങ്കിലും, ആദിമക്രിസ്ത്യാനികളുടെ ജീവിതനിലവാരം പുലർത്തിയ വിശ്വാസവീരന്മാരായ വിശുദ്ധന്മാരോടുകൂടെ വസിക്കുന്നതിനുള്ള പദവി എനിക്കു ലഭിച്ചു. അവർ സന്തോഷത്തോടുകൂടി യേശുക്രിസ്തുവിനുവേണ്ടി മരണം വരിച്ചു. അങ്ങനെയുള്ള വിശ്വാസവീരന്മാരുടെ ആത്മീയസൗന്ദര്യം വർണ്ണിക്കുക സാദ്ധ്യമല്ല.

ഞാൻ ഇവിടെ പറയുന്ന കാര്യങ്ങൾ അസാധാരണമല്ല.

അസാധാരണ കാര്യങ്ങരം ഒളിവുസഭയിലെ വിശ്വാസികരംക്ക് സ്വാഭാവികമായിത്തീർന്നിരിക്കുകയാണ്. ആദ്യസ്നേഹത്തിലേക്കു തിരികെവന്ന ഒരു സഭയാണ് ഒളിവുസഭ. ജയിലിൽ പ്രവേശിക്കുന്നതിനു മുൻപ് ഞാൻ ക്രിസ്തുവിനെ അതിയായി സ്നേഹിച്ചിരുന്നു. ഇപ്പോരം ക്രിസ്തുവിൻെറ ആത്മീകശരീരമായ ''ക്രിസ്തുവിൻെറ മണവാട്ടിയെ'' കണ്ടതിനുശേഷം യേശുക്രിസ്തുവിനെ സ്നേഹിക്കുന്നതു പോലെതന്നെ ക്രിസ്തുവിൻെറ മണവാട്ടിയായ ഒളിവുസഭയേയും സ്നേഹിക്കുവാൻ എനിക്കു കഴിഞ്ഞു. അവളുടെ സൗന്ദര്യവും ത്യാഗമനോഭാവവും ഞാൻ കണ്ടു.

## എൻെറ ഭാര്യയും മകനും

ഞാൻ എൻെറ ഭാര്യയിൽ നിന്ന് വേർപെടുത്തപ്പെട്ടശേഷം അവരംക്കു എന്തുസംഭവിച്ചു എന്ന് എനിക്ക് അറിഞ്ഞുകൂടായിരുന്നു. അവളും ജയിലിലടയ്ക്കപ്പെട്ടു എന്ന വിവരം രണ്ടുവർഷങ്ങരംക്കുശേഷം മാത്രമേ ഞാൻ അറിഞ്ഞുള്ളു. വിശ്വാസികളായ സ്ത്രീകരംക്ക് ജയിലുകളിൽ പുരുഷൻമാരേക്കാരം കൂടുതൽ ദണ്ഡനം അനുഭവിക്കേണ്ടിവന്നു. നിഷ്ഠൂരരായ കാവൽഭടൻമാർ പെൺകുട്ടികളെ ബലാത്സംഗം ചെയ്യുകയുണ്ടായിട്ടുണ്ട്. അവർ ഏല്ക്കേണ്ടിവന്ന പരിഹാസവും അശ്ളീലമായ പെരുമാററവും ഭയങ്കരമായിരുന്നു.

ഒരു തോടുവെട്ടുന്ന ജോലിയിൽ കഠിനാദ്ധ്വാനം ചെയ്യുന്നതിനും പുരുഷൻമാർക്കു സമമായ വേല ചെയ്യുന്നതിനും സ്ത്രീകരം നിർബ്ബന്ധിക്കപ്പെട്ടു. തണുപ്പുകാലത്തും അവർ മണ്ണുവെട്ടേണ്ടിയിരുന്നു. മേൽനോട്ടക്കാരായി നിയമിക്കപ്പെട്ട വേശ്യമാർ അവരെ ദണ്ഡിപ്പിച്ചു. ജീവനോടിരിക്കുന്നതിനായി എൻെറ ഭാര്യ കന്നുകാലികളെപ്പോലെ പുല്ലു തിന്നിട്ടുണ്ട്. ആ തോടുവെട്ടുകാരിൽ പലരും വിശപ്പുസഹിക്കാൻ വയ്യാതെ എലികളേയും പാമ്പുകളെപ്പോലും, ഭക്ഷിക്കുകയുണ്ടായി

തടവുകാരായ സ്ത്രീകളെ ഡാന്യൂബു നദിയിൽ തള്ളിയിടുകയും പിന്നെ പിടിച്ചുകയററുകയും, അവരുടെ

ഈറനണിഞ്ഞ ദേഹങ്ങളിൽ നോക്കി ചിരിക്കുകയും ചെയ്യുക എന്നത് കാവൽഭടന്മാരുടെ ഞായറാഴ്ചതോറുമുള്ള ഒരു നേരമ്പോക്കായിരുന്നു. വീണ്ടും വീണ്ടും അവരെ നദിയിൽ തള്ളിയിടുകയും പിടിച്ചു കയററുകയും, ഈ വിധത്തിൽ പരിഹസിക്കുകയും ചെയ്യുക സാധാരണമായിരുന്നു. എൻെറ ഭാര്യയെ ഈ വിധത്തിൽ ഡാന്യൂബു നദിയിൽ തള്ളിയിട്ടിട്ടുണ്ട്.

ഞാനും ഭാര്യയും ജയിലിൽ അടയ്ക്കപ്പെട്ടതോടുകൂടി എൻെറ മകൻ തെരുവുകളിൽ അലയേണ്ടിവന്നു. മിഹായി ചെറുപ്പം മുതൽ തന്നെ മതഭക്തിയോടു കൂടെ വളർന്നവനും വിശ്വാസസംബന്ധമായ കാര്യങ്ങളിൽ താല്പര്യമുള്ളവനുമായിരുന്നു. ഒൻപതാമത്തെ വയസ്സിൽ അപ്പനും അമ്മയും അവനിൽനിന്ന് അകററപ്പെട്ടതോടുകൂടി അവൻെറ ക്രിസ്തീയജീവിതം ഒരു പ്രതിസന്ധിഘട്ടത്തിൽക്കൂടി കടക്കേണ്ടിവന്നു. ആ പ്രായത്തിലുള്ള കുട്ടികൾക്ക് നേരിടേണ്ടാത്ത അനേകപ്രശ്നങ്ങളെ അവൻ അഭിമുഖീകരിക്കേണ്ടിവന്നു. കയ്പേറിയ അനുഭവങ്ങളാൽ അവൻ വൈരാഗ്യബുദ്ധിയുള്ളവനായിത്തീരുകയും അവൻെറ മതവിശ്വാസങ്ങളെ എല്ലാം ചോദ്യം ചെയ്യുകയും ചെയ്തു.

വിശ്വാസികളായ തടവുകാരുടെ കുടുംബങ്ങളെ സഹായിക്കുക എന്നത് കുററകരമായിരുന്നു. മിഹായിയെ സഹായിച്ച രണ്ടു സ്ത്രീകൾ പിന്നീട് ജയിലിലടയ്ക്കപ്പെട്ടു. അതികഠിനമായി മർദ്ദിക്കപ്പെട്ടതിൻെറ ഫലമായി അവർ രണ്ടുപേരും ഇന്നും അംഗഭംഗം ഭവിച്ചവരായി ശേഷിക്കുന്നു. തൻെറ ജീവനെ പണയപ്പെടുത്തിക്കൊണ്ട് മിഹായിയെ തൻെറ ഭവനത്തിൽ സ്വീകരിച്ച ഒരു സഹോദരി എട്ടുവർഷത്തെ തടവിന് വിധിക്കപ്പെട്ടു. ദണ്ഡകന്മാർ അവളുടെ പല്ലുകൾ മുഴുവൻ തല്ലിയിളക്കിപ്പറിക്കയും മേലിൽ വേല ചെയ്യാൻ നിവൃത്തിയില്ലാത്തവണ്ണം അവളുടെ എല്ലുകൾ ഒടിക്കുകയും ചെയ്തു. അവളും ജീവപര്യന്തം അംഗഭംഗം വന്നവളായി അവശേഷിക്കുന്നു. വിശ്വാസികളായ തടവുകാരുടെ കുടുംബങ്ങളെ സഹായിച്ചു എന്നുള്ളതായിരുന്നു അവളുടെ കുററം

## "മിഹായീ, യേശുവിൽ വിശ്വസിക്കുക"

പതിനൊന്നു വയസ്സായപ്പോൾ മിഹായി ഒരു സാധാരണ തൊഴിലാളിയായി ഉപജീവനം തേടാനാരംഭിച്ചു. അവൻ അനുഭവിച്ച കഷ്ടതകൾ അവൻെറ വിശ്വാസത്തെ ഉലച്ചിരുന്നു. എൻെറ ഭാര്യ ജയിലിൽ രണ്ടു വർഷം കഴിച്ചതിനുശേഷം അവളെ കാണുവാൻ മിഹായിക്ക് അനുവാദം ലഭിച്ചു. അവൻ ആ കമ്മ്യൂണിസ്ററ് ജയിലിലേക്ക് പോയി; ഇരുമ്പഴികൾക്ക് പിന്നിൽ അവൻെറ അമ്മയെ കണ്ടു.

തിരിച്ചറിയാൻ നിവൃത്തിയില്ലാത്തവണ്ണം അവൾ വിരൂപയും ശോഷിച്ചവളുമായിത്തീർന്നിരുന്നു. വൃത്തികെട്ട ജയിൽവസ്ത്രങ്ങളാണ് അവൾ ധരിച്ചിരുന്നത്.

"മിഹായീ, യേശുവിൽ വിശ്വസിക്കുക" ഇതായിരുന്നു അവളുടെ ആദ്യത്തെ വാക്കുകൾ. കോപം കൊണ്ട് കലിതുള്ളിയ കാവൽഭടന്മാർ അവളെ അവിടെനിന്നു വലിച്ചിഴച്ചുകൊണ്ടു പോയി. അതുകണ്ടു മിഹായി കരഞ്ഞു. ആ നിമിഷമായിരുന്നു അവൻെറ മാനസാന്തരത്തിൻെറ സമയം. അങ്ങനെയുള്ള സാഹചര്യങ്ങളിൽപ്പോലും സ്നേഹിക്കപ്പെടുവാൻ യോഗ്യനാണ് ക്രിസ്തുവെങ്കിൽ അവൻ തീർച്ചയായും യഥാർത്ഥ രക്ഷകനാണ് എന്ന് അവന് ബോദ്ധ്യം വരികയും അവൻ പൂർണ്ണഹൃദയത്തോടെ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുകയും ചെയ്തു. "ക്രിസ്തുമതത്തിന് അനുകൂലമായ വാദങ്ങൾ ഒന്നുംതന്നെയില്ല എന്നു വന്നാൽപോലും എൻെറ അമ്മ അതിൽ വിശ്വസിക്കുന്നു എന്നുള്ള ഏക കാരണം മതി എനിക്ക്" എന്ന് മിഹായി പിന്നീട് പറയുകയുണ്ടായി.

അവൻെറ സ്കൂൾ ജീവിതം നിലനില്പിനുവേണ്ടിയുള്ള തുടർച്ചയായ ഒരു പോരാട്ടമായിരുന്നു. അവൻ സമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്നതിനാൽ കമ്മ്യൂണിസ്ററ് യുവജന സംഘടനയുടെ അംഗത്വസൂചകമായി ഒരു ചുവന്ന ടൈ അവനു നല്കപ്പെട്ടു. "എൻെറ അപ്പനേയും അമ്മയേയും ജയിലിലടച്ചവരുടെ ടൈ ഞാൻ ഒരിക്കലും ധരിക്കുകയില്ല"

എൻെറ മകൻ പ്രഖ്യാപിച്ചു. അതിൻെറ ഫലമായി അവൻ സ്കൂളിൽ നിന്നും ബഹിഷ്ക്കരിക്കപ്പെട്ടു.

ഒരു വർഷം കഴിഞ്ഞ് താൻ തടവുകാരനായ ഒരു ക്രിസ്ത്യാനിയുടെ മകനാണ് എന്ന വസ്തുത മറച്ചുവെച്ചുകൊണ്ട് അവൻ വീണ്ടും മററൊരു സ്കൂളിൽ ചേർന്നു. ഏതെങ്കിലും വിധത്തിൽ വിദ്യാഭ്യാസം പൂർത്തിയാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ താൻ വുംബ്രാണ്ട് എന്ന ക്രിസ്തീയ തടവുകാരൻെറ മകനാണ് എന്നുള്ള വസ്തുത അവൻ മറച്ചുവച്ചിരുന്നു.

എങ്കിലും ചില സന്ദർഭങ്ങളിൽ മററുള്ളവർ ആ വിവരം കണ്ടുപിടിക്കുകയും അതിൻെറ ഫലമായി അവൻ സ്കൂളിൽനിന്നും നിഷ്ക്കാസിതനാകയും ചെയ്തിരുന്നു.

കുറെക്കാലം കഴിഞ്ഞ് അവനു വേദപുസ്തകത്തിനെതിരായി ഒരു ലേഖനം എഴുതേണ്ടിവന്നു. അതിൽ അവൻ ഇങ്ങനെ എഴുതി: ''വേദപുസ്തകത്തിനെതിരായുള്ള വാദങ്ങാ ബാലിശവും ഉദ്ധരണികാ അസത്യവുമാണ്. തീർച്ചയായും പ്രൊഫസർ വേദപുസ്തകം വായിച്ചിട്ടില്ല. വേദപുസ്തകം ശാസ്ത്രത്തിന് അനുയോജ്യമാണ്.'' തൽഫലമായി അവന് സ്കൂാ വിടേണ്ടിവന്നു.

അവസാനമായി ഒരു സെമിനാരിയിൽ വൈദികവിദ്യാഭ്യാസം നടത്തുന്നതിന് അവന് അനുവാദം ലഭിച്ചു. ആ സെമിനാരിയിൽ ''മാർക്സിസ്ററ് വേദശാസ്ത്രം'' ആണ് പഠിപ്പിച്ചിരുന്നത്. കാറൽമാർക്സിൻെറ സിദ്ധാന്തങ്ങാക്കനുയോജ്യമായ രീതിയിലാണ് അവിടെ എല്ലാ വിഷയങ്ങളും പഠിപ്പിച്ചിരുന്നത്. മിഹായി അതിനെ ക്ളാസ്സിൽവെച്ച് പരസ്യമായി എതിർത്തു. മററ് വിദ്യാർത്ഥികളും അവനെ പിൻതാങ്ങി. അതോടുകൂടി മിഹായി സെമിനാരിയിൽനിന്ന് ബഹിഷ്ക്കരിക്കപ്പെട്ടു. അങ്ങനെ അവൻെറ വൈദികവിദ്യാഭ്യാസവും മുടങ്ങി.

മിഹായി സ്കൂളിൽ പഠിക്കുമ്പോാ നിരീശ്വരവാദിയായ ഒരു പ്രൊഫസർ ദൈവമില്ല എന്ന് സ്ഥാപിക്കുന്നതിനായി ഒരു പ്രസംഗം ചെയ്തു. മിഹായി എഴുന്നേററു നിന്ന് ആ

പ്രസംഗത്തെ എതിർത്തു സംസാരിച്ചു. മാത്രമല്ല അനേക യുവജനങ്ങളെ തെററായ മാർഗ്ഗത്തിലേക്ക് നയിക്കുന്നതിൻെറ ഉത്തരവാദിത്വം പ്രൊഫസർ വഹിക്കേണ്ടിവരുമെന്നും അവൻ പറഞ്ഞു. ക്ളാസ്സിലുള്ള എല്ലാ വിദ്യാർത്ഥികളും പിൻതാങ്ങി. ഒരാരം ധൈര്യമായി എന്തെങ്കിലും പറഞ്ഞാൽ മററു വിദ്യാർത്ഥികരം അവൻെറ പിന്നിൽ അണിനിരക്കുക പതിവായിരുന്നു.

മിഹായി വളരെയധികം പട്ടിണി സഹിക്കേണ്ടിവന്നിട്ടുണ്ട്. കമ്മ്യൂണിസ്ററു രാജ്യങ്ങളിലുള്ള വിശ്വാസികരം പട്ടിണികൊണ്ട് വലയുക എന്നത് സർവ്വസാധാരണമാണ്. അവരെ സഹായിക്കുക എന്നത് കുററവുമാണ്.

എനിക്കു വ്യക്തിപരമായി അറിയാവുന്ന ഒരു കുടുംബം സഹിക്കേണ്ടിവന്ന യാതനകളുടെ കഥ ഞാൻ പറയാം. ഒളിവു സഭയുടെ പ്രവർത്തനത്തിലേർപ്പെട്ടിരുന്നതിൻെറ ഫലമായി ഒരു വിശ്വാസി ജയിലിലടയ്ക്കപ്പെട്ടു. അതോടുകൂടി അവൻെറ ഭാര്യയും ആറുമക്കളും നിരാധരരായി. പത്തൊൻപതും പതിനേഴും വയസ്സു പ്രായമുള്ള അദ്ദേഹത്തിൻെറ മൂത്ത രണ്ടു പെൺകുട്ടികരംക്ക് എന്തെങ്കിലും ജോലികിട്ടുക അസാദ്ധ്യമായിരുന്നു. ഒരു കമ്മ്യൂണിസ്ററ് രാജ്യത്ത് ജോലി കൊടുക്കേണ്ടതു ഗവൺമെൻറാണ്. കുററവാളികളായ വിശ്വാസികളുടെ മക്കരംക്ക് ഗവൺമെൻറ് ഒരു ജോലിയും നൽകുകയില്ല. ഈ സംഭവിച്ചതെന്തെന്നു മാത്രം കേരംക്കുക. ആ രണ്ടു പെൺമക്കരം—അവരും വിശ്വാസികളായിരുന്നു—രോഗിയായ മാതാവിൻെറയും ഇളയ സഹോദരങ്ങളുടെയും സന്ധാരണത്തിനായി വേശ്യമാരായിത്തീർന്നു. ഇതറിഞ്ഞ പതിന്നാലു വയസ്സുള്ള അവരുടെ സഹോദരൻ ഭ്രാന്തനായിത്തീർന്നു. അവനെ ഒരു ഭ്രാന്താലയത്തിലാക്കേണ്ടി വന്നു.

ചില വർഷങ്ങരംക്കുശേഷം ആ പിതാവ്, ജയിലിൽനിന്നു തിരികെ വന്നപ്പോരം "ദൈവമേ, ഇതു കാണാൻ എനിക്കു കഴിവില്ല. എന്നെ വീണ്ടും ജയിലിലേക്കയക്കേണമേ" എന്നതായിരുന്നു അദ്ദേഹത്തിൻെറ ഏക പ്രാർത്ഥന.

കുട്ടികളോട് യേശുക്രിസ്തുവിനെപ്പററി പറഞ്ഞതിൻെറ ഫലമായി അദ്ദേഹത്തിൻെറ പ്രാർത്ഥന ഫലിച്ചു.

ഇന്ന് അദ്ദേഹത്തിൻെറ പെൺമക്കാം വേശ്യമാരല്ല. രഹസ്യപ്പോലീസ് ആവശ്യപ്പെട്ടതനുസരിച്ച് അവർ ഇന്നു രഹസ്യപ്പോലീസിനുവേണ്ടി ചാരവൃത്തിയിലേർപ്പെട്ടിരിക്കയാണ്. ഒരു ക്രിസ്തീയ തടവുകാരൻെറ മക്കാം എന്ന നിലയിൽ വിശ്വാസികളുടെ ഭവനങ്ങാം അവർ ബഹുമാനപൂർവ്വം സ്വീകരിക്കപ്പെടുന്നു. അവിടെ കാണുന്നതും കോക്കുന്നതുമെല്ലാം അവർ രഹസ്യപ്പോലീസിനെ അറിയിക്കുന്നു.

ഇത് ഹീനവും അധാർമ്മികവുമായ പ്രവൃത്തിയാണെന്നുള്ള തു വാസ്തവം തന്നെ. പക്ഷേ അങ്ങനെ പറഞ്ഞു അതിനെ തള്ളിക്കളയരുത്! സ്വതന്ത്രരായ നിങ്ങാം അങ്ങനെയുള്ള അശരണരായ കുടുംബങ്ങളെ സഹായിക്കാത്തതുകൊണ്ടല്ലേ ഇങ്ങനെയുള്ള ദുഃഖപര്യവസായികളായ സംഭവങ്ങാം ഉണ്ടാകുന്നത് എന്ന് നിങ്ങളോടുതന്നെ ചോദിക്കുക.

# അദ്ധ്യായം മൂന്ന്

എന്റെ ജയിൽവാസത്തിന്റെ നീണ്ട പതിന്നാലു വർഷങ്ങൾ കടന്നു പോയി. ഈ കാലഘട്ടത്തിൽ ഞാൻ ഒരു വേദപുസ്തകമോ മറേറതെങ്കിലും പുസ്തകമോ കണ്ടിട്ടില്ല. എഴുതുന്നതെങ്ങനെയെന്ന് ഞാൻ മറന്നുപോയിരുന്നു. പട്ടിണിയും, ദണ്ഡനങ്ങളും, മയക്കുമരുന്നുകളും മൂലം ഞാൻ ദൈവവചനം മറന്നുപോയിരുന്നു. എന്നാൽ എന്റെ ജയിൽവാസത്തിന്റെ പതിന്നാലുവർഷം തികഞ്ഞ ദിവസം മറവിയുടെ മറവിൽ നിന്ന് ഒരു വേദവാക്യം പെട്ടെന്ന് എന്റെ മനസ്സിലേക്ക് കടന്നുവന്നു. "യാക്കോബ് റാഹേലിനു വേണ്ടി പതിന്നാലു സംവത്സരം സേവ ചെയ്തു: അവൻ അവളെ സ്നേഹിക്ക കൊണ്ട് അവന് അതു അല്പകാലം പോലെ തോന്നി."

അധികം താമസിയാതെതന്നെ, പ്രധാനമായി അമേരിക്കയിലെ പൊതുജനാഭിപ്രായത്തെ മാനിച്ച് രാജ്യത്താകമാനമുണ്ടായ ഒരു സമാധാന ഉടമ്പടി പ്രകാരം ഞാൻ വിമോചിതനായി.

എനിക്ക് വീണ്ടും എന്റെ ഭാര്യയെ കാണുവാനിടയായി. പതിന്നാലു വർഷക്കാലം അവൾ വിശ്വസ്തയായി എനിക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു.

കൊടിയ ദാരിദ്ര്യത്തിൽ ഞങ്ങൾ ഒരു പുതിയ ജീവിതം ആരംഭിച്ചു. തടവിലാക്കപ്പെട്ടവരുടെ വസ്തുവകകളെല്ലാം കണ്ടുകെട്ടുക പതിവായിരുന്നു.

തടവിൽ നിന്നു മോചിക്കപ്പെട്ട സഭാശുശ്രൂഷകന്മാർക്ക്

ഏററവും ചെറിയ ഇടവകകളുടെ ചുമതലയാണ് കൊടുത്തത്. ഓർസോവ എന്ന പട്ടണത്തിലെ ഒരു ചെറിയ പ്രാദേശിക സഭയുടെ ചുമതലയാണ് എനിക്കു ലഭിച്ചത്. മതവിഭാഗങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ഡിപ്പാർട്ടുമെൻറുകാർ എന്നെ വിളിച്ച്, എൻെറ ഇടവകയിൽ മുപ്പത്തഞ്ച് അംഗങ്ങളുണ്ടെന്ന് പറയുകയും, യാതൊരു കാരണവശാലും അംഗസംഖ്യ മുപ്പത്താറ് ആകരുത് എന്നു താക്കീതു ചെയ്യുകയും ചെയ്തു. ഞാൻ അവരുടെ ഏജൻറായി എല്ലാ അംഗങ്ങളെപ്പററിയും രഹസ്യപ്പോലീസിന് റിപ്പോർട്ട് സമർപ്പിക്കുകയും, യുവജനങ്ങളെ സഭയിൽനിന്നു അകററിനിറുത്തുകയും വേണം എന്ന് അവർ ആവശ്യപ്പെട്ടു. ഈ വിധത്തിലാണ് കമ്മ്യൂണിസ്ററുകാർ സഭകളെ അവരുടെ നിയന്ത്രണത്തിലുള്ള ആയുധങ്ങളാക്കി മാററുന്നത്.

ഞാൻ പ്രസംഗിച്ചാൽ അതു കേൾക്കുന്നതിനായി അനേകർ വരുമെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ട് എനിക്ക് ഔദ്യോഗികമായി ലഭിച്ച ഇടവകയിൽ ഞാൻ പ്രവർത്തനം ആരംഭിച്ചതേയില്ല. വീണ്ടും ഞാൻ ഒളിവു സഭയിൽ പ്രവർത്തിക്കുകയും അതിലുള്ള സന്തോഷങ്ങളിലും ആപത്തുകളിലും ഭാഗഭാക്കാകുകയും ചെയ്തു.

ഞാൻ ജയിലിലായിരുന്ന കാലങ്ങളിൽ ദൈവം അത്ഭുതകരമായി പ്രവർത്തിച്ചു. ഒളിവുസഭ പാടേ വിസ്മരിക്കപ്പെട്ടില്ല. അമേരിക്കയിലും മററു നാടുകളിലുമുള്ള വിശ്വാസികൾ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഞങ്ങളെ സഹായിക്കുവാനും ആരംഭിച്ചിരുന്നു.

ഒരു ദിവസം ഉച്ചകഴിഞ്ഞ സമയം ഞാൻ ഒരു സഹോദരൻെറ ഭവനത്തിൽ വിശ്രമിക്കുകയായിരുന്നു. അദ്ദേഹം എന്നെ തട്ടി ഉണർത്തിക്കൊണ്ടു പറഞ്ഞു: "വിദേശത്തുള്ള സഹോദരങ്ങൾ വന്നിരിക്കുന്നു." ഞങ്ങളെ മറക്കുകയോ തള്ളിക്കളയുകയോ ചെയ്യാത്ത സഹോദരങ്ങൾ പശ്ചിമ രാജ്യങ്ങളിലുണ്ടായിരുന്നു.

ക്രിസ്തീയ തടവുകാരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം എത്തിച്ചുകൊടുക്കുന്നതിനും, വേദപുസ്തകവും ക്രിസ്തീയ ഗ്രന്ഥങ്ങളും മററും ഒളിവിൽ ഞങ്ങൾക്ക്

എത്തിച്ചുതരുന്നതിനുമായി എല്ലാ നിലകളിലുമുള്ള വിശ്വാസികഠം പ്രവർത്തിച്ചുകൊണ്ടിരുന്നു.

ഞാൻ അടുത്ത മുറിയിലേക്കു കടന്നുചെന്നു. ഞങ്ങളെ മേല്പറഞ്ഞവിധം സഹായിക്കുന്നതിനായി കടന്നുവന്ന ആറു സഹോദരങ്ങളെ ഞാൻ കണ്ടു. അവർ എന്നോടു വളരെയധികം സംസാരിച്ചു. കുറെ കഴിഞ്ഞപ്പോഠം പതിന്നാലുവർഷം തടവിൽ കിടന്ന ഒരാഠം ഈ സ്ഥലത്തുണ്ടെന്ന് തങ്ങഠം കേട്ടുവെന്നും, അയാളെ കാണുവാൻ ആഗ്രഹമുണ്ടെന്നും അവർ പറഞ്ഞു. അത് ഞാൻ തന്നെയാണെന്ന് ഞാൻ അവരോടു പറഞ്ഞു.

''വിഷാദമഗ്നനായ ഒരാളെ കാണുമെന്നാണ് ഞങ്ങഠം വിചാരിച്ചത്. അതു നിങ്ങളായിരിക്കാൻ നിവൃത്തിയില്ല'' അവർ പറഞ്ഞു.

ഞാൻ തന്നെയാണ് അതെന്ന് ഞാൻ അവർക്കു ഉറപ്പുകൊടുത്തു. അവർ ഞങ്ങളെ മറക്കാതെ അന്വേഷിച്ചു വന്നതിലുള്ള സന്തോഷമാണ് എനിക്കുള്ളതെന്ന് ഞാൻ പറഞ്ഞു.

അതിനെ തുടർന്ന് ഒളിവുസഭയ്ക്കു ക്രമമായും തുടർച്ചയായുമുള്ള സാമ്പത്തിക സഹായങ്ങഠം ലഭിക്കുവാനിടയായി. രഹസ്യമാർഗ്ഗങ്ങഠം മുഖാന്തിരമായി ക്രിസ്തീയ തടവുകാരുടെ കുടുംബങ്ങഠംക്കു സാമ്പത്തിക സഹായങ്ങളും, മാത്രമല്ല, വേദപുസ്തകങ്ങഠം, ക്രിസ്തീയ ഗ്രന്ഥങ്ങഠം എന്നിവയും ലഭിച്ചു. അതോടുകൂടെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ ഒളിവുസഭയ്ക്കു സാധിച്ചു.

അവർ ഞങ്ങഠംക്ക് ദൈവവചനം എത്തിച്ചുതന്നു എന്നു മാത്രമല്ല, ഞങ്ങഠംക്ക് അവർ പ്രിയരാണ് എന്നു കാണുവാനും ഞങ്ങഠംക്ക് കഴിഞ്ഞു. അവർ ഞങ്ങഠംക്ക് ആശ്വാസത്തിന്റെ സന്ദേശങ്ങഠം കൊണ്ടുവന്നു.

അനേക വർഷത്തെ മാനസിക സമ്മർദ്ദങ്ങഠംക്കിടയിൽ ''ആരും നിങ്ങളെ സ്നേഹിക്കുന്നില്ല'' ''ആരും നിങ്ങളെ സ്നേഹിക്കുന്നില്ല.'' എന്ന് ഞങ്ങഠം തുടർച്ചയായി കേട്ടിരുന്നു. എന്നാൽ അമേരിക്കക്കാരും ഇംഗ്ലീഷുകാരുമായ വിശ്വാസികഠം, ഞങ്ങളോടുള്ള സ്നേഹം നിമിത്തം തങ്ങളുടെ ജീവനെ

പണയംവെച്ചുകൊണ്ട് ഞങ്ങളെ സഹായിക്കുന്നതു ഞങ്ങാം കണ്ടു. ഞങ്ങാം കൊടുത്ത ഉപദേശപ്രകാരം ഒളിവിൽ വേല ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗം അവർ കണ്ടുപിടിച്ചു. ചുററും രഹസ്യപ്പോലീസുകാരുള്ള വീടുകളിൽ പോലും പോലീസുകാർ അറിയാതെ നുഴഞ്ഞുകയറുവാൻ അവർ പഠിച്ചു.

ഈ സഹോദരൻമാർ രഹസ്യമായി കൊണ്ടുവന്ന വേദപുസ്തകങ്ങാം എത്രമാത്രം വിലയേറിയതാണെന്ന് ഒരു അമേരിക്കക്കാരനോ ഇംഗ്ളീഷുകാരനോ ആയ ഒരു വിശ്വാസിക്ക് മനസ്സിലാക്കുവാൻ പ്രയാസമാണ്. കാരണം അവർക്ക് വേദപുസ്തകം വെള്ളം പോലെ സുലഭമാണ്.

വിദേശങ്ങളിൽ ഞങ്ങാംക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നതായ സഹോദരങ്ങളുടെ സാമ്പത്തിക സഹായമില്ലായിരുന്നുവെങ്കിൽ ഞാനും കുടുംബവും ജീവനോടെ ശേഷിക്കില്ലായിരുന്നു. കമ്മ്യൂണിസ്ററ് രാജ്യങ്ങളിലുള്ള ഒളിവുസഭകളിൽപ്പെട്ട അനേക സഭാപരിപാലകൻമാർ, ക്രിസ്തീയതടവുകാർ എന്നിവരെ സംബന്ധിച്ച് ഇതു വാസ്തവമാണ്.

ബ്രിട്ടനിലെ യൂറോപ്യൻ ക്രിസ്ത്യൻ മിഷനിൽ (European Christian Mission) നിന്ന് ഞങ്ങാംക്ക് ലഭിച്ച ധാർമ്മികവും സാമ്പത്തികവുമായ സഹായങ്ങളെപ്പററി സാക്ഷിക്കുവാൻ എനിക്കു കഴിയും. ഞങ്ങളെ സംബന്ധിച്ചിടത്തോളം, അവരുടെ ആളുകാം ദൈവം അയച്ച ദൂതൻമാർക്ക് തുല്യരായിരുന്നു.

ഒളിവുസഭയിൽ വീണ്ടും പ്രവർത്തിച്ചതിൻെറ ഫലമായി ഞാൻ വീണ്ടും അറസ്ററ് ചെയ്യപ്പെടുവാനുള്ള സാദ്ധ്യതകാം ധാരാളമായി വന്നു. ഈ സമയത്ത് യഹൂദൻമാരുടെ ഇടയിൽ വേലചെയ്യുന്ന നോർവീജിയൻ മിഷൻ (Norwegian Mission to the Jews) എബ്രായ ക്രിസ്തീയ സംഖ്യം (Hebrew Christian Alliance) എന്നീ രണ്ട് സംഘടനകാം എൻെറ വീണ്ടെടുപ്പു വിലയെന്നനിലയിൽ റുമേനിയൻ ഗവൺമെൻറിന് 2500 പവൻ കൊടുത്തു. അങ്ങനെ എനിക്ക് റുമേനിയ വിട്ടുപോകുന്നതിന് അനുവാദം ലഭിച്ചു.

## ഞാൻ എന്തിനു റുമേനിയ വിട്ടു?

അപകടങ്ങാം ധാരാളമായി ഉണ്ടായേക്കാം, എന്നിരുന്നാലും ഞാൻ ഒരിക്കലും റുമേനിയാ വിട്ടുപോകയില്ലായിരുന്നു. ഒളിവുസഭയുടെ "ശബ്ദമായി" സ്വതന്ത്രലോകത്തിൽ ഞാൻ പ്രവർത്തിക്കണം എന്നുള്ള ഒളിവുസഭാനേതാക്കന്മാരുടെ കല്പനയനുസരിച്ചത്രേ സ്വന്ത നാടുവിടുന്നതിന് ലഭിച്ച അവസരം ഞാൻ ഉപയോഗപ്പെടുത്തിയത്. അവരുടെ കഷ്ടതകളെപ്പററിയും അവരുടെ മുട്ടുകളെപ്പററിയും അവരുടെ നാമത്തിൽ പശ്ചിമരാജ്യങ്ങളിലുള്ള നിങ്ങളോട് സംസാരിക്കുവാൻ അവർ എന്നോട് ആവശ്യപ്പെട്ടു. ഞാൻ പശ്ചിമരാജ്യങ്ങളിലേക്ക് വന്നു എങ്കിലും എൻെറ ഹൃദയം അവരോടുകൂടെ അവിടെയാണ്. ഒളിവുസഭ അനുഭവിക്കുന്ന യാതനകളും അവരുടെ ധൈര്യപൂർവ്വമുള്ള പ്രവർത്തനങ്ങളും നിങ്ങാം അറിയണം എന്നതിൻെറ വലിയ ഒരു ആവശ്യബോധം എനിക്കില്ലായിരുന്നുവെങ്കിൽ ഞാൻ ഒരിക്കലും റുമേനിയ വിടുകയില്ലായിരുന്നു. അതിനായിട്ടത്രേ എന്നെ അയച്ചിരിക്കുന്നത്.

ഞാൻ റുമേനിയ വിടുന്നതിനു മുമ്പ് രഹസ്യപ്പോലീസുകാർ രണ്ടു പ്രാവശ്യം എന്നെ വിളിച്ചു. എൻെറ വീണ്ടെടുപ്പുവില റുമേനിയൻ ഗവൺമെൻറിനു ലഭിച്ചുകഴിഞ്ഞു എന്ന് അവർ എന്നോടു പറഞ്ഞു. (കമ്മ്യൂണിസം വരുത്തിവച്ച സാമ്പത്തികപരാധീനത നിമിത്തം റുമേനിയൻ ഗവൺമെൻറ് പ്രജകളെ വിൽക്കുന്നു). അവർ എന്നോട് പറഞ്ഞു: "പാശ്ചാത്യ രാജ്യങ്ങളിൽ പോയി ക്രിസ്തുവിനെക്കുറിച്ച് നിങ്ങാംക്കിഷ്ട മുള്ളിടത്തോളം പ്രസംഗിച്ചുകൊള്ളു; പക്ഷേ ഞങ്ങളെപ്പററി ഒരക്ഷരം പറഞ്ഞേക്കരുത്. ഇവിടെ എന്തുസംഭവിച്ചു എന്ന് നീ പറയുന്ന പക്ഷം ഞങ്ങാം നിങ്ങളോട് എന്തു ചെയ്യുമെന്നുള്ളത് തുറന്നു പറഞ്ഞേക്കാം. അഞ്ഞൂറു പവൻ കൊടുത്താൽ നിങ്ങളുടെ കഥ കഴിക്കത്തക്കവണ്ണം ഒരു ഗുണ്ടായെ ഇടപാടുചെയ്യുവാൻ ഞങ്ങാംക്ക് കഴിയും. (ആസ്ത്രിയയിൽ നിന്ന് മോഷ്ടിച്ച് റുമേനിയയിലേക്ക് കൊണ്ടുവന്ന ഓർത്തഡോക്സ് ബിഷപ്പ് വാസിൽ ലേയൂൺ കിടന്ന ജയിലറയിൽ തന്നെ ഞാൻ

കിടന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ കൈവിരലിലെ നഖങ്ങളെല്ലാം അവർ വലിച്ചു പിഴുതു. ബർലിനിൽ നിന്ന് മോഷ്ടിക്കപ്പെട്ടവരോടുകൂടെ ഞാൻ ജയിലിൽ സമയം കഴിച്ചിട്ടുണ്ട്. ഈയടുത്ത കാലത്ത് ഇററലിയിൽ നിന്നും പാരീസിൽ നിന്നും റുമേനിയക്കാരെ മോഷ്ടിച്ചുകൊണ്ടുവരികയുണ്ടായി). നിങ്ങാം ഒരു സ്ത്രീയോടുകൂടി അസാന്മാർഗ്ഗികമായി ജീവിച്ചുവെന്നോ, അഥവാ എന്തെങ്കിലും മോഷ്ടിച്ചുവെന്നോ പറഞ്ഞു പരത്തിയോ അല്ലെങ്കിൽ നിങ്ങളുടെ യൗവ്വനത്തിലെ ഏതെങ്കിലും കൊള്ളരുതായ്മ പ്രസിദ്ധം ചെയ്തോ നിങ്ങളെ ധാർമ്മികമായി അധഃപതിപ്പിക്കുവാൻ ഞങ്ങാക്ക് കഴിയും. പാശ്ചാത്യരാജ്യങ്ങളിലുള്ളവർ, പ്രത്യേകിച്ച് അമേരിക്കക്കാർ, ഇങ്ങനെയുള്ള കെട്ടുകഥകാം കേട്ട് വഞ്ചിക്കപ്പെടും.''

ഇപ്രകാരം എന്നെ ഭയപ്പെടുത്തിയതിനുശേഷം പശ്ചിമദേശങ്ങളിലേക്ക് പോകുവാൻ അവർ എന്നെ അനുവദിച്ചു. എന്റെ മേൽ നടത്തിയ മാനസിക സമ്മർദ്ദം വിജയകരമാണെന്ന് അവർക്കുറപ്പുണ്ടായിരുന്നു.

ഞാൻ കടന്നുപോയ അനുഭവങ്ങളിലൂടെ കടന്നുപോയ അനേകർ ഇന്ന് പശ്ചിമരാജ്യങ്ങളിലുണ്ട്. എന്നാൽ അവർ ഇന്ന് മൗനം അവലംബിക്കുകയാണ്. കമ്മ്യൂണിസ്ററുകാരാൽ ദണ്ഡിപ്പിക്കപ്പെട്ട ചിലർപോലും ഇന്ന് കമ്മ്യൂണിസത്തെ പുകഴ്ത്തുന്നു. ഞാനും മൗനമവലംബിച്ച് കഴിയുമെന്ന് കമ്മ്യൂണിസ്ററുകാർ ഉറച്ചിരുന്നു.

അങ്ങനെ 1965-ൽ ഞാനും കുടുംബവും റുമേനിയാ വിട്ടുപോകുവാൻ ഇടയായി.

സ്വന്ത നാടുവിടുന്നതിനുമുമ്പ് ഞാൻ ചെയ്തത്, എന്നെ അറസ്ററു ചെയ്യുന്നതിനും അനേകവർഷങ്ങാം ദണ്ഡിപ്പിക്കുന്നതിനും ഉത്തരവുകൊടുത്ത കേണലിന്റെ ശവകുടീരം സന്ദർശിക്കുക എന്നതായിരുന്നു. അദ്ദേഹത്തിന്റെ ശവകുടീരത്തിന്മേൽ ഞാൻ ഒരു പൂവ് സമർപ്പിച്ചു. ആ പ്രവൃത്തിയിൽ, ആത്മീക ജീവിതമെന്ന ഒന്നില്ലാത്ത കമ്മ്യൂണിസ്ററുകാർക്ക് ക്രിസ്തുവിന്റെ സന്തോഷം

പകരുന്നതായി ഞാൻ എന്നെത്തന്നെ പ്രതിഷ്ഠിക്കുകയായിരുന്നു.

കമ്മ്യൂണിസ്ററു വ്യവസ്ഥിതിയെ ഞാൻ വെറുക്കുന്നു എങ്കിലും കമ്മ്യൂണിസ്ററുകാരെ ഞാൻ സ്നേഹിക്കുന്നു. പാപത്തെ ഞാൻ വെറുക്കുന്നു എങ്കിലും പാപികളെ ഞാൻ സ്നേഹിക്കുന്നു. പൂർണ്ണഹൃദയത്തോടെ ഞാൻ കമ്മ്യൂണിസ്ററുകാരെ സ്നേഹിക്കുന്നു. വിശ്വാസികളെ കൊല്ലുവാൻ കമ്മ്യൂണിസ്ററുകാർക്കു കഴിയും. എന്നാൽ തങ്ങളെ കൊല്ലുന്നവരോടുള്ള വിശ്വാസികളുടെ സ്നേഹത്തെ കൊല്ലുവാൻ അവർക്ക് കഴിയുകയില്ല. എന്നെ ദണ്ഡിപ്പിച്ച കമ്മ്യൂണിസ്ററുകാരോട് എനിക്ക് അല്പമെങ്കിലും പകയോ വിദ്വേഷമോ ഇല്ല.

# അദ്ധ്യായം നാല്

യഹൂദന്മാരുടെയിടയിൽ പ്രചാരമുള്ള ഒരു കഥയുണ്ട്. അവരുടെ പൂർവ്വ പിതാക്കന്മാർ ഈജിപ്തിൻെറ അടിമത്വത്തിൽനിന്ന് വിടുവിക്കപ്പെട്ട് അത്ഭുതകരമായി ചെങ്കടൽ കടന്നുപോകുകയും ഈജിപ്തുകാർ ചെങ്കടലിൽ മുങ്ങിമരിക്കുകയും ചെയ്തപ്പോൾ യഹൂദന്മാർ വിജയസംഗീതം മുഴക്കി. സ്വർഗ്ഗത്തിലെ ദൂതന്മാരും അവരോട് ചേർന്നുപാടി. അപ്പോൾ ദൈവം അവരോട് ഇങ്ങനെ പറഞ്ഞു: ''യഹൂദന്മാർ മനുഷ്യരായതുകൊണ്ട് അവർ രക്ഷപ്പെട്ടതിൽ ആഹ്ളാദിച്ചേക്കാം. എന്നാൽ നിങ്ങൾ കുറെക്കൂടെ വിവേകമായി പെരുമാറേണ്ടതല്ലയോ? ഈജിപ്തുകാർ എൻെറ സൃഷ്ടികളല്ലയോ? അവരെ ഞാൻ സ്നേഹിക്കുന്നില്ലയോ? അവരുടെ സങ്കടകരമായ നാശത്തെപ്പററി എനിക്ക് ദുഃഖമുണ്ട് എന്ന് നിങ്ങൾക്ക് അറിവില്ലേ?''

യോശുവാ (യിസ്രായേല്യരുടെ നേതാവ്) യെരിഹോ പട്ടണത്തിന്നരികെ നില്ക്കുമ്പോൾ ഒരുവൻ (ഒരു ദൈവദൂതൻ) ഊരിപ്പിടിച്ച വാളുമായി തനിക്കെതിരെ നില്ക്കുന്നതു കണ്ടു. യോശുവ അവൻെറ അരികിൽ ചെന്നു ''നീ ഞങ്ങളുടെ പക്ഷക്കാരനോ ശത്രുപക്ഷക്കാരനോ'' എന്നു ചോദിച്ചു.

യോശുവ കണ്ടുമുട്ടിയ വ്യക്തി ഒരു മനുഷ്യനായിരുന്നെങ്കിൽ അവൻ ചോദിച്ച ചോദ്യത്തിനുത്തരം ''ഞാൻ നിങ്ങളുടെ പക്ഷക്കാരനാണ്'' എന്നോ ''ഞാൻ നിങ്ങളുടെ ശത്രുപക്ഷക്കാരനാണ്'' എന്നോ അല്ലെങ്കിൽ ''ഞാൻ നിഷ്പക്ഷനാണ്'' എന്നോ ആയിരുന്നിരിക്കും. അങ്ങനെയുള്ള

ഒരു ചോദ്യത്തിന് മാനുഷികമായ ഒരു ഉത്തരം മേൽപറഞ്ഞ ഏതെങ്കിലുമായിരിക്കും. എന്നാൽ യോശുവ കണ്ട ആറ വേറൊരു മണ്ഡലത്തിൽനിന്നു വന്നതായതുകൊണ്ട്, നീ യിസ്രായേല്യർക്ക് അനുകൂലിയോ പ്രതികൂലിയോ, എന്ന ചോദ്യത്തിന്, അപ്രതീക്ഷിതവും മനസ്സിലാക്കാൻ വിഷമവുമായ "അല്ല" എന്ന ഉത്തരമാണ് ലഭിച്ചത്. "അല്ല" എന്നുളളതിന്റെ അർത്ഥമെന്താണ്?

എല്ലാവരും എല്ലാവരേയും മനസ്സിലാക്കുകയും, സഹതാപപൂർവ്വം വീക്ഷിക്കുകയും, ആരും ആരേയും എതിർക്കുകയും ചെയ്യാത്തതും, ഓരോരുത്തരും ജ്വലിക്കുന്ന സ്നേഹത്താൽ അന്യോന്യം സ്നേഹിക്കുകയും ചെയ്യുന്ന ഒരു മണ്ഡലത്തിൽ നിന്നത്രെ അദ്ദേഹം വന്നത്.

മാനുഷികമായ ഒരു തലമുണ്ട്. ഈ തലത്തിൽ കമ്മ്യൂണിസത്തിനെതിരായി ശക്തിമത്തായ യുദ്ധം ചെയ്യേണ്ടിയിരിക്കുന്നു. ഈ തലത്തിൽ ആയിരിക്കുമ്പോറ, ക്രൂരവും അപരിഷ്കൃതവുമായ ഈ ആശയത്തിനനുസരണമായി ജീവിക്കുന്ന കമ്മ്യൂണിസ്ററുകാരോടു യുദ്ധം ചെയ്തേ മതിയാവൂ.

എന്നാൽ വിശ്വാസികറ മനുഷ്യർ മാത്രമല്ല, അവർ ദൈവീക പ്രകൃതിയുടെ അംശികളായ ദൈവമക്കളാണ്.

അതുകൊണ്ട് കമ്മ്യൂണിസ്ററ് ജയിലുകളിൽവച്ച് അനുഭവിച്ച ദണ്ഡനങ്ങറ എന്നെ കമ്മ്യൂണിസ്ററുകാരെ വെറുക്കുന്നവനാക്കിയിട്ടില്ല. അവർ ദൈവത്തിന്റെ സൃഷ്ടികളാണ്. അവരെ വെറുക്കുവാൻ എനിക്ക് എങ്ങനെ കഴിയും? എനിക്ക് അവരുടെ സ്നേഹിതൻ ആകാനും കഴിയുകയില്ല. രണ്ടാത്മാക്കറ ഒരു ഹൃദയത്തിൽ വസിക്കുന്നതത്രെ സ്നേഹം. ഞാൻ കമ്മ്യൂണിസ്ററുകാരന്റെ ആത്മാവുളളവനല്ല. ദൈവം എന്ന ചിന്തയെപ്പോലും അവർ എതിർക്കുന്നു. എന്നാൽ ഞാൻ ദൈവത്തെ സ്നേഹിക്കുന്നു.

"നിങ്ങറ കമ്മ്യൂണിസ്ററുകാർക്ക് എതിരാണോ അതോ അനുകൂലമാണോ" എന്നു ചോദിച്ചാൽ എന്റെ ഉത്തരം

സങ്കീർണ്ണമായിരിക്കും. ലോകത്തിലെ ഏററവും വലിയ ഭീഷണിയാണ് കമ്മ്യൂണിസം. ഞാൻ അതിനു എതിരാണെന്നു മാത്രമല്ല, കമ്മ്യൂണിസം ഇല്ലാതാകുന്നതുവരെ അതിനെതിരായി യുദ്ധം ചെയ്യാനും ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ ആത്മീയമായി ഞാൻ യേശുക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിലിരിക്കയാൽ "അല്ല" എന്നുള്ള ഉത്തരത്തിൻെറ മണ്ഡലത്തിലാണിരിക്കുന്നത്. ആ മണ്ഡലത്തിൽ, കമ്മ്യൂണിസ്ററുകാരുടെ തെററുകളും കുററങ്ങളും കണക്കാക്കപ്പെടാതെ അവർ സ്നേഹിക്കപ്പെടുന്നു. ഓരോ മനുഷ്യനും, ദൈവഹിതപ്രകാരം ക്രിസ്തുവിനെപ്പോലെ ആയിത്തീരുക എന്ന ഉന്നതമായ ജീവിത ലക്ഷ്യത്തിൽ എത്തിച്ചേരാനുള്ള സഹായം നല്കപ്പെടുന്നു. അതുകൊണ്ട് നിത്യജീവനെപ്പററിയുള്ള നല്ല വാർത്ത (സുവിശേഷം) കമ്മ്യൂണിസ്ററുകാരുടെയിടയിൽ പ്രചരിപ്പിക്കുക എന്നത്രെ എൻെറ ലക്ഷ്യം.

എൻെറ കർത്താവായ ക്രിസ്തു കമ്മ്യൂണിസ്ററുകാരെ സ്നേഹിക്കുന്നു. അവൻ എല്ലാവരേയും സ്നേഹിക്കുന്നവനും, നീതിമാൻമാരായ തൊണ്ണൂറെറാൻപതുപേരെയും വിട്ടിട്ട് കാണാതെ പോയ ഒരു പാപിയെ അന്വേഷിച്ചു കണ്ടെത്തുന്നവനുമാണ് എന്ന് അവൻ തന്നെ പറഞ്ഞിട്ടുണ്ട്. ഇപ്രകാരമുള്ള സാർവ്വലൗകീക സ്നേഹമത്രെ, അവൻെറ അപ്പോസ്തലൻമാരും ക്രിസ്തുമതത്തിലെ മഹാൻമാരായ ഗുരുക്കൻമാരും വിശുദ്ധനായ അവൻെറ നാമത്തിൽ പഠിപ്പിച്ചത്. വിശുദ്ധനായ മക്കാറി ഇങ്ങനെ പറയുകയുണ്ടായി: "ഒരുവൻ ഒരാളെ ഒഴികെ എല്ലാവരേയും ആത്മാർത്ഥമായി സ്നേഹിക്കുകയും, ആ ഒരാളെ മാത്രം സ്നേഹിക്കാൻ കഴിയുന്നില്ല എന്ന് പറയുകയും ചെയ്യുന്നെങ്കിൽ അവൻ ഒരു വിശ്വാസി അല്ല, കാരണം, അവൻെറ സ്നേഹം എല്ലാവരേയും ഉൾക്കൊള്ളുന്നില്ല." വിശുദ്ധനായ അഗസ്ററിൻ ഇങ്ങനെ പഠിപ്പിച്ചു: "ഒരാൾ ഒഴികെ ലോകത്തിലുള്ള എല്ലാവരും നീതിമാൻമാരായിരിക്കുകയും, ആ ഒരാൾ മാത്രം പാപിയായിരുന്നു എന്ന് വന്നിരുന്നുവെങ്കിലും ആ

വ്യക്തിക്കുവേണ്ടി ക്രിസ്തു ക്രൂശിൽ മരിക്കുമായിരുന്നു: കാരണം, ഓരോ വ്യക്തിയേയും അവൻ അത്രമാത്രം സ്നേഹിക്കുന്നു.'' ക്രിസ്തീയ ഉപദേശങ്ങൾ വ്യക്തമാണ്. കമ്മ്യൂണിസ്ററുകാർ മനുഷ്യരായതുകൊണ്ട് ക്രിസ്തു അവരെ സ്നേഹിക്കുന്നു. അതുപോലെതന്നെ ക്രിസ്തുവിൻെറ മനസ്സുള്ള ഓരോരുത്തരും ചെയ്യുന്നു. ഞങ്ങൾ പാപത്തെ വെറുക്കുന്നു എങ്കിലും പാപിയെ സ്നേഹിക്കുന്നു.

ഞങ്ങൾക്ക് കമ്മ്യൂണിസ്ററുകാരോടുള്ള സ്നേഹത്തിൽ കൂടിയത്രേ ക്രിസ്തുവിന് അവരോടുള്ള സ്നേഹത്തെ ഞങ്ങൾ മനസ്സിലാക്കുന്നത്.

ക്രിസ്തീയ തടവുകാരുടെ കാലുകൾ അമ്പത് റാത്തൽ തൂക്കമുള്ള ചങ്ങല കൊണ്ട് ബന്ധിച്ചിരിക്കുന്നതും, ചുട്ടുപഴുത്ത, കൂർത്ത കമ്പികൾകൊണ്ട് അവരെ ദണ്ഡിപ്പിക്കുന്നതും, അവരുടെ തൊണ്ടനിറയെ ഉപ്പുകുത്തിയിറക്കിയിട്ട് വെള്ളം പോലും കൊടുക്കാതെ പട്ടിണിയിടുന്നതും, ചാട്ടകൊണ്ട് അടിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. അത്രമാത്രം വേദന സഹിച്ചും, പനികൊണ്ട് കഷ്ടപ്പെടുകയും ചെയ്യുന്ന സമയത്തും, അവർ കമ്മ്യൂണിസ്ററുകാർക്കുവേണ്ടി, ആത്മാർത്ഥമായി, ശ്രദ്ധയോടുകൂടെ പ്രാർത്ഥിക്കുകയുണ്ടായി. ഇത് മനുഷ്യനാൽ അസാദ്ധ്യമാണ്! ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് പകരപ്പെട്ട ക്രിസ്തുവിൻെറ സ്നേഹം മൂലമാണ് അത് സാദ്ധ്യമായത്.

കുറെക്കാലം കഴിഞ്ഞപ്പോൾ ഞങ്ങളെ ദണ്ഡിപ്പിച്ച കമ്മ്യൂണിസ്ററുകാരും ജയിലിലടയ്ക്കപ്പെട്ടു. കമ്മ്യൂണിസ്ററ് വ്യവസ്ഥിതിയിൽ കമ്മ്യൂണിസ്ററുകാർ — കമ്മ്യൂണിസ്ററു നേതാക്കൻമാർപോലും — മററുള്ളവരെപ്പോലെ തന്നെ ജയിലിൽ അടയ്ക്കപ്പെടാറുണ്ട്.

ദണ്ഡിപ്പിച്ചവരും ദണ്ഡനമേററവരും ഒരേ ജയിലിലായിത്തീർന്നു. വിശ്വാസികളല്ലാത്ത തടവുകാർ, കഴിഞ്ഞ കാലത്ത് തങ്ങളെ പീഡിപ്പിച്ചവരെ വെറുക്കുകയും തല്ലുകയും ചെയ്യുക പതിവായിരുന്നെങ്കിലും വിശ്വാസികൾ മുൻകാലങ്ങളിൽ

തങ്ങളെ ദണ്ഡിപ്പിച്ചവർക്ക് തുണയായി നിന്നു. അങ്ങനെ ചെയ്തതിന്റെ ഫലമായി അവരും അടിയേല്ക്കുകയും കമ്മ്യൂണിസ്ററുകാരുടെ കൂട്ടാളികൾ എന്ന് വിളിക്കപ്പെടുകയും ചെയ്തു. വിശ്വാസികളായ തടവുകാർ തങ്ങൾക്ക് ഒരാഴ്ചയിൽ ലഭിക്കുന്ന ഏക കഷണം റൊട്ടിയും മരുന്നും ഒരിക്കൽ തങ്ങളെ ദണ്ഡിപ്പിച്ചവരും ഇപ്പോൾ സഹതടവുകാരനുമായ ഒരുവന്റെ ജീവൻ രക്ഷിക്കുന്നതിനായി കൊടുക്കുന്നത് ഞാൻ കണ്ടു.

റുമേനിയയിലെ മുൻ പ്രധാനമന്ത്രിയും ഒരു വിശ്വാസിയുമായിരുന്ന ഇയിലിയു മാനിയുവിന്റെ അന്ത്യ വാക്കുകൾ ഇതായിരുന്നു: ''കമ്മ്യൂണിസ്ററുകാർ എപ്പോഴെങ്കിലും നിലംപതിക്കുമെന്നിരിക്കട്ടെ. അപ്പോൾ ഒരു കാലത്ത് കമ്മ്യൂണിസ്ററുകാരുടെ മർദ്ദനമേററ ജനങ്ങളുടെ രോഷാഗ്നിയിൽ നിന്ന് കമ്മ്യൂണിസ്ററുകാരെ രക്ഷിക്കുന്നതിനായി ജീവനെ പണയംവെച്ചുകൊണ്ട് തെരുവുകളിലേക്കിറങ്ങുക എന്നുള്ളത് ഓരോ വിശ്വാസിയുടേയും വിശുദ്ധ കർത്തവ്യമാണ്.''

ഞാൻ രക്ഷിക്കപ്പെട്ട് ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഞാൻ അധികനാൾ ജീവിച്ചിരിക്കുകയില്ല എന്ന് എനിക്ക് തോന്നി. തെരുവുകളിൽക്കൂടി നടക്കുമ്പോൾ എന്നെ കടന്നുപോകുന്ന ഓരോ പുരുഷനേയും സ്ത്രീയേയും കാണുമ്പോൾ എനിക്ക് ശാരീരികമായ ഒരു വേദന അനുഭവപ്പെട്ടു. അവർ രക്ഷിക്കപ്പെട്ടവരാണോ എന്ന ചിന്ത എന്റെ ഹൃദയത്തിൽ എരിയുമ്പോൾ എന്റെ ചങ്കിൽ ഒരു കഠാരി ഇറങ്ങുന്നതുപോലെ യുള്ള ഒരു വേദന എനിക്ക് അനുഭവപ്പെട്ടു. എന്റെ സഭയിലെ ഒരംഗം ഏതെങ്കിലും ഒരു പാപം ചെയ്താൽ ഞാൻ പല മണിക്കൂറുകൾ കരയുമായിരുന്നു. എല്ലാ ആത്മാക്കളും രക്ഷിക്കപ്പെടണമെന്നുള്ള അതിയായ വാഞ്ഛ എനിക്കുണ്ടായിരുന്നു. അതിൽ കമ്മ്യൂണിസ്ററുകാരും ഉൾപ്പെട്ടിരുന്നു.

ജയിലിൽ ഏകാന്തവാസം അനുഭവിക്കുമ്പോൾ പണ്ടത്തെപ്പോലെ പ്രാർത്ഥിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. ഭാവനയ്ക്കപ്പുറമായി ഞങ്ങൾ വിശപ്പ് സഹിച്ചിരുന്നു.

ചിന്താശക്തി നശിച്ച് വിഡ്ഢികളാകുമാറ് ഞങ്ങൾക്ക് മയക്കുമരുന്നുകൾ തന്നിരുന്നു. ഞങ്ങൾ വെറും അസ്ഥിപഞ്ജരങ്ങളായി മാറിയിരുന്നു. ക്ഷീണവും അവശതയും മൂലം "കർത്താവിൻെറ പ്രാർത്ഥന" പോലും വളരെ നീണ്ടതായി ഞങ്ങൾക്കു തോന്നി. ആ പ്രാർത്ഥനപോലും മനസ്സുറപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. ഞാൻ സാധാരണയായി ഉരുവിടുന്ന പ്രാർത്ഥന ഇതായിരുന്നു: "യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു."

ഒരു സുദിനത്തിൽ എനിക്ക് യേശുവിൽനിന്നും ഉത്തരം ലഭിച്ചു: "നീ എന്നെ സ്നേഹിക്കുന്നുവോ? ഞാൻ നിന്നെ എത്രമാത്രം സ്നേഹിക്കുന്നു എന്ന് ഇപ്പോൾ കാണിച്ചുതരാം." ആ നിമിഷത്തിൽത്തന്നെ എൻെറ ഹൃദയത്തിൽ ഒരു ജ്വാല എരിയുന്നതായി എനിക്കു തോന്നി. എമ്മവുസിലേക്കു പോയ ശിഷ്യന്മാരോട് യേശുക്രിസ്തു സംസാരിച്ചപ്പോൾ, അവരുടെ ഹൃദയം എരിഞ്ഞുകൊണ്ടിരുന്നു എന്ന് എഴുതിയിരിക്കുന്നതു പോലെ എൻെറ ഹൃദയം കത്തുകയായിരുന്നു. എല്ലാവർക്കും വേണ്ടി ക്രൂശിൽ തൻെറ ജീവനെ വെച്ചുകൊടുത്തവൻെറ സ്നേഹം ഞാൻ അറിഞ്ഞു. അങ്ങനെയുള്ള സ്നേഹത്തിന്, കമ്മ്യൂണിസ്റ്റുകാരുടെ പാപങ്ങൾ എത്ര ഭയങ്കരമായാലും അവരെ ഒഴിച്ചു നിർത്തുവാൻ കഴിയുകയില്ല.

കമ്മ്യൂണിസ്റ്റുകാർ അതിഭയങ്കരമായ ദുഷ്ടകൃത്യങ്ങൾ ചെയ്തിട്ടുണ്ട്; ഇന്നു ചെയ്യുന്നുമുണ്ട്. എന്നാൽ "സ്നേഹത്തെ കെടുത്തുവാൻ ഏറിയ വെള്ളങ്ങൾ പോരാ." "സ്നേഹം മരണം പോലെ ശക്തിയുള്ളതും, വൈരാഗ്യം ശവക്കുഴി പോലെ കഠിനവുമാകുന്നു." മരണം എല്ലാവരേയും—സമ്പന്നന്മാരേയും, ദരിദ്രന്മാരേയും, യുവാക്കളെയും, യുവതികളെയും, വൃദ്ധന്മാരെയും, ദുഷ്ടൻമാരേയും, എല്ലാവിധ രാഷ്ട്രീയ ചിന്താഗതിക്കാരെയും അധീനപ്പെടുത്തുന്നതുപോലെതന്നെ, സ്നേഹം എല്ലാററിനേയും എല്ലാവരേയും ആശ്ളേഷിക്കുന്നു. ദൈവസ്നേഹം അവതാരമായിത്തീർന്ന ക്രിസ്തുവിൻെറ സ്നേഹം ഒരു നാളും നിന്നുപോകയില്ല. അത്

കമ്മ്യൂണിസ്റ്റുകാരേയും നേടും.

അർദ്ധപ്രാണാവസ്ഥയിൽ ഒരു സഭാശുശ്രൂഷകൻ ജയിലിലടയ്ക്കപ്പെട്ടു. അതിഭയങ്കരമായ അടികളേററതിൻെറ ഫലമായി അദ്ദേഹത്തിൻെറ മുഖത്തുനിന്നും ദേഹത്തുനിന്നും രക്തം ഒഴുകിയിരുന്നു. ഞങ്ങൾ അദ്ദേഹത്തിൻെറ ശരീരം കഴുകിവെടിപ്പാക്കി. അദ്ദേഹത്തിൻെറ അവസ്ഥകണ്ട് ചില തടവുകാർ കമ്മ്യൂണിസ്റ്റുകാരെ ശപിച്ചു. ഞരങ്ങിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "ദയവു ചെയ്ത് അവരെ ശപിക്കരുത്. നിശ്ശബ്ദമായിരിക്കുക. അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

## ജയിലിലും സന്തോഷം

പതിന്നാലു വർഷക്കാലത്തെ ജയിൽ ജീവിതത്തിലേക്ക് ഞാൻ തിരിഞ്ഞുനോക്കുമ്പോൾ, അതു പലപ്പോഴും സന്തോഷം നിറഞ്ഞതായിരുന്നു എന്ന് പറയേണ്ടിയിരിക്കുന്നു. ഭയങ്കരമായ സാഹചര്യങ്ങളിൽ വിശ്വാസികൾ സന്തോഷിക്കുന്നതു കണ്ട് മററു തടവുകാരും ജയിൽ കാവല്ക്കാരും അമ്പരന്നിട്ടുണ്ട്. ഞങ്ങൾ പാട്ടു പാടുന്നതിനെ തടസ്സപ്പെടുത്തുന്നതിനായി അവർ പലപ്പോഴും ഞങ്ങളെ അടിച്ചിട്ടുണ്ട്. എങ്കിലും ഞങ്ങളുടെ പാട്ടു നിർത്തുവാൻ അവർക്കു കഴിഞ്ഞില്ല. പാട്ടു കഴിയുമ്പോൾ പാട്ടു പാടിയതിനായി കൊല്ലപ്പെടുമെന്നറിഞ്ഞാൽ പോലും കുയിലുകൾ പാട്ടു പാടുമെന്ന് ഞാൻ ഊഹിക്കുന്നു. തടവുകാരായിരുന്ന വിശ്വാസികൾ സന്തോഷത്താൽ തുള്ളിച്ചാടി. ഏററവും സങ്കടകരമായ അവസ്ഥയിൽ അവർക്ക് ഇങ്ങനെ സന്തോഷിക്കുവാൻ എങ്ങനെ സാധിച്ചു?

"നിങ്ങൾ കാണുന്നതിനെ കാണുന്ന കണ്ണ് ഭാഗ്യമുള്ളത്" എന്ന് യേശുക്രിസ്തു ശിഷ്യന്മാരോടു പറഞ്ഞതായ വാക്കുകൾ ഞാൻ ധ്യാനിച്ചു. ശിഷ്യന്മാർ പലസ്തീൻ നാട്ടിൽ ഒരു യാത്ര കഴിഞ്ഞ് മടങ്ങി വന്നതായിരുന്നു. ഭയജനകമായ പല കാഴ്ചകളും അവർ കണ്ടു. പലസ്തീൻനാട് അന്ന് വിദേശമേധാവിത്വത്തിലായിരുന്നു. എവിടെ നോക്കിയാലും

മർദ്ദിതരായ ഒരു ജനവിഭാഗത്തിന്റെ അരിഷ്ടത നിറഞ്ഞ ജീവിതം ദൃശ്യമായിരുന്നു. ശിഷ്യന്മാർ കടന്നുചെന്ന പല ഭവനങ്ങളിലുമുള്ള ദേശസ്നേഹികരം തടവിലാക്കപ്പെട്ടിരുന്നതിനാൽ, കണ്ണുനീർ പൊഴിക്കുന്ന മാതാപിതാക്കന്മാരേയും ഭാര്യമാരേയും കാണുവാൻ കഴിഞ്ഞു. കാഴ്ചയിൽ അത് സുന്ദരമായ ഒരു ലോകമല്ലായിരുന്നു.

എങ്കിലും യേശുക്രിസ്തു പറഞ്ഞു: ''നിങ്ങരം കാണുന്നതിനെ കാണുന്ന കണ്ണ് ഭാഗ്യമുള്ളത്.'' കാരണം, കഷ്ടതയനുഭവിച്ചിരുന്നതായ ആ ജനതതിക്ക്, സകലരുടേയും രക്ഷിതാവും സർവ്വ നന്മയുടേയും ദാതാവും, മനുഷ്യവർഗ്ഗത്തിന്റെ ആത്യന്തിക ലക്ഷ്യവുമായവനെ കണ്ടെത്തുവാൻ കഴിഞ്ഞു. ഇലകളിൽ ഇഴഞ്ഞുനടക്കുന്ന ചില പുഴുക്കരംക്ക് ഒരു കാര്യം മനസ്സിലായി: അല്പകാലത്തേക്കുള്ള ഈ അരിഷ്ടജീവിതത്തിനുശേഷം പല വർണ്ണങ്ങളണിഞ്ഞ പൂമ്പാററകളായി പൂവുതോറും പറന്നു നടക്കുന്ന മനോഹരമായ ഒരു ജീവിതം അവർക്കുണ്ടാകാൻ പോകുന്നു എന്ന്. ഇപ്രകാരമുള്ള ഒരു സന്തോഷമാണ് ഞങ്ങരംക്കുമുണ്ടായിരുന്നത്.

ഇയ്യോബിനേക്കാരം കഷ്ടതകളനുഭവിച്ച ഇയ്യോബുമാർ എനിക്കു ചുററുമുണ്ടായിരുന്നു. എന്നാൽ ഇയ്യോബിന്റെ കഥ എനിക്ക് അറിയാമായിരുന്നു. അവന്റെ ജീവിതാന്ത്യത്തിൽ, തന്റെ അഗ്നിപരിശോധനകരംക്കുമുമ്പുണ്ടായിരുന്നതിന്റെ ഇരട്ടിയായ സമ്പൽസമൃദ്ധിയുണ്ടായി. ദരിദ്രനായ ലാസറിനെപ്പോലെ ചീഞ്ഞുനാറിയ വ്രണങ്ങളോടുകൂടിയ ലാസർമാർ എനിക്കു ചുററുമുണ്ടായിരുന്നു. എന്നാൽ അവരെ ദൈവദൂതന്മാർ അബ്രഹാമിന്റെ മടിയിലേക്ക് (സ്വർഗ്ഗത്തിലേക്ക്) കൊണ്ടുപോകുമെന്ന് എനിക്കറിയാമായിരുന്നു. ഭാവിയിൽ എന്തായിത്തീരുമെന്നും എനിക്കറിയാമായിരുന്നു. വൃത്തികെട്ട വസ്ത്രം ധരിച്ചവരായി എനിക്കു ചുററുമുണ്ടായിരുന്ന ബലഹീനരായ ആ തടവുകാർ, അനതിവിദൂരഭാവിയിൽ മനോഹര കിരീടങ്ങളണിയുന്ന വിശുദ്ധന്മാരായിത്തീരുമെന്ന് എനിക്കറിയാമായിരുന്നു.

ഇങ്ങനെയുള്ള ആളുകളെ, ഭാവിയിൽ അവർ ആരായിത്തീരുമെന്നുള്ള ചിന്തയോടുകൂടെ വീക്ഷിക്കുമ്പോൾ —തർശീശുകാരനായ ശൗൽ അപ്പോസ്തലനായ പൗലോസ് ആയിത്തീർന്നതുപോലെ—ഞങ്ങളെ ദണ്ഡിപ്പിച്ചിരുന്നവരെ ഭാവിയിലെ വിശുദ്ധന്മാരായി കാണുവാനും എനിക്കു കഴിഞ്ഞു. ചിലർ അങ്ങനെ രൂപാന്തരം പ്രാപിച്ചുകഴിഞ്ഞിരുന്നു. രഹസ്യപ്പോലീസിലെ ഉദ്യോഗസ്ഥന്മാരോട് യേശുക്രിസ്തുവിനെപ്പററി സാക്ഷിച്ചതിൻെറ ഫലമായി അവർ വിശ്വാസികളായിത്തീരുകയും, തൽഫലമായി ജയിലിലെ യാതനകളെ യേശുക്രിസ്തുവിനുവേണ്ടി അവർ സന്തോഷത്തോടുകൂടെ സഹിക്കുകയും ചെയ്തു. അപ്പോസ്തലനായ പൗലോസിനെ ചാട്ടകൊണ്ടടിക്കുകയും, പിന്നീടു മാനസാന്തരപ്പെട്ട് വിശ്വാസിയായിത്തീരുകയും ചെയ്ത ഫിലിപ്പ്യയിലെ കാരാഗൃഹപ്രമാണിയെപ്പോലെ, ഞങ്ങളെ അടിച്ച പല ജയിലധികാരികളും രൂപാന്തരം പ്രാപിക്കാനുള്ള സാദ്ധ്യത ഞങ്ങൾ കണ്ടു. "രക്ഷപ്രാപിപ്പാൻ ഞങ്ങൾ എന്തുചെയ്യേണ്ടു" എന്ന ചോദ്യം അധികം താമസിയാതെ അവർ ചോദിക്കുമെന്നു ഞങ്ങൾ സ്വപ്നം കണ്ടു. വിശ്വാസികളുടെ ശരീരത്തിൽ മലമൂത്രവിസർജ്ജനം ചെയ്തതിനുശേഷം അവരെ ക്രൂശുകളിൽ കെട്ടുന്നതുകണ്ടു പരിഹസിക്കുന്നവരിൽ, ക്രൂശിൽ കിടക്കുന്ന യേശുക്രിസ്തുവിനെ പരിഹസിച്ചവരും, അല്പസമയത്തിനുശേഷം പാപം ചെയ്തുവല്ലോ എന്ന ഭയത്താൽ മാറത്തടിച്ചവരുമായ ഗോൽഗോഥായിലെ ജനത്തെയാണ് ഞങ്ങൾ ദർശിച്ചത്.

കമ്മ്യൂണിസ്ററുകാർ രക്ഷയുടെ അനുഭവത്തിലേക്കു വരുമെന്നുള്ള കാര്യം ജയിലിൽ വെച്ചാണ് ഞങ്ങൾക്കു മനസ്സിലായത്. അന്നു മുതൽ അവരെപ്പററിയുള്ള ഉത്തരവാദിത്വബോധം ഞങ്ങളിലുണ്ടായി. ഞങ്ങളെ അവർ ദണ്ഡിപ്പിച്ചപ്പോഴാണ് അവരെ സ്നേഹിക്കുവാൻ ഞങ്ങൾ പഠിച്ചത്.

എൻെറ കുടുംബത്തിലുള്ള ഭൂരിഭാഗം ആളുകളും

കൊല്ലപ്പെട്ടു. എന്നാൽ എന്റെ ഭവനത്തിൽവച്ച് അവരുടെ ഘാതകൻ രക്ഷയുടെ അനുഭവത്തിലേക്കു വരുന്നതിനിടയായി. ഏററവും അനുയോജ്യമായ ഒരു സ്ഥലമായിരുന്നു അത്. കമ്മ്യൂണിസ്ററുകാരുടെയിടയിൽ രക്ഷാസന്ദേശം അയയ്ക്കുക എന്ന ആദർശം ജന്മമെടുത്തത് ജയിലിൽവെച്ചാണ്.

ഒരു ഉറുമ്പിന്റെ കാഴ്ചയിൽ നിന്നും വ്യത്യസ്തമായി നാം കാണുന്നതുപോലെ, നമ്മുടെ കാഴ്ചയിൽനിന്ന് വ്യത്യസ്തമായ കാഴ്ചയാണു ദൈവത്തിനുള്ളത്. മാനുഷിക കാഴ്ചയിൽ, ശരീരത്തിൽ മലമൂത്രവിസർജ്ജനം ചെയ്തശേഷം ക്രൂശിൽ കെട്ടിയിടുക എന്നത് ഭയങ്കരമായ ഒരു സംഗതിയാണ്. എങ്കിലും രക്തസാക്ഷികളായിത്തീർന്നവരുടെ യാതനകളെപ്പററി 'ലഘുകഷ്ടം' എന്നത്രെ വേദപുസ്തകം പറയുന്നത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ജയിലിൽ കഴിച്ച പതിന്നാലുവർഷങ്ങൾ നീണ്ട പതിന്നാലുവർഷങ്ങളായിരുന്നു. എന്നാൽ "തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്ന നൊടിനേരം" എന്നത്രെ വേദപുസ്തകം അതിനെ വിളിക്കുന്നത്. അതുകൊണ്ട് കമ്മ്യൂണിസ്ററുകാർ ഞങ്ങൾക്കെതിരായി ചെയ്യുന്ന അതിഭയങ്കര കുററങ്ങൾ പൊറുക്കാൻ കഴിയാത്തതും ഞങ്ങൾ അങ്ങേ അററം ചെറുക്കേണ്ടവയുമാണെങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ അത് ഞങ്ങൾ കാണുന്നതിനേക്കാൾ ലഘുവാണ്. ആയിരം വർഷങ്ങൾ ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരു ദിവസംപോലെ യിരിക്കുന്നതിനാൽ, അര ശതാബ്ദത്തോളമായി നിലനില്ക്കുന്ന മർദ്ദനം ഒരു പക്ഷെ ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരു നിമിഷത്തെ വഴിപിഴപ്പായിരിക്കാം. എന്നാലും ഇപ്പോഴും അവർ രക്ഷിക്കപ്പെടുവാൻ സാദ്ധ്യമാണ്.

സ്വർഗ്ഗീയ യരുശലേം ഒരമ്മയാണ്, അമ്മയെപ്പോലെ സ്നേഹിക്കുകയും ചെയ്യുന്നു. സ്വർഗ്ഗരാജ്യത്തിന്റെ കവാടങ്ങൾ കമ്മ്യൂണിസ്ററുകാരുടെ നേരെ അടച്ചിട്ടില്ല — അവർക്കുവേണ്ടിയുള്ള വെളിച്ചം കെട്ടുപോയിട്ടില്ല. മററുള്ള ഏതൊരുവനേയുംപോലെ അവർക്കും അനുതപിച്ചു മാനസാന്തരപ്പെടാം.

അവരെ നാം അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും ആഹ്വാനം ചെയ്യേണ്ടിയിരിക്കുന്നു.

സ്നേഹത്തിനുമാത്രമേ കമ്മ്യൂണിസ്ററുകാരെ രൂപാന്തരപ്പെടുത്തുവാൻ കഴിയുകയുള്ളു. (പല സഭാനേതാക്കന്മാരും ചെയ്യുന്നതുപോലെ കമ്മ്യൂണിസ്ററുകാർ പറയുന്നതെല്ലാം അനുസരിക്കുന്നതല്ല സ്നേഹം). വിദ്വേഷം കണ്ണുകളെ കുരുടാക്കുന്നു. ഹിററ്ലർ കമ്മ്യൂണിസ്ററ് വിരോധിയായിരുന്നു എന്നു മാത്രമല്ല, കമ്മ്യൂണിസ്ററുകളെ വെറുക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് അവരെ കീഴടക്കുന്നതിനു പകരം ലോകത്തിൻെറ മൂന്നിലൊന്ന് ജയിച്ചെടുക്കുവാൻ അവരെ സഹായിക്കുകയത്രെ ചെയ്തത്.

സ്നേഹത്തോടുകൂടി, ജയിലിലുള്ള കമ്മ്യൂണിസ്ററുകാരുടെയിടയിൽ സുവിശേഷപ്രവർത്തനം ചെയ്യുവാൻ ഞങ്ങൾ പദ്ധതി തയ്യാറാക്കി. അതിനാൽ ആദ്യമായി കമ്മ്യൂണിസ്ററ് അധികാരികളെപ്പററി ഞങ്ങൾ ചിന്തിച്ചു.

ചില സുവിശേഷ പ്രചരണ സംഘടനകളുടെ നേതാക്കൾക്ക് സഭാചരിത്രം വേണ്ടതുപോലെ അറിഞ്ഞുകൂടെന്നു തോന്നുന്നു. നോർവെ രാജ്യത്തിൽ സുവിശേഷം എത്തിച്ചത് എങ്ങനെയായിരുന്നു? —ഓലാഫ് രാജാവിനെ സുവിശേഷസന്ദേശത്താൽ നേടി എടുത്തുകൊണ്ട്. റഷ്യയിലെ വ്ളാഡിമർ രാജാവിനെ സുവിശേഷത്താൽ നേടിയെടുത്തപ്പോഴത്രേ റഷ്യയിൽ സുവിശേഷം എത്തിയത്. ഹംഗറിയിലെ രാജാവായിരുന്ന വി. സ്ററീഫനെ സുവിശേഷത്താൽ നേടി എടുത്തതിനാലത്രെ ഹംഗറിയിൽ എങ്ങും സുവിശേഷം എത്തിയത്. പോളണ്ടിൻെറയും കഥ ഇതുതന്നെ. ആഫ്രിക്കയിൽ ഒരു കുലത്തിൻെറ നായകനെ സുവിശേഷത്താൽ നേടുമ്പോൾ, ആ വർഗ്ഗക്കാരെല്ലാം നേതാവിൻെറ കാൽച്ചുവടു പിൻതുടരുന്നു. സാധാരണക്കാരായ കമ്മ്യൂണിസ്ററുകാരുടെയിടയിൽ ഞങ്ങൾ സുവിശേഷ പ്രവർത്തനം നടത്തിയതിനാൽ അനേകർ രക്ഷിക്കപ്പെട്ടു. എന്നാൽ സ്ഥിതിഗതികളെ മാററുവാനുള്ള സ്വാധീനശക്തി അവർക്കില്ലായിരുന്നു.

നാം നേതാക്കന്മാരെ നേടിയേ മതിയാവൂ. രാഷ്ട്രീയ സാമ്പത്തിക തലങ്ങളിലും, ശാസ്ത്രീയരംഗത്തും, കലാമണ്ഡലങ്ങളിലുമുള്ള നേതാക്കന്മാരെ. അവർ ജനങ്ങളെ വഴിനടത്തുന്നവരും രൂപാന്തരപ്പെടുത്തുന്നവരുമാണ്. അവരെ നേടുന്നതിലൂടെ അവരുടെ സ്വാധീനത്തിലുള്ളവരും, അവർ നയിക്കുന്നവരുമായ ജനങ്ങളെ നേടുവാൻ നമുക്കു കഴിയും.

ഈ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ കമ്മ്യൂണിസത്തിന് മററു വ്യവസ്ഥിതികൾക്കില്ലാത്ത ഒരു വിശേഷതയുണ്ട്. മററുള്ള വ്യവസ്ഥിതികളേക്കാൾ കേന്ദ്രീകൃതമാണ് കമ്മ്യൂണിസ്ററ് വ്യവസ്ഥിതി. അമേരിക്കയിലെ പ്രസിഡൻറ്, മോർമോൺ സംഘടനയിൽ ചേർന്നു എന്ന് വിചാരിക്കുക. അതുകൊണ്ട് അമേരിക്കക്കാർ എല്ലാവരും മോർമോണിസത്തിൻെറ അംഗങ്ങളാകാൻ പോകുന്നില്ല. എന്നാൽ മാവോ സേതുങ്ങോ, ബ്രെഷ്നേവോ, സീഷെസ്കുവോ മാനസാന്തരപ്പെട്ട് ഒരു വിശ്വാസിയായിത്തീർന്നിരുന്നുവെങ്കിൽ അതുമൂലം ആ രാജ്യങ്ങളിലാകമാനം സുവിശേഷ സന്ദേശം എത്തിക്കുവാൻ കഴിയുമായിരുന്നു. നേതാക്കന്മാർക്കുള്ള സ്വാധീനശക്തി അത്രമാത്രം വലുതാണ്.

എന്നാൽ ഒരു കമ്മ്യൂണിസ്ററു നേതാവ് മാനസാന്തരപ്പെട്ട് തിരിയുക എന്നത് സാദ്ധ്യമാണോ? തീർച്ചയായും സാദ്ധ്യമാണ്. അവൻെറ കീഴിലുള്ള മർദ്ദിതരായ ജനവിഭാഗത്തെപ്പോലെ അവനും അരക്ഷിതാവസ്ഥയിലും സന്തോഷമില്ലാത്ത അവസ്ഥയിലുമത്രെ കഴിയുന്നത്. റഷ്യയിലുള്ള മിക്ക കമ്മ്യൂണിസ്ററു നേതാക്കന്മാരുടേയും അവസാനം — ഒന്നുകിൽ ജയിൽവാസം, അല്ലെങ്കിൽ സ്വന്ത സഖാക്കളാൽ തോക്കിനിരയായിത്തീരുക എന്നുള്ളതായിരുന്നു. ചൈനയിലേയും അവസ്ഥ ഇതുതന്നെ. ആഭ്യന്തര കാര്യ മന്ത്രിമാരായിരുന്ന അയാഗോഡ, അയിജോവ്, ബെറിയാ എന്നിവർക്ക് എല്ലാ അധികാരങ്ങളും ഉണ്ടെന്നു തോന്നിയിരുന്നെങ്കിലും കമ്മ്യൂണിസ്ററ് വിപ്ളവത്തിനെതിരായി പ്രവർത്തിക്കുന്നവരെപ്പോലെതന്നെ അവരുടെ ജീവിതവും

അസ്തമിച്ചു — കഴുത്തിൽ ഒരു വെടിയുണ്ട കേറി അവരുടെ കഥ കഴിഞ്ഞു. ഈ അടുത്തകാലത്ത് സോവിയററ് യൂണിയനിലെ ആഭ്യന്തര മന്ത്രിയായിരുന്ന ഷെപ്പിലിൻ, യൂഗോസ്ളാവിയായിലെ ആഭ്യന്തരമന്ത്രിയായിരുന്ന റാങ്കോവിക് എന്നിവർ പഴന്തുണിക്കഷണങ്ങാംപോലെ എറിയപ്പെട്ടു.

## കമ്മ്യൂണിസത്തോട് ആത്മീയമായി പോരാടുന്നതെങ്ങനെ?

കമ്മ്യൂണിസ്ററ് വ്യവസ്ഥിതിയിൽ ആരും— കമ്മ്യൂണിസത്തിൻെറ നന്മകാം അനുഭവിക്കുന്നവർപോലും — സന്തുഷ്ടരല്ല. പാർട്ടിയുടെ അഭിപ്രായ നില മാറുമ്പോാം ഏതെങ്കിലും ഒരു രാത്രിയിൽ രഹസ്യപ്പോലീസിൻെറ വണ്ടി വന്ന് തങ്ങളെ പിടിച്ചുകൊണ്ടു പോകുമെന്ന് അങ്ങനെയുള്ളവർ ഭയപ്പെടുന്നു.

പല കമ്മ്യൂണിസ്ററ് നേതാക്കളെയും ഞാൻ വ്യക്തിപരമായി അടുത്തറിഞ്ഞിട്ടുണ്ട്. അവർ അതിയായ ഭാരം വഹിക്കുന്നവരാണ്. യേശുക്രിസ്തുവിനു മാത്രമേ അവർക്ക് ആശ്വാസം കൊടുക്കുവാൻ കഴിയുകയുള്ളു.

കമ്മ്യൂണിസ്ററ് നേതാക്കളെ ക്രിസ്തുവിനുവേണ്ടി നേടിയെടുക്കുകയെന്നാൽ — ലോകത്തെ അണ്വായുധനാശത്തിൽ നിന്നും രക്ഷിക്കുക എന്നാണർത്ഥം. മാത്രമല്ല, മനുഷ്യവർഗ്ഗം പട്ടിണിയിൽനിന്നും രക്ഷിക്കപ്പെടും. കാരണം, ഇന്ന് ലോകവരുമാനത്തിൻെറ ഒരു നല്ല പങ്ക് മാരകായുധസംഭരണത്തിനായി ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. കമ്മ്യൂണിസ്ററ് നേതാക്കന്മാരെ നേടിയാൽ അന്താരാഷ്ട്രീയ സംഘട്ടനങ്ങാം അവസാനിക്കും. കമ്മ്യൂണിസ്ററ് ഭരണാധിപന്മാരെ നേടുമ്പോാം ക്രിസ്തുവും ദൂതന്മാരും സന്തോഷിക്കും. അതു ക്രിസ്തീയ സഭയുടെ ജയോത്സവവുമായിരിക്കും. കമ്മ്യൂണിസ്ററ് നേതാക്കളെ നേടിക്കഴിഞ്ഞാൽ, മിഷനറിമാർ അത്യദ്ധ്വാനം ചെയ്യുന്ന ന്യൂഗിനി, മഡഗാസ്ക്കർ ആദിയായ രാജ്യങ്ങളെ പൂർണ്ണമായി നേടുവാൻ കഴിയുമെന്നു മാത്രമല്ല,

ക്രിസ്തീയ സഭയ്ക്ക് ഒരു പുതിയ ശക്തി ലഭിക്കുകയും ചെയ്യും.

സുവിശേഷപ്രവർത്തനത്തിന് തന്ത്രപ്രധാനമായ ചിന്തകരം ആവശ്യമായിരിക്കുന്നു. രക്ഷയെ സംബന്ധിച്ചിടത്തോളം എല്ലാ മനുഷ്യരും തുല്യരാണ്. എന്നാൽ സുവിശേഷവേലയുടെ തന്ത്രപ്രാധാന്യത്തോടുള്ള ബന്ധത്തിൽ എല്ലാവരും തുല്യരല്ല. അപരിഷ്കൃതനായ ഒരു കാട്ടാളനെ നേടി അവൻെറ രക്ഷയെപ്പററി അവന് ഉറപ്പുകൊടുക്കുന്നതിനേക്കാരം, രക്ഷിക്കപ്പെട്ടശേഷം ആയിരങ്ങളെ നേടുവാൻ സ്വാധീനശക്തിയുള്ള ഉന്നതസ്ഥാനികളായ ആളുകളെ നേടുന്നതായിരിക്കും കൂടുതൽ പ്രാധാന്യമായത്. അതുകൊണ്ടത്രെ ഏതെങ്കിലും ഒരു ചെറിയ ഗ്രാമത്തിൽ തൻെറ പരസ്യ ശുശ്രൂഷ അവസാനിപ്പിക്കുന്നതിനുപകരം, ലോകത്തിൻെറ ആത്മീയ തലസ്ഥാനമായ യരൂശലേമിൽ യേശുക്രിസ്തു തൻെറ ശുശ്രൂഷയെ അവസാനിപ്പിച്ചത്. അതേ കാരണത്താലത്രെ അപ്പോസ്തലനായ പൗലോസ് റോമാ നഗരത്തിൽ അത്രമാത്രം അത്യദ്ധ്വാനം ചെയ്തത്.

വേദപുസ്തകം പറയുന്നു: "സ്ത്രീയുടെ സന്തതി സർപ്പത്തിൻെറ തല തകർക്കും." നാം സർപ്പത്തിൻെറ പള്ളയ്ക്ക് ഇക്കിളിയിടുന്നതു കണ്ട് അതു ചിരിക്കുകയാണ്. സർപ്പത്തിൻെറ തല മോസ്ക്കോയുടെയും പീക്കിംഗിൻെറയും ഇടയ്ക്ക് എവിടെയോ ആണ്. അല്ലാതെ ടൂനീസിലോ മഡഗാസ്ക്കറിലോ അല്ല. ക്രിസ്തീയസഭയും സുവിശേഷപ്രചരണസംഘങ്ങളും, ചിന്താശീലരായ എല്ലാ വിശ്വാസികളും കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ സുവിശേഷം എത്തിക്കുന്നതിനെപ്പററി ഭാരവും കരുതലുമുള്ളവരായിരിക്കേണ്ടതാണ്.

ഒരു സാധാരണ പതിവ് എന്ന നിലയിലുള്ള നമ്മുടെ സുവിശേഷവേല നാം അവസാനിപ്പിക്കണം. "യഹോവയുടെ പ്രവൃത്തി ഉദാസീനതയോടുകൂടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ" എന്ന് ദൈവവചനം പറയുന്നു. കമ്മ്യൂണിസത്തിനെതിരെ ക്രിസ്തീയസഭ മുഖാമുഖമായുള്ള

ഒരു ആത്മീയ യുദ്ധത്തിൽ ഏർപ്പെടേണ്ടത് ആവശ്യമാണ്.

ശത്രുവിനെ ആക്രമിച്ചെങ്കിൽ മാത്രമേ യുദ്ധം ജയിക്കുകയുള്ളു — പ്രതിരോധ തന്ത്രങ്ങൾകൊണ്ട് യുദ്ധം ജയിക്കുകയില്ല. കമ്മ്യൂണിസത്തോടുള്ള ബന്ധത്തിൽ ക്രിസ്തീയ സഭ ഇന്നുവരെ പ്രതിരോധ പ്രവർത്തനങ്ങളിൽ മാത്രമാണ് ഏർപ്പെട്ടിരുന്നത്. അതിന്റെ ഫലമായി ഒന്നിനുപുറകെ ഒന്നായി പല രാജ്യങ്ങൾ കമ്മ്യൂണിസ്റ്റുകാർ കീഴടക്കി.

ക്രിസ്തീയ സഭയുടെ ഈ അവസ്ഥ പാടേ മാറേണ്ടിയിരിക്കുന്നു. "ദൈവം ഇരുമ്പുകോലിനെ ഒടിക്കും." എന്ന് ഒരു സങ്കീർത്തനത്തിൽ പറയുന്നു. ഇരുമ്പുമറ ദൈവത്തിന് ഏതുമില്ല.

ആദിമസഭ രഹസ്യത്തിലും, നിലവിലിരിക്കുന്ന ചട്ടങ്ങൾക്കെതിരായും പ്രവർത്തിക്കുകയും, ജയം പ്രാപിക്കുകയും ചെയ്തു. ആ രീതിയിൽതന്നെ പ്രവർത്തിക്കുവാൻ നാം പഠിക്കേണ്ടിയിരിക്കുന്നു.

പുതിയനിയമത്തിൽ, പലർക്കും മററു പേരുകൾ ഉണ്ട്. മർക്കോസ് എന്നു പേരുള്ള യോഹന്നാൻ, നിഗർ എന്നുപേരുള്ള ശിമ്യോൻ. കമ്മ്യൂണിസ്ററുകാർ ആധിപത്യത്തിൽ വരുന്നതുവരെ അതിന്റെ കാരണമെന്തെന്നു എനിക്കു മനസ്സിലായില്ല. കമ്മ്യൂണിസ്ററു രാജ്യങ്ങളിലുള്ള സുവിശേഷ പ്രവർത്തനങ്ങളിൽ ഞങ്ങൾ രഹസ്യപേരുകൾ ഉപയോഗിക്കുന്നു.

യേശുക്രിസ്തു ശിഷ്യന്മാരുമായി അവസാനത്തെ അത്താഴം കഴിക്കുവാനാഗ്രഹിക്കുമ്പോൾ ശിഷ്യന്മാർക്കു ഒരു മേൽവിലാസം കൊടുത്തിട്ട് അവിടെ അത്താഴം തയ്യാറാക്കുവാൻ പറഞ്ഞില്ല. "നിങ്ങൾ പട്ടണത്തിൽ എത്തുമ്പോൾ ഒരു കുടം ചുമന്നുകൊണ്ട് ഒരു മനുഷ്യൻ നിങ്ങൾക്ക് എതിർപെടും" എന്ന ഒരടയാളം മാത്രം കൊടുത്തു. അതിന്റെ കാരണമെന്തെന്നു എനിക്ക് അറിഞ്ഞുകൂടായിരുന്നു. എന്നാൽ ഇപ്പോൾ അതു മനസ്സിലാക്കുന്നു. ഒളിവുസഭയിൽ ഞങ്ങൾ പ്രവർത്തിക്കുന്നതും അങ്ങനെയുള്ള രഹസ്യ അടയാളങ്ങൾ ഉപയോഗിച്ചാണ്.

ആദിമക്രിസ്ത്യാനികൾ പ്രവർത്തിച്ചതുപോലെയുള്ള രീതിയിൽ പ്രവർത്തിക്കാൻ നാം തയ്യാറാകുമെങ്കിൽ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ യേശുക്രിസ്തുവിനുവേണ്ടി ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും.

എന്നാൽ പശ്ചിമ രാജ്യങ്ങളിലുള്ള സഭാനേതാക്കന്മാരോടു ഞാൻ സംസാരിച്ചപ്പോൾ, കമ്മ്യൂണിസ്റ്റുകാരോടുള്ള അവരുടെ നയം എനിക്കു മനസ്സിലായി. നല്ല ശമര്യാക്കാരനെപ്പോലെയുള്ള മനസ്സലിവ് അവർക്കില്ലായിരുന്നു. കമ്മ്യൂണിസ്റ്റുകാരോടു സ്നേഹമുണ്ടായിരുന്നെങ്കിൽ, കാറൽമാർക്സിൻെറ ഭവനത്തിൽ ഒരു സംഘം പണ്ടുതന്നെ ഉണ്ടാകുമായിരുന്നു.

ഒരുവൻ നാവുകൊണ്ട് ഉരുവിടുന്നതല്ല, പിന്നെയോ ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടി അവൻ ജീവനെ ബലികഴിക്കാൻ തയ്യാറുണ്ടോ, അവയത്രെ അവൻെറ വിശ്വാസപ്രമാണങ്ങൾ.

തങ്ങളുടെ വിശ്വാസത്തിനുവേണ്ടി മരണം വരിക്കാൻ അവർ തയ്യാറാണെന്ന് ഒളിവു സഭയിലെ വിശ്വാസികൾ തെളിയിച്ചു കഴിഞ്ഞു. ഒരു കമ്മ്യൂണിസ്റ്റ് രാജ്യത്തിൽ തടവോ ദണ്ഡനങ്ങളോ മരണമോ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള ഒരു വേലയിലത്രെ ഞാൻ ഏർപ്പെട്ടിരിക്കുന്നത്. കാരണം, ഇരുമ്പുമറയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന ഒരു രഹസ്യ സുവിശേഷ പ്രവർത്തനം ഞാൻ നയിച്ചുകൊണ്ടിരിക്കയാണ്. അതിൻെറ സകല ഉത്തരവാദിത്വവും അപകട സാദ്ധ്യതകളും എനിക്കുണ്ട്. ഞാൻ പറയുന്ന കാര്യങ്ങൾ ഞാൻ വിശ്വസിക്കുന്നു.

എനിക്കു ചോദിക്കുവാൻ അവകാശമുണ്ട്: കമ്മ്യൂണിസ്റ്റുകാരുമായി സ്നേഹബന്ധം പുലർത്തുന്ന പശ്ചിമ രാജ്യങ്ങളിലെ സഭാനേതാക്കന്മാർ അവരുടെ വിശ്വാസത്തിനു വേണ്ടി മരിക്കാൻ തയ്യാറാണോ? പശ്ചിമ രാജ്യങ്ങളിലുള്ള അവരുടെ ഉന്നത സ്ഥാനങ്ങൾ ഉപേക്ഷിച്ചു പൗരസ്ത്യദേശത്തു കമ്മ്യൂണിസ്റ്റുകാരുടെയിടയിൽ വന്നു ഔദ്യോഗിക സഭാ പരിപാലകരായി പ്രവർത്തിക്കുന്നതിനും അവിടെ സഹകരിക്കുന്നതിനും എന്താണ് തടസ്സം? തക്കതായ വിശ്വാസം

ഉണ്ടെന്ന് പശ്ചിമരാജ്യങ്ങളിലുള്ള ഒരു സഭാനേതാവെങ്കിലും, ഇതുവരെ തെളിയിച്ചിട്ടില്ല.

വേട്ടയാടുന്നതിലും, മീൻ പിടിക്കുന്നതിലും പിന്നീട് ജീവിതത്തിനാവശ്യമുള്ള പൊതു ഉല്പാദന പ്രവർത്തനങ്ങളിൽ അന്യോന്യം ആശയവിനിമയം ചെയ്യുന്നതിനും, അന്യോന്യം പ്രകാശിപ്പിക്കുന്നതിനുമുള്ള ആവശ്യത്തിൽ നിന്നത്രെ മനുഷ്യൻെറ വാക്കുകൾ രൂപം കൊണ്ടത്. എന്നാൽ ദൈവിക മർമ്മങ്ങളേയും ആത്മീയ ജീവിതത്തിൻെറ ഉന്നതികളെയും വേണ്ടവിധം പ്രകാശിപ്പിക്കുന്നതിന് മനുഷ്യൻെറ വാക്കുകൾ അപര്യാപ്തമാണ്.

അതുപോലെതന്നെ പൈശാചികമായ ക്രൂരതകളെ വിവരിക്കുവാൻ പര്യാപ്തമായ വാക്കുകളില്ല. നാസികൾ എരിയുന്ന തീച്ചൂളയിലേക്ക് എറിയുവാൻ തുടങ്ങുന്ന ഒരുവൻെറ ചിന്തകളോ, അവൻെറ കണ്ണിൻ മുൻപിൽവച്ച് തൻെറ പൈതലിനെ എരിയുന്ന തീച്ചൂളയിലേക്ക് എറിയുന്നതുകണ്ട ഒരുവൻെറ വികാരങ്ങളെ വാക്കുകളാൽ പ്രകാശിപ്പിക്കുവാൻ നിങ്ങൾക്കു കഴിയുമോ? അതുപോലെതന്നെ കമ്മ്യൂണിസ്ററു കാരുടെ കീഴിൽ വിശ്വാസികൾ അനുഭവിച്ചതും ഇപ്പോഴും അനുഭവിക്കുന്നതും എന്തെന്നു വിവരിക്കാൻ ശ്രമിക്കുന്നത് വ്യർത്ഥമാണ്.

റുമേനിയായിൽ കമ്മ്യൂണിസത്തെ അധികാരത്തിലേക്കു കൊണ്ടുവന്ന ലുക്രേഷ്യു പട്രാസ്കാനു എന്ന ആ വ്യക്തിയോടുകൂടെ ഞാൻ ജയിലിൽ കഴിയുകയുണ്ടായി. അദ്ദേഹത്തിൻെറ സഖാക്കൾ അദ്ദേഹത്തിനുകൊടുത്ത പ്രതിഫലം ജയിൽവാസമായിരുന്നു. അദ്ദേഹം സുബുദ്ധിയുള്ളവനായിരുന്നുവെങ്കിലും അദ്ദേഹത്തെ ഒരു ഭ്രാന്താലയത്തിൽ ഭ്രാന്തന്മാരോടുകൂടി പാർപ്പിക്കുകയും, അതിൻെറ ഫലമായി കുറെക്കാലം കൊണ്ട് അദ്ദേഹം ഒരു ഭ്രാന്തനായിത്തീരുകയും ചെയ്തു. സ്റേററ് സെക്രട്ടറിയായി രുന്ന അന്നാപോക്കറോടും അവർ അതുതന്നെ ചെയ്തു. പലപ്പോഴും വിശ്വാസികളോട് അവർ ഈ വിധത്തിൽ

പെരുമാറുക പതിവാണ്. വിദ്യാർത്ഥികളെ വൈദ്യുതാഘാത മേല്പിക്കുന്നതും സാധാരണമാണ്.

ചൈനയിലെ തെരുവുകളിൽ നടക്കുന്ന സംഭവങ്ങാം കോംക്കുമ്പോാം ലോകം ഞെട്ടിപോകുകയാണ്. എല്ലാവരുടേയും മുൻപിൽ ചുവപ്പുസൈന്യം അവരുടെ ഭീകരവാഴ്ച നടത്തുകയാണ്. അങ്ങനെയിരിക്കെ, ആരും കാണാതെ ജയിലുകളിൽ കിടക്കുന്ന വിശ്വാസികാംക്ക് എന്തു സംഭവിക്കുന്നു എന്നു ഊഹിക്കുക.

തങ്ങളുടെ വിശ്വാസം ത്യജിക്കാൻ വിസമ്മതിച്ച ചൈനയിലെ പ്രസിദ്ധനായ ഒരു സുവിശേഷവിഹിത എഴുത്തുകാരനായ ഒരു നേതാവിൻെറയും മററു ചില വിശ്വാസികളുടേയും രണ്ടു ചെവികളും, നാക്കും രണ്ടു കാലുകളും കമ്മ്യൂണിസ്ററുകാർ മുറിച്ചുകളഞ്ഞു.

കമ്മ്യൂണിസ്ററുകാർ ചെയ്യുന്ന ഏററവും ഭയങ്കരകൃത്യം ശരീരങ്ങളെ ദണ്ഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്നു എന്നതല്ല. അവർ മനുഷ്യചിന്തകളെ വഴിതെററിക്കുകയും, യുവജനങ്ങളുടെയും കുട്ടികളുടെയും മനസ്സുകളെ വിഷമയമാക്കുകയും ചെയ്യുന്നു. വിശ്വാസികളെ വഴിതെററിക്കുന്നതിനും, സഭകളെ നശിപ്പിക്കുന്നതിനുമായി അവർ തങ്ങളുടെ ആളുകളെ സഭയിൽ നേതൃത്വസ്ഥാനങ്ങളിൽ ആക്കിവെയ്ക്കുന്നു. ദൈവത്തിലും യേശുക്രിസ്തുവിലും വിശ്വസിക്കാതിരിക്കാനും, ആ പേരുകളെ വെറുക്കാനും അവർ യുവജനങ്ങളെ അഭ്യസിപ്പിക്കുന്നു.

അനേക വർഷങ്ങാം തടവുകളിൽ കഴിച്ചതിനുശേഷം വിശ്വാസികാം തിരികെ വരുമ്പോാം അവരുടെ മക്കാം തീവ്രവാദികളായ നിരീശ്വരൻമാരായി കാണപ്പെടുകയും, തങ്ങളെ പരിഹസിക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന സങ്കടം പറഞ്ഞറിയിക്കാൻ വാക്കുകാം പോരാ.

ഈ പുസ്തകം എഴുതുന്നതു മഷികൊണ്ടല്ല, മുറിവേററ ഹൃദയങ്ങളിൽ നിന്നൊഴുകുന്ന രക്തം കൊണ്ടാണ്.

ദാനിയേൽ പ്രവാചകൻെറ കാലങ്ങളിൽ, തീച്ചൂളയിൽ

എറിയപ്പെട്ട മൂന്നുചെറുപ്പക്കാർ തീച്ചൂളയിൽ നിന്ന് വെളിയിൽ വന്നപ്പോൾ (ദൈവ ശക്തിയാൽ) തീയുടെ മണം പോലും ഏല്ക്കാതിരുന്നതുപോലെ, കമ്മ്യൂണിസ്ററ് ജയിലുകളിലായിരുന്ന വിശ്വാസികൾക്ക് കമ്മ്യൂണിസ്ററുകാരോടുള്ള വിദ്വേഷത്തിൻെറ മണം പോലും ഏററിരുന്നില്ല.

നിങ്ങൾ ഒരു പുഷ്പത്തെ ചവുട്ടി ഞെരിക്കുമ്പോൾ, അത് നിങ്ങൾക്കു സൗരഭ്യം നൽകുന്നു. അതുപോലെ തന്നെ കമ്മ്യൂണിസ്ററുകാരാൽ ദണ്ഡിപ്പിക്കപ്പെടുന്ന വിശ്വാസികൾ ആ ദണ്ഡനങ്ങളുടെ പ്രതിഫലമായി സ്നേഹത്തെ പ്രദാനം ചെയ്തു. പല ജയിൽ ഉദ്യോഗസ്ഥന്മാരെ ഞങ്ങൾ ക്രിസ്തുവിങ്കലേക്ക് നയിച്ചു. ഞങ്ങളെ ദണ്ഡിപ്പിച്ചതായ കമ്മ്യൂണിസ്ററുകാർക്ക് ഞങ്ങൾക്കുള്ള ഏററവും ശ്രേഷ്ഠമായ സമ്പത്ത്—കർത്താവായ യേശുക്രിസ്തുവിൽക്കൂടെയുള്ള രക്ഷ—കൊടുക്കണമെന്നുള്ള ഏക ആഗ്രഹമായിരുന്നു ഞങ്ങളെ ഭരിച്ചിരുന്നത്.

വിശ്വാസികളായ എൻെറ അനേക സഹോദരന്മാരെപ്പോലെ ജയിലിൽ ഒരു രക്തസാക്ഷിയായി മരിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായില്ല. ഞാൻ ജയിലിൽനിന്ന് മുക്തനായി റുമേനിയാ വിട്ടു പശ്ചിമ രാജ്യങ്ങളിലേക്കു പോരുവാനും എനിക്കു സാധിച്ചു.

പശ്ചിമ രാജ്യങ്ങളിലുള്ള സഭാനേതാക്കന്മാർ റഷ്യയിലും ചൈനയിലുമുള്ള ഒളിവു സഭയിലുള്ളവരേക്കാൾ വ്യത്യസ്ത മനോഭാവവും ചിന്താഗതിയുമുള്ളവരാണെന്ന് എനിക്കു കാണുവാൻ കഴിഞ്ഞു. പശ്ചിമദേശങ്ങളിലുള്ള അനേകവിശ്വാസികൾക്കും കമ്മ്യൂണിസ്ററുകാരോടു സ്നേഹമില്ല. കമ്മ്യൂണിസ്ററു രാജ്യങ്ങളിലുള്ളവരുടെ രക്ഷയ്ക്കായി അവർ ഒന്നും തന്നെ ചെയ്യുന്നില്ല എന്നുള്ളതത്രെ അതിൻെറ തെളിവ്.

മുസ്ളീമുകളുടെ ഇടയിലും, യഹൂദന്മാരുടെയിടയിലും, ബുദ്ധമതക്കാരുടെയിടയിലും സുവിശേഷപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംഘടനകൾ അവിടെയുണ്ട്. ഒരു

സഭാവിഭാഗത്തിൽ നിന്ന് മററൊന്നിലേക്ക് ആളുകളെ ചേർക്കുന്നതിനായി പ്രവർത്തിക്കുന്ന സംഘടനകളും അവിടെയുണ്ട്. എന്നാൽ കമ്മ്യൂണിസ്ററുകാരുടെയിടയിൽ പ്രവർത്തിക്കുന്നതിന് അവർക്കൊരു സുവിശേഷ പ്രചരണസംഘവുമില്ല. അവർ കമ്മ്യൂണിസ്ററുകാരെ സ്നേഹിക്കുന്നില്ല. അവർക്ക് കമ്മ്യൂണിസ്ററുകാരോടു സ്നേഹമുണ്ടായിരുന്നുവെങ്കിൽ, വില്യം കേറി ഇൻഡ്യാക്കാരെ സ്നേഹിച്ച് ഇൻഡ്യയിലും, ഹഡ്സൻ ടെയ്ലർ ചൈനാക്കാരെ സ്നേഹിച്ച് ചൈനയിലും സുവിശേഷ പ്രവർത്തനത്തിനായുള്ള സംഘടനകൾ രൂപീകരിച്ചതുപോലെ, പണ്ടു തന്നെ കമ്മ്യൂണിസ്ററുകാരുടെയിടയിൽ സുവിശേഷപ്രചരണത്തിനുള്ള ഒരു സംഘടന അവർ ഉണ്ടാക്കുമായിരുന്നു.

കമ്മ്യൂണിസ്ററുകാരെ അവർ സ്നേഹിക്കുന്നില്ല; അവർക്കുവേണ്ടി ഒന്നും ചെയ്യുന്നുമില്ല. മാത്രമല്ല അവരുടെ അലസമനോഭാവം മൂലവും, ചുമതലകളെ അഗണ്യമായി തള്ളുന്നതിലും, ചിലപ്പോഴൊക്കെ കമ്മ്യൂണിസ്ററുകാർക്ക് അനുകൂലമായി വർത്തിക്കുന്നതിലും ചില പാശ്ചാത്യ ക്രിസ്തീയ നേതാക്കൻമാർ കമ്മ്യൂണിസ്ററുകാരെ അവരുടെ നിരീശ്വരവാദത്തിൽ സഹായിക്കുന്നുണ്ട്. പാശ്ചാത്യരാജ്യങ്ങളി ലേക്ക് നുഴഞ്ഞുകയറി അവിടെയും, ലോകത്തിലെങ്ങും നേതൃത്വം നേടുവാൻ അവർ കമ്മ്യൂണിസ്ററുകാരെ സഹായിക്കുന്നു. മാത്രമല്ല, കമ്മ്യൂണിസത്താലുള്ള ആപത്ത് എന്തെന്നു മനസ്സിലാക്കുവാൻ നിവൃത്തിയില്ലാതാക്കുകയും ചെയ്യുന്നു.

കമ്മ്യൂണിസ്ററുകാരോട് സ്നേഹമില്ലാതെയും, അവർക്കുവേണ്ടി ഒന്നും ചെയ്യാതെയുമിരിക്കുമ്പോൾ അവർ തങ്ങളുടെ സ്വന്തജനങ്ങളെയും സ്നേഹിക്കുന്നില്ല എന്നതാണ് വാസ്തവം. (എന്തെങ്കിലും പ്രവർത്തനങ്ങൾ ചെയ്യുവാൻ തങ്ങൾക്ക് അനുവാദമില്ല എന്ന ഒഴികഴിവാണു അവർ പറയുന്നത്.) എന്നാൽ ആദിമ ക്രിസ്ത്യാനികൾ സുവിശേഷപ്രചരണത്തിനായി നീറോ ചക്രവർത്തിയിൽ നിന്നും അനുവാദം വാങ്ങിയിരുന്നില്ല എന്ന് ഓർക്കേണ്ടതുണ്ട്. നാം

കമ്മ്യൂണിസ്ററുകാരെ ക്രിസ്തുവിനുവേണ്ടി നേടുന്നില്ല എങ്കിൽ അവർ പാശ്ചാത്യരാജ്യങ്ങളെ ആക്രമിച്ചു കീഴടക്കുകയും ക്രിസ്തീയ സഭയെ അവിടെനിന്നു വേരോടെ പറിച്ചുമാററുകയും ചെയ്യും.

## ചരിത്രത്തിൽ നിന്നുള്ള പാഠങ്ങൾ അവഗണിക്കപ്പെടുന്നു

ആദ്യ നൂററാണ്ടുകളിൽ ക്രിസ്തീയസഭ വടക്കേ ആഫ്രിക്കയിൽ തഴച്ചു വളർന്നിരുന്നു. വി. അഗസ്ററിൻ, വി. സിപ്രിയൻ, വി. അത്താനാസ്യോസ്, തെർത്തുല്യൻ എന്നിവർ അവിടെയുള്ളവരായിരുന്നു. അവിടെയുള്ള വിശ്വാസികൾ, മുസ്ളീമുകളെ യേശുക്രിസ്തുവിനുവേണ്ടി നേടുക എന്ന ചുമതല അവഗണിച്ചു. അതിൻെറ ഫലമായി മുഹമ്മദീയർ വടക്കേ ആഫ്രിക്കയെ ആക്രമിച്ചു കീഴടക്കുകയും ക്രിസ്തീയസഭയെ വേരോടെ പറിച്ചുമാററുകയും ചെയ്തു. ഇന്നും വടക്കേ ആഫ്രിക്ക മുസ്ളീമുകളുടെ അധീനത്തിൽ ഇരിക്കുന്നു. ക്രിസ്തീയ മിഷനറി സംഘങ്ങൾ അതിനെ മനംതിരിക്കാൻ അസാദ്ധ്യമായ ദേശങ്ങൾ എന്ന് വിളിക്കുന്നു. ചരിത്രത്തിൽ നിന്നു നമുക്ക് അല്പമെങ്കിലും പഠിക്കാം.

നവീകരണകാലത്തു ഹസ്സ്, ലൂതർ, കാൽവിൻ എന്നിവർ പാപ്പായുടെ ആധിപത്യത്തെ തുടച്ചുമാററുവാൻ ആഗ്രഹിച്ചു. പാപ്പായുടെ ആധിപത്യത്തിൻ കീഴിൽ രാഷ്ട്രീയവും സാമ്പത്തികവുമായ മർദ്ദനങ്ങൾ അനുഭവിച്ചിരുന്ന ജനങ്ങളും അതുതന്നെ ആഗ്രഹിച്ചു. അതുപോലെ, ഇന്നു കമ്മ്യൂണിസ്ററുകാരുടെ ഇടയിലും അവരുടെ കീഴിൽ മർദ്ദനമനുഭവിക്കുന്ന ജനങ്ങളുടെയിടയിലും സുവിശേഷം അറിയിക്കണമെന്നുള്ള ഒളിവുസഭയുടെ താല്പര്യത്തോടു സ്വതന്ത്രരായി വസിക്കണമെന്നാഗ്രഹിക്കുന്ന സ്വതന്ത്രലോകത്തിലുള്ള എല്ലാവരുടേയും താല്പര്യങ്ങളും ഒത്തുചേരുന്നു.

കമ്മ്യൂണിസത്തെ തകിടം മറിക്കുവാൻ കഴിയുന്ന ഒരു രാഷ്ട്രീയശക്തി ഇന്നില്ല. കമ്മ്യൂണിസ്ററുകാർക്കും

അണുവായുധങ്ങാം ഉള്ളതിനാൽ, അവരെ ആക്രമിച്ചാൽ ഒരു പുതിയ ലോകമഹായുദ്ധം ഉണ്ടാകുകയും ലക്ഷക്കണക്കിന് ആളുകാം നശിക്കുകയും ചെയ്യും. മാത്രമല്ല, പാശ്ചാത്യ രാജ്യങ്ങളിലെ അധികാരികാംക്കു മാനസിക സമ്മർദ്ദം സംഭവിച്ചിരിക്കുന്നതിനാൽ കമ്മ്യൂണിസത്തെ തകിടം മറിക്കുവാൻ അവർക്ക് ആഗ്രഹമില്ലെന്നും അവർ പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. മയക്കുമരുന്നുകാം, അക്രമപ്രവർത്തനങ്ങാം, കാൻസർ, ക്ഷയരോഗം എന്നിവയെ നിർമ്മൂലമാക്കണമെന്ന് അവർക്ക് ആഗ്രഹമുണ്ട്. എന്നാൽ മേൽപ്പറഞ്ഞ എല്ലാററിനേക്കാം കൂടുതൽ ജനങ്ങളെ നശിപ്പിച്ച കമ്മ്യൂണിസത്തെ ഇല്ലായ്മ ചെയ്യണമെന്ന് അവർക്ക് ആഗ്രഹമില്ല.

"സ്ററാലിൻ തൻെറ ജീവിതകാലം മുഴുവൻ മററൊരു പ്രവൃത്തിയും ചെയ്യാതെ, താൻ കൊന്നൊടുക്കിയ നിർദ്ദോഷികളായ ജനങ്ങളുടെ പേരുകാം എഴുതിയിരുന്നെങ്കിൽ തൻെറ ജീവിതകാലം കൊണ്ട് ആ പേരുകാം എഴുതിത്തീരുകയില്ലായിരുന്നു—" എന്ന് ഇലിയാ എഹ്റൻബർഗ് എന്ന സോവിയററ് എഴുത്തുകാരൻ പറയുന്നു. ഇരുപതാം കോൺഗ്രസ്സിൽ ക്രൂഷ്ചേവു് പറഞ്ഞു: 'സത്യസന്ധരും നിർദ്ദോഷികളുമായ ആയിരക്കണക്കിന് കമ്മ്യൂണിസ്ററുകാരെ സ്ററാലിൻ കൊന്നൊടുക്കി.... സെൻട്രൽ കമ്മററിയിലെ അംഗങ്ങളും സ്ഥാനാർത്ഥികളുമായി പതിനേഴാം കോൺഗ്രസ്സിൽ തിരഞ്ഞെടുക്കപ്പെട്ട 139 പേരിൽ 98 പേരെ, അതായത്, എഴുപതു ശതമാനം പേരെ പിന്നെ അറസ്ററു ചെയ്യുകയും വെടിവെച്ചു കൊല്ലുകയും ചെയ്തു.'' അങ്ങനെയെങ്കിൽ സ്ററാലിൻ വിശ്വാസികളോട് എന്തുചെയ്തു എന്ന് ഊഹിച്ചുകൊള്ളുക!

ക്രൂഷ്ചേവു് സ്ററാലിനെ തള്ളിപ്പറഞ്ഞു എങ്കിലും സ്ററാലിൻെറ പ്രവൃത്തികാം തന്നെ തുടർന്നു. 1949-നു ശേഷം റഷ്യയിലുണ്ടായിരുന്ന പള്ളികാം അമ്പതുശതമാനം അടയ്ക്കപ്പെട്ടു.

ചൈനയിൽ സ്ററാലിൻെറ കാലത്തേക്കാം ഭയങ്കരമായ

ക്രൂരതകൾ നടമാടുകയാണ്. പരസ്യമായുള്ള സഭാപ്രവർത്തനങ്ങൾ പരിപൂർണ്ണമായി നിലച്ചു. റഷ്യയിലും റുമേനിയായിലും പുതുതായി അറസ്ററുകൾ നടത്തിക്കൊണ്ടിരിക്കുന്നു. (റഷ്യയിൽ ഈയിടെ വിശ്വാസികൾ കൂട്ടമായി അറസ്ററു ചെയ്യപ്പെട്ടു എന്നുള്ള വാർത്ത ഞങ്ങൾക്ക് ഇപ്പോൾ തന്നെ ലഭിച്ചു.) നൂറുകോടി ജനങ്ങളുള്ളതായ രാജ്യങ്ങളിലുള്ള യുവജനങ്ങളെ മുഴുവൻ വഞ്ചനയും ഭീകരപ്രവർത്തനങ്ങളും ഉപയോഗിച്ച് പാട്ടിലാക്കി, പാശ്ചാത്യ രാജ്യങ്ങളിലുള്ള എല്ലാററിനേയും, പ്രത്യേകിച്ച് വിശ്വാസികളേയും വെറുക്കുന്നതിനായി അഭ്യസിപ്പിച്ചുവരികയാണ്.

കുട്ടികൾ ക്രിസ്തീയാരാധനാ സ്ഥലങ്ങളിലേക്ക് പോകുന്നുണ്ടോ എന്നറിയാനായി ആരാധനാ സ്ഥലങ്ങളുടെ മുൻപിൽ ഉദ്യോഗസ്ഥൻമാർ നോക്കി നിൽക്കുന്നത് റഷ്യയിൽ ഒരു സാധാരണ കാഴ്ചയാണ്. ഏതെങ്കിലും കുട്ടികൾ ആരാധനാസ്ഥലങ്ങളിൽ പോകുന്നതുകണ്ടാൽ അവരെ വലിച്ചിഴയ്ക്കുകയും അടിക്കുകയും ചെയ്യുക പതിവാണ്. പശ്ചിമ രാജ്യങ്ങളിലെ ക്രിസ്തീയ സഭയുടെ സംഹാരകന്മാരെ ക്രമമായി ശ്രദ്ധയോടുകൂടെ വളർത്തിക്കൊണ്ടു വരികയാണ്.

ഒരേ ഒരു ശക്തിക്കു മാത്രമേ കമ്മ്യൂണിസത്തെ തകിടം മറിക്കുവാൻ സാധിക്കുകയുള്ളു. റോമാ സാമ്രാജ്യത്തെ ക്രിസ്തീയ സാമ്രാജ്യമാക്കിത്തീർക്കുകയും, ട്യൂട്ടോൺസ്, വൈക്കിംഗ്സ് മുതലായ അപരിഷ്കൃത, ക്രൂര വർഗ്ഗങ്ങളെ ക്രിസ്ത്യാനികളാക്കിത്തീർക്കുകയും, രക്തച്ചൊരിച്ചിൽ നിറഞ്ഞ മതപീഢനത്തെ തകിടം മറിക്കുകയും ചെയ്ത ശക്തിയാണിത്. ആ ശക്തി സുവിശേഷത്തിന്റെ ശക്തിയാണ്. ആ ശക്തിയെ ഇന്ന് പ്രതിനിധാനം ചെയ്യുന്നതു കമ്മ്യൂണിസ്ററു രാജ്യങ്ങളിലുള്ള ഒളിവു സഭയാണ്.

ഇങ്ങനെയുള്ള ഒരു സഭയെ താങ്ങുകയും സഹായിക്കുകയും ചെയ്യുക മാത്രമല്ല, അതു നിങ്ങളുടെ രാജ്യത്തിന്റെയും സഭയുടെയും നിലനില്പിനെ നിർണ്ണായകമായി ബാധിക്കുന്ന

ഒരു സംഗതിയാണ്. ഈ സഭയെ സഹായിക്കുക എന്നത് സ്വതന്ത്രരായ എല്ലാ ക്രിസ്ത്യാനികളുടെയും താല്പര്യങ്ങാക്കു വേണ്ടിയാണ്. മാത്രമല്ല, അത് എല്ലാ സ്വതന്ത്ര ഗവൺമെൻറുകളുടെയും നയപരിപാടി ആയിരിക്കേണ്ടതാണ്.

ഒളിവു സഭ ഇതിനകം കമ്മ്യൂണിസ്ററു ഭരണാധിപന്മാരെ ക്രിസ്തുവിങ്കലേക്കു നേടിയിട്ടുണ്ട്. ഗിയോർഗു ദേജ് എന്ന റുമേനിയായുടെ പ്രധാനമന്ത്രി തൻെറ മരണത്തിനു മുമ്പ് മാനസാന്തരപ്പെട്ട്, തൻെറ പാപങ്ങളെ ഏററുപറഞ്ഞ് പാപജീവിതത്തിൽ നിന്ന് വേർപെട്ട് ഒരു വിശ്വാസിയായിത്തീർന്നു. കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ, രഹസ്യവിശ്വാസികളായിരുന്നുകൊണ്ട്, ഗവൺമെൻറിൻെറ അംഗങ്ങളായി കഴിയുന്നവരുണ്ട്. ഈ അവസ്ഥ പടർന്നു പിടിക്കാവുന്നതാണ്. അതു സംഭവിക്കുമ്പോാ ചില കമ്മ്യൂണിസ്ററു ഗവൺമെൻറുകളുടെ നയത്തിൽ യഥാർത്ഥമായ മാററം ഉണ്ടാകുന്നതാണ്! ടിറേറായുടേയും ഗോമുൽക്കയുടെയും പോലുള്ള നയമല്ല; അവിടെ വീണ്ടും നിരീശ്വരത്വം നിറഞ്ഞ, പാർട്ടിയുടെ ക്രൂരമായ ഏകാധിപത്യം നടക്കുകയാണ്. എന്നാൽ മേൽപ്പറഞ്ഞ രീതിയിലുള്ള മാററം ഉണ്ടാകുമ്പോാ ജനങ്ങാ യഥാർത്ഥ ക്രിസ്തീയ സഭയിലേക്കും സ്വാതന്ത്ര്യത്തിലേക്കും തിരിയും. ഇപ്രകാരമുള്ള ഒരു മാററത്തിനുള്ള നല്ല അവസരങ്ങാ ഇപ്പോാ ഉണ്ട്.

വിശ്വാസികളെപ്പോലെതന്നെ, തങ്ങളുടെ പ്രമാണങ്ങളെ ആത്മാർത്ഥമായി വിശ്വസിക്കുന്ന കമ്മ്യൂണിസ്ററുകാർ വലിയ ഒരു പ്രതിസന്ധിഘട്ടത്തിൽക്കൂടി കടന്നു പോകുകയാണ്.

യാഥാർത്ഥ്യമല്ലാത്തതും, ഭാവനയ്ക്കുള്ളിൽമാത്രം ഒതുങ്ങി നിൽക്കുന്നതുമായ ഒരു പറുദീസയ്ക്കുപകരം, കമ്മ്യൂണിസം രാജ്യങ്ങാ തമ്മിൽ സഹോദരത്വം വളർത്തുമെന്ന് അവർ വാസ്തവമായി വിശ്വസിച്ചിരുന്നു. എന്നാൽ ഇപ്പോാ ഇതാ കമ്മ്യൂണിസ്ററു രാജ്യങ്ങാ നായ്ക്കളെപ്പോലെ അന്യോന്യം കടിച്ചുകീറുന്നു.

'യാഥാർത്ഥ്യമല്ലാത്ത' സ്വർഗ്ഗത്തിലെ പറുദീസയ്ക്കു പകരം കമ്മ്യൂണിസം ഭൂമിയിൽ ഒരു പറുദീസാ നിർമ്മിക്കുമെന്നു അവർ വിശ്വസിച്ചു. എന്നിട്ട് ഇപ്പോൾ അവരുടെ ജനങ്ങൾ പട്ടിണി അനുഭവിക്കുകയാണ്. മുതലാളിത്വ രാഷ്ട്രങ്ങളിൽ നിന്ന് ഗോതമ്പ് ഇറക്കുമതി ചെയ്തേ മതിയാവൂ!

കമ്മ്യൂണിസ്റ്റുകാർ അവരുടെ നേതാക്കന്മാരെ വിശ്വസിച്ചിരുന്നു. എന്നാൽ ഇപ്പോൾ സ്റ്റാലിൻ ഒരു കൂട്ടക്കൊലയാളിയായിരുന്നുവെന്നും, ക്രൂഷ്ചേവ് ഒരു വിഡ്ഢിയായിരുന്നുവെന്നും അവരുടെ സ്വന്തം വർത്തമാനപ്പത്രങ്ങളിൽ അവർ വായിക്കുന്നു.

അവരുടെ ദേശീയനേതാക്കളായിരുന്ന റാക്കോസി, ഗേറോ, അന്നാപോക്കർ, റാങ്കോവിസി ആദിയായവരുടെയും കഥയും അതുതന്നെ. തങ്ങളുടെ നേതാക്കൾക്ക് തെററുപററുകയില്ല എന്ന് കമ്മ്യൂണിസ്റ്റുകാർ ഇന്നു വിശ്വസിക്കുന്നില്ല. ഇന്ന് അവർ പാപ്പയില്ലാത്ത കത്തോലിക്കരെപ്പോലെയാണ്.

കമ്മ്യൂണിസ്റ്റുകാരുടെ ഹൃദയത്തിൽ ഒരു ശൂന്യതയുണ്ട്. ക്രിസ്തുവിനു മാത്രമേ ഈ ശൂന്യതയെ നിറയ്ക്കാൻ കഴിയുകയുള്ളു. ക്രിസ്തുവിനാൽ നിറയപ്പെടുന്നതുവരെ ഓരോ മനുഷ്യനിലും ആത്മീകമായ ഒരു ശൂന്യതയുണ്ട്. മനുഷ്യ ഹൃദയം സ്വതവെ ദൈവത്തെ അന്വേഷിക്കുന്നു. കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ചും ഇത് വാസ്തവമാണ്. സുവിശേഷത്തിൽ, അവരുടെ ഹൃദയങ്ങളെ ആകർഷിക്കുന്നതായ സ്നേഹത്തിന്റെ ശക്തി അടങ്ങിയിട്ടുണ്ട്. അതു സംഭവിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്; അത് ചെയ്യാൻ കഴിയുമെന്ന് എനിക്കറിയാം.

കമ്മ്യൂണിസ്റ്റുകാരാൽ പരിഹസിക്കപ്പെടുകയും ദണ്ഡിപ്പിക്കപ്പെടുകയും ചെയ്ത വിശ്വാസികൾ, വ്യക്തിപരമായി അവരോടും അവരുടെ കുടുംബങ്ങളോടും ചെയ്തതെല്ലാം മറക്കുകയും, ക്ഷമിക്കുകയും ചെയ്തുകഴിഞ്ഞു. കമ്മ്യൂണിസ്റ്റുകാരെ അവരുടെ പ്രതിസന്ധിഘട്ടത്തിൽ സഹായിക്കുന്നതിനും ക്രിസ്തുവിങ്കലേക്ക് വഴികാണിക്കുന്ന

തിനുമായി തങ്ങളാലാവോളം പ്രവർത്തിക്കുന്നു. ഈ വേലചെയ്യുന്നതിന് അവർക്ക് നമ്മുടെ സഹായം ആവശ്യമുണ്ട്.

അതിനുവേണ്ടിമാത്രമല്ല, ക്രിസ്തീയ സ്നേഹം സാർവ്വലൌകികമാണ്. വിശ്വാസികളുടെയിടയിൽ പക്ഷഭേദം പാടില്ല. ദൈവം നീതിമാന്മാരുടെ മേലും ദുഷ്ടന്മാരുടെമേലും സൂര്യനെ ഉദിപ്പിക്കുന്നു എന്നു യേശുക്രിസ്തു പറഞ്ഞു. ക്രിസ്തീയ സ്നേഹത്തെ സംബന്ധിച്ചിടത്തോളം ഇതു വാസ്തവമാണ്.

കമ്മ്യൂണിസ്റ്റുകാരോട് മിത്രഭാവം കാണിക്കുന്ന പശ്ചിമരാജ്യങ്ങളിലെ ക്രിസ്തീയ നേതാക്കന്മാർ, നാം നമ്മുടെ ശത്രുക്കളെ സ്നേഹിക്കേണമെന്നുള്ള ക്രിസ്തുവിന്റെ ഉപദേശത്തെക്കൊണ്ടാണ് നീതീകരിക്കുന്നത്. എന്നാൽ നമ്മുടെ സഹോദരങ്ങളെ മറന്നിട്ട് ശത്രുക്കളെ മാത്രം സ്നേഹിക്കണമെന്ന് യേശുക്രിസ്തു ഒരിക്കലും പഠിപ്പിച്ചിട്ടില്ല.

വിശ്വാസികളുടെ രക്തം കൊണ്ടുനിറഞ്ഞ കൈകളോടു കൂടിയ കമ്മ്യൂണിസ്റ്റുകാരോടുകൂടെ തിന്നും കുടിച്ചുമാണ് അവർ സ്നേഹം പ്രകടിപ്പിക്കുന്നത്; അവരോടു സുവിശേഷം അറിയിച്ചില്ല. എന്നാൽ കമ്മ്യൂണിസ്റ്റുകാരാൽ മർദ്ദിക്കപ്പെടുന്നവരെ അവർ മറക്കുന്നു; അവരെ സ്നേഹിക്കുന്നുമില്ല.

പശ്ചിമജർമ്മനിയിലെ സുവിശേഷവിഹിത സഭകളും റോമൻ കത്തോലിക്കാ സഭയും കൂടി കഴിഞ്ഞ ഏഴു വർഷങ്ങൾക്കുള്ളിൽ പട്ടിണികിടക്കുന്നവരെ സഹായിക്കുന്നതിനായി 12.5 കോടി ഡോളർ കൊടുത്തിട്ടുണ്ട്. അമേരിക്കയിലെ ക്രിസ്ത്യാനികൾ അതിൽ കൂടുതൽ കൊടുത്തിട്ടുണ്ട്.

പട്ടിണികൊണ്ടു വലയുന്നവർ വളരെയുണ്ട്. എന്നാൽ ക്രിസ്തീയ തടവുകാരേക്കാൾ കൂടുതൽ പട്ടിണി അനുഭവിക്കുന്നവരോ, ക്രിസ്ത്യാനികളിൽ നിന്ന് സഹായം അർഹിക്കുന്നവരോ ഉണ്ടെന്നു ഊഹിക്കുവാൻ എനിക്കു കഴിയുന്നില്ല. ജർമ്മനിയിലെയും ബ്രിട്ടനിലെയും അമേരിക്കയിലെയും സ്കാൻഡിനേവിയായിലേയും സഭകൾ

ദുരിതനിവാരണത്തിനായി പണം ശേഖരിക്കുമ്പോഠം, അത് എല്ലാവരുടേയും ആവശ്യങ്ങഠംക്ക് ഉതകണം; എങ്കിലും ആദ്യമായി ക്രിസ്തീയ തടവുകാരുടേയും അവരുടെ കുടുംബങ്ങളുടെയും സന്ധാരണത്തിന് ഉതകേണ്ടിയിരിക്കുന്നു. എന്നാൽ ഇപ്പോഠം അത് അങ്ങനെ സംഭവിക്കുന്നുണ്ടോ?

ക്രിസ്തീയ സംഘടനകഠം എന്നെ വീണ്ടെടുപ്പുവില കൊടുത്തു വാങ്ങിയതാണ്. അതുകൊണ്ട് വിശ്വാസികളെ അങ്ങനെ വീണ്ടെടുക്കാമെന്ന് തെളിയുന്നു. എങ്കിലും എന്റെ രാജ്യത്തുനിന്നു ക്രിസ്ത്യാനികഠം വീണ്ടെടുത്ത ഏക വ്യക്തിയാണ് ഞാൻ. എന്നെ വീണ്ടെടുത്തു എന്നുള്ള വസ്തുത, പശ്ചിമരാജ്യങ്ങളിലുള്ള ക്രിസ്തീയസംഘടനകഠം മററുള്ളവരോടുള്ള ചുമതല വിസ്മരിച്ചതിനാൽ അവരെ കുററപ്പെടുത്തും.

പുതിയ നിയമ സഭ യഹൂദന്മാർക്കുവേണ്ടി മാത്രമുള്ളതാണോ, അതോ പുറജാതികഠംക്കും കൂടിയുള്ളതാണോ എന്ന ചോദ്യം ആദിമ ക്രിസ്ത്യാനികഠം തങ്ങളോടുതന്നെ ചോദിച്ചു. ആ ചോദ്യത്തിനു ശരിയായ ഉത്തരം ലഭിക്കുകയും ചെയ്തു. ആ പ്രശ്നം ഇന്ന് ഇരുപതാം നൂററാണ്ടിൽ വേറൊരു രൂപത്തിൽ പ്രത്യക്ഷമായിരിക്കുകയാണ്. ക്രിസ്തുമതം പശ്ചിമരാജ്യങ്ങഠംക്കുവേണ്ടി മാത്രമുള്ളതല്ല. ക്രിസ്തു അമേരിക്കയുടെയും ഇംഗ്ളണ്ടിന്റെയും മററു ജനാധിപത്യ രാഷ്ട്രങ്ങളുടെയും മാത്രം വകയല്ല. അവൻ ക്രൂശിക്കപ്പെട്ടപ്പോഠം അവന്റെ കൈകളിൽ ഒന്നു പടിഞ്ഞാറോട്ടും ഒന്നു കിഴക്കോട്ടും നീട്ടപ്പെട്ടിരിക്കുന്നു. അവൻ യഹൂദന്മാരുടെ മാത്രമല്ല, പുറജാതികളുടെയും പശ്ചിമ ദേശവാസികളുടെയും മാത്രമല്ല, കമ്മ്യൂണിസ്ററുകാരുടെയും രാജാവാകുവാൻ ആഗ്രഹിക്കുന്നു. യേശുക്രിസ്തു പറഞ്ഞു: "നിങ്ങഠം ഭൂലോകമെങ്ങും പോയി സകല സൃഷ്ടിയോടും സുവിശേഷം അറിയിപ്പിൻ."

അവൻ തന്റെ രക്തം സകലർക്കുമായി കൊടുത്തതിനാൽ സകലരും സുവിശേഷം കേഠംക്കുകയും വിശ്വസിക്കുകയും ചെയ്യുവാനിടയാകണം.

വിശ്വാസികളായിത്തീരുന്ന കമ്മ്യൂണിസ്റ്റുകാർ സ്നേഹം കൊണ്ട് നിറഞ്ഞവരും തീക്ഷ്ണതയുള്ളവരുമാണ് എന്നുള്ളതാണ്, കമ്മ്യൂണിസ്റ്റുകാരുടെയിടയിൽ സുവിശേഷം പ്രചരിപ്പിക്കുവാൻ ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്നത്. ശീതോഷ്ണവാനായ ഒരൊററ റഷ്യൻ വിശ്വാസിയെപ്പോലും ഞാൻ ഒരിക്കലും കണ്ടിട്ടില്ല. യുവാക്കന്മാരായ കമ്മ്യൂണിസ്റ്റുകാർക്ക് യേശുക്രിസ്തുവിൻെറ സാധാരണ ശിഷ്യന്മാരായിത്തീരുവാൻ കഴിയണം. യേശുക്രിസ്തു പാപികളെ സ്നേഹിക്കുകയും അവരെ പാപത്തിൽനിന്ന് വിടുവിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നതുപോലെതന്നെ കമ്മ്യൂണിസ്റ്റുകാരെ സ്നേഹിക്കുകയും അവരെ കമ്മ്യൂണിസത്തിൽനിന്ന് സ്വതന്ത്രരാക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ശരിയായിട്ടുള്ള ഈ ഏകമനോഭാവത്തിന് പകരമായി, പശ്ചിമരാജ്യങ്ങളിലെ ചില ക്രിസ്തീയനേതാക്കന്മാർ, കമ്മ്യൂണിസ്റ്റുകാരോടുള്ള ബന്ധത്തിൽ അലസമനോഭാവ മാണ് കാണിക്കുന്നത്. ആയതിനാൽ അവർ പാപത്തിന് കൂട്ടുനില്ക്കുകയും കമ്മ്യൂണിസം വളർന്ന് ജയം പ്രാപിക്കുന്നതിന് സഹായിക്കുകയും, അങ്ങനെ കമ്മ്യൂണിസ്റ്റുകാരും അവരുടെ കീഴിലുള്ള മർദ്ദിതരായ ജനങ്ങളും രക്ഷിക്കപ്പെടുന്നതിനെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## ജയിൽവിമുക്തനായപ്പോൾ ഞാൻ കണ്ടത്

ജയിലിൽ നിന്ന് മോചിക്കപ്പെട്ട് ഭവനത്തിൽ വന്നപ്പോൾ, ഭാവിയെപ്പററിയുള്ള എൻെറ പദ്ധതികൾ എന്താണെന്ന് എൻെറ ഭാര്യ ചോദിച്ചു. "ആത്മീകമായ ഒരു ഏകാന്തതയാണ് ഏററവും നല്ലതായി എൻെറ മുമ്പിൽ കാണുന്നത്" എന്നു ഞാൻ ഉത്തരം പറഞ്ഞു. എൻെറ ഭാര്യയ്ക്കും അതേ ചിന്തയാണുള്ളതെന്നു അവൾ പറഞ്ഞു.

എൻെറ യൗവനകാലത്ത് ഏററവും ചലനാത്മകമായ ഒരു ജീവിതമാണ് ഞാൻ നയിച്ചിരുന്നത്. എന്നാൽ ജയിലിൽ,

പ്രത്യേകിച്ച് ഏകാന്തവാസത്തിൽ അനേകനാരം കഴിച്ചതിന്റെ ഫലമായി ഞാൻ ചിന്താമൂകനും ധ്യാനനിരതനുമായിത്തീർന്നിരുന്നു. എന്റെ ഹൃദയത്തിലെ കൊടുങ്കാററുകളെല്ലാം ശാന്തമായി കഴിഞ്ഞിരുന്നു. കമ്മ്യൂണിസ്ററുകാരുടെയിടയിൽ കഴിയുന്നത് എനിക്കു പ്രയാസമില്ലാത്തതായിത്തീർന്നു. ഞാൻ അത് ശ്രദ്ധിച്ചു പോലുമില്ല. എന്റെ സ്വർഗ്ഗീയ മണവാളൻ എന്നെ ആശ്ളേഷിച്ചു കഴിഞ്ഞിരുന്നു. എന്നെ ദണ്ഡിപ്പിച്ചവർക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചു. പൂർണ്ണഹൃദയത്തോടുകൂടെ അവരെ സ്നേഹിക്കുവാൻ എനിക്കു കഴിഞ്ഞു.

ദൈവം ഏക സത്യമാണ്. വേദപുസ്തകം ആ സത്യത്തെപ്പററിയുള്ള സത്യമാണ്. വേദശാസ്ത്രം എന്നത് ഏക സത്യത്തെപ്പററിയുള്ള സത്യമാണ്. ക്രിസ്തീയ ജനങ്ങരം ഏക സത്യത്തെപ്പററിയുള്ള പല സത്യങ്ങളിൽ ജീവിക്കുന്നതിനാലും, ഈ പല സത്യങ്ങരംമൂലവും ഏക സത്യമില്ലാത്തവരായി കഴിയുന്നു. മയക്കുമരുന്നേററും, അടികൊണ്ടും, പട്ടിണികിടന്നും ഞങ്ങരം വേദപുസ്തകവും വേദശാസ്ത്രവും മറന്നുപോയിരുന്നു. ഏക സത്യത്തെപ്പററിയുള്ള സത്യങ്ങരം ഞങ്ങരം മറന്നുപോയിരുന്നതിനാൽ ഏക സത്യത്തിലത്രെ ഞങ്ങരം ജീവിച്ചിരുന്നത്. ''നിനച്ചിരിക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരും'' എന്നു നാം വായിക്കുന്നു. ഞങ്ങരംക്ക് ചിന്തിക്കാൻ കഴിവില്ലായിരുന്നു. ഞങ്ങളുടെ ദണ്ഡനങ്ങളുടെ ഏററവും ഇരുളടഞ്ഞ നാഴികകളിൽ മനുഷ്യപുത്രൻ ഞങ്ങളുടെ അടുക്കൽ വന്ന് ആ ജയിലറ പ്രകാശം കൊണ്ട് നിറയ്ക്കുകയും ആ ജയിൽ ഭിത്തികളെ രത്നതുല്യമായി പ്രകാശിപ്പിക്കുകയും ചെയ്തു. ഞങ്ങളെ ദണ്ഡിപ്പിക്കുന്നവർ ശാരീരിക മണ്ഡലത്തിൽ ഞങ്ങരംക്കു താഴെ ദൂരെ എവിടെയോ ആയിരുന്നു. എന്നാൽ ഞങ്ങളുടെ ആത്മാക്കരം ദൈവത്തിൽ സന്തോഷിച്ചു. രാജകീയമായ പദവികരം ലഭിച്ചാൽപോലും ആ സന്തോഷം ഞങ്ങരം തള്ളിക്കളയുകയില്ലായിരുന്നു.

ആരോടെങ്കിലുമോ ഏതൊന്നിനോടെങ്കിലുമോ യുദ്ധംചെയ്യുകയെന്നോ? എന്റെ മനസ്സിൽ വിദൂരതയിൽപോലും

അങ്ങനെയുള്ള ചിന്തകാം ഉണ്ടായിരുന്നില്ല. ഏതെങ്കിലും ഒരു പോരാട്ടം, നീതിപൂർണ്ണമായ ഒരു പോരാട്ടം പോലും നടത്തുവാൻ എനിക്ക് ആഗ്രഹമില്ലായിരുന്നു. യേശുക്രിസ്തുവിനുവേണ്ടി ജീവനുള്ള മന്ദിരങ്ങാം പണിയുവാൻ ഞാൻ ആഗ്രഹിച്ചു. വരുംകാലങ്ങളിൽ ആത്മീയമായ ഏകാന്തതയിൽ കഴിയണമെന്നുള്ള ആശയോടുകൂടെയാണ് ഞാൻ ജയിൽ വിട്ടത്.

എന്നാൽ ജയിൽവിട്ട നാാംമുതൽ, ജയിലിൽ അനുഭവിച്ചതായ എല്ലാ ദണ്ഡനങ്ങളെക്കാളും ഹീനമായ കമ്മ്യൂണിസത്തിന്റെ വിവിധ വശങ്ങാം കാണുവാൻ എനിക്കിടയായി. പല സഭാവിഭാഗത്തിൽപ്പെട്ട സഭാപരിപാലക ന്മാരേയും സഭാദ്ധ്യക്ഷന്മാരേയും ഞാൻ കണ്ടപ്പോാം, തങ്ങാം രഹസ്യപ്പോലീസിന്റെ ചാരന്മാരാണെന്നുള്ള വസ്തുത അവർ ഹൃദയവേദനയോടുകൂടെ ഏററുപറഞ്ഞു. സ്വന്തം ജനങ്ങളെ ഒററിക്കൊടുക്കുന്നതായ ഈ ചാരവൃത്തിയിൽ നിന്ന് വിരമിക്കാനും, അതിനായി ജയിൽവാസമേല്ക്കാനും തയ്യാറാണോ എന്നു ചോദിച്ചപ്പോാം "അല്ല" എന്നായിരുന്നു എല്ലാവരുടേയും മറുപടി. തങ്ങളുടെ ജീവനെപ്പററിയുള്ള ഭയമല്ല ചാരവൃത്തിയിൽ നിന്ന് വിരമിക്കാൻ അവരെ അനുവദിക്കാത്തത് എന്ന് അവർ വിശദീകരിച്ചു. പണ്ടില്ലാതിരുന്ന ചില സംഭവവികാസങ്ങാം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. രഹസ്യപ്പോലീസിന്റെ ചാരന്മാരായിരിക്കാൻ വിസമ്മതിച്ചാൽ അവരുടെ ആരാധനാ സ്ഥലം അടച്ചുപൂട്ടുമെന്ന് അവർ പറഞ്ഞു. എല്ലാ പട്ടണങ്ങളിലും "അനധികൃത" സഭാവിഭാഗങ്ങളുടെ മേൽനോട്ടം വഹിക്കുന്ന രഹസ്യപ്പോലീസിന്റെ ഒരു പ്രതിനിധിയുണ്ട്. ഏതൊരു പട്ടക്കാരനെയോ സഭാപരിപാലകനേയോ എപ്പോാം വേണമെങ്കിലും വിളിക്കാനും ആരൊക്കെയാണ് പള്ളിയിൽ വരുന്നത്, പതിവായി തിരുവത്താഴത്തിൽ സംബന്ധിക്കുന്നവരാരൊക്കെയാണ്, മതപരമായ കാര്യങ്ങളിൽ ആരൊക്കെയാണ് താല്പര്യം കാണിക്കുന്നത്, ആരൊക്കെ ആത്മാക്കളെ നേടുന്നു, കുമ്പസാരസമയത്ത് ജനങ്ങാം എന്തൊക്കെ പറയുന്നു, ഇത്യാദി ചോദ്യങ്ങാം ചോദിക്കുവാൻ അയാാംക്ക് അവകാശമുണ്ട്. ഈ

ചോദ്യങ്ങൾക്കുത്തരം പറയാതിരുന്നാൽ ആ സഭാശുശ്രൂഷകനെ തന്റെ ജോലിയിൽ നിന്ന് നീക്കിയിട്ട് അദ്ദേഹത്തേക്കാൾ കൂടുതലായി വിവരങ്ങൾ നൽകുന്ന വേറൊരു "ശുശ്രൂഷകനെ" ആ സ്ഥലത്തേക്ക് നിയമിക്കുന്നു. മിക്കവാറും സമയങ്ങളിൽ അങ്ങനെയുള്ള ഒരാളെ ലഭിക്കാത വരുമ്പോൾ ആ ആരാധനസ്ഥലം അടച്ചുപൂട്ടുകയുും ചെയ്യുന്നു.

മിക്കവാറും എല്ലാ സഭാശുശ്രൂഷകരും രഹസ്യപ്പോലീസിന് വിവരങ്ങൾ നൽകുന്നവരാണ്. എന്നാൽ ചിലർ മനസ്സില്ലാമനസ്സോടെയും, ചില കാര്യങ്ങൾ മറച്ചുവെച്ചുകൊണ്ടും വിവരങ്ങൾ നൽകുന്നുവെങ്കിൽ തഴമ്പിച്ച മനസ്സാക്ഷിയുള്ള ചിലർക്ക് ചാരവൃത്തിചെയ്യുകയെന്നതു ശീലമായി മാറിയിരിക്കുകയാണ്. മററുചിലർ ചാരവൃത്തി ചെയ്യുന്നതിൽ അത്യുത്സാഹം കാണിക്കുകയും, തങ്ങളോട് ആവശ്യപ്പെടുന്നതിൽ കൂടുതൽ വിവരങ്ങൾ നൽകുകയും ചെയ്യുന്നു.

ക്രിസ്തീയ രക്തസാക്ഷികളുടെ മക്കളെ നിർബ്ബന്ധിച്ച്, തങ്ങളെ കരുണയോടുകൂടെ സ്വീകരിച്ച കുടുംബങ്ങൾക്കെതിരെ ചാരവൃത്തി ചെയ്യിക്കുന്നതായി അവർ ഏററുപറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ചാരവൃത്തി ചെയ്യാതിരുന്നാൽ അവരുടെ വിദ്യാഭ്യാസം നിർത്തലാക്കികളയുമെന്ന് രഹസ്യപ്പോലീസുകാർ ഭയപ്പെടുത്തി.

കമ്മ്യൂണിസ്ററുകാരുടെ അംഗീകാരത്തോടുകൂടെ നടത്തിയ ബാപ്ററിസ്ററുകാരുടെ ഒരു സമ്മേളനത്തിന് ഞാനും പോയിരുന്നു. ഈ സമ്മേളനത്തിൽവച്ച് "തിരഞ്ഞെടുക്കപ്പെടേണ്ട" നേതാക്കൾ ആരൊക്കെയാണെന്ന് കമ്മ്യൂണിസ്ററുകാർ തീരുമാനിച്ചിരുന്നു.

എല്ലാ സഭാവിഭാഗങ്ങളുടെയും തലവൻമാർ കമ്മ്യൂണിസ്ററു പാർട്ടി തീരുമാനിക്കുന്ന ആളുകളാണെന്നുള്ളത് ഞാൻ മനസ്സിലാക്കി. യേശുക്രിസ്തു പറഞ്ഞതുപോലെ, അതിവിശുദ്ധസ്ഥലത്ത് ശൂന്യമാക്കുന്ന മ്ളേച്ഛത നില്ക്കുകയാണെന്ന് എനിക്കു ബോദ്ധ്യമായി.

എല്ലാക്കാലങ്ങളിലും നല്ലവരും കൊള്ളരുതാത്തവരുമായ

സഭാപരിപാലകന്മാർ ഉണ്ടായിരുന്നു. എന്നാൽ ഇപ്പോളിതാ ചരിത്രത്തിൽ ആദ്യമായി നിരീശ്വരത്വം പ്രചരിപ്പിക്കുകയും മതത്തെ വേരോടെ പറിച്ചുമാററുക എന്ന ഉദ്ദേശത്തോടുകൂടെ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു പാർട്ടിയുടെ കേന്ദ്രസമിതി, സഭാനേതാക്കന്മാരായിരിക്കേണ്ടത് ആരൊക്കെയൊണെന്ന് തീരുമാനിക്കുന്നു! എന്തിനുവേണ്ടിയുള്ള നേതൃത്വം? തീർച്ചയായും സഭകളെ വേരോടെ പറിച്ചുമാററുന്നതിനുതന്നെ.

ലെനിൻ ഇങ്ങനെ എഴുതി "മതപരമായ ഓരോ ആശയവും ദൈവത്തെപ്പററിയുള്ള ഓരോ ചിന്തകളും, ദൈവം എന്ന ആശയത്തോടു അടുത്തുവരുന്നതുപോലും പറഞ്ഞറിയിക്കാൻ നിവൃത്തിയില്ലാത്തതും അപകടകരവുമായ ദുഷ്ടതയും, ഏററവും മ്ളേച്ഛമായ പകർച്ചവ്യാധിയുമാണ്. ലക്ഷോപലക്ഷം പാപങ്ങളും, അറയ്ക്കപ്പെട്ട പ്രവൃത്തികളും ദൈവം എന്ന കുരുക്കുനിറഞ്ഞ ആത്മീക ആശയത്തേക്കാൾ ഏററവും അപകടം കുറഞ്ഞതാണ്." സോവിയററ് നാട്ടിലെ കമ്മ്യൂണിസ്ററ് പാർട്ടികളെല്ലാം ലെനിന്റെ ആശയക്കാരാണ്. അവരെ സംബന്ധിച്ചിടത്തോളം മതം എന്നത് കാൻസർ, ക്ഷയം, സിഫിലിസ് മുതലായ രോഗങ്ങളേക്കാൾ ഭയങ്കരമാണ്. എന്നിട്ടും ആരാണ് സഭാനേതാക്കന്മാരായിരിക്കേണ്ടത് എന്ന് അവർ തീരുമാനിക്കുന്നു. അധികൃതസഭയുടെ നേതാക്കന്മാർ ഒത്തുതീർപ്പുമനോഭാവത്തോടുകൂടെ സഹകരിക്കുകയും ചെയ്യുന്നു.

യുവജനങ്ങളുടെയും കുട്ടികളുടെയും മനസ്സുകളിൽ നിരീശ്വരത്വം എന്ന വിഷം കുത്തിവെയ്ക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഈ പ്രവർത്തനത്തിനെതിരായി എന്തെങ്കിലും ചെയ്യുന്നതിന് അധികൃതസഭകൾക്ക് സാദ്ധ്യവുമല്ല. തലസ്ഥാനനഗരമായ ബുക്കാറസ്ററിലുള്ള ഒരൊററ സഭയിൽപോലും യുവജനങ്ങൾക്കായുള്ള ഒരു യോഗമോ കുട്ടികൾക്കായുള്ള സണ്ടേസ്കൂളോ കാണാൻ സാദ്ധ്യമല്ല. വിശ്വാസികളുടെ മക്കൾ വിദ്വേഷത്തിന്റെ കളരിയിലത്രെ വളർന്നുവരുന്നത്.

ഇതെല്ലാം കണ്ടപ്പോഠം, കമ്മ്യൂണിസ്ററുകാരുടെ ദണ്ഡനങ്ങളേററ കാലങ്ങളെക്കാഠം കൂടുതലായി ഞാൻ കമ്മ്യൂണിസത്തെ വെറുത്തു.

കമ്മ്യൂണിസ്ററുകാർ എന്നോടു ചെയ്ത പ്രവൃത്തികഠം മൂലമല്ല ഞാൻ കമ്മ്യൂണിസത്തെ വെറുത്തത്. പിന്നെയോ, ദൈവത്തിൻെറ മഹത്വത്തിനെതിരായും, ക്രിസ്തുവിൻെറ നാമത്തിനെതിരായും, അവരുടെ കീഴിലുള്ള നൂറുകോടി ആത്മാക്കഠംക്കെതിരായും അവർ ചെയ്യുന്ന ദോഷങ്ങഠം നിമിത്തമത്രെ.

എന്നെ കാണാനായി രാജ്യത്തിൻെറ എല്ലാഭാഗങ്ങളിൽനിന്നും കർഷകർ വന്നു. കൂട്ടുകൃഷി നടത്തുന്നതെങ്ങനെയെന്നവർ പറഞ്ഞു. പണ്ടു തങ്ങഠംക്കുണ്ടായിരുന്ന നിലങ്ങളിലും മുന്തിരിത്തോട്ടങ്ങളിലും അവരിപ്പോഠം പട്ടിണികൊണ്ടു വലയുന്ന അടിമകളായി വേല ചെയ്യുകയാണ്. പണ്ടു കാലത്തെ കനാൻ നാടിനു തുല്യമായി പ്രകൃതി സമ്പത്തു നിറഞ്ഞ നാട്ടിൽ അവർക്ക് ആഹാരമില്ല, അവരുടെ കുഞ്ഞുങ്ങഠംക്ക് പാലോ പഴങ്ങളോ ഇല്ല.

കമ്മ്യൂണിസ്ററ് ഭരണകൂടം തങ്ങളെ എല്ലാവരേയും കള്ളന്മാരും മോഷ്ടാക്കളുമാക്കിത്തീർത്തു എന്ന് പല സഹോദരന്മാർ എന്നോടു ഏററുപറയുകയുണ്ടായി. പട്ടിണിമൂലം പണ്ടു തങ്ങളുടേതായിരുന്നതും, ഇപ്പോഠം കൂട്ടുകൃഷി സംഘത്തിൻേറതായിത്തീർന്നതുമായ വയലുകളിൽ നിന്നും അവർക്ക് മോഷ്ടിക്കേണ്ടതായിവന്നു. പിന്നീട് ആ മോഷണങ്ങളെ മറയ്ക്കുന്നതിനായി കള്ളം പറയേണ്ടിവന്നു.

ഫാക്ടറികളിലുള്ള ഭീകരഭരണത്തെപ്പററിയും മുതലാളികഠംപോലും സ്വപ്നം കാണാത്ത രീതിയിലുള്ള ചൂഷണങ്ങളെപ്പററിയും തൊഴിലാളികഠം എന്നോടു പറഞ്ഞു. തൊഴിലാളികഠംക്ക് പണിമുടക്കുന്നതിന് അവകാശമില്ലായിരുന്നു.

ബുദ്ധിജീവികഠംക്ക്, തങ്ങളുടെ ഉറപ്പായ വിശ്വാസങ്ങഠംക്കെതിരായി ദൈവമില്ല എന്ന് ഉറപ്പിക്കേണ്ടിവന്നു.

ലോകത്തിലെ ജനസംഖ്യയുടെ മൂന്നിലൊന്നിൻെറ ജീവിതവും ചിന്തയും ഒരുപോലെ നശിപ്പിക്കപ്പെട്ടിരിക്കുകയാണ്.

എല്ലാ കാര്യങ്ങളും നിരാശാജനകമാംവണ്ണം കാപട്യം നിറഞ്ഞതും വൃത്തികെട്ടതുമാണ്.

പിന്നീട് ഞാൻ, പണ്ട് എന്നോടുകൂടെ പ്രവർത്തിച്ചിരുന്നവരും പോലീസിൻെറ പിടിയിൽ പെടാതിരുന്നവരുമായ ഒളിവുസഭയിലെ പോരാളികളും, ജയിലിൽനിന്ന് മോചിക്കപ്പെട്ടശേഷം സമരം ആരംഭിച്ചവരുമായ വിശ്വാസികളെ കണ്ടു. അവരോടു കൂടെ ചേർന്ന് പോരാടുവാൻ അവർ എന്നെ ആഹ്വാനം ചെയ്തു. ഞാൻ അവരുടെ രഹസ്യയോഗങ്ങളിൽ സംബന്ധിച്ചു. ആ യോഗങ്ങളിൽ ഉപയോഗിച്ച പാട്ടുപുസ്തകങ്ങൾ കൈകൊണ്ട് എഴുതിയതായിരുന്നു.

മഹാനായ വി. ആൻറണിയെ ഞാൻ ഓർത്തു. ലോകത്തെപൂർണ്ണമായി വിട്ട് ജീവിതം മുഴുവൻ പ്രാർത്ഥനയിലും ഉപവാസത്തിലും അദ്ദേഹം കഴിച്ചിരുന്നു. എന്നാൽ യേശുക്രിസ്തുവിൻെറ ദൈവത്വത്തെപ്പററി വി. അത്താനാസ്യോസും ആറിയുസും തമ്മിലുള്ള തർക്കത്തെപ്പററി കേട്ടപ്പോൾ, അദ്ദേഹം തൻെറ ധ്യാനജീവിതം വിട്ട് അലക്സാന്ത്രിയായിലേക്ക് വരികയും സത്യം വിജയിക്കുന്നതിനായി സഹായിക്കുകയും ചെയ്തു.

എല്ലാ വിശ്വാസികളും ചെയ്യേണ്ടതായിട്ടുള്ളതു ചെയ്യുവാൻ—ക്രിസ്തുവിൻെറ അപ്പോസ്തലനായ പൗലോസിൻെറയും മററു മഹാന്മാരായ വിശുദ്ധന്മാരുടേയും മാതൃക പിൻതുടരുവാനും ധ്യാനജീവിതം വിട്ട് യുദ്ധത്തിൽചേരുവാനും—ഞാൻ തീരുമാനിച്ചു.

അത് ഏതുവിധത്തിലുള്ള ഒരു യുദ്ധമായിരിക്കും?

തടവിലുള്ള വിശ്വാസികൾ എപ്പോഴും തങ്ങളുടെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരോട് നന്നായി സാക്ഷ്യം പറയുകയും ചെയ്തിട്ടുണ്ട്. അവർ രക്ഷിക്കപ്പെടണമെന്നുള്ളതായിരുന്നു ഞങ്ങളുടെ ഹൃദയത്തിൻെറ വാഞ്ച. അങ്ങനെ സംഭവിക്കുമ്പോൾ ഞങ്ങൾ

സന്തോഷിക്കുകയും ചെയ്തിരുന്നു.

എന്നാൽ ദുഷ്ടതനിറഞ്ഞ കമ്മ്യൂണിസ്ററ് വ്യവസ്ഥിതിയെ ഞാൻ വെറുത്തിരുന്നു. സുവിശേഷത്തിന്റെ ശക്തിയാൽ കമ്മ്യൂണിസ്ററ് മർദ്ദനത്തെ തകിടം മറിക്കുവാൻ കഴിയുന്ന ഏക ശക്തിയായ ഒളിവുസഭയെ സഹായിക്കുവാൻ ഞാൻ ആഗ്രഹിച്ചു.

റുമേനിയായെപ്പററി മാത്രമല്ല, എല്ലാ കമ്മ്യൂണിസ്ററ് രാജ്യങ്ങളെപ്പററിയും ഞാൻ ചിന്തിച്ചു. എന്നാൽ പശ്ചിമരാജ്യങ്ങളിലുള്ളവർക്ക് അപ്രകാരമുള്ള ഒരു ചിന്താഭാരമില്ല എന്ന് ഞാൻ കണ്ടു.

സിനിയാവ്സ്കി, ദാനിയേൽ എന്നീ രണ്ടു സോവിയററ് സാഹിത്യകാരന്മാരെ അവരുടെ സഖാക്കൾതന്നെ ജയിൽ ശിക്ഷയ്ക്ക് വിധിച്ചപ്പോൾ ലോകമെങ്ങുമുള്ള എഴുത്തുകാർ പ്രതിഷേധം രേഖപ്പെടുത്തി. എന്നാൽ തങ്ങളുടെ വിശ്വാസത്തിനുവേണ്ടി വിശ്വാസികളെ ജയിലിലടയ്ക്കുമ്പോൾ ക്രിസ്തീയ സഭകൾപോലും പ്രതിഷേധിക്കാറില്ല.

കുസീക്ക് എന്ന സഹോദരൻ വേദപുസ്തകഭാഗങ്ങളും ടോറി എഴുതിയ ചെറുധ്യാനപുസ്തകങ്ങളും വിതരണം ചെയ്തതിൽ, "വിഷം നിറഞ്ഞ" പുസ്തകങ്ങൾ വിതരണം ചെയ്തു എന്ന കുററത്തിന് ജയിലിലടയ്ക്കപ്പെട്ടു. അതിനെപ്പററി ആർക്കെങ്കിലും ഭാരമുണ്ടോ?

എഴുതപ്പെട്ട പ്രസംഗങ്ങൾ വിതരണം ചെയ്തതിന് ശിക്ഷിക്കപ്പെട്ട സഹോദരൻ പ്രോക്കാഫീവിനെപ്പററി എത്ര പേർക്കറിയാം? ഏകദേശം അതേ കുററത്തിനുതന്നെ ശിക്ഷിക്കപ്പെട്ട ഗ്രുൻവാൾഡ് എന്ന എബ്രായ ക്രിസ്ത്യാനിയെപ്പററിയും, അദ്ദേഹത്തിന്റെ കൊച്ചുകുട്ടിയെ കമ്മ്യൂണിസ്ററുകാർ ആജീവനാന്തം അദ്ദേഹത്തിൽ നിന്ന് വേർപെടുത്തിയതിനെപ്പററിയും ആർക്കറിയാം? എന്റെ മകൻ മിഹായി എന്നിൽനിന്ന് വേർപെടുത്തപ്പെട്ട അവസ്ഥ എന്തെന്ന് എനിക്കറിയാം? ഗ്രുൻവാൾഡ്, ഇവാനെൻകോ, എകാനെരിനാ, ജോർജിവെകാസിൻ എന്നീ സഹോദരങ്ങളോടും

ലറേറവിയായിലെ പൈലററ് എന്ന ദമ്പതികളോടും മററ് അനേകം പേരോടും ചേർന്നു ഞാൻ കഷ്ടമനുഭവിക്കുന്നു. അവർ ഇരുപതാം നൂററാണ്ടിലെ വിശ്വാസികളാണ്. വന്യമൃഗങ്ങളുടെ മുൻപിലേക്ക് എറിയപ്പെടുവാനായി നടത്തപ്പെട്ട ആദിമ ക്രിസ്ത്യാനികളുടെ ചങ്ങലകളെ അവരുടെ സഹോദരങ്ങാം ചുംബിച്ചതുപോലെ, മേല്പറഞ്ഞവരുടെ ചങ്ങലകാം ചുംബിക്കുവാൻ ഞാൻ കുനിയുന്നു.

പശ്ചിമദേശങ്ങളിലെ ചില സഭാനേതാക്കാംക്ക് അവരെപ്പററി കരുതലില്ല. പ്രാർത്ഥനയ്ക്കും പക്ഷവാദത്തിനുമുള്ള അവരുടെ പട്ടികകളിൽ ദണ്ഡനമനുഭവിക്കുന്നവരുടെ പേരുകളില്ല. അവർ ശിക്ഷിക്കപ്പെടുകയും ദണ്ഡിപ്പിക്കപ്പെടുകയും ചെയ്തപ്പോാം, അവരെ തള്ളിപ്പറയുകയും ഒററിക്കൊടുക്കുകയും ചെയ്ത റഷ്യൻ ബാപ്ററിസ്ററ് സഭയുടേയും ഓർത്തഡോക്സ് സഭയുടേയും ഔദ്യോഗിക നേതാക്കാം ന്യൂഡൽഹിയിലും ജനീവായിലും മററു കോൺഫ്രൻസുകളിലും വലിയ ബഹുമതിയോടുകൂടെ സ്വീകരിക്കപ്പെട്ടു. റഷ്യയിൽ പൂർണ്ണമായ മതസ്വാതന്ത്ര്യമുണ്ടെന്ന് അവർ എല്ലാവർക്കും ഉറപ്പുകൊടുത്തു.

ബോാംഷേവിക്ക് ആർച്ച്ബിഷപ്പ് നിക്കോദിം ഈ ഉറപ്പുകൊടുത്തപ്പോാം അഖിലലോകസഭാ കൗൺസിലിൻെറ ഒരു നേതാവ് അദ്ദേഹത്തെ ചുംബിച്ചു. അഖിലലോകസഭാ കൗൺസിലിൻെറ ഗംഭീരമായ പേരിൽ അവർ വിരുന്നുകളിൽ പങ്കെടുത്തപ്പോാം ജയിലിൽ കിടന്ന വിശ്വാസികാം യേശുക്രിസ്തുവിൻെറ പേരിൽ, ഞാൻ ഭക്ഷിച്ചതുപോലെ കാബേജും കഴുകാത്ത കുടലും ഭക്ഷിച്ചു.

ഈ രീതിയിൽ കാര്യങ്ങാം മുന്നോട്ടു നീങ്ങുക അസാദ്ധ്യമായിരുന്നു. ഏതെങ്കിലും രീതിയിൽ അനുവാദം ലഭിക്കുമെങ്കിൽ, എന്താണു സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്നു ക്രിസ്ത്യാനികളായ നിങ്ങളെ എല്ലാവരേയും അറിയിക്കുന്നതിനാൽ ഞാൻ രാജ്യം വിട്ടുപോകണമെന്ന് ഒളിവുസഭ തീരുമാനിച്ചു.

ഞാൻ കമ്മ്യൂണിസ്ററുകാരെ സ്നേഹിക്കുന്നുവെങ്കിലും

കമ്മ്യൂണിസത്തെ തള്ളിപ്പറയാൻ ഞാൻ തീരുമാനിച്ചുകഴിഞ്ഞു. കമ്മ്യൂണിസത്തെ തള്ളിപ്പറയാതെ സുവിശേഷം പറയുന്നത് ശരിയാണെന്ന് എനിക്കു തോന്നുന്നില്ല.

ചിലർ എന്നോട് പറയാറുണ്ട്: ''യഥാർത്ഥ സുവിശേഷം പ്രസംഗിക്കുക!'' അതുകേൾക്കുമ്പോൾ, ''ക്രിസ്തുവിനെപ്പററി പ്രസംഗിച്ചുകൊള്ളുക, പക്ഷേ കമ്മ്യൂണിസത്തെപ്പററി മിണ്ടരുത്'' എന്നു രഹസ്യപ്പോലീസുകാർ പറഞ്ഞ കാര്യമാണ് എൻെറ ഓർമ്മയിൽ വരുന്നത്. കമ്മ്യൂണിസ്ററുകാർക്ക് ഉത്തേജനം നൽകുന്ന അതേ ആത്മാവു തന്നെയാണ്, ''യഥാർത്ഥ സുവിശേഷം'' സുവിശേഷം പ്രസംഗിക്കുന്നതിനെ പിന്താങ്ങുന്നവർക്കും ഉത്തേജനം തരുന്നത് എന്ന് വരുമോ?

ഇവർ പറയുന്ന ഈ ''യഥാർത്ഥ സുവിശേഷം'' എന്താണെന്നു എനിക്കറിഞ്ഞുകൂടാ. യോഹന്നാൻ സ്നാപകൻെറ പ്രസംഗം 'യഥാർത്ഥ സുവിശേഷമായിരുന്നോ?''സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുക'' എന്നുമാത്രമല്ല അവൻ പ്രസംഗിച്ചത്. ''ഹെരോദാവേ'' നിൻെറ പ്രവൃത്തി ദുഷ്ടതയാണ് എന്നും അവൻ പ്രസംഗിച്ചു. ജീവിതത്തിൽനിന്നും വേർപെട്ടുനില്ക്കുന്ന തത്വോപദേശങ്ങൾ മാത്രമല്ല അവൻ പഠിപ്പിച്ചത്. അതിനാൽ അവൻ ശിരച്ഛേദം ചെയ്യപ്പെട്ടു. യേശുക്രിസ്തു ഗിരിപ്രഭാഷണത്തിൽ യഥാർത്ഥസുവിശേഷം പ്രസംഗിക്കുക മാത്രമല്ല, ഇന്നത്തെ സഭാനേതാക്കന്മാർ നിഷേധാത്മക പ്രസംഗമെന്നു പേരിടുന്ന രീതിയിൽ ''കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരെ നിങ്ങൾക്കു കഷ്ടം...'' ''സർപ്പസന്തതികളേ...'' എന്നും പ്രസംഗിക്കുകയുണ്ടായി. അപ്രകാരമുള്ള 'അശുദ്ധ' പ്രസംഗങ്ങൾമൂലമാണ് അവൻ ക്രൂശിക്കപ്പെട്ടത്. ഗിരിപ്രഭാഷണത്തെപ്പററി പരീശന്മാർക്ക് യാതൊരു വിരോധവുമുണ്ടായിരിക്കയില്ല.

പാപത്തെ പാപമെന്ന് വിളിക്കേണ്ടിയിരിക്കുന്നു. കമ്മ്യൂണിസത്തെ തള്ളിപ്പറയാത്ത സുവിശേഷപ്രസംഗം യഥാർത്ഥസുവിശേഷമല്ല. ജീവനേയും സ്വാതന്ത്ര്യത്തേയും

പണയം വെച്ചുകൊണ്ട് ഒളിവുസഭ കമ്മ്യൂണിസത്തെ തള്ളിപ്പറയുന്നു. എന്നാൽ നാം പശ്ചിമരാജ്യങ്ങളിൽ അവരേക്കാൾ നിശ്ശബ്ദരായിരിക്കയാണ്.

സാധാരണയായി കമ്മ്യൂണിസ്ററുവിരോധികൾ കമ്മ്യൂണിസത്തെ തള്ളിപ്പറയുന്നതുപോലെയല്ല ഞാൻ കമ്മ്യൂണിസത്തെ തള്ളിപ്പറയുന്നത്. ഹിററ്ലർ ഒരു കമ്മ്യൂണിസ്ററ് വിരോധിയായിരുന്നെങ്കിലും സ്വേച്ഛാധിപതിയും പ്രജാപീഢകനുമായിരുന്നു. ഞങ്ങൾ പാപത്തെ വെറുക്കുന്നു എങ്കിലും പാപിയെ സ്നേഹിക്കുന്നു.

## പശ്ചിമരാജ്യങ്ങളിലും ഞാൻ വേദനയേൽക്കുന്നു

കമ്മ്യൂണിസ്ററ് രാജ്യങ്ങളിൽ ഞാൻ അനുഭവിച്ചതിനേക്കാൾ കൂടുതൽ ഇന്ന് ഞാൻ പാശ്ചാത്യരാജ്യങ്ങളിൽ വേദനയേൽക്കുന്നു. ''ക്രിസ്തുവിനെ നഗ്നരായി പിൻതുടരുക'' എന്ന ഒരു ലത്തീൻ പഴഞ്ചൊല്ലുമായി കഴിയുന്ന, ഒളിവുസഭയുടെ പറഞ്ഞറിയിക്കാൻ വയ്യാത്ത മഹത്വം ഓർക്കുമ്പോൾ, അതിനോടുള്ള വാഞ്ഛമൂലമത്രെ ഞാൻ വേദനയനുഭവിക്കുന്നത്.

കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ മനുഷ്യപുത്രനും അവൻെറ ജനത്തിനും തല ചായ്പാൻ സ്ഥലമില്ല. അവിടെയുള്ള വിശ്വാസികൾ തങ്ങൾക്കുവേണ്ടി വീടുകൾ പണിയാറില്ല. വീടുകൾ പണിയുന്നതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? അവരെ ആദ്യമായി അറസ്ററുചെയ്യുമ്പോൾ അവരുടെ വീടുകൾ ഗവൺമെൻറിലേക്ക് കണ്ടുകെട്ടും. ഒരു വിശ്വാസിക്ക് ഒരു പുതിയ വീടുണ്ടായാൽ ആ വീട് കൈക്കലാക്കാൻവേണ്ടി അയാളെ അറസ്ററു ചെയ്യുവാൻ കമ്മ്യൂണിസ്ററുകാർക്ക് പ്രേരണ ഉണ്ടാകുവാനിടയുണ്ട്. അവിടെ, ക്രിസ്തുവിനെ പിൻതുടരുന്നതിനുമുമ്പ് അപ്പനെ കുഴിച്ചിടുവാനോ, കുടുംബത്തോടു യാത്രപറയുവാനോ സാദ്ധ്യമല്ല. അവിടെ വിശ്വാസികളുടെ അപ്പനും അമ്മയും ആരാണ്? ഈ കാര്യത്തിൽ അവർ യേശുക്രിസ്തുവിനെപ്പോലെയാണ്. അവരുടെ അപ്പനും

അമ്മയും ദൈവേഷ്ടം പ്രവർത്തിക്കുന്നവരത്രെ. പലപ്പോഴും മണവാട്ടി മണവാളനെയും, മക്കാം അപ്പനമ്മമാരേയും, ഭാര്യമാർ ഭർത്താക്കന്മാരേയും തള്ളിപ്പറയുന്നിടത്ത് സ്വാഭാവികബന്ധങ്ങാംക്ക് സ്ഥാനമില്ല. ആത്മീയമായുള്ള ബന്ധങ്ങാം മാത്രമേ അവിടെ നിലനില്ക്കുന്നുള്ളു.

ഒളിവുസഭ കഷ്ടം സഹിക്കുന്ന ഒരു പാവപ്പെട്ട സഭയാണ്. പക്ഷേ ശീതോഷ്ണവാന്മാരായ അംഗങ്ങളില്ല.

ആയിരത്തിത്തൊള്ളായിരം വർഷങ്ങാംക്കുമുമ്പ് ആദിമ സഭയിൽ നടന്നതുപോലെയുള്ള ആരാധനയാണ് ഒളിവുസഭയിൽ നടക്കുന്നത്. പ്രസംഗകന് അഗാധമായ വേദശാസ്ത്ര പാണ്ഡിത്യമില്ല. പത്രോസ് അപ്പോസ്തലനെപ്പോലെ തന്നെ, അയാാംക്ക് പ്രസംഗചാതുര്യമില്ല. പെന്തക്കോസ്തു നാളിൽ പത്രോസുചെയ്ത പ്രസംഗത്തിന് വേദശാസ്ത്രപണ്ഡിതന്മാർ വളരെക്കുറച്ചേ മാർക്ക് നൽകുകയുള്ളു.

വേദപുസ്തകങ്ങാം വിരളമായതുകൊണ്ട് കമ്മ്യൂണിസ്ററ് രാജ്യങ്ങളിൽ വേദവാക്യങ്ങാം സുപരിചിതങ്ങളല്ല. മാത്രമല്ല, പ്രസംഗകൻ വേദപുസ്തകമില്ലാതെ വളരെ നാളുകാം ജയിലിൽ കിടന്ന ആളായിരിക്കാൻ വളരെ സാദ്ധ്യതയുണ്ട്. ദൈവത്തെ അവർ പിതാവേ എന്ന് വിളിക്കുമ്പോാം അതിനു വളരെ അർത്ഥവ്യാപ്തിയുണ്ട്. ജയിലിൽ കിടക്കുമ്പോാം അവർ ആ പിതാവിനോട് അപ്പം ചോദിച്ചു; പക്ഷേ ലഭിച്ചതു വൃത്തികെട്ട കാബേജാണ്. ദൈവം അവരുടെ സ്നേഹമുള്ള പിതാവാണെന്ന് അവർ വിശ്വസിക്കുന്നു. ദൈവം തന്നെ കൊന്നാലും താൻ ദൈവത്തെ വിശ്വസിക്കുമെന്നു പറഞ്ഞ ഇയ്യോബിനെപ്പോലെയുള്ളവരാണ് അവർ. ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടു എന്ന് തോന്നിയനേരത്തും ദൈവത്തെ പിതാവേ എന്നു വിളിച്ച യേശുക്രിസ്തുവിനെപ്പോലെയുള്ളവരത്രെ അവർ.

ഒളിവു സഭയുടെ മാഹാത്മ്യം അറിഞ്ഞിട്ടുള്ള ഒരാാംക്ക് പശ്ചിമദേശത്തിലെ സഭകളുടെ പൊള്ളത്തരം കൊണ്ട് തൃപ്തിപ്പെടാൻ നിവൃത്തിയില്ല.

ഒരു കമ്മ്യൂണിസ്ററ് ജയിലിൽ അനുഭവിക്കുന്നതിനേക്കാാം

കൂടുതൽ വേദന ഞാൻ പശ്ചിമരാജ്യങ്ങളിലനുഭവിക്കുന്നുണ്ട്. കാരണം, പശ്ചിമ ദേശങ്ങളിലെ സംസ്കാരം മരണമടയുന്നത് ഞാൻ എൻെറ സ്വന്തകണ്ണുകൾ കൊണ്ട് കണ്ടുകൊണ്ടിരിക്കുകയാണ്. ''പശ്ചിമദേശങ്ങളുടെ അധോഗതി'' എന്ന പുസ്തകത്തിൽ ഓസ്വാൾഡ് സ്പെൻഗ്ളർ ഇങ്ങനെ എഴുതി; ''നിങ്ങൾ മരണമടഞ്ഞുകൊണ്ടിരിക്കുകയാണ്. അധഃപതനത്തിൻെറ സ്വാഭാവിക ലക്ഷണങ്ങൾ എല്ലാം നിങ്ങളിൽ ഞാൻ കാണുന്നു. നിങ്ങളുടെ വലിയ സമ്പത്തും, വലിയ ദാരിദ്ര്യവും, നിങ്ങളുടെ മുതലാളിത്വവും, സോഷ്യലിസവും, നിങ്ങളുടെ യുദ്ധങ്ങളും, നിങ്ങളുടെ വിപ്ളവങ്ങളും, നിങ്ങളുടെ നിരീശ്വരത്വവും, നിങ്ങളുടെ നിരാശാവാദവും, നിങ്ങളുടെ സൽഗുണ നിന്ദയും, നിങ്ങളുടെ അസാന്മാർഗ്ഗികതയും, നിങ്ങളുടെ തകർന്ന വിവാഹങ്ങളും നിങ്ങളുടെ ജനനനിയന്ത്രണവുമെല്ലാം നിങ്ങളുടെ പാദങ്ങളിൽ മുറിവേല്പിച്ച് രക്തം പ്രവഹിപ്പിക്കുകയും നിങ്ങളുടെ മസ്തിഷ്ക്കങ്ങളെ കൊല്ലുകയുമാണ് എന്നു തെളിയിക്കുവാൻ എനിക്ക് കഴിയും. പുരാതനകാലത്തെ രാഷ്ട്രങ്ങളായ അലക്സാന്ത്രിയായും ഗ്രീസും റോമും മരണമടഞ്ഞപ്പോഴുളള ലക്ഷണങ്ങൾ ഇതുതന്നെയായിരുന്നുവെന്ന് സമർത്ഥിക്കുവാൻ എനിക്കു കഴിയും.''

1926-ൽ ആണ് ഇതു എഴുതപ്പെട്ടത്. അതിനുശേഷം ജനാധിപത്യവും സംസ്കാരവും യൂറോപ്പിൻെറ പകുതി ഭാഗങ്ങളിലും ക്യൂബാവരെയും മരണമടഞ്ഞിരിക്കുന്നു. പശ്ചിമദേശങ്ങളിൽ ശേഷമുളളവ ഉറങ്ങുകയാണ്.

എന്നാൽ ഉറങ്ങാത്ത ഒരു ശക്തിയുണ്ട്; അത് കമ്മ്യൂണിസ്ററുകാരുടേതാണ്. കിഴക്കൻ രാജ്യങ്ങളിൽ കമ്മ്യൂണിസ്ററുകാരുടെ മോഹനസ്വപ്നങ്ങൾ നശിക്കുകയും അവർ നിരാശരായിത്തീരുകയും ചെയ്തുവെങ്കിൽ പാശ്ചാത്യ രാജ്യങ്ങളിലെ കമ്മ്യൂണിസ്ററുകാർ ഉഗ്രന്മാരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കമ്മ്യൂണിസ്ററ് രാജ്യങ്ങളിലുളള അരിഷ്ടതയെപ്പററിയോ, ക്രൂരതകളെക്കുറിച്ചോ,

മർദ്ദനങ്ങളെക്കുറിച്ചോ അവർ വിശ്വസിക്കുന്നതേയില്ല. അവർ തളരാതെയും, തീക്ഷ്ണതയോടുകൂടെയും തങ്ങളുടെ സിദ്ധാന്തങ്ങളെ ഉയർന്ന നിലയിലുള്ളവരുടെയിടയിലും, ബുദ്ധിജീവികളുടെയിടയിലും, കോളേജ് വിദ്യാർത്ഥികളുടെ യിടയിലും, കുടിലുകളിലും, സഭകളിലും എല്ലായിടങ്ങളിലും പ്രചരിപ്പിക്കുന്നു. അവർ ഒരു വ്യാജസിദ്ധാന്തത്തിൻെറ പുറകെ പൂർണ്ണഹൃദയത്തോടുകൂടെ പോകുമ്പോൾ, പൂർണ്ണസത്യം അറിഞ്ഞവരായ ക്രിസ്ത്യാനികൾ പലപ്പോഴും മനസ്സില്ലാമനസ്സോടുകൂടെ മാത്രമേ അറിഞ്ഞ സത്യത്തിൻെറ വശത്ത് നില്ക്കുന്നുള്ളു. ഈ സമയത്ത് പശ്ചിമ രാജ്യങ്ങളിലെ വേദശാസ്ത്രപണ്ഡിതന്മാർ നിസ്സാരമായ വിഷയങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

1493—ൽ മുഹമ്മദ് രണ്ടാമൻെറ സൈന്യങ്ങൾ കോൺസ്ററാൻറിനോപ്പിൾ വളഞ്ഞിരിക്കുന്ന സമയത്തെ ഒരു സംഭവം എൻെറ ഓർമ്മയിൽ വരുന്നു. ബാൾക്കൻ സംസ്ഥാനങ്ങൾ പല നൂററാണ്ടുകൾ ക്രിസ്ത്യാനികളുടെ ആധിപത്യത്തിലായിരിക്കുമോ, മുഹമ്മദീയരുടെ ആധിപത്യത്തിലായിരിക്കുമോ എന്ന് തീരുമാനിക്കത്തക്കവണ്ണം വിധിനിർണ്ണായകമായ ആ സന്ദർഭത്തിൽ, ശത്രുക്കളാൽ ചുററപ്പെട്ട ആ പട്ടണത്തിലുള്ള ഒരു പ്രാദേശിക സഭാകൗൺസിൽ താഴെപ്പറയുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയായിരുന്നു. വിശുദ്ധ കന്യകമറിയാമിൻെറ കണ്ണുകളുടെ നിറം എന്തായിരുന്നു? മാലാഖമാർ പുരുഷന്മാരാണോ സ്ത്രീകളാണോ? വിശുദ്ധീകരിക്കപ്പെട്ട വെള്ളത്തിൽ ഒരു ഈച്ച വീണാൽ എന്തു സംഭവിക്കും? ഈച്ച വിശുദ്ധമായിത്തീരുമോ, അതോ വെള്ളം അശുദ്ധമായിത്തീരുമോ? ഒരു പക്ഷേ ഇത് ആ കാലത്തെ സംബന്ധിച്ച് ഒരു കെട്ടുകഥയായിരിക്കാം. എന്നാൽ ഈ കാലത്തെ സഭകളുടെ പത്രികകൾ നോക്കുന്നപക്ഷം മേൽപ്പറഞ്ഞ ആ പത്രികകളിൽ കമ്മ്യൂണിസത്തിൻെറ ഭീഷണിയെപ്പററിയോ, ഒളിവു സഭ അനുഭവിക്കുന്ന പീഡകളെപ്പററിയോ ഒന്നും തന്നെ കാണാറില്ല. എന്നാൽ

വേദശാസ്ത്രപരമായ കാര്യങ്ങളെപ്പററിയും, കർമ്മാചാരങ്ങളെപ്പററിയും, അത്യാവശ്യമില്ലാത്ത കാര്യങ്ങളെപ്പററിയും, അന്തമില്ലാത്ത ചർച്ചകളുണ്ട്.

ഒരു വിരുന്നു സൽക്കാരത്തിൽ വെച്ച് ഒരാ‍ാ ചോദിച്ചു: ''നിങ്ങ‍ാ യാത്ര ചെയ്തുകൊണ്ടിരിക്കുന്ന കപ്പൽ താണുപോകുന്ന അവസ്ഥയിലെത്തി എന്ന് വിചാരിക്കുക. അടുത്തുള്ള വിജനമായ ദ്വീപിലേക്ക് രക്ഷപ്പെടാനുള്ള ഒരു സാദ്ധ്യതയുണ്ട്. കപ്പലിലെ ഗ്രന്ഥശാലയിൽനിന്ന് നിങ്ങ‍ാക്ക് ഒരു പുസ്തകം എടുത്തുകൊണ്ടുപോകാനുള്ള അനുവാദം ലഭിച്ചാൽ നിങ്ങ‍ാ ഏതു പുസ്തകം തിരഞ്ഞെടുക്കും?'' ''വേദപുസ്തകം'' ഒരാ‍ാ മറുപടി പറഞ്ഞു. ''ഷേക്സ്പിയർ'' വേറൊരാ‍ാ പറഞ്ഞു. എന്നാൽ ഒരെഴുത്തുകാരൻ ആ ചോദ്യത്തിന് മറുപടി പറഞ്ഞു. ''തീരപ്രദേശത്ത് എത്തുന്നതിനായി ഒരു ബോട്ട് ഉണ്ടാക്കാൻ പഠിപ്പിക്കുന്ന ഒരു പുസ്തകം ഞാൻ തിരഞ്ഞെടുക്കും. അവിടെ ചെന്നുകഴിഞ്ഞാൽ എനിക്ക് ഇഷ്ടമുള്ളതൊക്കെയും വായിക്കുവാൻ സ്വാതന്ത്ര്യമുണ്ടല്ലോ.''

എല്ലാ സഭാവിഭാഗങ്ങളുടേയും വേദശാസ്ത്ര തത്വങ്ങ‍ാക്കും സ്വാതന്ത്ര്യമുണ്ടായിരിക്കുകയും, കമ്മ്യൂണിസ്ററ് ആധിപത്യത്താൽ അതു നഷ്ടപ്പെട്ടുപോകുമ്പോ‍ാ അതിൽ ഖേദിക്കുകയും ചെയ്യുന്നതാണ് ഏക വേദശാസ്ത്രാഭിപ്രായത്തിനു വേണ്ടി മർക്കടമുഷ്ടി പിടിക്കുന്നതിനേക്കാ‍ാ നല്ലത്.

''സത്യം സ്വതന്ത്രമാക്കുന്നു'' എന്നു യേശുക്രിസ്തു പറഞ്ഞു. അതേസമയം തന്നെ, സ്വാതന്ത്ര്യത്തിനുമാത്രമേ സത്യത്തെ പ്രദാനം ചെയ്യുവാൻ കഴിയുകയുള്ളു. അതുകൊണ്ടു അപ്രധാനമായ കാര്യങ്ങളുടെ പേരിൽ മല്ലിടുന്നതിനു പകരം നാം ഒന്നിച്ചുചേർന്ന് കമ്മ്യൂണിസത്തിൻെറ മർദ്ദനഭരണത്തിനെതിരായി പോരാടേണ്ടിയിരിക്കുന്നു.

ഒളിവുസഭയുടെ വർദ്ധിച്ചുവരുന്ന പീഢയെപ്പററി കേ‍ാക്കുന്നതിനാലും ഞാൻ വേദനയനുഭവിക്കുന്നു. അവർ അനുഭവിക്കുന്ന രീതിയിലുള്ള യാതനകളിൽക്കൂടി

കടന്നുപോകുന്നതിൻെറ ഫലമായി, അത് എപ്രകാരമുള്ളതാണെന്ന് വിഭാവനം ചെയ്യുവാൻ എനിക്കു കഴിയും.

പാപമോചനത്തിനായി തങ്ങളുടെ മക്കളെ കൊല്ലുവാൻ റഷ്യയിലെ ബാപ്ററിസ്ററുകാർ തങ്ങളുടെ അംഗങ്ങളെ പഠിപ്പിക്കുന്നതായി 1966 ജൂണിൽ ഇസ്വെസ്ററിയാ, ഡെറിവെസ്കായ് ജിസ് എന്നീ വർത്തമാനപ്പത്രങ്ങൾ കുററാരോപണം നടത്തി. മതാചാരമായി കൊലനടത്തുന്നു എന്ന് പണ്ട് യഹൂദന്മാർക്കെതിരായി ഉന്നയിച്ച ആരോപണം തന്നെയായിരുന്നു ഇതും.

ഇതിൻെറ അർത്ഥമെന്താണെന്ന് എനിക്കറിയാം. 1959-ൽ റൊമേനിയായിൽ ക്ളൂജ് ജയിലിൽ ഞാൻ ആയിരിക്കുമ്പോൾ ഒരു പെൺകുട്ടിയെ കൊന്നു എന്ന കുററാരോപണത്തിന് വിധേയനായ ലാസ്റോവിസി എന്ന ഒരു തടവുകാരൻ എന്നോടുകൂടെയുണ്ടായിരുന്നു. അദ്ദേഹത്തിന് മുപ്പതു വയസ്സ് പ്രായമേ ഉണ്ടായിരുന്നുള്ളു എങ്കിലും അദ്ദേഹം ഒരു വൃദ്ധനെപ്പോലെ കാണപ്പെട്ടു. ദണ്ഡനങ്ങളുടെ ഫലമായി ഒരു രാത്രികൊണ്ട് അദ്ദേഹത്തിൻെറ തലമുടി നരച്ചു. കുററം സമ്മതിപ്പിക്കാനായി അദ്ദേഹത്തിൻെറ നഖങ്ങൾ എല്ലാം വലിച്ചുപിഴുതു. ഒരു വർഷത്തെ ദണ്ഡനങ്ങൾക്കുശേഷം അദ്ദേഹം നിർദ്ദോഷിയാണെന്ന് തെളിയുകയും ജയിലിൽനിന്ന് വിമുക്തനാകുകയും ചെയ്തു. എന്നാൽ ആ സ്വാതന്ത്ര്യം കൊണ്ട് അദ്ദേഹത്തിന് ഒരു പ്രയോജനവുമില്ലായിരുന്നു. എന്നെന്നേക്കുമായി അദ്ദേഹത്തിൻെറ ജീവിതം തകർന്നുപോയിരുന്നു.

ബാപ്ററിസ്ററുകാർക്കെതിരായി സോവിയററ് വർത്തമാനപ്പത്രങ്ങളിൽ കാണപ്പെടുന്ന അർത്ഥശൂന്യമായ കുററാരോപണങ്ങൾ കണ്ട് പലരും ചിരിച്ചു എന്ന് വന്നേക്കാം. എന്നാൽ കുററവാളിയെ സംബന്ധിച്ചിടത്തോളം അതിൻെറ ഫലമെന്തെന്ന് എനിക്കറിയാം.

പശ്ചിമരാജ്യങ്ങളിൽ വസിക്കുമ്പോൾ ഇപ്രകാരമുള്ള രൂപങ്ങൾ തുടർച്ചയായി കണ്ണിൻമുൻപിൽ വരികയെന്നതു

ഭയങ്കരമായ ഒരു സംഗതിയാണ്.

കമ്മ്യൂണിസ്ററുകാരുടെ കയ്യിലെ കരുക്കളായ അലക്സിപാത്രിയാർക്കീസും ആർച്ചുബിഷപ്പ് നിക്കോദീമും കമ്മ്യൂണിസ്ററു വ്യവസ്ഥയുമായി അങ്ങേയററം സഹകരിച്ച് പ്രവർത്തിക്കുന്നതിനെതിരായി പ്രതിഷേധിച്ച കാലുഗയിലെ ആർച്ചുബിഷപ്പ് യർമോഗനും മററു ഏഴു ബിഷപ്പൻമാരും ഇപ്പോൾ എവിടെയാണ്? റുമേനിയായിൽ പ്രതിഷേധ സ്വരമുയർത്തിയ ബിഷപ്പൻമാർ ജയിലിൽ എൻെറ സമീപമിരിക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നെങ്കിൽ, ദൈവഭക്തൻമാരായ ആ ബിഷപ്പൻമാരെപ്പററി എനിക്കു ഇത്രമാത്രം മനോഭാരം ഉണ്ടാകുകയില്ലായിരുന്നു.

സഭയ്ക്ക് മതപരമായ കാര്യങ്ങളിൽ സ്വാതന്ത്ര്യം വേണമെന്ന് ആവശ്യപ്പെട്ട നിക്കോളായ് എഷ്ലിമാർ, ഗ്ളെബ് യാക്കൂനിൻ എന്നീ സഭാപരിപാലകൻമാരുടെ പേരിൽ പാത്രിയാർക്കീസ് അച്ചടക്കനടപടികൾ എടുക്കുകയുണ്ടായി. പശ്ചിമദേശങ്ങളിലുള്ളവർക്ക് ഇതു നല്ലതുപോലെ അറിയാം. ഇപ്രകാരം അച്ചടക്കനടപടികൾക്ക് വിധേയനായ റുമേനിയായിലെ ഫാദർ ഇയോവാൻ എന്നോടുകൂടെ ജയിലിലുണ്ടായിരുന്നു. പുറമെ നിന്നു നോക്കുമ്പോൾ സഭാഭരണപരമായ ഒരു "അച്ചടക്കനടപടി" മാത്രമായിരുന്നു. എന്നാൽ ഞങ്ങളുടെ ഔദ്യോഗിക സഭാനേതാക്കൾ, മറെറല്ലാ കമ്മ്യൂണിസ്ററു രാജ്യങ്ങളിലെ ഔദ്യോഗിക സഭാനേതാക്കൻമാരെപ്പോലെ തന്നെ, രഹസ്യപ്പോലീസിനോട് കൈകോർത്തുകൊണ്ട് പ്രവർത്തിക്കുന്നു. സഭയുടെ അച്ചടക്കനടപടികൾക്ക് വിധേയരാകുന്നവർക്ക് ഒരു ശിക്ഷണം കൂടി—അടികളും, ദണ്ഡനങ്ങളും, മയക്കുമരുന്നുകളും—ജയിലിൽ ലഭിക്കുന്നു.

കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ ദണ്ഡിപ്പിക്കപ്പെടുന്നവരുടെ യാതനകൾ ഓർത്തു ഞാൻ വിറയ്ക്കുന്നു. ആ ദണ്ഡകൻമാരുടെ നിത്യ ശിക്ഷാവിധി ഓർത്തു ഞാൻ വിറയ്ക്കുന്നു. ദണ്ഡിപ്പിക്കപ്പെടുന്ന ഞങ്ങളുടെ സഹോദരങ്ങളെ സഹായിക്കാത്ത പശ്ചിമ രാജ്യങ്ങളിലെ

ക്രിസ്ത്യാനികളെ ഓർത്തും ഞാൻ വിറയ്ക്കുന്നു.

ഇപ്രകാരമുള്ള ഒരു ഭയങ്കരയുദ്ധത്തിൽ ഏർപ്പെടാതെ, എന്റെ മുന്തിരിത്തോട്ടം ഭംഗിയായി സൂക്ഷിക്കുവാനുള്ള ആഗ്രഹം എന്റെ ഹൃദയാന്തർഭാഗത്തുണ്ട്. ഏതെങ്കിലും ഒരു സ്ഥലത്ത് ശാന്തമായി വിശ്രമിക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്. എന്നാൽ അത് സാദ്ധ്യമല്ല. കമ്മ്യൂണിസം വാതിൽപ്പടിയിൽ ആണ്. കമ്മ്യൂണിസ്റ്റുകാർ ടിബെറ്റ് ആക്രമിച്ചപ്പോൾ അവർ, ആത്മീയകാര്യങ്ങളിൽ മാത്രം താല്പര്യമുണ്ടായിരുന്നവരുടെ അന്തം വരുത്തി. ഞങ്ങളുടെ നാട്ടിൽ അവർ യാഥാർത്ഥ്യങ്ങളിൽ നിന്ന് അന്യപ്പെട്ട് ജീവിച്ചിരുന്നവരുടെ അന്തംവരുത്തി. പള്ളികളും ആശ്രമങ്ങളും അവർ നിർത്തലാക്കി. വിദേശികളെ കബളിപ്പിക്കുവാൻ മാത്രം ചുരുക്കം ചിലത് ശേഷിപ്പിച്ചു. ഞാൻ ആഗ്രഹിക്കുന്നതായ ശാന്തിയും, സ്വസ്തതയും യാഥാർത്ഥ്യങ്ങളിൽ നിന്നുമുള്ള രക്ഷപ്പെടൽ മാത്രമായിരിക്കും. മാത്രമല്ല, അത് എന്റെ ആത്മാവിന് അപകടകരവുമായിരിക്കും.

വ്യക്തിപരമായി എനിക്ക് അപകടങ്ങളുണ്ടെങ്കിലും ഞാൻ ഈ യുദ്ധം നയിച്ചേ മതിയാവു. ഞാൻ അപ്രത്യക്ഷനാകുന്നെങ്കിൽ കമ്മ്യൂണിസ്റ്റുകാർ എന്നെ മോഷ്ടിച്ചുകൊണ്ടുപോയതാണെന്നു നിങ്ങൾ തീർച്ചയാക്കിക്കൊള്ളുക. 1948-ൽ അവർ ഒരു തെരുവിൽ നിന്ന് എന്നെ മോഷ്ടിച്ചുകൊണ്ടുപോകുകയും ഒരു മറുപേരിൽ എന്നെ ജയിലിലടയ്ക്കുകയും ചെയ്തു. അന്ന് ഞങ്ങളുടെ സ്റ്റേററ് സെക്രട്ടറിയായിരുന്ന അന്നാ പോക്കർ, സ്വീഡനിലെ സ്ഥാനപതിയായ പാട്രിക് റൂട്ടേർസ്വേർഡിനോട് പറഞ്ഞു; "ഓ വുംബ്രാണ്ട് ഇപ്പോൾ കോപ്പൻഹാഗനിലെ തെരുവുകളിൽ നടക്കുകയാണ്." ഞാൻ ജയിലിൽനിന്ന് ഒളിവിൽ അയച്ചതായ കത്ത് ആ സ്ഥാനപതിയുടെ പോക്കററിലുണ്ടായിരുന്നു. തന്നോടു പറഞ്ഞത് വ്യാജമാണെന്ന് അദ്ദേഹത്തിന് മനസ്സിലായി. അങ്ങനെ ഒരു സംഭവം ഇനിയും ഉണ്ടാകാം. ഞാൻ കൊല്ലപ്പെടുന്നുവെങ്കിൽ, എന്റെ ഘാതകൻ കമ്മ്യൂണിസ്റ്റുകാരാൽ നിയമിക്കപ്പെട്ടവനായിരിക്കും. വേറെയാർക്കും എന്നെ കൊല്ലുവാനുള്ള പ്രേരണയില്ല. എന്റെ ആത്മീയമായ

അധഃപതനത്തെക്കുറിച്ചോ, ഞാൻ മോഷണത്തിലോ, വ്യാജംപറയുന്നതിലോ, വ്യഭിചാരത്തിലോ അകപ്പെട്ടുവെന്നോ, അല്ലെങ്കിൽ ഞാൻ ഒരു അവസരവാദിയാണെന്നോ നിങ്ങഠം കേഠക്കുന്നപക്ഷം ''നിന്നെ ഞങ്ങഠം ധാർമ്മികമായി അധഃപ്പതിപ്പിക്കും.'' എന്ന രഹസ്യപ്പോലീസിൻെറ ഭീഷണി നിവൃത്തിയാകുകയായിരിക്കും.

അമേരിക്കൻ ഐക്യനാടുകളുടെ സെനററിൻെറ മുൻപാകെ ഞാൻ കൊടുത്ത സാക്ഷ്യം മൂലം, റുമേനിയായിലെ കമ്മ്യൂണിസ്ററുകാർ എന്നെ കൊല്ലുവാൻ തീരുമാനിച്ചതായി വിശ്വാസയോഗ്യമായ കേന്ദ്രങ്ങളിൽനിന്ന് ഞാൻ അറിഞ്ഞു. ഒന്നുകിൽ അവർ എന്നെ കൊല്ലും; അല്ലെങ്കിൽ അവർ എൻെറ സൽപ്പേരിനെ കൊല്ലും. റുമേനിയായിലുള്ള എൻെറ സ്നേഹിതന്മാരെ ഭയപ്പെടുത്തി എന്നെ നിശ്ശബ്ദനാക്കുവാൻ അവർ ശ്രമിക്കും. അതിന് ശക്തമായ മാർഗ്ഗങ്ങഠം അവർക്കുണ്ട്.

എന്നാൽ എനിക്കു മൗനമായിരിപ്പാൻ കഴിവില്ല. ഞാൻ പറയുന്നത് ശാന്തമായി പരിശോധനചെയ്യുക എന്നത് നിങ്ങളുടെ കർത്തവ്യമാണ്. ഞാൻ സഹിച്ച പീഢകളുടെ ഫലമായി എൻെറ മനസ്സിന് അല്പം തകരാറ് വന്നിട്ടുണ്ട് എന്ന് നിങ്ങഠം വിചാരിക്കുന്നെങ്കിൽ, അങ്ങനെയുള്ള മാനസിക തകരാറുകഠം ഉളവാക്കുന്ന കമ്മ്യൂണിസത്തിൻെറ ഭയാജനകമായ ശക്തി എന്തെന്ന് നിങ്ങഠം നിങ്ങളോടുതന്നെ ചോദിക്കുക. മുള്ളുകമ്പികളാൽ അടച്ചുകെട്ടിയ അതിർത്തി കടക്കുന്നതിനായി, കിഴക്കൻ ജർമ്മനിയിലുള്ളവർ ഒരു കുട്ടിയെപ്പോലും ബുഠംഡോസറിൽ കയററി അയയ്ക്കുന്നു; കണ്ടുപിടിക്കപ്പെട്ടാൽ മുഴുവൻ കുടുംബത്തെയും വെടിവെച്ചു കൊല്ലുമെന്നറിഞ്ഞിട്ടും അവർ തയ്യാറാകത്തക്കവണ്ണം, അവരെ പ്രേരിപ്പിക്കുന്ന ശക്തി എന്താണ്?

പശ്ചിമ രാജ്യങ്ങഠം ഉറങ്ങുകയാണ്: അവരെ ഉണർത്തേണ്ടിയിരിക്കുന്നു! യാതന സഹിക്കുന്ന ആളുകഠം, കുററങ്ങഠം മുഴുവൻ ചുമത്തുന്നതിനായി ഒരു 'ബലിയാടിനെ' അന്വേഷിക്കുന്നു. അങ്ങനെയുള്ള ഒരുവനെ കണ്ടുകിട്ടിയാൽ

അവരുടെ ഭാരം കുറയുന്നു. അതുചെയ്യുവാൻ എനിക്കു നിവൃത്തിയില്ല.

കമ്മ്യൂണിസത്തോട് ഒത്തുതീർപ്പിൽ കഴിയുന്ന പശ്ചിമ ദേശങ്ങളിലെ ചില സഭാനേതാക്കന്മാരുടെമേൽ കുററം ചുമത്തുവാൻ എനിക്കു സാദ്ധ്യമല്ല. ദുഷ്ടത ഉത്ഭവിക്കുന്നത് അവരിൽനിന്നല്ല. ആ ദുഷ്ടത വളരെ പഴക്കമുള്ളതാണ്. ആ നേതാക്കന്മാർ, ഈ പഴയ ദുഷ്ടതയ്ക്കധീനരായിപ്പോയി എന്നേയുള്ളു. സഭയിലുള്ള ഈ കുഴപ്പം അവർ ഉണ്ടാക്കിയതല്ല: അവർ സഭയിൽ അങ്ങനെ കണ്ടെത്തിയെന്നു മാത്രമേയുള്ളു.

പശ്ചിമ ദേശങ്ങളിൽ വന്നതിനുശേഷം ഞാൻ ചില വേദശാസ്ത്ര സെമിനാരികൾ സന്ദർശിച്ചിട്ടുണ്ട്. പള്ളിമണികളുടെയും കുർബ്ബാനയിലെ ഗീതങ്ങളുടെയും ചരിത്രത്തെപ്പററിയോ, പുരാതന കാലങ്ങളിലെ സഭാ നിയമങ്ങളെപ്പററിയോ ഉള്ള പ്രഭാഷണങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. സൃഷ്ടിപ്പിൻെറയും ആദാമിൻെറയും ജലപ്രളയത്തിൻെറയും മോശയുടെ അത്ഭുതങ്ങളുടെയും വസ്തുതകൾ വാസ്തവമല്ലെന്ന് വേദശാസ്ത്ര വിദ്യാർത്ഥികൾ പഠിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. സംഭവങ്ങൾ നിവൃത്തിയായതിനുശേഷമാണ് പ്രവചനങ്ങൾ എഴുതപ്പെട്ടതെന്നും, യേശുക്രിസ്തുവിൻെറ കന്യകാ ജനനവും ഉയർത്തെഴുന്നേല്പും കെട്ടുകഥകളാണെന്നും, യേശുക്രിസ്തുവിൻെറ അസ്ഥികൾ എവിടെയോ ഒരു കല്ലറയിൽ ആയിരുന്നെന്നും, ലേഖനങ്ങൾ യഥാർത്ഥമല്ലെന്നും വെളിപ്പാടു പുസ്തകം ഭ്രാന്തൻ എഴുതിയ പുസ്തകമാണെന്നും, ഇവയൊഴിച്ചാൽ വേദപുസ്തകം ഒരു വിശുദ്ധഗ്രന്ഥമാണെന്നും, അവർ പഠിപ്പിക്കുന്നു. (മേൽപ്പറഞ്ഞതെല്ലാം ഒഴിച്ചു നിർത്തണമെങ്കിൽ, ഒരു കമ്മ്യൂണിസ്ററു വർത്തമാനപ്പത്രത്തിലുള്ളതിനേക്കാൾ കൂടുതൽ വ്യാജങ്ങൾ വേദപുസ്തകത്തിലുണ്ടെന്ന് വരുന്നു; അങ്ങനെയെങ്കിൽ വേദപുസ്തകം ഒരു വിശുദ്ധ ഗ്രന്ഥമാകുമോ?)

ഇന്നത്തെ സഭാ നേതാക്കന്മാർ സെമിനാരികളിൽ

അഭ്യസിച്ച കാലങ്ങളിൽ ഇതൊക്കെയാണ് പഠിച്ചത്. അങ്ങനെയുള്ള ഒരു അന്തരീക്ഷത്തിലത്രെ അവർ ജീവിക്കുന്നത്. യേശുക്രിസ്തുവിനെപ്പററി വിചിത്രമായ കാര്യങ്ങൾ പറയുകയും കേൾക്കുകയും ചെയ്തുവരുന്ന സ്ഥിതിക്ക് അവർ അവനോട് വിശ്വസ്തരായി ഇരിക്കേണ്ടതുണ്ടോ? ദൈവം അന്തരിച്ചു എന്ന് സ്വതന്ത്രമായി പഠിപ്പിച്ചുവരുന്ന സഭകളോടു അവരുടെ നേതാക്കന്മാർ വിശ്വസ്തരായിരിക്കേണ്ടതുണ്ടോ?

അവർ ഔദ്യോഗിക സഭകളുടെ നേതാക്കന്മാരാണ്, യേശുക്രിസ്തുവിന്റെ മണവാട്ടിയായ സഭയുടെ നേതാക്കന്മാരല്ല. അവരിൽ അനേകർ ഇതിനകം തങ്ങളുടെ യജമാനനെ ഒററിക്കൊടുത്തവരാണ്. യാതനയനുഭവിക്കുന്ന ഒളിവു സഭയുടെ ഒരംഗത്തെ കാണുമ്പോൾ അവർ അവനെ ഒരപരിചിത ജീവിയെന്നപോലെ വീക്ഷിക്കുന്നു.

മനുഷ്യരുടെ മനോഭാവത്തിന്റെ ഒരു വശംമാത്രം നോക്കി അവരെ കുററം വിധിക്കുന്നത് ശരിയല്ല. അങ്ങനെ ചെയ്യുന്നുവെങ്കിൽ നാം പരീശന്മാരെപ്പോലെ ആയിത്തീരും. ശബ്ബത്തുനാളിനെ ബഹുമാനിച്ചില്ല എന്നു തോന്നിയതിനാൽ അവർ യേശുക്രിസ്തുവിനെ കൊള്ളരുതാത്തവനായി കണക്കാക്കി. അവരുടെ നോട്ടത്തിൽ കണ്ട യേശുക്രിസ്തുവിന്റെ നന്മകളെപ്പോലും ഇഷ്ടപ്പെടുവാൻ അവർക്ക് കഴിഞ്ഞില്ല.

കമ്മ്യൂണിസ്ററുകാരോടുള്ള മനോഭാവത്തിൽ തെററായ നിലപാടു സ്വീകരിച്ചിരിക്കുന്ന ആ സഭാനേതാക്കളിൽത്തന്നെ പല നന്മകളും കണ്ടെന്നുവരാം. മാത്രമല്ല, അവർ വ്യക്തിപരമായി ആത്മാർത്ഥതയുള്ളവരായിരിക്കാം. അവർക്കു തെററുപററിയ കാര്യങ്ങളിൽപ്പോലും അവരുടെ നിലപാട് വ്യത്യസ്തമായി എന്നു വന്നേക്കാം.

കമ്മ്യൂണിസ്ററുകാരുടെ ചാരനായിരുന്നുകൊണ്ട് സ്വന്ത ജനങ്ങളെ തള്ളിപ്പറഞ്ഞ റുമേനിയായിലെ ഒരു ഓർത്തഡോക്സ് മെത്രാപ്പോലീത്തയോടുകൂടെ ഞാൻ ഒരിക്കൽ അല്പസമയം ചിലവഴിക്കുന്നതിനിടയായി. ഒരു സായാഹ്നത്തിൽ അദ്ദേഹത്തിന്റെ പൂന്തോട്ടത്തിൽവെച്ച് ഞങ്ങൾ തമ്മിൽ

സംസാരിച്ചു. അദ്ദേഹത്തിൻെറ കരം ഗ്രഹിച്ചുകൊണ്ടു മുടിയൻ പുത്രൻെറ ഉപമ ഞാൻ പറഞ്ഞു.

"മടങ്ങി വരുന്ന ഒരു പാപിയെ ദൈവം എത്രമാത്രം സ്നേഹിക്കുന്നു എന്നു കാണുക. ഒരു ബിഷപ്പായിരുന്നാലും അനുതാപത്തോടുകൂടെ മടങ്ങിവരുന്നെങ്കിൽ ദൈവം സന്തോഷത്തോടുകൂടെ സ്വീകരിക്കും.'' ഞാൻ പറഞ്ഞു. തുടർന്ന് ഞാൻ ചില ക്രിസ്തീയ ഗീതങ്ങൾ അദ്ദേഹത്തെ പാടി കേൾപ്പിച്ചു. അന്നുതന്നെ അദ്ദേഹം രക്ഷയുടെ അനുഭവത്തിലേക്കു വന്നു.

എൻെറ കൂടെ ജയിലിലുണ്ടായിരുന്ന ഒരു ഓർത്തഡോക്സ് പട്ടക്കാരൻ, ജയിലിൽനിന്നും വിമോചിതനാകാം എന്ന ആഗ്രഹത്തോടുകൂടെ ചില നിരീശ്വരവാദ ലേഖനങ്ങൾ എഴുതി. ഞാൻ അദ്ദേഹത്തോടു സംസാരിച്ചതിൻെറ ഫലമായി ആ ലേഖനങ്ങൾ അദ്ദേഹം കീറിക്കളഞ്ഞു; അതോടുകൂടെ ജയിലിൽ നിന്ന് വിമോചിതനാകുന്നത് അസാദ്ധ്യവുമായിത്തീർന്നു.

എൻെറ ഹൃദയത്തിലുള്ള ഭാരം കുറയ്ക്കുന്നതിനായി ആരേയും ബലിയാടാക്കുക എന്നത് എനിക്കു സാദ്ധ്യമല്ല.

* * *

എനിക്കു മററൊരു വേദനയുണ്ട്. എൻെറ അടുത്ത സ്നേഹിതന്മാർപോലും എന്നെ തെററിദ്ധരിക്കുന്നു. കമ്മ്യൂണിസ്ററുകാർക്കെതിരെ ഞാൻ കയ്പും വിദ്വേഷവും നിറഞ്ഞവനാണെന്ന് ചിലർ എന്നെ കുററം ചുമത്തുന്നു. അത് വാസ്തവമല്ല എന്ന് എനിക്കറിയാം.

യേശുക്രിസ്തു പരീശന്മാരേയും ശാസ്ത്രിമാരേയും തള്ളിപ്പറഞ്ഞതും, അവരോടുള്ള യേശുക്രിസ്തുവിൻെറ മനോഭാവവും, ശത്രുക്കളെ സ്നേഹിക്കുക എന്നുള്ള തൻെറ കല്പനയ്ക്കു വിരുദ്ധമാണെന്ന് ക്ളോഡ് മോണ്ടിഫോർ എന്ന എഴുത്തുകാരൻ എഴുതുകയുണ്ടായി. യേശുക്രിസ്തുവിൻെറ ജീവിതത്തിലെ പൊരുത്തമില്ലായ്മയാണത് എന്ന് ഈ അടുത്ത കാലത്ത് ലണ്ടനിലെ സെൻറ് പോൾസ് കോളേജ് ഡീനായിരുന്ന ഡബ്ളിയു.ആർ. മാത്യൂസ് പറയുകയുണ്ടായി. യേശുക്രിസ്തു

ഒരു ബുദ്ധിജീവിയല്ലാത്തതുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്നാണ് അദ്ദേഹം സമർത്ഥിച്ചത്.

മോണ്ടിഫോററിന്റെ യേശുക്രിസ്തുവിനെപ്പററിയുള്ള ധാരണ തെററായിരുന്നു. പരീശന്മാരെ പരസ്യമായി അപലപിച്ചെങ്കിലും യേശുക്രിസ്തു അവരെ സ്നേഹിച്ചു. കമ്മ്യൂണിസ്ററുകാരെയും സഭകളിലുള്ള അവരുടെ കരുക്കളെയും ഞാൻ അപലപിക്കുന്നുവെങ്കിലും ഞാൻ അവരെ സ്നേഹിക്കുന്നു.

സാധാരണയായി എന്നോടു പലരും പറയാറുണ്ട്: ''കമ്മ്യൂണിസ്ററുകാരെ മറന്നേക്കൂ; ആത്മീയമായ കാര്യങ്ങൾക്കുവേണ്ടിമാത്രം പ്രവർത്തിക്കുക.''

നാസികളുടെയിടയിൽ യാതനയനുഭവിച്ച ഒരു വിശ്വാസിയെ കാണുവാൻ എനിക്കിടയായി. ഞാൻ ക്രിസ്തുവിനെ സാക്ഷിക്കുന്നതിൽ പൂർണ്ണമായും എന്നെ പിൻതാങ്ങുന്നു എന്നും, എന്നാൽ കമ്മ്യൂണിസ്ററുകാരെപ്പററി ഒരു വാക്കും സംസാരിക്കാതിരിക്കണം എന്നും അദ്ദേഹം പറഞ്ഞു. വിശ്വാസികൾ ഹിററ്ലറിനെതിരായി പോരാടിയത് തെററായിരുന്നോ എന്നും ഞാൻ അദ്ദേഹത്തോടു ചോദിച്ചു. ''ഹിററ്ലർ അറുപതുവർഷം യഹൂദന്മാരെ കൊന്നു, അതിനെതിരായി ശബ്ദമുയർത്തേണ്ടതായിരുന്നു'' എന്നായിരുന്നു മറുപടി. ''മൂന്നുകോടി റഷ്യാക്കാരേയും, അനേകലക്ഷം ചൈനാക്കാരെയും മററു രാജാക്കന്മാരേയും കമ്മ്യൂണിസം കൊന്നൊടുക്കി. അവർ യഹൂദന്മാരെയും കൊന്നുമുടിച്ചു. യഹൂദന്മാരെ കൊലചെയ്തതിൽ പ്രതിഷേധിക്കേണ്ടതല്ലയോ?'' ഞാൻ പറഞ്ഞു. ''ഇതു വ്യത്യസ്തമായ ഒരു കാര്യമാണ്'' എന്ന് അദ്ദേഹം പറഞ്ഞതല്ലാതെ ഒരു വിശദീകരണവും നൽകിയില്ല.

ഹിററ്ലറുടെ കാലത്തും കമ്മ്യൂണിസ്ററുകാരുടെ കാലത്തും ഞാൻ പോലീസിന്റെ അടിയേററിട്ടുണ്ട്. രണ്ടും ഒരുപോലെ വേദന നിറഞ്ഞതാണ്. ഇവ തമ്മിൽ ഒരന്തരം കാണുവാൻ എനിക്കു കഴിഞ്ഞില്ല.

കമ്മ്യൂണിസത്തിനെതിരായി മാത്രമല്ല, പാപത്തിൻെറ പലവശങ്ങൾക്കെതിരായും വിശ്വാസികൾ പോരാടേണ്ടിയിരിക്കുന്നു. ഈ ഒരു പ്രശ്നത്തിൽ മാത്രമായി ഞങ്ങളുടെ മനസ്സ് പൂണ്ടിരിക്കുകയല്ല.

എന്നാൽ ഇന്നു ക്രിസ്തീയ സഭയുടെ ഏററവും വലുതും അപകടകരവുമായ ശത്രു കമ്മ്യൂണിസമത്രെ. അതിനെതിരെ നാം ഐകമത്യപ്പെട്ടേ മതിയാവൂ.

ഞാൻ അതു വീണ്ടും പറയട്ടെ! മനുഷ്യൻെറ ലക്ഷ്യം ക്രിസ്തുവിനെപ്പോലെ ആയിത്തീരുക എന്നതത്രെ. അതിനെ നിരോധിക്കുക എന്നതത്രെ കമ്മ്യൂണിസത്തിൻെറ പ്രധാന ലക്ഷ്യം. അവർ മതവിരോധികളാണ്. മരണശേഷം മനുഷ്യൻ ഉപ്പും ധാതുക്കളുമായി മാറുന്നു എന്നവർ വിശ്വസിക്കുന്നു. അതിനാൽ ഈ ജീവിതം മുഴുവനും വസ്തുമയമായ ഒരു ജീവിതം നയിക്കുവാൻ അവർ ആഗ്രഹിക്കുന്നു.

അവർ ജനക്കൂട്ടങ്ങളെ മാത്രമേ അറിയുന്നുള്ളു. "ഞങ്ങൾ പലർ ആകുന്നു." എന്നു ഭൂതങ്ങൾ പറഞ്ഞത് പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെയുള്ള അവസ്ഥയത്രെ അവരുടേത്. ദൈവം മനുഷ്യനു നല്കിയ ഏററവും വലിയ ദാനമായ വ്യക്തിത്വം നശിപ്പിച്ചേ അവർക്കു മതിയാവു. ആൽഫ്രഡ് ആഡ്ലർ എന്ന ഗ്രന്ഥകാരൻ എഴുതിയ 'വ്യക്തിപരമായ മനഃശാസ്ത്രം' എന്ന ഗ്രന്ഥം വായിച്ചതിന് അവർ ഒരാളെ ജയിലിലടച്ചു. രഹസ്യപ്പോലീസുകാർ ഗർജ്ജിച്ചു: "ആഹാ, വ്യക്തി എപ്പോഴും വ്യക്തി! എന്തുകൊണ്ട് കൂട്ടു സംഘങ്ങളായിക്കൂടാ?

നാമോരോരുത്തരും വ്യക്തികളായിരിക്കുവാനത്രെ യേശുക്രിസ്തു ആഗ്രഹിക്കുന്നത്. ആയതിനാൽ കമ്മ്യൂണിസവുമായി യാതൊരു ഒത്തുതീർപ്പിനും നിർവാഹമില്ല. കമ്മ്യൂണിസ്ററുകാർക്ക് അതറിയാം. 'ശാസ്ത്രവും മതവും,' എന്ന അവരുടെ മാസിക ഇങ്ങനെ എഴുതി: "മതം കമ്മ്യൂണിസത്തോട് ഒത്തുപോകുക അസാദ്ധ്യമാണ്....അതു് അതിന് എതിരാണ്....കമ്മ്യൂണിസ്ററു പാർട്ടിയുടെ പ്രവർത്തന

പരിപാടികൾ മതത്തിന്റെ മരണമണി അടിക്കുന്നവയാണ്. മതത്തിന്റെ അടിമത്വത്തിൽനിന്നും മനുഷ്യർ എന്നെന്നേക്കുമായി വിടുവിയ്ക്കപ്പെടുന്ന ദൈവമില്ലാത്ത ഒരു സമുദായം നിർമ്മിക്കുന്നതിനുള്ള ഒരു പരിപാടിയത്രെ അത്."

ക്രിസ്തീയ സഭയ്ക്കു കമ്മ്യൂണിസത്തോട് സമാധാനപരമായി സഹവർത്തിത്വം സാദ്ധ്യമാണോ? അതിന്റെ ഉത്തരം ഇതാണ്........ "കമ്മ്യൂണിസം മതത്തിന്റെ മരണമണി മുഴക്കും."

# അദ്ധ്യായം അഞ്ച്

ദുർഘടപൂർണ്ണമായ സാഹചര്യങ്ങളിലത്രെ ഒളിവുസഭ പ്രവർത്തിക്കുന്നത്. എല്ലാ കമ്മ്യൂണിസ്ററ് രാജ്യങ്ങളിലേയും ഔദ്യോഗിക മതം നിരീശ്വരവാദമാണ്.

റേഡിയോ, ടെലിവിഷൻ, സിനിമാ തിയേററർ, പത്രങ്ങൾ പ്രസിദ്ധീകരണങ്ങൾ ഇവയെല്ലാം ദൈവവിശ്വാസത്തെ ഉന്മൂലനം ചെയ്യുന്നതിനുള്ള ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. പ്രായമുള്ള ആളുകൾ ദൈവവിശ്വാസമുള്ളവരായി കഴിയുന്നതിന് അല്പമൊരു സ്വാതന്ത്ര്യമുണ്ട്. എങ്കിലും യുവജനങ്ങളോ കുഞ്ഞുങ്ങളോ ദൈവവിശ്വാസമുള്ളവരായിക്കൂടാ എന്നുള്ളതവ് കർശന നിയമമാണ്.

ഒരു ഏകാധിപത്യ രാഷ്ട്രത്തിൻെറ ഭീമശക്തികളെ നേരിടുവാൻ ഒളിവു സഭയ്ക്കു കഴിവില്ല. ഒളിവുസഭയുടെ സഭാപരിപാലകന്മാർ വേദശാസ്ത്രാഭ്യസനം ലഭിച്ചിട്ടുള്ളവരല്ല. വേദപുസ്തകം ഒരു പ്രാവശ്യം മുഴുവൻ വായിച്ചിട്ടില്ലാത്ത സഭാപരിപാലകന്മാരും അവരുടെയിടയിലുണ്ട്.

അവരിൽ എത്രപേർ കൈവെപ്പ് ലഭിച്ചവരാണെന്ന് (പട്ടമേററവരാണെന്ന്) പറയേണ്ടതില്ല. രഹസ്യ സഭാപരിപാലക നായി പ്രവർത്തിച്ചിരുന്ന റഷ്യാക്കാരനായ ഒരു ചെറുപ്പക്കാരനെ ഞാൻ കാണുവാനിടയായി. അദ്ദേഹത്തിന് പട്ടം കൊടുത്തത് ആരാണെന്ന് ഞാൻ ചോദിച്ചു.

''ഞങ്ങൾക്ക് കൈവെപ്പു നൽകുവാൻ ഒരു ബിഷപ്പ് ഉണ്ടായിരുന്നില്ല. കമ്മ്യൂണിസ്ററുപാർട്ടി അംഗീകരിക്കാത്ത ആർക്കും ഔദ്യോഗിക ബിഷപ്പ് കൈവെപ്പ് നൽകുകയില്ല. അതുകൊണ്ട് ഞങ്ങൾ പത്തുപേർ രക്തസാക്ഷിയായി മരിച്ച ഒരു ബിഷപ്പിൻെറ കല്ലറയ്ക്കൽ ചെന്നു. ഞങ്ങൾ രണ്ടുപേർ ആ

കല്ലറയുടെമേൽ കൈവെച്ചു. മററുള്ളവർ ഞങ്ങൾക്കു ചുററും നിന്നു. അവിടെനിന്നുകൊണ്ട് ഞങ്ങൾക്കു കൈവെപ്പ് നല്കുവാൻ ഞങ്ങൾ പരിശുദ്ധാത്മാവിനോട് അപേക്ഷിച്ചു. യേശുക്രിസ്തുവിൻെറ തുളയ്ക്കപ്പെട്ടതായ കരങ്ങൾ ഞങ്ങൾക്ക് കൈവെപ്പ് നൽകി എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

ആ യുവാവിൻെറ കൈവെപ്പ് ദൈവമുമ്പാകെ സ്വീകാര്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. അപ്രകാരം കൈവെപ്പു ലഭിച്ചവരും വേദശാസ്ത്രാഭ്യസനം ലഭിക്കാത്തവരും വേണ്ടതുപോലെ വേദപുസ്തക പരിജ്ഞാനമില്ലാത്തവരുമായ ആളുകളത്രെ ക്രിസ്തുവിൻെറ സഭയുടെ വേല നിർവ്വഹിക്കുന്നത്.

അത് ആദിമ നൂററാണ്ടുകളിലെ സഭയ്ക്ക് തുല്യമാണ്. ക്രിസ്തുവിനുവേണ്ടി ലോകത്തെ കീഴ്മേൽ മറിച്ച ആദിമ ക്രിസ്ത്യാനികൾ ഏതു സെമിനാരിയിലാണ് പഠിച്ചത്? അവർക്കെല്ലാവർക്കും അക്ഷരാഭ്യാസമുണ്ടായിരുന്നോ? അവർക്ക് എവിടെനിന്ന് വേദപുസ്തകങ്ങൾ ലഭിച്ചു? ദൈവം അവരോട് സംസാരിച്ചു.

ഒളിവുസഭയിലുള്ള ഞങ്ങൾക്ക് വലിയ പള്ളികളില്ല. എന്നാൽ ദൈവത്തെ ആരാധിക്കുന്നതിനായി ഞങ്ങൾ രഹസ്യമായി കൂടിവരുന്ന കാട്ടുപ്രദേശങ്ങളേക്കാൾ മനോഹരമായ ദേവാലയങ്ങൾ എവിടെയുമുണ്ട്? പക്ഷികളുടെ കളകളനാദം സംഗീതോപകരണങ്ങളുടെ സ്ഥാനമെടുത്തു. പൂക്കളുടെ സുഗന്ധം ധൂപവർഗ്ഗത്തിനു പകരമായിത്തീർന്നു. അടുത്ത കാലത്തു ജയിലിൽ നിന്ന് വിമോചിതനായ ഒരു വിശ്വാസിയുടെ വൃത്തികെട്ട വസ്ത്രം പട്ടക്കാരൻെറ സ്ഥാനവസ്ത്രമായിത്തീർന്നു. മെഴുകുതിരിക്കുപകരം ചന്ദ്രനും നക്ഷത്രങ്ങളും ശോഭിച്ചു.

ഒളിവുസഭയുടെ സൗന്ദര്യത്തെ വിവരിക്കാൻ എനിക്ക് കഴിവില്ല!

പലപ്പോഴും രഹസ്യാരാധനയ്ക്കുശേഷം വിശ്വാസികൾ അറസ്ററു ചെയ്യപ്പെട്ട് ജയിലിൽ അടയ്ക്കപ്പെടുന്നു. ഒരു

മണവാട്ടി തന്റെ പ്രിയനിൽനിന്നു ലഭിച്ച വിലയേറിയ രത്നങ്ങൾ ധരിക്കുമ്പോഴുള്ള സന്തോഷത്തോടുകൂടിയാണ് വിശ്വാസികൾ ചങ്ങലകൾ ധരിക്കുന്നത്. പ്രിയന്റെ സ്നേഹാശ്ലേഷങ്ങൾ അനുഭവിക്കുന്ന മണവാട്ടി അവന്റെ സ്ഥാനത്തു രാജാക്കന്മാരെപ്പോലും സ്വീകരിക്കയില്ല. യഥാർത്ഥത്തിൽ ജയാളികളായ ക്രിസ്ത്യാനികളെ ഞാൻ വേദപുസ്തകത്തിലും ഒളിവുസഭകളിലും ജയിലുകളിലും മാത്രമേ കണ്ടിട്ടുള്ളു.

ഒളിവുസഭ മർദ്ദിക്കപ്പെടുന്നു എങ്കിലും അതിന് അനേകം സ്നേഹിതന്മാരുണ്ട്. രഹസ്യപ്പോലീസിലും ഗവൺമെന്റുദ്യോഗസ്ഥൻമാരുടെയിടയിലും അവർക്ക് സ്നേഹിതന്മാരുണ്ട്. ചിലപ്പോൾ അങ്ങനെയുള്ള രഹസ്യ വിശ്വാസികൾ ഒളിവുസഭയെ സംരക്ഷിക്കാറുണ്ട്.

ദൈവവിശ്വാസമില്ലാത്തവരായി, പുറമെ കാണപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ഈയിടെ റഷ്യയിലെ വർത്തമാനക്കടലാസുകൾ പരാതിപ്പെടുകയുണ്ടായി. ഇങ്ങനെയുള്ള ധാരാളം സ്ത്രീപുരുഷന്മാർ ഗവൺമെന്റ് ഓഫീസുകളിലും പ്രചരണാലയങ്ങളിലും, കമ്മ്യൂണിസ്റ്റ് പ്രവർത്തനകേന്ദ്രങ്ങളിലും പ്രവർത്തിച്ചുവരുന്നതായും, പുറമെ നോക്കുമ്പോൾ അവർ കമ്മ്യൂണിസ്റ്റുകാരായി കാണപ്പെടുന്നെങ്കിലും, അവർ രഹസ്യവിശ്വാസികളും ഒളിവുസഭയുടെ അംഗങ്ങളുമാണെന്ന് റഷ്യൻ പത്രങ്ങൾ വിശദീകരിച്ചു.

കമ്മ്യൂണിസ്റ്റ് പ്രചരണാലയത്തിൽ പ്രവർത്തിച്ചിരുന്ന ഒരു യുവതിയുടെ കഥ അവർ എടുത്തുപറയുകയുണ്ടായി. അവൾ ദിവസവും ജോലികഴിഞ്ഞ് വീട്ടിൽ എത്തുമ്പോഴേയ്ക്കും അവളുടെ ഭർത്താവും ജോലിസ്ഥലത്തു നിന്ന് തിരികെ വരും. അത്താഴം കഴിഞ്ഞതിനുശേഷം അവളും അവളുടെ ഭർത്താവും, ഒരു കൂട്ടം യുവജനങ്ങളെ തങ്ങളുടെ ഭവനത്തിൽ കൂട്ടിവരുത്തി രഹസ്യമായി വേദപുസ്തക പഠനവും പ്രാർത്ഥനായോഗങ്ങളും നടത്തും.

ഇപ്രകാരമുള്ള സംഭവങ്ങൾ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ

എല്ലായിടത്തും നടന്നുകൊണ്ടിരിക്കുന്നു. ദൈവവിശ്വാസമില്ലാത്തവരായി പുറമെ കാണപ്പെടുന്ന പതിനായിരക്കണക്കിന് വിശ്വാസികൾ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലുണ്ട്. "വെള്ളം ചേർത്ത" സുവിശേഷം പ്രസംഗിക്കപ്പെടുന്ന "പ്രദർശനശാലകളായ" പള്ളികളിൽ പോകാതിരിക്കുന്നതാണ് ബുദ്ധിപൂർവ്വമെന്ന് അവർ കരുതുന്നു. അതേസമയം തന്നെ തങ്ങളുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ ഇരുന്നുകൊണ്ട് അവർ രഹസ്യമായി ക്രിസ്തുവിനുവേണ്ടി ഫലപ്രദമായ സാക്ഷ്യം വഹിക്കുന്നു ഒളിവു സഭയ്ക്ക് അങ്ങനെയുള്ള സ്ഥാനങ്ങളിൽ വിശ്വസ്തരായ അനേക അംഗങ്ങളുണ്ട്. അവർ വീടുകളിലും രഹസ്യസങ്കേതങ്ങളിലും മററും കൂടിവന്ന് ആരാധിക്കുകയും യോഗങ്ങൾ നടത്തുകയും ചെയ്യുന്നു.

റഷ്യയിൽ ശിശുസ്നാനത്തിനോ വിശ്വാസസ്നാനത്തിനോ അനുകൂലമായോ എതിരായോ ഉള്ള വാദങ്ങളോ, പാപ്പായുടെ അപ്രമാദിത്വത്തിനെതിരായോ ഉള്ള വാദങ്ങളോ ആർക്കും ഓർമ്മയില്ല. സഹസ്രാബ്ദവാഴ്ച ഏതു കാലഘട്ടത്തിലാണെന്ന് അവർ വാദിക്കാറില്ല. അവർക്ക് പ്രവചനങ്ങളെ വ്യാഖ്യാനിക്കാൻ കഴിവില്ല; അതിനാൽ അവയുടെ വ്യാഖ്യാനങ്ങളെ സംബന്ധിച്ചു തർക്കിക്കാറുമില്ല.

എങ്കിലും നിരീശ്വരവാദികളുടെ മുൻപിൽ ദൈവമുണ്ട് എന്ന് സമർത്ഥിക്കുവാനുള്ള അവരുടെ കഴിവ് കണ്ട് ഞാൻ ആശ്ചര്യപ്പെട്ടിട്ടുണ്ട്.

നിരീശ്വരവാദികൾക്കെതിരായുള്ള അവരുടെ വാദങ്ങൾ ലളിതമാണ്. "നിങ്ങൾ ഒരു വിരുന്നു സൽക്കാരത്തിന് ക്ഷണിക്കപ്പെട്ടു എന്ന് വിചാരിക്കുക. എല്ലാവിധ വിഭവങ്ങളും അവിടെ കാണുമ്പോൾ ആരും പാചകം ചെയ്യാതെ അവ ഉണ്ടായിവന്നു എന്ന് നിങ്ങൾ വിശ്വസിക്കുമോ? എന്നാൽ പ്രകൃതി നമുക്ക് ഒരു വലിയ വിരുന്ന് ഒരുക്കിയിരിക്കുകയാണ്! പലവിധ പഴങ്ങളും തേനും പാലും പ്രകൃതിയിലുണ്ട്. ആരാണ് ഇവയൊക്കെ ഒരുക്കിയത്? പ്രകൃതി അന്ധമാണ്. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നില്ലെങ്കിൽ, അന്ധമായ പ്രകൃതി

നമുക്കാവശ്യമുള്ളതെല്ലാം പല രീതിയിലും ധാരാളമായും ഒരുക്കിത്തരുന്നത് എങ്ങനെയാണെന്ന് പറയാമോ?''

നിത്യജീവൻ ഉണ്ട് എന്ന് തെളിയിക്കുവാൻ അവർക്കു കഴിയും. ഒരിക്കൽ ഒരു വിശ്വാസി ഒരു നിരീശ്വരനോട് വാദിക്കുന്നതു ഞാൻ കേട്ടു. ''അമ്മയുടെ ഗർഭത്തിലുള്ള ഒരു ഭ്രൂണത്തോട് നിങ്ങൾക്കു സംസാരിക്കുവാൻ കഴിയുന്നു എന്ന് ഊഹിക്കുക. ഗർഭപാത്രത്തിൽ കിടക്കുന്ന അതിൻെറ ജീവിതം അല്പകാലത്തേക്കു മാത്രമുള്ളതാണെന്നു നിങ്ങൾ അതിനോടു പറയുന്നുവെങ്കിൽ നിങ്ങൾക്ക് എങ്ങനെയുള്ള ഒരു ഉത്തരമാണ് ലഭിക്കുക? സ്വർഗ്ഗത്തെപ്പററിയോ നരകത്തെപ്പററിയോ ഞങ്ങൾ നിങ്ങളോടു സംസാരിക്കുമ്പോൾ നിങ്ങൾ പറയുന്നതുപോലെയുള്ള ഒരു മറുപടിയായിരിക്കും അത്. അമ്മയുടെ ഗർഭപാത്രത്തിലുള്ള ജീവിതം മാത്രമാണ് യഥാർത്ഥമായിട്ടുള്ളതെന്നും ബാക്കിയുള്ളതെല്ലാം മതപരമായ ഭോഷത്വമാണെന്നും ആ ഭ്രൂണം പറയും. എന്നാൽ അതിന് ചിന്തിക്കാൻ കഴിവുണ്ടായിരുന്നെങ്കിൽ അതു സ്വയം ഇങ്ങനെ പറഞ്ഞേനേ: ''എങ്കിലും കൈകൾ വളരുന്നുണ്ട്. എനിക്ക് അത് ആവശ്യമില്ല, എനിക്ക് കൈകൾ നിവർക്കാൻ പോലും സാദ്ധ്യമല്ല. എന്തിനാണ് അതു വളരുന്നത്? ഒരു പക്ഷെ എൻെറ ഭാവി ജീവിതത്തിൽ കൈകൾ ഉപയോഗിച്ചു ജോലി ചെയ്യേണ്ടിവരും. കാലുകളും വളരുന്നുണ്ട്. പക്ഷെ അവ മടക്കി വെക്കേണ്ടിയിരിക്കുന്നു. അവ വളരുന്നതെന്തിന്? ഒരു പക്ഷെ ഇനി എത്താനിരിക്കുന്ന വലിയ ലോകത്തിൽ നടക്കാനായിരിക്കാം. ഞാൻ അന്ധകാരത്തിലാണ് കഴിയുന്നത്. എനിക്ക് കാണാൻ കഴിവില്ല എങ്കിലും കണ്ണുകൾ വളരുന്നുണ്ട്. കണ്ണുകൾ കൊണ്ട് എനിക്ക് എന്താണ് ആവശ്യം? ഒരു പക്ഷെ നിറങ്ങളും വെളിച്ചവുമുള്ള ഒരു ലോകത്തിലേക്കാണ് ഞാൻ ഇനി ജീവിക്കാൻ പോകുന്നത്! അങ്ങനെ ആ ഭ്രൂണത്തിന് അതിൻെറ വളർച്ചയെപ്പററി ചിന്തിക്കാൻ കഴിയുമെങ്കിൽ അതു കണ്ടിട്ടില്ലാത്ത ഗർഭപാത്രത്തിനു വെളിയിലുള്ള ഒരു ജീവിതത്തെപ്പററി അതിന് അറിയാൻ കഴിയും. നമ്മുടെ അവസ്ഥ ഇതുതന്നെ. നാം യൗവ്വന

പ്രായത്തിലിരിക്കുമ്പോഠം നമുക്കു ശക്തിയും ചുണയും ഉണ്ട്. പക്ഷേ അതിനെ ശരിയായി ഉപയോഗിക്കാൻ നമുക്ക് മനസ്സില്ല. അനേക വർഷങ്ങഠം കഴിഞ്ഞു നാം അറിവിലും പരിചയത്തിലും വളരുമ്പോഠം മരണം നമ്മെനേരിടുന്നു. നമുക്ക് ഉപയോഗപ്രദമല്ലാത്ത ജ്ഞാനംകൊണ്ടും പരിചയം കൊണ്ടും എന്തു പ്രയോജനം? ആ ഭ്രൂണത്തിനു കാലുകളും കൈകളും വളരുന്നതെന്തിന്? തുടർന്നുള്ള ജീവിതത്തിനുവേണ്ടി. നമ്മുടെയും അവസ്ഥ ഇതു തന്നെ. ഇനി വളരുവാനുള്ള ജീവിതത്തിനുവേണ്ടിയാണ് നാം പരിചയത്തിലും അറിവിലും വിവേകത്തിലും വളരുന്നത്. മരണത്തിനുശേഷമുള്ള ഒരു ഉന്നത നിലയിൽ സേവ ചെയ്യുന്നതിനായി നാം ഈ ജീവിതത്തിൽ ഒരുക്കപ്പെടുകയാണ്.

യേശുക്രിസ്തു എന്ന ഒരു വ്യക്തി ജീവിച്ചിരുന്നിട്ടില്ല എന്നാണ് ഔദ്യോഗിക കമ്മ്യൂണിസ്ററ് സിദ്ധാന്തങ്ങഠം പറയുന്നത്. ഒളിവുസഭയിലെ പ്രവർത്തകർ കമ്മ്യൂണിസ്ററുകാരോട് നിഷ്പ്രയാസം ഇതിനുത്തരം പറയും. ''ഏതു പത്രമാണ് നിങ്ങളുടെ കൈയിലിരിക്കുന്നത്? അത് ഇന്നത്തെയോ ഇന്നലത്തെയോ? പ്രവ്ദാ ആണോ? ഞാൻ ഒന്നു നോക്കട്ടെ. ആഹാ! ജനുവരി 14, 1964. എന്നു മുതൽ വർഷങ്ങഠം എണ്ണിയാണ് 1964-ൽ എത്തിയിരിക്കുന്നത്. ജീവിച്ചിരുന്നില്ല എന്നു നിങ്ങഠം അവകാശപ്പെടുന്ന ഒരു വ്യക്തിയുടെ (യേശുക്രിസ്തുവിൻെറ) ജനനം മുതൽ? യേശുക്രിസ്തു ജീവിച്ചിരുന്നില്ല എന്നു നിങ്ങഠം പറയുന്നു. പക്ഷെ അവൻെറ ജനനത്തീയതി മുതൽ നിങ്ങഠം വർഷങ്ങഠം എണ്ണി കണക്കാക്കുന്നു. അവൻ വന്നപ്പോഠം അതിനു മുൻപുള്ളതൊക്കെ നിരർത്ഥമാണെന്നും ഇപ്പോഠം മാത്രമാണ് യഥാർത്ഥകാലം ആരംഭിച്ചതെന്നും മനുഷ്യജാതിക്കു തോന്നി. നിങ്ങളുടെ ഈ പത്രംപോലും യേശുക്രിസ്തു ഒരു സാങ്കല്പിക വ്യക്തിയല്ല എന്നുള്ളത് തെളിയിക്കുന്നു.''

പാശ്ചാത്യരാജ്യങ്ങളിലുള്ള സഭാപരിപാലകർ, തങ്ങളുടെ സഭാജനങ്ങഠം ക്രിസ്തുമതത്തിൻെറ പ്രധാന സത്യങ്ങളിൽ ഉറച്ചവരാണ് എന്ന് സാധാരണയായി ചിന്തിക്കാറുണ്ട്. എന്നാൽ

ഈ ധാരണ ശരിയല്ല. ക്രിസ്തീയ വിശ്വാസത്തെ ഉറപ്പിക്കുന്ന പ്രസംഗങ്ങൾ വളരെ വിരളമായിട്ടേ പാശ്ചാത്യരാജ്യങ്ങളിൽ കേൾക്കാറുള്ളു. എന്നാൽ ഇരുമ്പുമറയ്ക്കു പിന്നിൽ വേദശാസ്ത്രാഭ്യാസം സിദ്ധിച്ചിട്ടില്ലാത്ത വിശ്വാസികൾ, അടിസ്ഥാന ക്രിസ്തീയ സത്യങ്ങളെ ഗൗരവപൂർണ്ണമായി പഠിപ്പിക്കുക പതിവാണ്.

കമ്മ്യൂണിസ്ററ് രാജ്യങ്ങളിലെ ക്രിസ്തീയ സഭയുടെ കോട്ടയാണ് ഒളിവു സഭ. എങ്കിലും ഒളിവുസഭയുടേയും ഔദ്യോഗിക സഭയുടേയും അതിർത്തി ഏതാണെന്നു നിശ്ചയിക്കുക സാദ്ധ്യമല്ല. അവ കൂടിപ്പിണഞ്ഞു കിടക്കുകയാണ്. "പ്രദർശന ശാലകൾ" എന്നപോലെ നടത്തപ്പെടുന്ന പല പള്ളികളിലേയും സഭാ ശുശ്രൂഷകൻമാർ, കമ്മ്യൂണിസ്ററുകാർ അവരുടെ മേൽ ചുമത്തിയിരിക്കുന്ന പ്രതിബന്ധങ്ങൾക്കതീതമായി ഒളിവുസഭയിൽ ശുശ്രൂഷ ചെയ്തുവരുന്നു.

കമ്മ്യൂണിസ്ററുകാരോട് സഹകരിച്ചു കഴിയുന്ന ഔദ്യോഗിക സഭയുടെ പിന്നിൽ വലിയൊരു ചരിത്രമുണ്ട്. റഷ്യയിലെ സോഷ്യലിസ്ററ് വിപ്ളവം കഴിഞ്ഞയുടനെ "ജീവിക്കുന്ന സഭ" എന്ന പേരിൽ സെർഗിയസ് എന്ന ഒരു പട്ടക്കാരനാണ് അത് ആരംഭിച്ചത്.

ഈ "ജീവിക്കുന്ന സഭ" മോസ്ക്കോയിൽവെച്ച് പരസ്യമായി പ്രഖ്യാപിച്ചു: "സഭയെ പണിയുക എന്നതല്ല, അതിനെ ഇല്ലായ്മ ചെയ്യുകയാണ്, മതത്തെ നിർമ്മൂലമാക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം." സഭയ്ക്കുവേണ്ടിയുള്ള മനോഹരമായ ഒരു പദ്ധതി! സെർഗിയസിനെപ്പോലെയുള്ളവർ എല്ലാ കമ്മ്യൂണിസ്ററു രാജ്യങ്ങളിലുമുണ്ട്.

ഹംഗറിയിൽ കത്തോലിക്കരുടെ ഇടയിലുള്ള ഒരു ഫാദർ ബാലോഗ് ആയിരുന്നു സെർഗിയസിൻെറ സ്ഥാനമെടുത്തത്. അദ്ദേഹവും ചില പ്രൊട്ടസ്ററൻറു സഭാശുശ്രൂഷകരും ചേർന്ന് രാജ്യത്തിൻെറ പൂർണ്ണാധിപത്യം എടുക്കുവാൻ കമ്മ്യൂണിസ്ററുകാരെ സഹായിച്ചു.

റുമേനിയായിൽ കമ്മ്യൂണിസ്ററുകാർ അധികാരത്തിൽ വന്നത് ഒരു കാലത്ത് ഫാസിസ്ററുകാരനായിരുന്ന ബുർഡുസിയാ എന്ന പട്ടക്കാരൻെറ സഹായത്തോടുകൂടിയാണ്. തൻെറ കഴിഞ്ഞ കാലത്തെ "പാപങ്ങൾക്ക്" കമ്മ്യൂണിസ്ററുകാരുടെ മുമ്പാകെയുളള ഒരു പ്രായശ്ചിത്തമെന്നോണം അദ്ദേഹം കമ്മ്യൂണിസ്ററുകാരേക്കാൾ വലിയ കമ്മ്യൂണിസ്ററുകാരനായിത്തീർന്നു. സോവിയററ് സംസ്ഥാനസെക്രട്ടറിയായ വിഷിൻസ്കി, റുമേനിയായിലെ കമ്മ്യൂണിസ്ററു ഗവൺമെൻറിൻെറ ഉദ്ഘാടനച്ചടങ്ങിൽ സംബന്ധിച്ചുകൊണ്ട്, ഈ ഗവൺമെൻറ് ഭൂമിയിൽ ഒരു പറുദീസാ നിർമ്മിക്കും, പിന്നെ ഒരു സ്വർഗ്ഗീയ പറുദീസായ്ക്ക് ആവശ്യമില്ല എന്നു പ്രസംഗിച്ചപ്പോൾ ഈ പട്ടക്കാരൻ വിഷിൻസ്കിയുടെ അരികിൽനിന്ന് പുഞ്ചിരിതൂകുകയായിരുന്നു.

ആർച്ച് ബിഷപ്പ് നിക്കോദീം കമ്മ്യൂണിസ്ററുകാരുടെ ഒരു ചാരനാണെന്നു തെളിവുണ്ട്. റഷ്യയിൽനിന്ന് ഒളിച്ചോടി രക്ഷപ്പെട്ട റഷ്യൻ രഹസ്യപ്പോലീസിലെ മേജർ ഡെറിയാബിൻ ആർച്ച് ബിഷപ്പ് തങ്ങളുടെ ചാരനായിരുന്നു എന്ന് സാക്ഷിക്കുകയുണ്ടായി.

മിക്കവാറും എല്ലാ സഭാവിഭാഗങ്ങളിലെയും അവസ്ഥ ഇതുതന്നെ. റുമേനിയായിലെ ഇപ്പോഴത്തെ ബാപ്ററിസ്ററുകാരുടെ നേതൃത്വം അവരുടെ മേൽ അടിച്ചേല്പിക്കപ്പെട്ടതാണ്. യഥാർത്ഥ ക്രിസ്ത്യാനികളെ ആ നേതാക്കന്മാർ തള്ളിപ്പറയുന്നു. റഷ്യയിലെ ബാപ്ററിസ്ററു സഭയുടെ നേതാക്കന്മാരും അങ്ങനെതന്നെ പ്രവർത്തിക്കുന്നു. കമ്മ്യൂണിസ്ററു ഗവൺമെൻറ് അധികാരത്തിൽ വന്നതുമുതൽ താൻ രഹസ്യപ്പോലീസിൻെറ ചാരനായി പ്രവർത്തിക്കുകയായിരുന്നെന്ന് ശാബതു മിഷൻെറ പ്രസിഡൻറായ ററാച്ചിസി എന്നോടു പറയുകയുണ്ടായി.

ആയിരക്കണക്കിന് ക്രിസ്തീയ ആരാധനാസ്ഥലങ്ങൾ കമ്മ്യൂണിസ്ററുകാർ അടച്ചുപൂട്ടിയെങ്കിലും, എല്ലാം അടച്ചുപൂട്ടുന്നതിനുപകരം പേരിനുമാത്രം ചിലത് അവർ

ഔദ്യോഗിക ആരാധനാസ്ഥലങ്ങളായി അനുവദിച്ചിട്ടുണ്ട്. ക്രിസ്ത്യാനികളേയും ക്രിസ്തീയ സഭകളേയും നിരീക്ഷണം ചെയ്യുന്നതിനുള്ള കിളിവാതിലുകളായും സഭകളെ നിയന്ത്രിക്കുന്നതിനും കയ്യടക്കുന്നതിനുമുള്ള മുഖാന്തരങ്ങളായും അവർ അതിനെ ഉപയോഗിക്കുന്നു. സഭകളെ നിയന്ത്രിക്കുന്നതിനും അവിടെ മതസ്വാതന്ത്ര്യമുണ്ടെന്നു വിദേശികളെ ബോദ്ധ്യപ്പെടുത്തി കബളിപ്പിക്കുന്നതിനുമുള്ള മാർഗ്ഗങ്ങളായി ചില ആരാധനാസ്ഥലങ്ങൾ തന്ത്രപൂർവ്വം അനുവദിക്കുകയാണ് കമ്മ്യൂണിസ്ററുകാർ ചെയ്തത്. രഹസ്യപ്പോലീസിന്റെ ചാരനായിരുന്നുകൊണ്ട് സഭാംഗങ്ങളെപ്പററി വിവരങ്ങൾ നൽകുന്നപക്ഷം അപ്രകാരമുള്ള ഒരു ഔദ്യോഗിക സഭയുടെ (ഇടവകയുടെ) സഭാപരിപാലകനാക്കാമെന്നു കമ്മ്യൂണിസ്ററുകാർ വാഗ്ദത്തം ചെയ്തിരുന്നു. എല്ലാകാര്യങ്ങളും ''ഒന്നുകിൽ നല്ലത്, അല്ലെങ്കിൽ തീയത്'' എന്ന് വിധിക്കപ്പെടുന്ന പാശ്ചാത്യർക്ക് ഇപ്രകാരമുള്ള ഒരു സ്ഥിതി വിശേഷം മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുമെന്നു തോന്നുന്നു. എന്നാൽ യുവജനങ്ങളുൾപ്പെടെ സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുക എന്ന പ്രവർത്തനത്തിനുപകരമായി ഔദ്യോഗിക സഭകളെ ഒളിവു സഭ ഒരിക്കലും അംഗീകരിക്കുകയില്ല.

ഔദ്യോഗിക സഭയിൽ വഞ്ചകന്മാരായ നേതാക്കന്മാർ ഉണ്ട് എങ്കിലും അവിടെയും സഭാ ജനങ്ങളുടെയിടയിൽ യഥാർത്ഥ ആത്മീയ ജീവൻ കാണുവാൻ കഴിയും. (പാശ്ചാത്യ രാജ്യങ്ങളിലെയും സ്ഥിതി ഏകദേശം ഇതു തന്നെയാണെന്നു എനിക്കു തോന്നുന്നു. അവിശ്വസ്തരായ നേതാക്കൾ അവിടുത്തെ സഭകളിൽ ഉണ്ടെങ്കിലും, സഭാജനങ്ങൾ വിശ്വസ്തരായി കാണപ്പെടാറുണ്ട്.)

ഓർത്തഡോക്സ് സഭയുടെ ആരാധനക്രമങ്ങൾക്കു മാററം വന്നിട്ടില്ല. അതുകൊണ്ടു പ്രസംഗങ്ങൾ കമ്മ്യൂണിസ്ററുകാരെ പുകഴ്ത്തുന്നവയായാലും, പ്രാർത്ഥനകൾ, സ്തോത്രങ്ങൾ മുതലായവ അവരുടെ ഹൃദയത്തെ പോഷിപ്പിക്കുന്നു.

ലൂതറൻമാരും, പ്രസ്ബററീരിയരും മററു പ്രൊട്ടസ്ററൻറ് സഭാവിഭാഗങ്ങളും പഴയ പാട്ടുകാം തന്നെയാണ് പാടുന്നത്. മാത്രമല്ല, പ്രസംഗിക്കുന്നവർ രഹസ്യപ്പോലീസിൻെറ ചാരന്മാരായിരുന്നാലും, അവരുടെ പ്രസംഗങ്ങളിലും ദൈവവചനത്തിൻെറ ഭാഗങ്ങാം ഉാംക്കൊണ്ടിരിക്കും. വഞ്ചകന്മാർ എന്നറിയപ്പെടുന്നവരുടെ പ്രസംഗങ്ങളിൽ ഉദ്ധരിക്കപ്പെടുന്ന ദൈവവചനങ്ങളുടെ ശക്തിയാൽ ജനങ്ങാം മാനസാന്തരത്തിൻെറ അനുഭവത്തിലേക്ക് വരാറുണ്ട്. അങ്ങനെ രക്ഷിക്കപ്പെട്ടു വിശ്വാസത്തിലേക്കു വരുന്നവർ ആ കാര്യം രഹസ്യമായി സൂക്ഷിക്കുന്നു. കാരണം, ആ കാര്യം പരസ്യമായാൽ, ആ പ്രസംഗിച്ച സഭാപരിപാലകൻതന്നെ രഹസ്യപ്പോലീസിനെ വിവരമറിയിക്കും. ഇത് ദൈവത്തിൻെറ വലിയ ഒരു അത്ഭുതപ്രവർത്തനമാണ്. ഇതിനെപ്പററി ദൈവം സൂചകഭാഷയിൽ ലേവ്യപുസ്തകം 11:36-ൽ "വിതയ്ക്കുന്ന വിത്തായ വല്ല ധാന്യത്തിന്മേലും അവയിൽ ഒന്നിൻെറ പിണം വീണാലും അത് ശുദ്ധമായിരിക്കും'' എന്നു പറയുന്നു. (മോശൈക ന്യായപ്രമാണപ്രകാരം പിണം തൊടുന്നതെല്ലാം അശുദ്ധമായിരിക്കും.)

ഔദ്യോഗിക സഭയുട നേതാക്കന്മാരെല്ലാം കമ്മ്യൂണിസ്ററു ചാരന്മാരല്ല എന്ന് പറയേണ്ടിയിരിക്കുന്നു. ഉന്നത നേതാക്കന്മാരിൽപോലും എല്ലാവരും കമ്മ്യൂണിസ്ററു കാരുടെ ആളുകളല്ല. ഒളിവിൽ കഴിയുന്നവരൊഴിച്ചാൽ, ഒളിവുസഭയുടെ അംഗങ്ങാം ഔദ്യോഗിക സഭകളിലും മുൻകൈ എടുത്തു പ്രവർത്തിക്കുന്നു. ക്രിസ്തീയവിശ്വാസം എന്നത് ഭാവനയിലുടലെടുത്ത, ചത്തു തണുത്തുപോയ ഒന്നല്ല, പിന്നെയോ പോരാടുന്ന ഒരു വിശ്വാസമാണെന്ന് അവർ മററുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. റുമേനിയായിൽ വ്ളാടിമിരെഷ്ടിയിലെ ആശ്രമം അടച്ചുപൂട്ടാൻ രഹസ്യപ്പോലീസു വന്നപ്പോഴും, അതുപോലെയുള്ള സംഭവങ്ങാം റഷ്യയിൽ നടന്നപ്പോഴും, അവർക്ക് വളരെ പ്രയാസകരമായ സന്ദർഭങ്ങളെ നേരിടേണ്ടിവന്നു. മതപരമായ കാര്യങ്ങളെ

തടുത്തു എന്ന കുററത്തിന് ചില കമ്മ്യൂണിസ്ററുകാർക്ക് ജീവൻ നഷ്ടപ്പെടുകയുണ്ടായിട്ടുണ്ട്.

എന്നാൽ ഔദ്യോഗിക സഭകളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരികയാണ്. സോവിയററ് യൂണിയനിൽ ആകപ്പാടെ അയ്യായിരമോ ആറായിരമോ പള്ളികളിൽ കൂടുതലുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. (അത്രയും ജന സംഖ്യയുള്ള അമേരിക്കൻ ഐക്യനാടുകളിൽ മൂന്നു ലക്ഷത്തോളം പള്ളികളുണ്ട്. ഇവയിൽ ഭൂരിപക്ഷവും നാം ഉദ്ദേശിക്കുന്നതുപോലെയുള്ള ആരാധനാ സ്ഥലങ്ങളല്ല. മിക്ക പള്ളികൾക്കും ഒരു ചെറിയ മുറി മാത്രമേ ഉണ്ടായിരിക്കുകയുള്ളു. വിദേശികളായ സന്ദർശകർ മോസ്ക്കോയിലുള്ള ഏക പ്രൊട്ടസ്ററൻറു പള്ളിയിൽ ആളുകൾ തിങ്ങിക്കൂടുന്നത് കണ്ടിട്ട് റഷ്യയിൽ എത്രമാത്രം മതസ്വാതന്ത്ര്യം ഉണ്ട് എന്നു ചിന്തിച്ചുപോകുന്നു. "പള്ളികളിൽ ആളുകൾ നിറഞ്ഞുകവിയുന്നു." എന്ന് അവർ സന്തോഷത്തോടു കൂടെ പറയും. എഴുപതു ലക്ഷം ആത്മാക്കൾക്ക് ഒരു പ്രൊട്ടസ്ററൻറ് പള്ളിയെ ഉള്ളു എന്നുള്ള ദുരവസ്ഥ അവർ കാണുന്നില്ല. വെറുംഒരു മുറിയുള്ള പള്ളികൾ പോലും എൺപതു ശതമാനം ആളുകൾക്ക് ചെന്നെത്താവുന്ന സ്ഥലങ്ങളിലല്ല. ഒന്നുകിൽ ഈ ജനലക്ഷങ്ങളെ മറന്നുകളയണം, അല്ലെങ്കിൽ അവരുടെയിടയിൽ ഒളിവു പ്രവർത്തനങ്ങൾ നടത്തണം. വേറെ മാർഗ്ഗങ്ങളൊന്നുമില്ല.

ഒരു രാജ്യത്തിൽ കമ്മ്യൂണിസം എത്രമാത്രം പ്രബലപ്പെടുന്നോ, അത്ര മാത്രം സഭകൾ ഒളിവിൽ പോയേ മതിയാവൂ! അടച്ചുപൂട്ടപ്പെട്ട പള്ളികൾ മതവിരുദ്ധപ്രസ്ഥാന ങ്ങളുടെ ആസ്ഥാനങ്ങളായിത്തീരുന്നു.

## ഒളിവുസഭയും നിരീശ്വരവാദ സാഹിത്യങ്ങളും

നിരീശ്വരവാദ സാഹിത്യങ്ങളെ എങ്ങനെ ഉപയോഗിക്കാമെന്നു ഒളിവു സഭയ്ക്കറിയാം. ഏലിയാ പ്രവാചകൻ കാക്കകളാൽ പോഷിപ്പിക്കപ്പെട്ടതുപോലെ, ഒളിവുസഭ നിരീശ്വരവാദ സാഹിത്യങ്ങളാൽ പോഷിപ്പിക്കപ്പെടുന്നു.

വേദപുസ്തക വാക്യങ്ങളെ പരിഹസിക്കുന്നതിനും വിമർശിക്കുന്നതിനും നിരീശ്വരവാദികൾ വളരെയധികം വൈരുദ്ധ്യവും തീക്ഷ്ണതയും പ്രകടിപ്പിക്കാറുണ്ട്. 'നേരമ്പോക്കിനുള്ള വേദപുസ്തകം,' 'വിശ്വാസികൾക്കും അവിശ്വാസികൾക്കുമുള്ള വേദപുസ്തകം' എന്നീ രണ്ടു പുസ്തകങ്ങൾ അവർ പ്രസിദ്ധീകരിച്ചു. വേദപുസ്തകത്തിലെ വാക്യങ്ങൾ എത്ര അർത്ഥശൂന്യമാണെന്നു സമർത്ഥിക്കുവാനായി അവർ അനേക വേദപുസ്തകവാക്യങ്ങൾ ഉദ്ധരിച്ചു. അതിൽ ഞങ്ങൾ സന്തോഷിച്ചു! അവരുടെ വിമർശനങ്ങൾ നിസ്സാരങ്ങളായിരുന്നതുകൊണ്ട് ആരും തന്നെ അത് ഗണ്യമാക്കിയില്ല. ഈ പുസ്തകങ്ങൾ കമ്മ്യൂണിസ്റ്റുകാർ ലക്ഷക്കണക്കിന് വിതരണം ചെയ്തു. കമ്മ്യൂണിസ്റ്റുകാർ ആ വാക്യങ്ങളെ പരിഹസിച്ചെങ്കിലും അവ അതിമനോഹരങ്ങളായിരുന്നു. മതപീഢന കാലത്ത് "ദുരുപദേശക്കാരെ" ഘോഷയാത്രയായി നടത്തി, നരകയാതനകളുടെയും സാത്താൻെറയും ചിത്രങ്ങളുള്ള നിന്ദ്യമായ വസ്ത്രങ്ങൾ അണിയിച്ച് പരസ്യമായി ചുട്ടെരിക്കുകയുണ്ടായി. എങ്കിലും ആ "ദുരുപദേശക്കാർ" എത്ര വലിയ വിശുദ്ധരായിരുന്നു! അതുപോലെതന്നെ, വേദപുസ്തക വാക്യങ്ങൾ സാത്താൻ ഉദ്ധരിച്ചെങ്കിലും അവ വേദപുസ്തകവാക്യങ്ങൾ തന്നെ.

മേൽപ്പറഞ്ഞ പുസ്തകങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ആയിരക്കണക്കിന് കത്തുകൾ ലഭിച്ചപ്പോൾ പ്രസാധകർക്ക് വലിയ സന്തോഷമുണ്ടായി. വേദപുസ്തകം കിട്ടാൻ ഒരു മാർഗ്ഗവുമില്ലാതിരുന്ന ഒളിവുസഭയുടെ അംഗങ്ങളിൽ നിന്നാണ് ഈ കത്തുകൾ ലഭിച്ചതെന്ന് അവർക്ക് മനസ്സിലായില്ല.

നിരീശ്വരവാദികളുടെ യോഗങ്ങൾ കൊണ്ട് മുതലെടുക്കുവാനും ഞങ്ങൾ പഠിച്ചിരുന്നു. അങ്ങനെയുള്ള ഒരു യോഗത്തിൽ വെച്ച്, കമ്മ്യൂണിസ്റ്റുകാരനായ ഒരു പ്രൊഫസർ, യേശുക്രിസ്തു ഒരു മന്ത്രവാദിയായിരുന്നു എന്ന് തെളിയിക്കുകയായിരുന്നു. അയാളുടെ മുൻപിൽ മേശപ്പുറത്തിരുന്ന ഒരു പാത്രം വെള്ളത്തിലേക്ക് അയാൾ ഒരു

പൊടി ഇട്ടപ്പോ൦ അത് ചുവപ്പു നിറമുള്ളതായിത്തീർന്നു. ''യേശുക്രിസ്തു ചെയ്ത അതിശയപ്രവർത്തി ഇതു മാത്രമാണ്.'' അയാ൦ വിശദീകരിച്ചു. ''ഇതുപോലെയുള്ള ഒരു പൊടി യേശുക്രിസ്തു തൻെറ കുപ്പായത്തിൻെറ കൈയ്യുടെ അരികിൽ തിരുകി വെച്ചിരുന്നു. എന്നിട്ട് അതുപയോഗിച്ച് അതിശയമെന്ന രീതിയിൽ വെള്ളം വീഞ്ഞാക്കി എന്നു പറയുന്നു. എന്നാൽ ക്രിസ്തു ചെയ്തതിനെക്കാ൦ അതിശയം പ്രവർത്തിക്കാൻ എനിക്കു കഴിയും.'' ഇങ്ങനെ പറഞ്ഞിട്ട് ആ വെള്ളത്തിലേക്ക് വേറൊരു പൊടി ഇട്ടു. അത് സാധാരണ വെള്ളം പോലെയായിത്തീർന്നു.

ഒരു വിശ്വാസി എഴുന്നേററുനിന്നു പറഞ്ഞു: ''സഖാവ് പ്രൊഫസർ, നിങ്ങളുടെ അതിശയപ്രവർത്തിക൦ ഞങ്ങളെ അത്ഭുതപ്പെടുത്തിയിരിക്കുന്നു. ഒരു കാര്യം മാത്രം ഞങ്ങ൦ പറയട്ടെ. നിങ്ങ൦ ഉണ്ടാക്കിയ ആ വീഞ്ഞ് അല്പം കുടിക്കുക.''

''അതു സാദ്ധ്യമല്ല'' ആ പ്രൊഫസർ പറഞ്ഞു.''ആ പൊടി വിഷമാണ്.''

''നിങ്ങളും യേശുക്രിസ്തുവും തമ്മിലുള്ള വ്യത്യാസമിതാണ്. യേശുക്രിസ്തു തൻെറ വീഞ്ഞുകൊണ്ട് രണ്ടായിരം വർഷങ്ങളായി ഞങ്ങ൦ക്കു സന്തോഷം നൽകികൊണ്ടിരിക്കുന്നു. എന്നാൽ നിങ്ങളുടെ വീഞ്ഞുകൊണ്ട് നിങ്ങ൦ ഞങ്ങളെ വിഷം കുടിപ്പിക്കുകയാണ്.'' ആ വിശ്വാസിക്കു ജയിലിൽ പോകേണ്ടി വന്നു. എന്നാൽ ഈ സംഭവത്തെപ്പററിയുള്ള വാർത്ത, എല്ലായിടത്തും പരക്കുകയും, വിശ്വാസത്തെ ശക്തിപ്പെടുത്തുകയും ചെയ്തു.

ഞങ്ങ൦ ദാവീദിനെപ്പോലെ ബലഹീനരാണ്. എന്നാൽ ദൈവം ഞങ്ങളുടെ പക്ഷത്തുള്ളതുകൊണ്ട് ഞങ്ങ൦ നിരീശ്വരവാദമെന്ന ഗോല്യാത്തിനേക്കാ൦ ശക്തിയുള്ളവരാണ്. സത്യം ഞങ്ങളുടെ പക്ഷത്താണ്.

ഒരിക്കൽ ഒരു ഫാക്ടറിയിലെ ജോലിക്കാരോട്, ഒരു കമ്മ്യൂണിസ്ററ് ലെക്ചറർ നിരീശ്വരവാദത്തെ പ്രചരിപ്പിക്കുന്നതിനായി പ്രസംഗിക്കുകയായിരുന്നു.

ഫാക്ടറിയിലെ ജോലിക്കാർ എല്ലാവരും ആ യോഗത്തിൽ സംബന്ധിക്കണമെന്നുള്ളത് നിർബ്ബന്ധമായിരുന്നതിനാൽ ആ കൂട്ടത്തിൽ ചില വിശ്വാസികളുമുണ്ടായിരുന്നു.

ഒരു വിശ്വാസി, എഴുന്നേററുനിന്നു ചില കാര്യങ്ങൾ പറയുവാൻ അനുവാദം ചോദിച്ചു. അനുവാദം ലഭിച്ചുകഴിഞ്ഞപ്പോൾ അയാൾ തൻെറ കസേര എടുത്തു താഴോട്ട് എറിഞ്ഞു. എന്നിട്ട് ആ കസേരയെ സൂക്ഷിച്ചുനോക്കിക്കൊണ്ട് അല്പനേരം നിന്നു. അതിനുശേഷം മുൻപോട്ടു നടന്നുചെന്ന് ആ കമ്മ്യൂണിസ്ററ് ലക്ചററുടെ ചെകിട്ടത്ത് ആഞ്ഞ് ഒരടികൊടുത്തു.

ആ ലെക്ചറർ കോപം കൊണ്ടു വിറച്ചു. അയാൾ അസഭ്യം പറഞ്ഞുകൊണ്ടു തൻെറ സഖാക്കളോട് ആ വിശ്വാസിയെ അറസ്ററ് ചെയ്യാൻ വിളിച്ചുപറഞ്ഞു. "നീ എന്നെ അടിക്കാൻ കാരണമെന്ത്? എന്നെ അടിക്കാൻ നിനക്ക് എങ്ങനെ ധൈര്യം വന്നു.?"

ആ വിശ്വാസി പറഞ്ഞു, "നിങ്ങൾ ഒരു കള്ളനാണെന്നു നിങ്ങൾ തന്നെ തെളിയിച്ചിരിക്കയാണ്. എല്ലാം വാസ്തവമാണെന്ന്....വസ്തുവല്ലാത്തത് ഒന്നുമില്ല എന്നു നിങ്ങൾ പറഞ്ഞു. ഞാൻ കസേര എടുത്തു നിലത്തെറിഞ്ഞു. അതു വാസ്തവമായി വസ്തുവാണ്. കസേരയ്ക്കു കോപമുണ്ടായില്ല. ഞാൻ നിങ്ങളെ അടിച്ചപ്പോൾ നിങ്ങൾ കസേരയെപ്പോലെയല്ല, വ്യത്യസ്തമായാണ് വർത്തിച്ചത്. വസ്തുവിന് നിങ്ങളെപ്പോലെ കോപമുണ്ടാകുകയോ കലികേറുകയോ ചെയ്യുകയില്ല. അതുകൊണ്ട് പ്രൊഫസർ സഖാവേ നിങ്ങൾക്കു തെററുപററി. മനുഷ്യൻ വെറും വസ്തുവല്ല. നാം ആത്മീയജീവികളാണ്."

ഇങ്ങനെ അനേക മാർഗ്ഗങ്ങളിൽകൂടി ഒളിവുസഭയുടെ സാധാരണക്കാരായ വിശ്വാസികൾ നിരീശ്വരവാദങ്ങളുടെ പൊള്ളത്തരം വെളിപ്പെടുത്തിയിട്ടുണ്ട്.

ഞാൻ ജയിലിലായിരിക്കുമ്പോൾ ജയിലുദ്ദ്യോഗസ്ഥൻ എന്നോട് പരുഷമായി ചോദിച്ചു: "എത്രനാൾ നീ നിൻെറ

അർത്ഥശൂന്യമായ മതവും കൊണ്ടിരിക്കും?'' ഞാൻ പറഞ്ഞു, ''അനേക നിരീശ്വരവാദികൾ തങ്ങളുടെ മരണക്കിടക്കയിൽവെച്ച്, തങ്ങൾ നിരീശ്വരവാദികളായി ജീവിച്ചല്ലോ എന്നോർത്തു ഖേദിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അവർ ക്രിസ്തുവിനെ നോക്കി വിളിച്ചു. ഒരു ക്രിസ്ത്യാനി തന്റെ മരണക്കിടക്കയിലായിരിക്കുമ്പോൾ ക്രിസ്ത്യാനി ആയിരുന്നുവല്ലൊ എന്നോർത്തു ഖേദിക്കുമെന്നോ, തന്റെ വിശ്വാസത്തിൽ നിന്നു തന്നെ വിടുവിക്കുന്നതിനായി മാർക്സിനെയോ ലെനിനേയോ നോക്കി വിളിക്കുമെന്നോ നിങ്ങൾ ചിന്തിക്കുന്നുണ്ടോ?'' അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു: ''വളരെ ബുദ്ധിപൂർവ്വമായ മറുപടി.'' ഞാൻ തുടർന്നു: ''ഒരു എൻജിനീയർ ഒരു പാലം പണിതുകഴിയുമ്പോൾ, ഒരു പൂച്ചയ്ക്കു അതിന്റെ മീതെ നടക്കുവാൻ കഴിഞ്ഞു എന്നുള്ളതു കൊണ്ട് ആ പാലം നല്ലതാണെന്നു പറയാൻ സാദ്ധ്യമല്ല. അതിന്റെ ശക്തി അറിയണമെങ്കിൽ ഒരു തീവണ്ടി അതിന്മേൽ കൂടി ഓടണം. എല്ലാ സാഹചര്യങ്ങളും നന്നായിരിക്കുമ്പോൾ നിങ്ങൾ ഒരു നിരീശ്വരവാദിയായിരിക്കാം എന്നുള്ളതുകൊണ്ട്, നിരീശ്വരവാദം ശരിയാണ് എന്നു തെളിയുന്നില്ല. വലിയ പ്രതിസന്ധിഘട്ടങ്ങളിൽ അത് ഉറച്ച് നില്ക്കുന്നില്ല.'' റഷ്യയുടെ പ്രധാനമന്ത്രി ആയതിനുശേഷവും ദുർഘടസാഹചര്യങ്ങളിൽ ലെനിൻ പ്രാർത്ഥിച്ചിരുന്നതായി ഞാൻ ലെനിന്റെ പുസ്തകങ്ങൾ ഉപയോഗിച്ചു തെളിയിച്ചു. ഞങ്ങൾ ശാന്തരാണ്: ശാന്തരായിരുന്നുകൊണ്ട് സംഭവവികാസങ്ങളെ വീക്ഷിക്കുവാൻ ഞങ്ങൾക്കു കഴിയും. എന്നാൽ കമ്മ്യൂണിസ്റ്റുകാരാണ് സ്വസ്ഥതയില്ലാത്തവരായി മതവിരുദ്ധപ്രസ്ഥാനങ്ങൾ ആരംഭിക്കുന്നത്. ''ദൈവത്തിൽ വിശ്രമിക്കാത്ത ഹൃദയം സ്വസ്ഥതയില്ലാത്തതാണ്'' എന്നു വിശുദ്ധ അഗസ്റ്റിൻ പറഞ്ഞതു കമ്മ്യൂണിസ്റ്റുകാർ തെളിയിക്കുകയാണ്.

## കമ്മ്യൂണിസ്റ്റുകാരേയും നേടാം

സ്വതന്ത്ര ക്രിസ്ത്യാനികളായ നിങ്ങൾ ഒളിവുസഭയെ സഹായിക്കുമെങ്കിൽ അവർ കമ്മ്യൂണിസ്റ്റുകാരുടെ

ഹൃദയങ്ങളെ നേടുകയും ലോകത്തിന്റെ പ്രകൃതി മാററുകയും ചെയ്യും. ഒരു കമ്മ്യൂണിസ്ററുകാരന്റെ ജീവിതം അസ്വാഭാവികമായ ഒന്നാണ്. ഒരു പട്ടിക്കുപോലും തന്റേതായ ഒരു എല്ല് സ്വന്തമായി വേണമെന്ന് ആഗ്രഹമുണ്ട്. തങ്ങാം വിശ്വസിക്കേണ്ടിവരുന്ന അബദ്ധങ്ങാംക്കും ചെയ്യേണ്ടിവരുന്ന പ്രവർത്തനങ്ങാംക്കുമെതിരായി കമ്മ്യൂണിസ്ററുകാരുടെ ഹൃദയങ്ങാം നിഷേധിയ്ക്കുകയാണ്. അതുകൊണ്ട് കമ്മ്യൂണിസ്ററുകാരെ നേടുവാനുള്ള പ്രയത്നത്തിൽ അവർ വിജയിക്കുകതന്നെ ചെയ്യും.

എല്ലാം വസ്തുവാണെന്നും, മനുഷ്യൻ ചില രാസവസ്തുക്കാം ഒരു പ്രത്യേക വിധത്തിൽകൂടി ചേർന്നുണ്ടായതാണെന്നും, മരണശേഷം മനുഷ്യൻ വീണ്ടും വസ്തുക്കളാകുമെന്നും മററും ചില കമ്മ്യൂണിസ്ററുകാർ പറയുമ്പോാം ഞങ്ങാം അവരോട് ഇങ്ങനെ ചോദിക്കും, "അനേക രാജ്യങ്ങളിൽ കമ്മ്യൂണിസ്ററുകാർ തങ്ങളുടെ ആദർശങ്ങാംക്കു വേണ്ടി ജീവനെ ബലികഴിച്ചിട്ടുണ്ട്. രാസവസ്തുക്കളുടെ ഒരു കൂട്ടത്തിന് ആദർശങ്ങളുണ്ടോ? ധാതുക്കാംക്ക് മററുള്ളവരുടെ നന്മയ്ക്കുവേണ്ടി തങ്ങളെത്തന്നെ ബലികഴിക്കാൻ കഴിയുമോ?" ഇങ്ങനെയുള്ള ചോദ്യങ്ങാംക്ക് മറുപടി പറയുവാൻ അവർക്കു കഴിവില്ല.

മാത്രമല്ല, കമ്മ്യൂണിസ്ററുകാരുടെ ക്രൂരതകളെപ്പററി ചിന്തിക്കുക! മനുഷ്യർക്ക് എന്നും ക്രൂരമായിരിപ്പാൻ കഴിവില്ല. നാസി ഭരണാധിപന്മാരുടെ വീഴ്ചയിൽ ഞങ്ങാം ഇത് ദർശിച്ചതാണ്. നാസി ഭരണാധിപന്മാരിൽ പലരും ആത്മഹത്യ ചെയ്യുകയുണ്ടായി. മററു ചിലർ തങ്ങളുടെ ദുഷ്ടതകളെയും കുററങ്ങളേയും അനുതപിച്ച് ഏററു പറയുകയും ചെയ്തു.

കമ്മ്യൂണിസ്ററ് രാജ്യങ്ങളിൽ ജനങ്ങാം അതിയായി മദ്യപിക്കുന്നതിൽ നിന്നും ചില കാര്യങ്ങാം വെളിവാകുന്നുണ്ട്. വിശാലമായ ഒരു ജീവിതത്തിനുവേണ്ടിയുള്ള ഒരു ദാഹമാണ് അതിൽ വെളിപ്പെടുന്നത്. അപ്രകാരമുള്ള ഒരു ജീവിതം പ്രദാനം ചെയ്യുവാൻ കമ്മ്യൂണിസത്തിന് കഴിവില്ല. സാധാരണ

റഷ്യാക്കാരൻ ഔദാര്യശീലമുള്ളവനും വിശാലഹൃദയനുമാണ്. കമ്മ്യൂണിസം ഉപരിപ്ളവവും ആഴമില്ലാത്തതുമാണ്. അവൻ ആഴമായ ഒരു ജീവിതത്തിനുവേണ്ടി കാംക്ഷിക്കുന്നു. എന്നാൽ അതു ലഭിക്കാതെ വരുമ്പോൾ, മദ്യലഹരിയിൽ അവൻ അതിനെ അന്വേഷിക്കുന്നു. ക്രൂരവും വഞ്ചന നിറഞ്ഞതുമായ അവൻെറ ജീവിതത്തിൻെറ ഭയങ്കരതയെയത്രെ അവൻ മദ്യപാനത്തിൽ പ്രദർശിപ്പിക്കുന്നത്. ഏതാനും ചില നിമിഷങ്ങളിലേയ്ക്ക് മദ്യം അവനെ സ്വതന്ത്രനാക്കുന്നു. എന്നാൽ അവൻ സത്യം അറിഞ്ഞിരുന്നുവെങ്കിൽ സത്യം അവനെ എന്നെന്നേക്കുമായി സ്വതന്ത്രമാക്കുമായിരുന്നു.

റഷ്യാക്കാർ ഹംഗറി കീഴടക്കിയിരുന്ന സമയത്ത് തലസ്ഥാന നഗരിയായ ബുക്കാറസ്ററിൽവെച്ച് ഒരു മദ്യശാലയിലേക്ക് കടന്നുപോകുവാനുള്ള ഒരു വലിയ പ്രേരണ എനിക്കുണ്ടായി. ഞാൻ എൻെറ ഭാര്യയേയും വിളിച്ചുകൊണ്ട് അങ്ങോട്ടുപോയി. അകത്തുചെന്നപ്പോൾ, റഷ്യാക്കാരനായ ഒരു ക്യാപ്ററൻ അതിയായി മദ്യപാനം ചെയ്തതിനാൽ, ഒരു തോക്കു കൈയിൽപിടിച്ചുകൊണ്ട് എല്ലാവരേയും ഭയപ്പെടുത്തി, കൂടുതൽ മദ്യം ചോദിച്ചുകൊണ്ട് നടക്കുന്നതായിട്ടാണ് ഞാൻ കണ്ടത്. എല്ലാവരും ഭയം നിറഞ്ഞവരായി കാണപ്പെട്ടു. അതിയായി മദ്യപിച്ചിരുന്നതിനാൽ കൂടുതൽ മദ്യം കൊടുക്കുവാൻ മദ്യശാലക്കാർ വിസമ്മതിച്ചു. എന്നെ പരിചയമുള്ള ആ മദ്യശാലക്കാരൻെറ അടുത്തു ഞാൻ ചെന്നു. ആ ക്യാപ്ററന് കൂടുതൽ മദ്യം കൊടുക്കണമെന്നും, അയാൾ ഒരു ബഹളവുമുണ്ടാക്കാതെ അയാളുടെ അടുത്തു ഇരുന്നുകൊള്ളാമെന്നും ഞാൻ പറഞ്ഞു. ചില മദ്യക്കുപ്പികൾ കൂടി മേശപ്പുറത്തു നിറഞ്ഞു. ആ ക്യാപ്ററൻ മൂന്നു ഗ്ളാസ്സുകളിൽ മദ്യം പകർന്നു....എന്നിട്ട് അതു മുഴുവൻ കുടിച്ചുതീർത്തു. ധാരാളമായി മദ്യപിച്ചു ശീലിച്ചിരുന്നതുകൊണ്ട് അത്രയും കുടിച്ചിട്ടും അയാളുടെ മനസ്സ് നല്ലതുപോലെ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഞാൻ അയാളോട് ക്രിസ്തുവിനെപ്പററി സംസാരിച്ചു;അയാൾ ശ്രദ്ധയോടുകൂടെ കേട്ടു.

അവസാനം അയാം പറഞ്ഞു: "നിങ്ങാം ആരാണെന്ന് നിങ്ങാം പറഞ്ഞു. ഇനി ഞാൻ ആരാണെന്ന് നിങ്ങളോട് പറയാം. ഞാൻ ഓർത്തഡോക്സ് സഭയിലെ ഒരു വൈദികനായിരുന്നു. സ്ററാലിൻെറ കാലത്തെ വലിയ മതപീഡന കാലത്ത് ഞാൻ എൻെറ വിശ്വാസം ത്യജിച്ചു. ദൈവമില്ല എന്നും, ഒരു വൈദികൻ എന്ന നിലയിൽ ഞാൻ ഒരു വഞ്ചകനായിരുന്നു എന്നും പ്രസംഗിച്ചുകൊണ്ട് ഞാൻ ഗ്രാമം തോറും സഞ്ചരിച്ചു. 'ഞാൻ ഒരു വഞ്ചകനാണ്; അതുപോലെ തന്നെ മററെല്ലാ പുരോഹിതന്മാരും വഞ്ചകരാണ്" എന്ന് ഞാൻ പ്രസംഗിച്ചു. ദൈവമില്ല എന്ന പ്രസംഗത്തിൽ ഞാൻ കാണിച്ച തീക്ഷ്ണത നിമിത്തം രഹസ്യപ്പോലീസിലെ ഒരു ഉദ്ദ്യോഗസ്ഥനായി എനിക്കു ജോലികിട്ടി. എൻെറ ഈ കൈകാം കൊണ്ട് ക്രിസ്ത്യാനികളെ ദണ്ഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുക എന്ന ദുർവിധിയാണ് ദൈവത്തിൽനിന്ന് എനിക്കു ശിക്ഷയായി ലഭിച്ചത്. ഞാൻ ചെയ്തതെല്ലാം മറക്കുവാനായി തുടരെ തുടരെ മദ്യപിക്കുന്നു. പക്ഷേ അത് ഫലിക്കുന്നില്ല."

അനേക കമ്മ്യൂണിസ്ററുകാർ ആത്മഹത്യ ചെയ്യുന്നുണ്ട്. കമ്മ്യൂണിസ്ററുകാരുടെ മഹാകവികളായ എസ്സെനിനും, മൈയാക്കോവിസ്കിയും പേരെടുത്ത എഴുത്തുകാരനായ ഫാഡീവും ആത്മഹത്യ ചെയ്യുകയാണ് ചെയ്തത്! കമ്മ്യൂണിസത്തിനുവേണ്ടി വിശ്രമമില്ലാതെ പ്രവർത്തിക്കുന്നതിലാണ് യഥാർത്ഥ സന്തോഷം അടങ്ങിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുന്ന 'സന്തോഷം' എന്ന ഒരു നോവൽ എഴുതിക്കഴിഞ്ഞയുടനെയാണ് ഫാഡീവ് ആത്മഹത്യ ചെയ്തത്. ആ നോവൽ എഴുതിയതിൽ അദ്ദേഹത്തിന് അത്രമാത്രം സന്തോഷമുണ്ടായിരുന്നു! അത്ര വലിയ ഒരു അസത്യം താങ്ങുന്നതിന് അദ്ദേഹത്തിൻെറ ആത്മാവിന് കഴിവില്ലായിരുന്നു. സാർചക്രവർത്തിയുടെ കാലത്തു പ്രസിദ്ധ കമ്മ്യൂണിസ്ററു നേതാക്കളായ ജോഫെ, ററോംകിൻ എന്നിവർക്കു പോലും യഥാർത്ഥത്തിലുള്ള കമ്മ്യൂണിസത്തെ വഹിക്കാൻ കഴിഞ്ഞില്ല. അവരും ആത്മഹത്യ ചെയ്തു ജീവിതം

അവസാനിപ്പിച്ചു.

കമ്മ്യൂണിസ്ററുകാർ സന്തോഷമില്ലാത്തവരാണ്. സ്വേച്ഛാധിപതികളായ അവരുടെ നേതാക്കന്മാരും സന്തോഷമില്ലാത്തവരാണ്. സ്ററാലിൻ എത്രമാത്രം സന്തുഷ്ടനായിരുന്നു! തൻെറ സഖാക്കളെയെല്ലാം കൊന്നുമുടിച്ചതിനുശേഷവും, എപ്പോഴാണ് വധിക്കപ്പെടുന്നത്, അല്ലെങ്കിൽ എപ്പോഴാണ് തനിക്കു വിഷം നൽകപ്പെടുന്നത് എന്ന് ഭയപ്പെട്ടിരുന്നു. ബാങ്കിലെ നിലവറകൾ പോലെ ഭദ്രമായി പൂട്ടാവുന്ന എട്ട് ഉറക്കറകൾ സ്ററാലിനുണ്ടായിരുന്നു. ഏതെങ്കിലും ഒരു ദിവസം അതിൽ ഏതിലാണ് ഉറങ്ങിയതെന്ന് ആർക്കും അറിഞ്ഞുകൂടായിരുന്നു. സ്ററാലിനുവേണ്ടി തയ്യാറാക്കിയ ഭക്ഷണത്തിൽ അല്പം, അത് പാചകം ചെയ്തവർ തൻെറ സാന്നിദ്ധ്യത്തിൽ വെച്ച് ഭക്ഷിക്കുന്നത് കാണാതെ സ്ററാലിൻ ഭക്ഷണം കഴിക്കുകയില്ലായിരുന്നു. കമ്മ്യൂണിസം ആരേയും, കമ്മ്യൂണിസ്ററു സ്വേച്ഛാധിപതികളെപ്പോലും സന്തുഷ്ടരാക്കുന്നില്ല. അവർക്കു ക്രിസ്തുവിനെ ആവശ്യമുണ്ട്.

കമ്മ്യൂണിസ്ററുകാരെ തകിടം മറിക്കുന്നതിനാൽ, കമ്മ്യൂണിസ്ററുകാരുടെ കീഴിലുള്ള മർദ്ദിതരായ ജനങ്ങളെ മാത്രമല്ല, കമ്മ്യൂണിസ്ററുകാരെയും സ്വതന്ത്രരാക്കുവാൻ നമുക്കു കഴിയും.

അടിമത്തമനുഭവിക്കുന്ന ജനലക്ഷങ്ങളുടെ ആഴമായ ആവശ്യങ്ങളെ പ്രതിനിധാനം ചെയ്യുന്നത് ഒളിവുസഭയത്രെ. അതിനെ സഹായിക്കുക!

ആത്മാർത്ഥമായ വിശ്വാസമെന്നതത്രെ ഒളിവുസഭയുടെ ഒരു പ്രത്യേകത. 'ദൈവത്തിൻെറ ഒളിവുസഭ' എന്ന പുസ്തകത്തിൽ ജോർജ് എന്ന പേരിൽ അറിയപ്പെടുന്ന സഭാശുശ്രൂഷകൻ താഴെയുള്ള ഈ സംഭവത്തെപ്പററി പറയുകയുണ്ടായി.

റഷ്യാക്കാരനായ ഒരു പട്ടാള ക്യാപ്ററൻ ഹംഗറിയിൽവെച്ച് ഒരു സഭാശുശ്രൂഷകനെ തനിച്ചു കാണണമെന്നാവശ്യപ്പെട്ടു. നല്ല

ചുറുചുറുക്കും വിജയാളി എന്ന മനോഭാവമുള്ളവനുമായിരുന്നു ആ ക്യാപ്റ്റൻ. അയാഠം ആ സഭാശുശ്രൂഷകനെ ഒരു ചെറിയ മുറിയിലേക്ക് നയിച്ചു. അകത്തു നിന്നു വാതിൽ അടച്ചതിനുശേഷം, ആ ക്യാപ്റ്റൻ ഭിത്തിയിൽ തൂക്കിയിട്ടിരുന്ന ഒരു കുരിശിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് സഭാശുശ്രൂഷകനോട് പറഞ്ഞു. "സാധാരണക്കാരായ ജനങ്ങളെ കബളിപ്പിക്കാനും, പണക്കാർക്ക് അവരെ അജ്ഞതയിൽ അമർത്താനും ഉള്ള ഒരു സൂത്രമാണിത്. അതുപയോഗിച്ചു നിങ്ങഠം ജനങ്ങളെ വഞ്ചിക്കുകയാണ്. നോക്കൂ നാം ഇവിടെ രണ്ടുപേർ മാത്രമേയുള്ളു. യേശുക്രിസ്തു ദൈവപുത്രനാണ് എന്ന കാര്യം നിങ്ങഠം വാസ്തവമായി വിശ്വസിച്ചിട്ടില്ല എന്നുള്ള സത്യം ഏററുപറയുക."

"അങ്ങനെയല്ല സ്നേഹിതാ ഞാൻ അതു വിശ്വസിക്കുന്നു: അത് സത്യമാണ്" ആ സഭാശുശ്രൂഷകൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

"എന്നെ കബളിപ്പിക്കാൻ ശ്രമിക്കേണ്ട" ആ ക്യാപ്റ്റൻ ഗർജ്ജിച്ചു. "വളരെ ഗൗരവപൂർണ്ണമായ ഒരു കാര്യമാണത്. എന്നെ പരിഹസിക്കരുത്."

ഒരു കൈത്തോക്കു വലിച്ചൂരി ആ സഭാശുശ്രൂഷകൻെറ നേർക്കു നീട്ടിക്കൊണ്ട് ആ ക്യാപ്റ്റൻ തുടർന്നു: "യേശുക്രിസ്തുവിനെപ്പററി നിങ്ങഠം പറഞ്ഞകാര്യങ്ങഠം സത്യമല്ല എന്ന് ഏററു പറയാത്തപക്ഷം നിങ്ങഠം ഈ തോക്കിനിരയാകും."

"അങ്ങനെ പറയാൻ എനിക്കു നിവൃത്തിയില്ല; അങ്ങനെ പറഞ്ഞാൽ അതു അസത്യവുമായിരിക്കും. യേശുക്രിസ്തു വാസ്തവമായി ദൈവപുത്രനാണ്" ആ സഭാശുശ്രൂഷകൻ പറഞ്ഞു.

തോക്കു താഴോട്ട് എറിഞ്ഞിട്ട് ആ ക്യാപ്റ്റൻ ആ ദൈവപൈതലിനെ ആലിംഗനം ചെയ്തു. അയാളുടെ കണ്ണുകഠം നിറഞ്ഞൊഴുകി.

"അതു സത്യമാണ്." അയാഠം ഉറക്കെ വിളിച്ചു പറഞ്ഞു:

"അതു സത്യമാണ്", ഞാൻ അതു വിശ്വസിക്കുന്നു. ഞാൻ ഈ വിശ്വാസത്തിൽ വരുന്നതുവരെ ഈ വിശ്വാസത്തിനുവേണ്ടി മനുഷ്യർ മരിക്കാൻ തയ്യാറാകുന്നതു എങ്ങനെ എന്നു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. നിങ്ങൾ എന്റെ വിശ്വാസത്തെ ശക്തിപ്പെടുത്തിയിരിക്കുന്നു. നിങ്ങൾക്കു നന്ദി. ഇനി ക്രിസ്തുവിനുവേണ്ടി മരിക്കാൻ എനിക്കു കഴിയും. അതെങ്ങനെയാണെന്നു നിങ്ങൾ കാണിച്ചുതന്നിരിക്കുന്നു."

ഇതുപോലെയുള്ള മററു സംഭവങ്ങൾ എനിക്കറിയാം. റഷ്യാക്കാർ റുമേനിയാ കീഴടക്കിയപ്പോൾ, തോക്കു ധരിച്ച രണ്ടു റഷ്യൻ പട്ടാളക്കാർ ഒരു പള്ളിയിൽ പ്രവേശിച്ച് അവിടെയുണ്ടായിരുന്ന ജനങ്ങളോട് പറഞ്ഞു: "ഞങ്ങൾക്കു ദൈവവിശ്വാസമില്ല. ദൈവവിശ്വാസം ത്യജിക്കാൻ മനസ്സില്ലാത്തവർ നിങ്ങളുടെയിടയിൽ ഉണ്ടെങ്കിൽ അവർ ഉടനടി തോക്കിനിരയാകും! വിശ്വാസം ത്യജിക്കാൻ മനസ്സുള്ളവർ വലത്തവശത്തേക്ക് മാറി നിൽക്കട്ടെ."

കുറേപ്പേർ വലത്തു ഭാഗത്തേക്കു മാറിനിന്നു. അവരോടു വീട്ടിൽ പോകാൻ പട്ടാളക്കാർ ആജ്ഞാപിച്ചു. അവർ ജീവനുംകൊണ്ട് സ്ഥലം വിട്ടു. അവർ എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ ആ പട്ടാളക്കാർ അവിടെ ശേഷിച്ചിരുന്ന വിശ്വാസികളെ ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു: "ഞങ്ങളും വിശ്വാസികളാണ്. എന്നാൽ സത്യത്തിനുവേണ്ടി മരിക്കാൻ തയ്യാറുള്ളവരോടു കൂട്ടായ്മ ആചരിക്കുവാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്."

ഇപ്രകാരമുള്ള ആളുകളാണ് ഞങ്ങളുടെ രാജ്യങ്ങളിൽ സുവിശേഷത്തിനു വേണ്ടി പടവെട്ടുന്നത്. അവർ സുവിശേഷത്തിനുവേണ്ടി മാത്രമല്ല, സ്വാതന്ത്ര്യത്തിനുവേണ്ടിയും പടവെട്ടുന്നു.

പല പാശ്ചാത്യ ക്രിസ്ത്യാനികളും തങ്ങളുടെ ഭവനങ്ങളിൽ മണിക്കൂറുകൾ തുടരെ ലൗകീക സംഗീതം കേട്ടുകൊണ്ട് സമയം ചെലവഴിക്കും. ഞങ്ങളുടെ ഭവനങ്ങളിലും അങ്ങനെയുള്ള പാട്ടുകൾ ഉച്ചത്തിൽ കേൾക്കുവാൻ കഴിയും. പക്ഷേ വീടുകൾക്കുള്ളിൽ നടക്കുന്ന സുവിശേഷസംബന്ധ

മായ പ്രഭാഷണങ്ങൾ വെളിയിലുള്ളവർ കേട്ടു രഹസ്യപ്പോലീസി നെ വിവരം അറിയിക്കാതിരിക്കാൻ വേണ്ടിയാണ് ഞങ്ങൾ അങ്ങനെയുള്ള സംഗീതം മുഴക്കുന്നത്.

ക്രിസ്തീയ വിശ്വാസത്തെ ഗൗരവപൂർണ്ണമായി കരുതുന്ന ഒരു യഥാർത്ഥ വിശ്വാസി, പശ്ചിമ ദേശങ്ങളിൽനിന്നു വരുമ്പോൾ ഞങ്ങൾ എത്രമാത്രം സന്തോഷിക്കുന്നു!

ഇതെഴുതുന്ന ആൾ ഒരു വെറും സാധാരണക്കാരനാണ്. എന്നാൽ ഞാൻ 'ശബ്ദരഹിതരുടെ ശബ്ദമാണ്'' വായടയ്ക്കപ്പെട്ടവരും, പശ്ചിമദേശങ്ങളിൽ അറിയപ്പെടാത്ത വരുമായവരുടെ ശബ്ദം ക്രിസ്തീയ വിശ്വാസത്തേയും, ക്രിസ്തീയ പ്രശ്നങ്ങളെയും ഗൗരവപൂർണ്ണമായി കൈകാര്യം ചെയ്യണമെന്നു ഞാൻ അവരുടെ നാമത്തിൽ അപേക്ഷിക്കുന്നു. കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ യാതന അനുഭവിക്കുന്ന വിശ്വാസികൾക്കുവേണ്ടി നിങ്ങളുടെ പ്രാർത്ഥനകളും, പ്രായോഗിക സഹായങ്ങളും അവരുടെ നാമത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു.

* * *

ഞങ്ങൾ കമ്മ്യൂണിസ്ററുകാരെ നേടുകതന്നെ ചെയ്യും. കാരണം ഒന്നാമതായി ദൈവം ഞങ്ങളുടെ പക്ഷത്തുണ്ട്.

രണ്ടാമത്, ഞങ്ങളുടെ സന്ദേശം മനുഷ്യ ഹൃദയങ്ങളുടെ ആഴമായ ആവശ്യങ്ങൾക്കു മതിയായതുകൊണ്ട് ഞങ്ങൾ കമ്മ്യൂണിസ്ററുകാരെ നേടും.

നാസികളുടെ കീഴിൽ ജയിലിൽ കഴിഞ്ഞിരുന്ന കമ്മ്യൂണിസ്ററുകാർ, പ്രയാസ സാഹചര്യങ്ങളിൽ പ്രാർത്ഥിച്ചതായി എന്നോടു പറഞ്ഞിട്ടുണ്ട്. കമ്മ്യൂണിസ്ററ് ഉദ്യോഗസ്ഥന്മാർ ''യേശുവേ'' ''യേശുവേ'' എന്ന വാക്കുകളോടെ മരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്.

ഞങ്ങളുടെ സാംസ്കാരിക സമ്പത്തുമൂലവും ഞങ്ങൾക്ക് കമ്മ്യൂണിസ്ററുകാരെ നേടുവാൻ കഴിയും. ആധുനിക ക്രിസ്ത്യാനികളുടെ പുസ്തകങ്ങളെ തടയുവാൻ റഷ്യാക്കാർക്ക് കഴിയും. എന്നാൽ ടോൾസ്റേറായി, ഡോസ്ടോവിസ്കി

മുതലായവരുടെ ഗ്രന്ഥങ്ങളിൽ ജനങ്ങൾക്ക് യേശുക്രിസ്തുവി ന്റെ വെളിച്ചം കാണുവാൻ കഴിയും. ജർമ്മനിയിൽ ഗോയ്ഥേയുടേയും, പോളണ്ടിൽ സൈയെൻകീവിസിൻേറയും കൃതികളിലും ആ വെളിച്ചമുണ്ട്. റുമേനിയായിലെ ഏററവും മഹാനായ എഴുത്തുകാരനായിരുന്നു സാഡോവേനു. അദ്ദേഹത്തിന്റെ "വിശുദ്ധന്മാരുടെ ജീവിതങ്ങൾ" എന്ന പുസ്തകം 'വിശുദ്ധന്മാരെപ്പററിയുള്ള കെട്ടുകഥകൾ' എന്ന പേരിൽ കമ്മ്യൂണിസ്ററുകാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുസ്തകത്തിന്റെ പേരു മാറിയെങ്കിലും വിശുദ്ധന്മാരുടെ ജീവിതമാതൃകകൾ ഉത്തേജനം നൽകുന്നവയാണ്.

റഫായേൽ, മൈക്കൽ ആൻജെലോ, ലിയോനാർഡോ ഡാവിൻസി എന്നിവരുടെ ചിത്രങ്ങളും അവയുടെ പകർപ്പുകളും കലയുടെ ചരിത്രത്തിൽ നിന്നും മാററുവാൻ അവർക്കു സാദ്ധ്യമല്ല. ആ ചിത്രങ്ങൾ ക്രിസ്തുവിനെക്കുറിച്ചു സംസാരിക്കുന്നു.

ഞാൻ ഒരു കമ്മ്യൂണിസ്ററുകാരനോട് ക്രിസ്തുവിനെക്കു റിച്ചു സംസാരിക്കുമ്പോൾ, അവന്റെ ആഴമായ ആത്മീകാവശ്യ ങ്ങൾ എന്റെ സഹായത്തിനെത്തുന്നു. എന്റെ വാദങ്ങൾക്കുത്തരം പറയുക എന്നതല്ല, എന്റെ ഭാഗത്തു നിൽക്കുന്നവന്റെ മനസ്സാക്ഷിയുടെ ശബ്ദത്തെ അടക്കുക എന്നുള്ളതാണ് അവന് ഏററവും പ്രയാസമായിട്ടുള്ളത്.

ദൈവമില്ല എന്നു പ്രസംഗിക്കുന്ന നിരീശ്വരവാദികളായ ചില മാർക്സിസ്ററുകൾ ദൈവമില്ല എന്നു പ്രസംഗിക്കുന്നതി നു മുൻപ്, ആ പ്രസംഗത്തിൽ വിജയം ലഭിക്കണമേ എന്ന് ദൈവത്തോട് പ്രാർത്ഥിച്ചിട്ടുണ്ട്! അങ്ങനെയുള്ള ചിലരെ എനിക്കു വ്യക്തിപരമായി അറിയാം. ദൂരസ്ഥലങ്ങളിൽവെച്ചു നടക്കുന്ന വിശ്വാസികളുടെ യോഗങ്ങളിൽ പോയിട്ടുള്ള കമ്മ്യൂണിസ്ററുകാരെ എനിക്കറിയാം. അങ്ങനെയുള്ള സ്ഥലങ്ങളിൽ അവർ പോയി എന്ന് മററുവർ അറിയുമ്പോൾ, തങ്ങൾ ഒളിവു സഭയുടെ യോഗങ്ങൾക്കു പോയിട്ടില്ല എന്നു അവർ വ്യാജം പറഞ്ഞു. പിന്നീട്, ആ യോഗത്തിനു പോകുവാൻ തങ്ങളെ

നിർബ്ബന്ധിച്ച വിശ്വാസത്തിനു വേണ്ടി നേരെ നിൽക്കാൻ തൻേറടമില്ലാതായിപ്പോകുന്നല്ലോ എന്നു ഖേദിച്ച് അവർ കരഞ്ഞിട്ടുണ്ട്. അവരും മനുഷ്യരാണല്ലോ.

ഒരു വ്യക്തിയിൽ അല്പമെങ്കിലും ദൈവവിശ്വാസമുണ്ടായാൽ അത് വികസിക്കുകയും വളരുകയും ചെയ്യുന്നു. അവസാനം ആ വിശ്വാസം മററെല്ലാ ശക്തികളെയും കീഴടക്കുമെന്നു ഞങ്ങൾക്കുറപ്പുണ്ട്. കാരണം, വിശ്വാസം ജയിക്കുന്നത് ഞങ്ങൾ ഒളിവു സഭയിൽ പല പ്രാവശ്യം കണ്ടിട്ടുണ്ട്.

യേശുക്രിസ്തു കമ്മ്യൂണിസ്ററുകാരേയും സ്നേഹിക്കുന്നു. അവരെ യേശുക്രിസ്തുവിനുവേണ്ടി നേടുവാൻ കഴിയും: നേടിയേ മതിയാകൂ. ഇരുമ്പുമറയ്ക്കു പിന്നിലുള്ള ഒളിവുസഭയ്ക്കു മാത്രമേ അവരെ നേടുവാൻ കഴിയുകയുള്ളു. മനുഷ്യവർഗ്ഗത്തിൻെറ ആത്മാക്കൾ രക്ഷിക്കപ്പെടണമെന്നുള്ള യേശുക്രിസ്തുവിൻെറ ഹൃദയവാഞ്ചയെ തൃപ്തിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർ, ഒളിവുസഭയ്ക്കും അതിൻെറ പ്രവർത്തനങ്ങൾക്കും കൈത്താങ്ങൽ കൊടുക്കേണ്ടിയിരിക്കുന്നു. "എല്ലാ ജാതികളേയും പഠിപ്പിക്ക" എന്നാണ് യേശുക്രിസ്തു പറഞ്ഞത്. ഇരുമ്പുമറയ്ക്കടുത്തുവരുമ്പോൾ അവിടെ പ്രവർത്തനം അവസാനിപ്പിക്കുക എന്നു യേശുക്രിസ്തു പറഞ്ഞില്ല. ദൈവത്തോടും, അവൻെറ വലിയ കല്പനയോടും നാം വിശ്വസ്തരായിരിക്കുന്നുവെങ്കിൽ ഇരുമ്പുമറയ്ക്കപ്പുറത്തായി കമ്മ്യൂണിസത്തിൻെറ കീഴിൽ അടിമകളായിരിക്കുന്ന ജനലക്ഷങ്ങളുടെ ഇടയിൽ സുവിശേഷവുമായി കടന്നുചെന്നേ മതിയാവു.

അവിടെ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒളിവുസഭയോടുചേർന്നു പ്രവർത്തിച്ചുകൊണ്ട് നമുക്ക് ആ ജനലക്ഷങ്ങളുടെയിടയിൽ സുവിശേഷം എത്തിക്കാൻ കഴിയും.

# ഒളിവുസഭയുട മൂന്നു വിഭാഗങ്ങാം

## ഒന്ന് — ഒളിവുസഭയുടെ സഭാപരിപാലകന്മാരും ശുശ്രൂഷകന്മാരും

കമ്മ്യൂണിസ്ററു രാജ്യങ്ങളിലെ ഒളിവുസഭകളിൽ മൂന്നു വിഭാഗങ്ങളുണ്ട്. അതിൽ ഒന്നാമത്തെ വിഭാഗം സുവിശേഷത്തെ ത്യജിച്ചു കമ്മ്യൂണിസ്ററുകാരുമായി ഒത്തുതീർപ്പിൽ എത്താൻ വിസമ്മതിച്ചതിനാൽ തങ്ങളുടെ സഭകളിൽനിന്ന് പുറത്താക്കപ്പെട്ട ആയിരക്കണക്കിനുള്ള സഭാപരിപാലകന്മാരും സഭാശുശ്രൂഷകരുമത്രെ. അവരിൽ അനേകർ അറസ്ററുചെയ്യപ്പെടുകയും അനേകവർഷങ്ങാം ജയിലിലടയ്ക്കപ്പെടുകയും ദണ്ഡിപ്പിക്കപ്പെടുകയും ചെയ്തവരാണ്. ജയിൽ വിമുക്തരായതോടെ അവർ തങ്ങളുടെ ശുശ്രുഷ ഏറെറടുത്തു. ഒളിവുസഭയിൽ അവർ രഹസ്യമായി ശുശ്രൂഷ ചെയ്തുവരുന്നു. കമ്മ്യൂണിസ്ററുകാർ അവരുടെ പള്ളികാം അടച്ചുപൂട്ടുകയോ അവർക്കു പകരം "വിശ്വസ്തരായ" സഭാശുശ്രൂഷകരെ നിയമിക്കുകയോ ചെയ്തുവെങ്കിലും, അവർ ഏററവും പ്രയോജനപ്രദമായ ഒരു ശുശ്രൂഷ ഒളിവുസഭയിൽ ചെയ്തുവരുന്നു. യേശുക്രിസ്തുവിനുവേണ്ടി ജയിൽവാസമനുഭവിക്കാനും ദണ്ഡനമേല്ക്കാനും തയ്യാറായ 'ജീവിക്കുന്ന രക്തസാക്ഷികാം' അത്രേ അവർ.

## രണ്ട് — സാധാരണ വിശ്വാസികാം

ഒളിവുസഭയുട രണ്ടാമത്തെ വിഭാഗം, പൂർണ്ണപ്രതിഷ്ഠയോടുകൂടെ പ്രവർത്തിക്കുന്ന ഒരു വലിയ സംഘം വിശ്വാസികളും

വിശ്വാസിനികളുമത്രെ. റഷ്യയിലോ ചൈനയിലോ നാമധേയവിശ്വാസികളോ ശീതോഷ്ണവാൻമാരായ വിശ്വാസികളോ ഇല്ല എന്ന് ഓർത്തിരിക്കേണ്ടതാണ്. അവിടെ ഒരു വിശ്വാസി ആയിരിക്കുന്നതിനുവേണ്ട ചിലവു വളരെ വലുതാണ്. മാത്രമല്ല, മതപീഡനം വിശ്വാസികളെ സാക്ഷ്യം വഹിക്കുന്നവരും, ആത്മാക്കളെ നേടുന്നവരുമായ മാതൃകാ വിശ്വാസികളാക്കിത്തീർക്കുന്നു. ഉന്നം പിഴച്ച കമ്മ്യൂണിസ്ററു പീഡനം, പ്രതിഷ്ടയുള്ളവരും ക്രിസ്തീയവിശ്വാസത്തെ ഗൗരവപൂർണ്ണമായി കണക്കാക്കുന്നവരുമായ വിശ്വാസികളെ ഉളവാക്കി. സ്വതന്ത്രലോകത്തിൽ അങ്ങനെയുള്ളവർ തുലോം ചുരുക്കമാണ്. ഒരുവൻ വിശ്വാസിയായിരിക്കുമ്പോൾ താൻ കണ്ടുമുട്ടുന്ന എല്ലാ ആത്മാക്കളെയും നേടുവാൻ ആഗ്രഹമില്ലാതിരിക്കുന്നത് എങ്ങനെയാണെന്നു മനസ്സിലാക്കുവാൻ ഒളിവു സഭയിലെ വിശ്വാസികൾക്ക് പ്രയാസമാണ്.

റഷ്യൻ പട്ടാളത്തിന്റെ "ചുവപ്പു നക്ഷത്രം" എന്ന പത്രം "ക്രിസ്തുവിന്റെ ആരാധകർ എല്ലാവരേയും പിടികൂടുവാൻ ശ്രമിക്കുന്നു" എന്ന് പരാതിപ്പെട്ടു. എന്നാൽ വിശ്വാസികളുടെ തിളങ്ങുന്ന ക്രിസ്തീയ ജീവിതങ്ങൾ അയൽക്കാരുടേയും സ്വന്ത ഗ്രാമക്കാരുടേയും സ്നേഹബഹുമാനങ്ങളെ നേടുന്നു. ഏതൊരു ഗ്രാമത്തിലോ പട്ടണത്തിലോ ആയാലും അവിടെയുള്ളവർ വിശ്വാസികളെ ഇഷ്ടപ്പെടുകയും പ്രിയപ്പെട്ടവരായി കരുതുകയും ചെയ്യുന്നു. ഒരമ്മയ്ക്കു തന്റെ മക്കളെ അന്വേഷിക്കാൻ നിവൃത്തിയില്ലാത്തവണ്ണം രോഗം ബാധിക്കുമ്പോൾ വിശ്വാസിനിയായ ഒരമ്മ വന്ന് ആ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നു. വിറകു കീറാൻ നിവൃത്തിയില്ലാത്തവണ്ണം ഒരാൾ രോഗിയായിത്തീരുമ്പോൾ ഒരു വിശ്വാസി ആ ജോലി അവനുവേണ്ടി ചെയ്തുകൊടുക്കുന്നു. അവർ ക്രിസ്തീയ വിശ്വാസം 'ജീവിച്ചു കാണിക്കുന്നു. പിന്നെ അവർ ക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിക്കുമ്പോൾ ജനങ്ങൾ ശ്രദ്ധിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. കാരണം, അവരുടെ ജീവിതത്തിൽ ക്രിസ്തുവിനെ ജനങ്ങൾ കണ്ടു

കഴിഞ്ഞതാണ്. അനുമതിയുള്ള ഒരു ശുശ്രൂഷകനു മാത്രമേ പള്ളിയിൽ പ്രസംഗിക്കാൻ അനുവാദമുള്ളു. അതിനാൽ, ആയിരക്കണക്കിന് പ്രതിഷ്ഠിക്കപ്പെട്ടവരും ശുഷ്ക്കാന്തിയുള്ള വരുമായ ക്രിസ്ത്യാനികൾ കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ എല്ലായിടത്തും, ചന്തസ്ഥലങ്ങളിലും, ഗ്രാമങ്ങളിലും, അവർ പോകുന്നിടത്തെല്ലാം സാക്ഷ്യം പറയുകയും, ആത്മാക്കളെ നേടുകയും ക്രിസ്തുവിനു വേണ്ടി ശുശ്രൂഷ ചെയ്യുകയും ചെയ്യുന്നു. വിശ്വാസികളായ ഇറച്ചിക്കടക്കാർ ഇറച്ചി പൊതിയുന്ന കടലാസുകൾക്കുള്ളിൽ സുവിശേഷലഘുലേഖകൾ തിരുകിവയ്ക്കുന്നതായി കമ്മ്യൂണിസ്ററുപത്രങ്ങൾ റിപ്പോർട്ടു ചെയ്യുകയുണ്ടായി. കമ്മ്യൂണിസ്ററു മുദ്രണാലയങ്ങളിൽ അധികാരസ്ഥലങ്ങളിലിരുന്ന വിശ്വാസികൾ, രാത്രിയിൽ മുദ്രണാലയങ്ങളിൽ വന്ന് ആയിരക്കണക്കിന് ക്രിസ്തീയ സാഹിത്യങ്ങൾ അച്ചടിച്ചുകൊണ്ട് പോയതായി കമ്മ്യൂണിസ്ററു പത്രങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. ഏതോ ഒരു മാർഗ്ഗത്തിലൂടെ മോസ്ക്കോയിലെ കുട്ടികൾക്കു സുവിശേഷപ്രതികൾ ലഭിച്ചതായും, അവർ അത് കൈകൊണ്ട് പകർത്തി എടുത്തതായും പത്ര പ്രസ്താവനകളുണ്ടായിരുന്നു. അപ്രകാരം പകർത്തിയെടുത്ത സുവിശേഷപ്രതികൾ സ്കൂൾ വിദ്യാർത്ഥികൾ അദ്ധ്യാപകരുടെ പുറംകോട്ടിന്റെ കീശയിൽ തിരുകിയതായും റിപ്പോർട്ടുകളുണ്ടായിരുന്നു. കമ്മ്യൂണിസ്ററു രാജ്യങ്ങളിലുള്ള സാധാരണ വിശ്വാസികളും വിശ്വാസിനികളും ആത്മാക്കളെ നേടുന്ന സുശക്തമായ ഒരു സംഘടനയാണ്.

കമ്മ്യൂണിസ്ററ് ആധിപത്യത്തിലുള്ള ക്യൂബായിൽ രഹസ്യമായി, സാധാരണക്കാരായ വിശ്വാസിനിവിശ്വാസികളുടെ കൂട്ടങ്ങൾ ശക്തമായി ഉയർന്നു വരുന്നതായി അവിടെ പ്രവർത്തിച്ചിരുന്ന മിഷനറിമാർ പ്രസ്താവിക്കുകയുണ്ടായി. അവിടെയുണ്ടായിരുന്ന വിശ്വസ്തരായ സഭാശുശ്രൂഷകരെ കമ്മ്യൂണിസ്ററുകാർ ജയിലിലിടയ്ക്കുകയും അവർക്കു പകരം കമ്മ്യൂണിസ്ററുകാരായ "ശുശ്രൂഷകരെ" നിയമിക്കുകയും ചെയ്തു.

വിശ്വാസികളെ നശിപ്പിക്കാമെന്നുള്ള വ്യാമോഹത്തോടുകൂടി കമ്മ്യൂണിസ്ററുകാർ ആരംഭിച്ചതായ പീഡയുടെ തീനാമ്പുകൾ, ലക്ഷക്കണക്കിനുള്ള പ്രതിഷ്ഠിക്കപ്പെട്ട വിശ്വാസികളെ ശുദ്ധീകരിക്കയത്രെ ചെയ്തത്.

## മൂന്ന്—കടിഞ്ഞാണിടാൻ കഴിയാത്ത സഭാ പരിപാലകന്മാരും സഭാശുശ്രൂഷകന്മാരും

ഒളിവുസഭയുടെ മൂന്നാമത്തെ വിഭാഗം, ശബ്ദരഹിതമായി ത്തീർന്നതും, കടിഞ്ഞാണിട്ടതുമായ ഔദ്യോഗിക സഭകളുടെ സഭാശുശ്രൂഷകരും സഭാപരിപാലകരുമത്രെ. ഒളിവുസഭ ഔദ്യോഗിക സഭയിൽനിന്ന് പൂർണ്ണമായി വേർപെട്ട ഒന്നല്ല. യൂഗോസ്ളാവിയ, പോളണ്ട്, ഹംഗറി മുതലായ രാജ്യങ്ങളിൽ ഔദ്യോഗിക സഭകളിലെ സഭാപരിപാലകന്മാർ രഹസ്യമായി ഒളിവുസഭയിൽ പ്രവർത്തിച്ചുവരുന്നു. ചില രാജ്യങ്ങളിൽ ഔദ്യോഗിക സഭയും ഒളിവു സഭയും കൂടിക്കലർന്നതാണ്. ഔദ്യോഗിക സഭാശുശ്രൂഷകന്മാർക്ക്, അവരുടെ ഇടുങ്ങിയ, ഒരു മുറിയുള്ള പള്ളികൾക്കു വെളിയിൽ യേശുക്രിസ്തുവിനെപ്പററി പറയാൻ അനുമതിയില്ല. യുവജനങ്ങൾക്കായോ കുട്ടികൾക്കായോ യോഗങ്ങൾ നടത്തുവാൻ അവർക്ക് അനുവാദമില്ല. അക്രൈസ്തവർക്ക് പള്ളികളിൽ വരാൻ ഭയമാണ്. രോഗികളായ സഭാംഗങ്ങൾക്കുവേണ്ടി, അവരുടെ ഭവനങ്ങളിൽവെച്ചു പ്രാർത്ഥിക്കാൻ സഭാപരിപാലകന്മാർക്ക് അനുവാദമില്ല. അവരുടെ സഭകളെ അർത്ഥശൂന്യമാക്കത്തക്കവണ്ണം എല്ലാ വശങ്ങളിലും കമ്മ്യൂണിസ്ററു നിയമങ്ങൾ വേലികൾ കെട്ടിയിരിക്കുകയാണ്. പലപ്പോഴും "മതസ്വാതന്ത്ര്യത്തെ" അവഹേളിക്കുന്ന ഇത്തരം നിയന്ത്രണങ്ങളെ നിഷേധിച്ചു കൊണ്ട് അവർ തങ്ങളുടെ ജീവനെപ്പോലും പണയംവെച്ചുകൊണ്ട് രഹസ്യശുശ്രൂഷകൾ നടത്തുന്നു. ക്രിസ്തീയ ഭവനങ്ങളിലും മററു രഹസ്യസ്ഥലങ്ങളിലും അവർ രഹസ്യമായി സുവിശേഷം പ്രചരിപ്പിക്കുന്നു. കുട്ടികളുടെയിടയിലും യുവജനങ്ങളുടെയിട യിലും അവർ പ്രവർത്തിക്കുന്നു. അവർ രഹസ്യമായി

ക്രിസ്തീയസാഹിത്യങ്ങൾ സ്വീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. ഔദ്യോഗിക നിയമങ്ങളെ അവഗണിച്ചുകൊണ്ടും ജീവനെ പണയം വെച്ചുകൊണ്ടും അവർ രഹസ്യമായി തങ്ങൾക്കു ചുററുമുളള ദാഹിക്കുന്ന ആത്മാക്കളുടെയിടയിൽ ശുശ്രൂഷ ചെയ്യുന്നു. പുറമെനിന്നു നോക്കുമ്പോൾ അനുസരണമുളളവരും സൗമ്യരുമായി അവർ കാണപ്പെടുമെങ്കിലും അവർ ജീവനെ പണയം വെച്ചുകൊണ്ട് സുവിശേഷം പ്രചരിപ്പിക്കുന്നു. അങ്ങനെയുളള അനേകർ ഈയിടെ റഷ്യയിൽ കണ്ടുപിടിക്കപ്പെടുകയും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്തു. അനേക വർഷത്തെ ജയിൽ ശിക്ഷയാണ് അവർക്ക് ലഭിച്ചത്.

കമ്മ്യൂണിസ്ററുകാരാൽ പുറംതളളപ്പെടുകയും ദണ്ഡിപ്പിക്കപ്പെടുകയും ചെയ്ത സഭാശുശ്രൂഷകൻമാർ, സാധാരണ വിശ്വാസിനീ വിശ്വാസികൾ, രഹസ്യമായ ശുശ്രൂഷ ചെയ്യുന്ന ഔദ്യോഗിക സഭാപരിപാലകർ ഇവരെല്ലാം ഒളിവുസഭയിൽ പ്രവർത്തിച്ചു വരുന്നു. കമ്മ്യൂണിസം തോല്പിക്കപ്പെടുന്നതുവരെ ഒളിവുസഭ നിലനില്ക്കും. ചില രാജ്യങ്ങളിൽ ഒരു വിഭാഗം മറെറാരു വിഭാഗത്തേക്കാൾ ശുഷ്ക്കാന്തിയോടുകൂടെ പ്രവർത്തിക്കുന്നു. എന്നാൽ ഈ മൂന്നു വിഭാഗങ്ങളും എല്ലായിടത്തുമുണ്ട്. വലിയ ആപത്തുകളുടെ നടുവിൽ അവർ ക്രിസ്തുവിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ സാധാരണയായി സഞ്ചരിക്കുന്നവനും, മതപരമായ കാര്യങ്ങളിൽ താല്പര്യമുളളവനുമായ ഒരാൾ സ്വദേശത്ത് തിരികെവന്ന്, ഒളിവുസഭയിൽ ഒരാളെപ്പോലും താൻ കണ്ടില്ല എന്ന് എഴുതുകയുണ്ടായി. മദ്ധ്യാഫ്രിക്കയിലെ വിദ്യാഭ്യാസമില്ലാത്ത കാട്ടുവർഗ്ഗക്കാരുടെയിടയിൽ സഞ്ചരിച്ചിട്ട് തിരികെവന്ന്, "ഞാൻ ഊർജ്ജിതമായ അന്വേഷണം നടത്തുകയും, അവരിലാരെങ്കിലും ഗദ്യം സംസാരിക്കുന്നവരുണ്ടോ എന്ന് ചോദിക്കുകയും ചെയ്തപ്പോൾ അവർ ഗദ്യം സംസാരിക്കുന്നില്ല എന്ന് പറയുകയും ചെയ്തു"

എന്നു പറഞ്ഞതിനു തുല്യമാണ്, ഒളിവുസഭയെ കണ്ടില്ല എന്ന് പറഞ്ഞതും. അവരെല്ലാവരും ഗദ്യം സംസാരിക്കുന്നുവെങ്കിലും അതു മനസ്സിലാക്കുന്നില്ല എന്നുള്ളതാണ് സത്യം.

തങ്ങൾ ക്രിസ്ത്യാനികളാണെന്ന് ആദിമക്രിസ്ത്യാനികൾ അറിഞ്ഞിരുന്നില്ല. നിങ്ങൾ ഏതു മതക്കാരാണ് എന്ന് അവരോട് ചോദിച്ചിരുന്നെങ്കിൽ, അവർ യഹൂദരും, യിസ്രായേല്യരും, മശിഹായിൽ വിശ്വസിക്കുന്ന സഹോദരങ്ങളും, ദൈവമക്കളുമാണെന്ന് പറഞ്ഞേനെ. കുറെക്കാലം കഴിഞ്ഞ് അന്ത്യോക്യായിൽവെച്ചു മററുള്ളവരാണ് അവരെ ക്രിസ്ത്യാനികൾ എന്നു വിളിച്ചത്.

ലൂഥറിന്റെ പിൻഗാമികൾ ആരുംതന്നെ തങ്ങൾ ലൂഥറന്മാരാണെന്ന് അറിഞ്ഞിരുന്നില്ല. ലൂഥർ തന്നെ ആ പേരിനെ ശക്തിമത്തായി എതിർക്കുകയുണ്ടായി.

കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ തനിയെ മുളച്ചുവരുന്ന വിശ്വാസികളുടെ രഹസ്യസംഘങ്ങൾക്കു കമ്മ്യൂണിസ്ററുകാരും പശ്ചിമദേശങ്ങളിലെ മതപഠന ഗവേഷകരും കൊടുത്ത ഒരു പേരാണ് "ഒളിവു സഭ" എന്നത്. ഒളിവുസഭയുടെ അംഗങ്ങൾ തങ്ങളെത്തന്നെ ഈ പേരിൽ വിളിക്കുന്നില്ല; ക്രിസ്ത്യാനികൾ, വിശ്വാസികൾ, ദൈവമക്കൾ എന്നീ പേരുകളത്രെ അവർ ഉപയോഗിക്കുന്നത്. എന്നാൽ അവർ ഒളിവിൽ കൂടിവരികയും ഒളിവിൽ സുവിശേഷപ്രവർത്തനങ്ങളെ നയിക്കുകയും, ഒളിവിൽ സുവിശേഷം പ്രചരിപ്പിക്കുകയും ചെയ്യുന്നു. അവരുടെ ചില യോഗങ്ങളിൽവന്നു സംബന്ധിച്ച പാശ്ചാത്യർക്കുപോലും തങ്ങൾ ഒളിവുസഭയെ കണ്ടിട്ടില്ലെന്ന് പറയത്തക്കവണ്ണമുള്ള രീതിയിലത്രെ ആ യോഗങ്ങൾ നടത്തപ്പെടുന്നത്. അത്ഭുതകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സംഘത്തിന് എതിരാളികളും, വിദേശരാജ്യങ്ങളിൽനിന്നു സ്നേഹത്തോടെ വീക്ഷിക്കുന്ന സഹോദരങ്ങളും കൂടെ ഇട്ട തക്കതായ ഒരു പേരാണ് ഒളിവുസഭ എന്നത്.

പശ്ചിമദേശങ്ങളിൽകൂടി അനേകവർഷങ്ങൾ സഞ്ചരിച്ചാലും, ഒരു റഷ്യൻ ചാരസംഘത്തെ കണ്ടുമുട്ടിയില്ല

എന്നുവരാം. അതുകൊണ്ടു പാശ്ചാത്യരാജ്യങ്ങളിൽ റഷ്യൻ ചാരന്മാർ ഇല്ല എന്ന് അർത്ഥമില്ല. അന്വേഷകരായ സഞ്ചാരികൾക്ക് തങ്ങളെത്തന്നെ വെളിപ്പെടുത്തത്തക്കവണ്ണം അവർ മറയന്മാരല്ല.

ഒളിവുസഭയുടെ നിലനില്പിനേയും വളർച്ചയേയും തെളിയിക്കുന്ന സോവിയററു പത്രങ്ങളിലെ ചില പ്രസ്താവനകൾ ഞാൻ അടുത്ത അദ്ധ്യായത്തിൽ ഉദ്ധരിക്കുന്നതാണ്.

# അദ്ധ്യായം ആറ്

കമ്മ്യൂണിസ്ററു രാജ്യമായ റുമേനിയായിലും റഷ്യൻ പട്ടാളക്കാരുടെയിടയിലും ക്രിസ്തുവിൻെറ സന്ദേശം രഹസ്യമായി പ്രചരിപ്പിക്കുന്നതിൽ ഞങ്ങളുടെ അനുഭവങ്ങളെ പ്പററി ഞാൻ പറഞ്ഞു കഴിഞ്ഞു.

കമ്മ്യൂണിസ്ററുകാരുടെയിടയിലും അവരുടെയിടയിൽ മർദ്ദിതരായി കഴിയുന്ന ജനങ്ങളുടെയിടയിലും സുവിശേഷം പ്രസംഗിക്കുന്നതിന് നിങ്ങളുടെ സഹായം ഞാൻ അഭ്യർത്ഥിക്കുന്നു.

എൻെറ ആഹ്വാനം അപ്രായോഗികവും, ഭാവനാപരവുമായി നിങ്ങൾക്കു തോന്നുന്നുണ്ടോ? അതോ യഥാർത്ഥത്തിൽ പ്രായോഗികമാണോ?

ഒളിവുസഭ റഷ്യയിലും മററു കമ്മ്യൂണിസ്ററു രാജ്യങ്ങളിലും നിലവിലുണ്ടോ? ആ രാജ്യങ്ങളിൽ ഒളിവിലുള്ള സുവിശേഷ പ്രവർത്തനങ്ങൾ സാദ്ധ്യമാണോ?

ഈ ചോദ്യങ്ങൾക്ക് സന്തോഷകരമായ ഉത്തരങ്ങൾ നൽകുവാൻ ഞങ്ങൾക്കു കഴിയും.

കമ്മ്യൂണിസ്ററുകാർ അരശതാബ്ദക്കാലത്തെ വാഴ്ച ആഘോഷിക്കുകയാണ്. എന്നാൽ അവരുടെ വിജയം ഒരു പരാജയമാണ്. ക്രിസ്തീയ സഭയാണു വിജയിച്ചത്; കമ്മ്യൂണിസമല്ല. ഞങ്ങളുടെ സംഘടന റഷ്യയിലെ പത്രങ്ങൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ **അവയിലുടനീളം** ഒളിവു സഭയെപ്പററിയുള്ള വാർത്തകൾ കാണാൻ കഴിയുന്നു. ഒളിവുസഭ ശക്തമായിത്തീർന്നതിനാൽ അവർ ചെറിയ തോതിൽ

പരസ്യമായും പ്രവർത്തിച്ചുവരുന്നു. അതു കമ്മ്യൂണിസ്ററുകാർക്കു ഭയമുളവാക്കിയിരിക്കുന്നു. മററു സ്ഥാനങ്ങളിൽനിന്നു ഞങ്ങാംക്കു ലഭിച്ച റിപ്പോർട്ടുകാം, കമ്മ്യൂണിസ്ററു പത്രങ്ങളിൽ കണ്ട വാർത്തകാം ശരിയാണെന്നു ഉറപ്പാക്കിയിരിക്കുന്നു.

ഒളിവു സഭ ഒരു മഞ്ഞുമലയെപ്പോലെയാണ്. അതിൻെറ മിക്കവാറും ഭാഗങ്ങാം ഉപരിതലത്തിന് കീഴിലാണ്. ഒരു ചെറിയ ഭാഗം മാത്രമേ വെളിയിൽ കാണപ്പെടുന്നുള്ളു.

ഏററവും പ്രധാനപ്പെട്ട ചില വാർത്തകളുടെ സംഗ്രഹമാണ് ഞാൻ തുടർന്നുള്ള താളുകളിൽ നൽകുന്നത്.

## മഞ്ഞുമലയുടെ ഉപരിതലം

1966 നവംബർ ഏഴാം തീയതി സുഹൂമി (കോക്കേസസ്) എന്ന സ്ഥലത്തുവെച്ച് ഒളിവുസഭ വെളിപ്പറമ്പിൽവെച്ച് പരസ്യമായി ഒരു വലിയ സമ്മേളനം നടത്തി. ഈ സമ്മേളനത്തിൽ സംബന്ധിക്കാനായി മററു പട്ടണങ്ങളിൽനിന്നു അനേകം വിശ്വാസികാം വന്നുചേർന്നു. യോഗാവസാനത്തിൽ പ്രതിഷ്ഠയ്ക്കായുള്ള ആഹ്വാനം നടത്തിയപ്പോാം നാല്പത്തിയേഴ് യുവജനങ്ങാം യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് ഏററുപറഞ്ഞു. ആദിമകാലങ്ങളിലെപ്പോലെ അപ്പോാംതന്നെ, കരിങ്കടലിൽ സ്നാനമേൽക്കുകയും ചെയ്തു.

വിശ്വാസസംബന്ധമായ കാര്യങ്ങളിൽ ഉപദേശം നൽകുന്നതിനുള്ള അവസരമില്ലായിരുന്നു. കമ്മ്യൂണിസ്ററ് ഏകാധിപത്യത്തിൻകീഴിൽ അമ്പതു വർഷങ്ങളായി വേദപുസ്തകങ്ങളോ മററു ക്രിസ്തീയ ഗ്രന്ഥങ്ങളോ വേദശാസ്ത്ര പഠനമോ ഇല്ലാതിരുന്ന സഭാപരിപാലകന്മാർ വേദശാസ്ത്രപണ്ഡിതർ ആയിരുന്നില്ല. ആദിമശിഷ്യനായിരുന്ന ഫിലിപ്പോസും വേദശാസ്ത്രപണ്ഡിതനായിരുന്നില്ല. എത്യോപ്യക്കാരനായ ഷണ്ഡനോടു ഫിലിപ്പോസ് ഒരു മണിക്കൂർ പോലും സംസാരിച്ചിരുന്നിരിക്കയില്ല. എന്നാൽ അതിനിടയ്ക്ക് ആ ഷണ്ഡൻ "ഇതാ വെള്ളം, ഞാൻ

സ്നാനമേല്ക്കുന്നതിന് എന്തു വിരോധം'' എന്നു പറഞ്ഞു. ''നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം.'' ഫിലിപ്പോസ് മറുപടി പറഞ്ഞു. ഉടനെതന്നെ ഇരുവരും വെള്ളത്തിലിറങ്ങുകയും ഷണ്ഡൻ സ്നാനമേൽക്കുകയും ചെയ്തു. (അ.പ്ര. 8:36-38)

കരിങ്കടലിൽ ധാരാളം വെള്ളമുണ്ട്. ഒളിവുസഭ ആദിമ നൂററാണ്ടിലെ ക്രിസ്തീയ സഭയുടെ പ്രവർത്തനങ്ങാം ആരംഭിച്ചിരിക്കുകയാണ്.

ഡോൺ നദീതീരത്ത് റോസ്റേറാവ് എന്ന സ്ഥലത്തുള്ള ബാപ്ററിസ്ററുകാർ ഗവൺമെൻറു നിയമങ്ങളനുസരിച്ചു തങ്ങളുടെ കൂട്ടായ്മ രജിസ്ററർ ചെയ്തില്ല എന്നും കമ്മ്യൂണിസ്ററുകാർ നിയമിച്ച നേതാക്കന്മാരെ അനുസരിച്ചില്ല എന്നും അവർ തെരുവുകളിൽ പരസ്യമായ ഒരു പ്രകടനം നടത്തി എന്നുമുള്ള വാർത്ത 1966 ആഗസ്ററ് 23-ാം തീയതിയിലെ 'അദ്ധ്യാപകരുടെ മാസിക' റിപ്പോർട്ടു ചെയ്തിരുന്നു.

മെയ്മാസം ഒന്നാം തീയതിയാണു ആ പരസ്യമായ പ്രകടനം നടന്നത്. യേശുക്രിസ്തു പരീശന്മാരുടെ എതിർപ്പിനെ അവഗണിച്ചു ശബ്ബത്തിൽ അത്ഭുതങ്ങാം പ്രവർത്തിച്ചതുപോലെ കമ്മ്യൂണിസ്ററ് ഉത്സവദിവസങ്ങളിലാണ് ഒളിവുസഭ കമ്മ്യൂണിസ്ററു നിയമങ്ങളെ ലംഘിക്കുന്നത്.

മെയ് മാസം ഒന്നാം തീയതി കമ്മ്യൂണിസ്ററുകാരുടെ വലിയ പെരുനാളാണ്. അന്ന് അവർ വലിയ പ്രകടനങ്ങാം നടത്തുക പതിവാണ്. അതിൽ എല്ലാവരും പങ്കെടുക്കണമെന്ന് നിർബ്ബന്ധവുമാണ്, എന്നാൽ ഈ സമയത്ത് റഷ്യയിലെ രണ്ടാമത്തെ ശക്തിയായ ഒളിവുസഭയും തെരുവുകളിൽ നിരന്നു കഴിഞ്ഞിരുന്നു.

ആയിരത്തിയഞ്ഞൂറു വിശ്വാസികാം വന്നുചേർന്നു. അവിടെ വരാൻ അവരെ നിർബന്ധിച്ചതു ദൈവസ്നേഹമായിരുന്നു. അവിടെ വരുന്നതു കൊണ്ട് അവരുടെ സ്വാതന്ത്ര്യം നഷ്ടമാകുമെന്നും, പട്ടിണിയും തടവു ശിക്ഷയും ദണ്ഡനങ്ങളും അവർക്കായി കാത്തിരിക്കുമെന്നും

അവർക്കറിയാമായിരുന്നു.

ബർനോറാം എന്ന സ്ഥലത്തെ വിശ്വാസികാം പ്രസിദ്ധീകരിച്ച "രഹസ്യപ്രകടനപത്രിക" യെപ്പററി എല്ലാ വിശ്വാസികാംക്കും അറിയാം. കുളുണ്ടാ എന്ന ഗ്രാമത്തിൽ നടന്ന ഒരു സംഭവമാണ് അതിലെ പ്രതിപാദ്യ വിഷയം. ഒരു ദിവസം ആ ഗ്രാമത്തിലുള്ള വിശ്വാസിനിയായ ഹമാറ എന്ന സഹോദരിക്ക് ഒരു എഴുത്തു ലഭിച്ചു. മൂന്നു മാസം മുൻപുമാത്രം രക്ഷയുടെ അനുഭവത്തിലേക്ക് വന്ന തൻെറ ഭർത്താവു ജയിലിൽവെച്ച് മരിച്ചു എന്നായിരുന്നു അതിലെവാർത്ത. നാലു കൊച്ചുകുട്ടികളുടെ മാതാവായിരുന്ന അവാം ഒരു വിധവയായിത്തീർന്നു. ജയിലിൽനിന്നു തൻെറ ഭർത്താവിൻെറ ശവശരീരം കൊണ്ടുവന്നപ്പോാം അവാം കണ്ട കാഴ്ച ഭയങ്കരമായിരുന്നു. കൈകളിൽ കയ്യാമം വെച്ചതിൻെറ പാടുകാം കാണാനുണ്ടായിരുന്നു. കൈകളും വിരലുകളും കാലിൻെറ പാദങ്ങളും തീകൊണ്ട് ഭയങ്കരമായി വെന്തിരുന്നു. വയറിൻെറ അടിഭാഗത്ത് കത്തികൊണ്ടുള്ള മുറിവുകാം കാണാമായിരുന്നു. വലത്തെ കാൽ നീരുവന്നു വീങ്ങിയിരുന്നു. ഭയങ്കരമായി അടിച്ചതിൻെറ പാടുകാം കാലുകളിലും ദേഹത്തെല്ലായിടത്തു മുണ്ടായിരുന്നു.

റൊസ്റേറാവിൽ പരസ്യപ്രകടനത്തിനു വന്നതായ ഓരോ വിശ്വാസിക്കും, മേൽ വിവരിച്ചതുപോലെയുള്ള അനുഭവങ്ങാം തങ്ങാംക്കും ഉണ്ടായേക്കാം എന്ന അറിവുണ്ടായിരുന്നു. എന്നിട്ടും അവർ വരികതന്നെ ചെയ്തു.

എന്നാൽ തൻെറ മാനസാന്തരത്തിനു ശേഷം മൂന്നു മാസം കഴിഞ്ഞപ്പോാം രക്തസാക്ഷിയായിത്തീർന്ന ആ വിശ്വാസിയുടെ ശവസംസ്കാരത്തിനെത്തിയ വിശ്വാസികാം "എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു" എന്നും, "ദേഹത്തെ കൊന്നിട്ട് പിന്നെ അധികമായി ഒന്നും ചെയ്യാത്തവരെ ഭയപ്പെടേണ്ട" എന്നും, "ദൈവവചനം നിമിത്തം അറുക്കപ്പെട്ട ആടുകളെ ഞാൻ യാഗപീഠത്തിൻ കീഴിൽ കണ്ടു" എന്നും എഴുതിയ

പ്ളാക്കാർഡുകൾ ധരിച്ചിരുന്നു എന്നുള്ള കാര്യവും അവർക്കറിയാമായിരുന്നു.

ആ വിശ്വാസിയുടെ മാതൃക റൊസ്റ്റോവിലുള്ളവർക്ക് ഉത്തേജനം നൽകി. ഒരു ചെറിയ വീടിനു ചുററുമായി അവർ തെരുവിൽ തടിച്ചുകൂടി. അവിടെയെല്ലായിടവും ജനങ്ങളെക്കൊണ്ട് നിറഞ്ഞിരുന്നു. ചിലർ സക്കായിയെപ്പോലെ മരങ്ങളിൽ കയറിയിരുന്നു. അന്ന് എൺപതുപേർ മാനസാന്തരപ്പെട്ട് രക്ഷയുടെ അനുഭവത്തിലേക്കു വന്നു. അവരിൽ ഭൂരിപക്ഷവും യുവാക്കളായിരുന്നു. അവരിൽ 23 പേർ കമ്മ്യൂണിസ്ററ് യുവജന സംഘടനയുടെ അംഗങ്ങളായിരുന്നു.

വിശ്വാസികൾ പട്ടണത്തിൽകൂടി കടന്ന് ഡോൺ നദീതീരത്തു ചെന്നെത്തി. അവിടെ വെച്ചാണ് സ്നാനശുശ്രൂഷ നടത്തുന്നത്.

നദീതീരത്തുണ്ടായിരുന്ന വിശ്വാസികളെ കാറിൽ വന്നിറങ്ങിയ പോലീസുകാർ വളഞ്ഞു. എല്ലാവരേയും അറസ്ററുചെയ്യാൻ സാദ്ധ്യമല്ലാതിരുന്നതിനാൽ അവിടെ സ്നാനശുശ്രൂഷ നടത്തിയ സഹോദരങ്ങളെ അറസ്ററുചെയ്യുവാൻ അവർ തീരുമാനിച്ചു. വിശ്വാസികൾ ഉടനെതന്നെ മുട്ടിന്മേൽ നിന്നു കൊണ്ട് ആ ശുശ്രൂഷയ്ക്കു മുടക്കം വരാതിരിക്കുന്നതിനായി മുട്ടിപ്പായി പ്രാർത്ഥിച്ചു. അതു കഴിഞ്ഞ് സഹോദരന്മാരും സഹോദരികളും തോളോടു തോൾ ചേർന്ന്, ശുശ്രൂഷ നടത്തിയ സഹോദരന്മാർക്കു ചുററും തിങ്ങിനിന്നു കൊണ്ട് പോലീസുകാർ അവരെ അറസ്ററു ചെയ്യാതിരിക്കാനായി ശ്രമിച്ചു. അതോടുകൂടെ അവിടുത്തെ അന്തരീക്ഷം പ്രക്ഷുബ്ധമായിത്തീർന്നു.

റൊസ്റ്റോവിലെ അധികൃത ബാപ്ററിസ്ററു സഭയ്ക്ക് ഒളിവിലുള്ള ഒരു മുദ്രണാലയം ഉണ്ടെന്ന് 'അദ്ധ്യാപകരുടെ മാസിക' റിപ്പോർട്ടു ചെയ്യുകയുണ്ടായി. (റഷ്യയിൽ ബാപ്ററിസ്ററ് എന്ന വാക്കിന് പെന്തക്കോസ്തുകാരുൾപ്പെടെയുള്ള സുവിശേഷ വിഹിത വിശ്വാസികൾ എന്നാണ് അർത്ഥം.) വിശ്വാസത്തിനുവേണ്ടി നിലകൊള്ളുവാനായി യുവജനങ്ങളെ

ആഹ്വാനം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ ഈ മുദ്രണാലയത്തിൽ പ്രസിദ്ധീകരിക്കുന്നു. അവരുടെ ഒരു പ്രസിദ്ധീകരണത്തിൽ നശിച്ചു പോകുന്നവയെക്കുറിച്ചു കുട്ടികൾ ചിന്താകുലരാകാതിരിക്കുന്നതിനായി, മാതാപിതാക്കൾ അവരെ ശവസംസ്കാര ശുശ്രൂഷകളിൽ പങ്കെടുപ്പിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. (അതൊരു നല്ല നിർദ്ദേശമാണെന്ന് എനിക്കു തോന്നുന്നു) മാത്രമല്ല, നിരീശ്വരവാദത്തിനെതിരായുള്ള ഒരു നിഷേധമെന്ന നിലയിൽ കുട്ടികൾക്ക് ക്രിസ്തീയ ശിക്ഷണം നൽകണമെന്നും അവരുടെ പ്രസിദ്ധീകരണങ്ങൾ ആഹ്വാനം ചെയ്യുന്നു. "കുട്ടികളെ മതം പഠിപ്പിച്ച് മയക്കുന്ന കുടുംബങ്ങളുമായി അദ്ധ്യാപകർ ബന്ധം പുലർത്തുന്നതെന്തിനാണ്?" എന്ന ചോദ്യത്തോടെയാണ് 'അദ്ധ്യാപകരുടെ മാസിക'യിലെ ആ ലേഖനം അവസാനിപ്പിച്ചിരിക്കുന്നത്!

**രഹസ്യമായി സ്നാനം നടത്തിയ ഒളിവു സഭാപ്രവർത്തകന്മാരുടെ കേസു വിസ്താരത്തെപ്പററിയും 'അദ്ധ്യാപകരുടെ മാസിക' എഴുതുകയുണ്ടായി.**

"സാക്ഷികളായി വിളിക്കപ്പെട്ട യുവവിശ്വാസികൾ കമ്മ്യൂണിസ്ററ് കോടതിയെ അവജ്ഞയോടും നിഷേധാത്മകമായ സ്വരത്തിലുമത്രെ അഭിമുഖീകരിച്ചത്. അവർ മതഭ്രാന്തന്മാരെപ്പോലെയും കുപിതരായും പെരുമാറി. കാഴ്ചക്കാരായി വന്ന യുവതികൾ ആ യുവാക്കന്മാരെ പ്രശംസിക്കുകയും നിരീശ്വരവാദികളെ അവജ്ഞയോടുകൂടെ വീക്ഷിക്കുകയും ചെയ്തു."

ഒളിവുസഭയുടെ അംഗങ്ങൾ ജയിൽവാസത്തെയും ദണ്ഡനങ്ങളെയും ഭയപ്പെടാതെ റഷ്യയിലെ കമ്മ്യൂണിസ്ററു പാർട്ടിയുടെ കേന്ദ്ര ഓഫീസിൻെറ മുമ്പിൽ ചെല്ലുകയും കൂടുതൽ സ്വാതന്ത്ര്യത്തിനായുള്ള നിവേദനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

സുവിശേഷ വിഹിത ബാപ്ററിസ്ററു സഭകളുടെ "അനധികൃത കമ്മററി"യുടെ ഒരു സന്ദേശം ഞങ്ങളുടെ പക്കലുണ്ട്. ഈ കമ്മററി, കമ്മ്യൂണിസ്ററ് നിയന്ത്രണത്തിൽ

കഴിയുന്ന ബാപ്റ്റിസ്റ്റ് യൂണിയനുമായി ഒരു ബന്ധവുമില്ലാത്തതാണ്. ജനലക്ഷങ്ങളെ കൊന്നൊടുക്കിയ കമ്മ്യൂണിസ്റ്റുകാരുടെ മനുഷ്യത്വത്തെപ്പററി പ്രസംഗിക്കുന്ന ജനവഞ്ചകനായ കാരേവ് ആണ് ബാപ്റ്റിസ്റ്റു യൂണിയന്റെ നേതാവ്. (1963-ലെ Soviet Life of Today No. 6 കാണുക) മേൽപറഞ്ഞ സന്ദേശം റഷ്യയിൽ നിന്ന് രഹസ്യമായി പശ്ചിമ ദേശങ്ങളിലേക്ക് അയച്ചതാണ്. ഒളിവുസഭാംഗങ്ങൾ മോസ്കോയിൽത്തന്നെ പരസ്യമായി നടത്തിയ ഒരു പ്രകടനത്തെപ്പററിയാണ് ആ സന്ദേശത്തിൽ പറഞ്ഞിരിക്കുന്നത്. ആ സന്ദേശത്തിന്റെ തർജ്ജിമയാണിത്.

"അടിയന്തര സന്ദേശം."

"പ്രിയ സഹോദരി സഹോദരങ്ങളേ, കർത്താവായ യേശുക്രിസ്തുവിൽ നിന്നും പിതാവായ ദൈവത്തിൽനിന്നും നിങ്ങൾക്ക് അനുഗ്രങ്ങളും സമാധാനങ്ങളും ലഭിക്കട്ടെ.

"സുവിശേഷവിഹിത ബാപ്റ്റിസ്റ്റു സഭകളുടെ പ്രതിനിധികളായ അഞ്ഞൂറു സഹോദരന്മാർ 1966 മെയ്മാസം 16-ാം തീയതി മോസ്കോയിലേക്ക് പോയിരുന്നു. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കേന്ദ്ര കമ്മററിയിൽ നിവേദനങ്ങൾ നടത്തുന്നതിനായിട്ടാണ് അവർ പോയത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായ ബ്രെഷ്നേവിന് ഞങ്ങൾ ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി."

മററു വിവരങ്ങളും ആ സന്ദേശത്തിൽ കൊടുത്തിട്ടുണ്ട്. പ്രതിനിധികളായി പോയ അഞ്ഞൂറുപേരും ഒരു ദിവസം മുഴുവർ കമ്മ്യൂണിസ്റ്റുപാർട്ടി ഓഫീസിന്റെ മുമ്പിൽ നിന്നു കമ്മ്യൂണിസത്തിനെതിരായി മോസ്കോയിൽ വെച്ചു നടന്ന ആദ്യത്തെ പ്രകടനമായിരുന്നു അത്. പ്രകടനക്കാർ ഒളിവുസഭയുടെ അംഗങ്ങളും. വൈകുന്നേരമായപ്പോൾ അവർ ബ്രെഷ്നേവിന് രണ്ടാമത് ഒരു നിവേദനം സമർപ്പിച്ചു. അതിൽ സഖാവ് സ്ട്രോഗാനോവ് എന്നയാൾ അവരെ ഭയപ്പെടുത്തുകയും ബ്രെഷ്നേവിനുള്ള അവരുടെ നിവേദനം അദ്ദേഹത്തിന്റെ പക്കൽ എത്തിക്കുന്നതിന് വിസമ്മതിച്ചതായും

അതിൽ പരാതിപ്പെട്ടിരുന്നു. ആ രാത്രിമുഴുവൻ അവർ അഞ്ഞൂറുപേരും തെരുവീഥിയിൽ കഴിച്ചുകൂട്ടി. ആ വഴി പോയ കാറുകളിൽനിന്ന് അവരുടെ മേൽ മണ്ണും ചെളിയും വാരിയെറിയുകയും, കാറിൽ സഞ്ചരിച്ചിരുന്നവർ അവരെ ഭയപ്പെടുത്തുകയും ചെയ്തു. മഴ പെയ്തെങ്കിലും ആ രാത്രി മുഴുവൻ അവർ കമ്മ്യൂണിസ്ററുപാർട്ടി ഓഫീസിൻെറ മുമ്പിൽ കഴിച്ചുകൂട്ടി.

അടുത്തദിവസം ചില കമ്മ്യൂണിസ്ററ് ഉദ്ദ്യോഗസ്ഥന്മാരുമായി കണ്ടുമുട്ടുന്നതിനായി ഒരു ഹാളിലേക്ക് പോകുവാൻ കമ്മ്യൂണിസ്ററുകാർ ആവശ്യപ്പെട്ടു. സാക്ഷികൾ ഇല്ലാതിരിക്കുമ്പോൾ കമ്മ്യൂണിസ്ററ് ഉദ്യോഗസ്ഥന്മാരെ കാണാൻ പോകുന്ന വിശ്വാസികളെ അടിക്കുക എന്നത് കമ്മ്യൂണിസ്ററുകാരുടെ നയമായിരുന്നതിനാൽ അവിടേക്ക് പോകുവാൻ ആ പ്രതിനിധിസംഘം ഏകകണ്ഠമായി വിസമ്മതിച്ചു. ഞങ്ങൾക്കു ബ്രഷ്നേവിനെത്തന്നെ കാണണമെന്ന് അവർ ആവശ്യപ്പെട്ടു.

ഒടുവിൽ സംഭവിക്കേണ്ടത് സംഭവിച്ചു.

ഉച്ചകഴിഞ്ഞു ഒന്നേമുക്കാൽ മണിക്ക് രഹസ്യപ്പോലീസുകാർ ഇരുപത്തെട്ട് ബസ്സുകളിൽ വന്ന് വിശ്വാസികളോട് പകവീട്ടൽ ആരംഭിച്ചു. "ഞങ്ങൾ കൈകോർത്ത് നിന്നുകൊണ്ട് 'ക്രൂശ് വഹിക്കാൻ കഴിയുന്ന ദിവസങ്ങളാണ് ഞങ്ങളുടെ ജീവിതത്തിലെ ഏററവും നല്ല ദിവസങ്ങൾ' എന്ന പാട്ടുപാടി. രഹസ്യപ്പോലീസുകാർ ഞങ്ങളെ, യുവജനങ്ങളേയും പ്രായമുള്ളവരേയും ഒരുപോലെ അടിക്കാൻ തുടങ്ങി. അവർ ഞങ്ങളുടെ മുഖത്തും തലയിലും അടിക്കുകയും നിലത്തു തള്ളിയിടുകയും ചെയ്തു. അവിടെ നിന്ന് പോകുവാൻ ശ്രമിച്ച ചിലരെ ബോധം കെടുന്നതുവരെ അടിച്ചു. ചിലരെ തലമുടിക്കു പിടിച്ചു ബസ്സിലേക്കു വലിച്ചിഴച്ചു." വിശ്വാസികളെ ബസ്സിൽ കയററി ഏതോ അജ്ഞാത സ്ഥലത്തു കൊണ്ടുചെന്നാക്കി. രഹസ്യപ്പോലീസിൻെറ ബസ്സുകളിൽ നിന്ന് വിശ്വാസികളുടെ പാട്ടുകൾ കേൾക്കാൻ കഴിയുമായിരുന്നു. അനേകർ

നോക്കിനില്ക്കുമ്പോഴത്രെ ഇതൊക്കെ സംഭവിച്ചത്.

അഞ്ഞൂറുപേരെയും അറസ്ററു ചെയ്യുകയും ദണ്ഡിപ്പിക്കയും ചെയ്തുകഴിഞ്ഞപ്പോൾ ഒളിവുസഭയുടെ നേതാക്കളായ ജി. വിൻസ്, ഹോരേവ് എന്നിവർ ധൈര്യമായി കമ്മ്യൂണിസ്ററു പാർട്ടിയുടെ കേന്ദ്രക്കമ്മെററി ഓഫീസിലേക്ക് പോയി. (യോഹന്നാൻ സ്നാപകൻ തടവിലായപ്പോൾ "ദൈവ രാജ്യം സമീപിച്ചിരിക്കയാൽ മാനസ്സാന്തരപ്പെടുവിൻ" എന്ന് അവൻ പ്രസംഗിച്ച അതേ പ്രസംഗത്തോടുകൂടെ യേശുക്രിസ്തുവിൻെറ പരസ്യ ശുശ്രൂഷ ആരംഭിച്ചതുപോലെ) അറസ്ററു ചെയ്യപ്പെട്ട പ്രതിനിധിസംഘം എവിടെ എന്നു ചോദിച്ചുകൊണ്ട് വിൻസും ഹോരേവും കമ്മ്യൂണിസ്ററു പാർട്ടി കേന്ദ്രക്കമ്മെററി ഓഫീസിലേക്ക് കയറിച്ചെന്നു. അറസ്ററു ചെയ്തവരെ വിട്ടയക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ധൈര്യശാലികളായ ആ സഹോദരങ്ങളെ പിന്നെ കണ്ടിട്ടില്ല. അവർ ലെഫോർട്ടോസ്കോവ് ജയിലിൽ അടയ്ക്കപ്പെട്ടിരിക്കയാണ് എന്ന് പിന്നീട് അറിയുവാൻ കഴിഞ്ഞു.

ഒളിവുസഭയിലെ ഈ വിശ്വാസികൾക്ക് ഭയമുണ്ടായിരുന്നോ? ഇല്ല! മററുള്ളവർ തങ്ങളുടെ ജീവനെ പണയംവെച്ചുകൊണ്ട്, 'ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല, അവനുവേണ്ടി കഷ്ടം സഹിപ്പാൻ കൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു.' (ഫിലി.1:29) എന്നു പറഞ്ഞുകൊണ്ട് ഈ സന്ദേശം പ്രചരിപ്പിക്കുകയത്രെ ചെയ്തത്.

'കഷ്ടം അനുഭവിപ്പാൻ നിയമിക്കപ്പെട്ടിരിക്കുന്നതിനാൽ' (1 തെസ്സ. 3:3) ഈ കഷ്ടങ്ങളിൽ ആരും ഇളകിപ്പോകരുത് എന്ന് അവർ സഹോദരന്മാരെ പ്രബോധിപ്പിക്കുകയും 'വിശ്വാസത്തിൻെറ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക.......' എന്ന വാക്യം (എബ്രാ. 12:2) ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

റൊസ്റേറാവിലും മോസ്കോയിലും എന്നല്ല റഷ്യയുടെ എല്ലാ ഭാഗങ്ങളിലും യുവജനങ്ങളുടെ ഇടയിൽ നിരീശ്വരത്വം പ്രചരിപ്പിക്കുന്നതിനെ ഒളിവു സഭ പരസ്യമായി

എതിർത്തിട്ടുണ്ട്. അവർ കമ്മ്യൂണിസ്ററുകാരുടെ വിഷയമായ പ്രചരണങ്ങാംക്കെതിരായും, ഔദ്യോഗിക സഭകളിലെ വഞ്ചകന്മാരായ നേതാക്കാംക്ക് എതിരായും സമരം ചെയ്യുകയാണ്. 1966 ഒക്ടോബർ 4-ാം തീയതി "പ്രവ്ദാ ഉഖ്റൈനി" എന്ന പത്രത്തിൽ റിപ്പോർട്ടു ചെയ്യപ്പെട്ട, ഒളിവു സഭയുടെ ഒരു രഹസ്യപത്രികയിൽ ഔദ്യോഗിക സഭാനേതാക്കളെപ്പററി ഇങ്ങനെ പറയുകയുണ്ടായി. "ഈ കാലത്തു ദൈവകല്പനകാംക്കെതിരായി സാത്താൻ ഇറക്കുന്ന കല്പനകളെ 'സഭ' അനുസരിക്കുന്നു."

അമേരിക്കയിൽ നിന്നു റേഡിയോയിൽക്കൂടെ പ്രക്ഷേപണം ചെയ്യപ്പെടുന്ന സുവിശേഷ സന്ദേശങ്ങാം കോംക്കുന്നതിനായി രഹസ്യക്കൂട്ടങ്ങളെ സംഘടിപ്പിക്കുകയും, ആ സന്ദേശങ്ങളെ ടേപ്പുറിക്കാർഡിൽ അടക്കംചെയ്ത് വിതരണം ചെയ്യുകയും ചെയ്തു എന്ന കുററങ്ങാംക്കായി അലെക്സിനെവ റോവ്, ബോറീസ് ഹെർമോഷ, അക്സൽ സുബോവ് എന്നീ സഹോദരന്മാരെ കോടതിയിൽ വിസ്തരിച്ചതിൻെറ വിവരങ്ങാം 'പ്രവ്ദാ വോസ്റേറാക്ക' എന്ന പത്രം പ്രസിദ്ധീകരിച്ചിരുന്നു.

വിനോദയാത്രകാം, കലാസമ്മേളനങ്ങാം എന്നീ പേരുകളിൽ രഹസ്യമായി സുവിശേഷയോഗങ്ങാം നടത്തിയതായും ഈ സഹോദരന്മാരുടെ പേരിൽ കുററം ആരോപിക്കപ്പെട്ടിരുന്നു. ആദിമസഭ റോമാനഗരത്തിലെ ഭൂഗർഭ താവളങ്ങളിൽ പ്രവർത്തിച്ചതുപോലെയാണ് ഒളിവുസഭ പ്രവർത്തിക്കുന്നത്.

ഒളിവുസഭയിലെ വിശ്വാസികാം കല്ലച്ച് ഉപയോഗിച്ച് ലഘുപുസ്തകങ്ങാം മുദ്രണം ചെയ്യുന്നതായി സോവിയററ് സ്ക്കാമോാംഡേവിയ എന്ന പത്രം 1966 സെപ്തംബർ 15-ാം തീയതി റിപ്പോർട്ടു ചെയ്യുകയുണ്ടായി. അവർ നിയമവിരുദ്ധ മായി കൂട്ടങ്ങാം കൂടുകയും പല സ്ഥലങ്ങളിലും പോയി യേശുക്രിസ്തുവിനുവേണ്ടി സാക്ഷ്യം പറയുന്നതായും ആ റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു.

റേനിയിൽ നിന്നു ചിസിനാവു എന്ന സ്ഥലത്തേയ്ക്കുള്ള

തീവണ്ടിയിൽ വെച്ച് മൂന്നുയുവാക്കന്മാരും നാലു യുവതികളുമുള്ള ഒരു സംഘം ''ക്രിസ്തുവിനായി നമ്മെത്തന്നെ പ്രതിഷ്ഠിക്കാം'' എന്ന ക്രിസ്തീയഗീതം പാടിയതായി അതേ പത്രംതന്നെ റിപ്പോർട്ടു ചെയ്തു. വിശ്വാസികൾ ''തെരുവുകളിലും റെയിൽവേസ്റ്റേഷനുകളിലും, തീവണ്ടികളിലും, ബസ്സുകളിലും സംസ്ഥാനത്തിന്റെ സ്ഥാപനങ്ങളിലും'' പ്രസംഗിച്ചുനടക്കുന്നതിനെ ഈ സംഭവം റിപ്പോർട്ടു ചെയ്ത പത്രലേഖകൻ പ്രതിഷേധിക്കുകയുണ്ടായി. റഷ്യയിലെ ഒളിവു സഭ ജാഗ്രതയോടുകൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

ഗ്ളാഡ്ചെവിസി എന്ന ഒളിവുസഭാനേതാവിനെ വിസ്താരത്തിനായി കോടതിയിൽ കൊണ്ടുവന്നു. ആ സമയത്ത് അവിടെയെത്തിയ വിശ്വാസികൾ 'മതഭ്രാന്തനായ' മാഡൻ എന്ന സഹോദരന്റെ നേതൃത്വത്തിൽ കോടതിയിൽ വെച്ച് ക്രിസ്തീയ ഗാനങ്ങൾ പാടി!

കോപ്സേഗ്, സഹരോവ്ക എന്നീ ഗ്രാമങ്ങളിലെ വിശ്വാസികൾ, ആരാധനാ സ്ഥലമില്ലാതിരുന്നതിനാൽ മെയ്മാസം ഒന്നാം തീയതി ഒരു കാട്ടിൽവെച്ച് രഹസ്യമായി ഒരു ആരാധന നടത്തുകയുണ്ടായി!

ജന്മനാളാഘോഷം നടത്തുന്നു എന്ന നാട്യത്തിൽ ഒളിവുസഭാംഗങ്ങൾ, ആരാധന നടത്താറുണ്ട്. (നാലും അഞ്ചും അംഗങ്ങളുള്ള ഒരു വിശ്വാസിയുടെ കുടുംബത്തിൽ അവിടെ നടക്കുന്ന ആരാധനകളുടെ മറയായി ഒരാണ്ടിൽ മുപ്പത്തഞ്ച് ജന്മനാളാഘോഷങ്ങളുണ്ടാകും!)

ജയിൽവാസത്തിനോ ദണ്ഡനങ്ങൾക്കോ, ഒളിവുസഭയെ ഭയപ്പെടുത്താൻ സാദ്ധ്യമല്ല. ആദിമസഭയിലെന്നപോലെ, പീഢനം അവരുടെ വിശ്വാസത്തെയും പ്രതിഷ്ഠയെയും ശക്തിപ്പെടുത്തുന്നതേയുള്ളു.

ഒളിവുസഭയിലെ നേതാക്കന്മാരിലൊരാളായ പ്രൊക്കോഫീവ്. മൂന്നു തവണ ജയിലിലടയ്ക്കപ്പെട്ടിട്ടും വിമോചിതനായപ്പോൾ രഹസ്യമായി സണ്ടേസ്കൂൾ

ക്ളാസ്സുകരം സംഘടിപ്പിക്കുന്നതായി 1966 ഒക്ടോബർ 4-ാം തീയതിയിലെ പ്രവ്ദാ ഉഖ്റൈനി എന്ന പത്രം റിപ്പോർട്ടു ചെയ്തു. ഇപ്പോരം അദ്ദേഹം വീണ്ടും ജയിലിലാണ്.

ഒരു രഹസ്യസന്ദേശത്തിൽ പ്രൊക്കോഫീവ് ഇങ്ങനെ എഴുതി: ''മാനുഷിക നിയമങ്ങരംക്ക് (കമ്മ്യൂണിസ്ററു നിയമങ്ങരംക്ക്) വഴങ്ങിയതിനാൽ ഔദ്യോഗിക സഭ ദൈവത്തിന്റെ അനുഗ്രഹങ്ങളെ നഷ്ടപ്പെടുത്തി.''

ജയിൽ വാസം എന്നു കേരംക്കുമ്പോരം പശ്ചിമരാജ്യങ്ങളിലെ ജയിൽ വാസത്തെപ്പററി ചിന്തിക്കരുത്. റഷ്യയിൽ ജയിൽവാസം എന്നാൽ പട്ടിണി, ദണ്ഡനം, മാനസിക സമ്മർദ്ദം എന്നത്രേ അർത്ഥം.

വിശ്വാസികരം ടൈം മാസിക പോലുള്ള ഒഗോനോയിക് എന്ന ഒരു മാസികയുടെ പുറം ചട്ടയ്ക്കുള്ളിൽ സുവിശേഷ സാഹിത്യങ്ങരം അയയ്ക്കുന്നതായി 1966-ലെ 9-ാം നമ്പർ ''ശാസ്ത്രവും മതവും'' എന്ന മാസിക റിപ്പോർട്ടു ചെയ്യുകയുണ്ടായി. ടോരംസ്റേറായി എഴുതിയ ''അന്നാകരനീന'' എന്ന പുസ്തകത്തിന്റെ പുറംചട്ടയോടുകൂടി അവർ വേദപുസ്തകം വിതരണം ചെയ്തതായും അതിൽ പ്രസ്താവിച്ചിരുന്നു.

''കമ്മ്യൂണിസ്ററ് അന്തർദ്ദേശീയഗാനം'' എന്നറിയപ്പെടുന്ന ഗാനത്തിന്റെ രീതിയിലുള്ള ഒരു പാട്ട് ഒളിവുസഭക്കാർ പാടുക പതിവാണ്. അതിന്റെ വാക്കുകരം യേശുക്രിസ്തുവിന്റെ സ്തുതിയാണ്! (കസഖ്സ്ഥാൻ പ്രവ്ദാ 1966 ജൂൺ 30)

സൈബീരിയയിൽ കുജങ്ങ എന്ന സ്ഥലത്ത് വിശ്വാസികരം പ്രസിദ്ധീകരിച്ച ഒരു രഹസ്യക്കത്തിൽ ''പരീശന്മാരും പുരോഹിതന്മാരും യേശുക്രിസ്തുവിനെ പീലാത്തോസിന് ഒററിക്കൊടുത്തതുപോലെ ബാപ്ററിസ്ററുകാരുടെ ഔദ്യോഗിക നേതാക്കരം യഥാർത്ഥസഭയെയും അതിന്റെ ശുശ്രൂഷകന്മാരെയും ഒററിക്കൊടുത്തു'' എന്ന് പ്രസ്താവിച്ചിരുന്നു. എങ്കിലും വിശ്വസ്തരായ ഒളിവുസഭാംഗങ്ങരം പ്രവർത്തിച്ചുവരുന്നു.

ക്രിസ്തുവിൻെറ മണവാട്ടിയായ സഭ അവനെ തുടർന്നു സേവിച്ചുവരുന്നു!

കമ്മ്യൂണിസ്ററു യുവജനസംഘടനയുടെ അംഗമായ ററാനിയാ സിയുഗുണോവ എന്ന യുവതി ക്രിസ്തുവിൻെറ പക്ഷത്തേക്ക് വന്നതായി 1966 ഏപ്രിൽ 27-ാം തീയതിയിലെ 'ബാക്കുവിലെ തൊഴിലാളി' എന്ന പത്രം റിപ്പോർട്ടു ചെയ്യുകയുണ്ടായി. കമ്മ്യൂണിസ്ററുകാർ പിടിച്ചെടുത്ത അവളുടെ ഒരെഴുത്ത് ആ പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.

"പ്രിയപ്പെട്ട നാഡിയാ അമ്മാവീ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്നുള്ള വന്ദനങ്ങാം ഞാൻ അയക്കുന്നു. അമ്മാവീ, യേശുക്രിസ്തു എന്നെ എത്രമാത്രം സ്നേഹിക്കുന്നുവെന്നോ! അവൻെറ മുമ്പാകെ നാം ഏതുമില്ല അമ്മാവീ, നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ശപിക്കുന്നവരെ സ്നേഹിപ്പിൻ, നിങ്ങളെ പകയ്ക്കുന്നവർക്ക് ഗുണം ചെയ്വിൻ, നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ" എന്നീ വാക്കുകളുടെ അർത്ഥം അമ്മാവി മനസ്സിലാക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു...."

ഈ എഴുത്ത് പിടിക്കപ്പെട്ടപ്പോാ അവളെയും കമ്മ്യൂണിസ്ററുകാരായ മററു യുവതീയുവാക്കന്മാരെയും ക്രിസ്തുവിങ്കലേക്ക് നടത്തിയ പീററർ സെറിബ്രേനിക്കോവ് എന്ന സഹോദരൻ ജയിലിൽ പോകേണ്ടതായിവന്നു. അദ്ദേഹം ചെയ്ത ഒരു പ്രസംഗത്തിൻെറ ഒരു ഭാഗം ആ കമ്മ്യൂണിസ്ററു പത്രത്തിൽ ഉദ്ധരിച്ചിരുന്നു: "ആദിമ ക്രിസ്ത്യാനികാ വിശ്വസിച്ചതുപോലെ നാം നമ്മുടെ രക്ഷിതാവിനെ വിശ്വസിക്കണം. നമ്മുടെ പ്രധാന ന്യായപ്രമാണം വേദപുസ്തകമാണ്. മറെറാന്നിനെയും നാം അംഗീകരിക്കുന്നില്ല. ജനങ്ങളെ, പ്രത്യേകിച്ച് യുവജനങ്ങളെ പാപത്തിൽനിന്ന് രക്ഷിക്കാനായി നാം ബദ്ധപ്പെടേണ്ടിയിരിക്കുന്നു." യുവജനങ്ങളോട് ക്രിസ്തുവിനെപ്പററി പറയുന്നതിനെ ഷ്യയിലെ നിയമം തടഞ്ഞിരിക്കുകയാണെന്ന് പറഞ്ഞപ്പോാ അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു: "ഞങ്ങളുടെ ഏകന്യായപ്രമാണം

വേദപുസ്തകമാണ്.'' ക്രൂരന്മാരായ നിരീശ്വര സ്വേച്ഛാധിപതികളുടെ നാട്ടിൽ പറയേണ്ട ഉത്തരമാണത്.

അതിനെ തുടർന്ന് ആ കമ്മ്യൂണിസ്ററ് പത്രം ''ക്രൂരമായ ഒരു ചിത്രം'' വരച്ചുകാട്ടി. ''ആൺകുട്ടികളും പെൺകുട്ടികളും ആത്മീക ഗീതങ്ങൾ പാടുന്നു. അവർ സ്നാനം ഏല്ക്കുകയും ശത്രുക്കളെ സ്നേഹിക്കുക എന്ന ദുഷ്ടമായ ഉപദേശം അനുസരിക്കുകയും ചെയ്യുന്നു.''

കമ്മ്യൂണിസ്ററു യുവജനസംഘടനയിലെ അംഗങ്ങളായിരിക്കുന്ന അനേകം യുവതീയുവാക്കൾ വാസ്തവത്തിൽ ക്രിസ്ത്യാനികളാണ്! 'ബാക്കുവിലെ തൊഴിലാളി' എന്ന പത്രം പറയുന്നു ''ഉദാസീനന്മാരായ കമ്മ്യൂണിസ്ററ് അദ്ധ്യാപകരുടെ കയ്യിൽ നിന്ന് ശിഷ്യന്മാരെ തട്ടിക്കൊണ്ടുപോകാൻ ഈ സഭാപരിപാലകന്മാർക്കു കഴിയുമെങ്കിൽ, കമ്മ്യൂണിസ്ററ് സ്കൂൾ എത്രമാത്രം വെളിച്ചമില്ലാത്തതും മുഷിപ്പിക്കുന്നതും ശക്തിഹീനവുമാണ്'' എന്ന് പറഞ്ഞുകൊണ്ട് അവർ ആ ലേഖനം അവസാനിപ്പിച്ചു.

ഏററവും കൂടുതൽ മാർക്കുകൾ വാങ്ങിയത് ഏററവും,നല്ല വിശ്വാസിയാണെന്നതിൽ 'കസഖ്സ്ഥാൻ പ്രവ്ദ' എന്ന പത്രം ഉത്കണ്ഠ പ്രകടിപ്പിച്ചു. ഒളിവു സഭാംഗങ്ങളായ മാതാപിതാക്കൾക്കുവേണ്ടി പ്രസിദ്ധീകരിച്ച ഒരു ലഘുലേഖയുടെ ഒരു ഭാഗം അതേ പത്രം തന്നെ പ്രസിദ്ധപ്പെടുത്തിയിരുന്നു. ''നമ്മുടെ പൈതങ്ങൾ ജനനം മുതൽതന്നെ ദൈവത്തിനുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടവരായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.....ഈ ലോകത്തിൻെറ സ്വാധീനത്തിൽനിന്നും അവരെ രക്ഷിക്കാം.''

അവരുടെ പ്രവർത്തനങ്ങൾ ഫലവത്തായിരിക്കുന്നു! കമ്മ്യൂണിസ്ററുപത്രങ്ങൾ ആ സത്യത്തിന് സാക്ഷിയാണ്! യുവജനങ്ങളുടെയിടയിൽ ക്രിസ്തീയ വിശ്വാസം പ്രചരിച്ചുവരുന്നു.

കമ്മ്യൂണിസ്ററു യുവജനസംഘടനയിലെ ഒരംഗമായ നീനാ

എന്ന ഒരു യുവതി വിശ്വാസിയായിത്തീർന്നതായി സെലിയാബിൻസ്കിലെ ഒരു പത്രം റിപ്പോർട്ടുചെയ്യുകയുണ്ടായി. വിശ്വാസികളുടെ ഒരു രഹസ്യക്കൂട്ടത്തിൽ സംബന്ധിച്ചതിന്റെ ഫലമായിട്ടാണ് അവരം ഒരു വിശ്വാസിനിയായിത്തീർന്നത്. സോവിയററ് സ്കായിയ ജസ്ററിഷ്യ എന്ന ഒരു പത്രം (1966 നവംബർ 9) ഒളിവുസഭയുടെ ഒരു യോഗത്തെപ്പററി വിവരിക്കുന്നത് ഇങ്ങനെയാണ്: "അർദ്ധരാത്രിയിലാണത് നടന്നത്. തങ്ങളുടെ സ്വന്തം നിഴലുകരം പോലും അറിയാത്തവിധത്തിൽ രഹസ്യമായിട്ടാണ് പല സ്ഥലങ്ങളിൽ നിന്നുള്ളവർ യോഗത്തിന് വരുന്നത്. ഇരുട്ടുനിറഞ്ഞതും ഉയരം കുറഞ്ഞതുമായ ഒരു മുറിയിൽ അവർ തിങ്ങിനിറയുന്നു. ആരാധനയ്ക്കായി മുട്ടുകുത്താൻ പോലും നിവൃത്തിയില്ലാത്ത രീതിയിൽ ആ മുറിയിൽ ആളുകരം തിങ്ങിക്കൂടിയിരിക്കുന്നു. വേണ്ടതുപോലെ വായുവില്ലാത്തതിനാൽ ആ മുറിയിലുള്ള ചെറിയവിളക്ക് കെട്ടുപോകുന്നു. എല്ലാവരുടേയും മുഖങ്ങളിൽ നിന്ന് വിയർപ്പൊലിക്കുന്നു. പോലീസുകാർ വരുന്നോ എന്നറിയുന്നതിനായി ഒരു വിശ്വാസി വെളിയിൽ നോക്കി നിൽക്കുന്നു.

എന്നാൽ അപ്രകാരമുള്ള ഒരു കൂട്ടത്തിൽ തന്നെ സ്നേഹാശ്ലേഷങ്ങളോടെ സ്വീകരിച്ചതായി നീന പറഞ്ഞു. "എനിക്ക് ഇന്നുള്ളതുപോലെ ഹൃദയത്തെ പ്രകാശമാനമാക്കുന്ന ഒരു വിശ്വാസം—ദൈവത്തിലുള്ള വിശ്വാസം അവർക്കുണ്ടായിരുന്നു. ദൈവം അവരെ സംരക്ഷിക്കുന്നു. എന്നെക്കാണുന്ന കമ്മ്യൂണിസ്ററ് യുവജനസംഘടനയുടെ അംഗങ്ങരം എനിക്ക് വന്ദനം പറയേണ്ട! എന്നെ നിന്ദയോടുകൂടെ വീക്ഷിക്കുകയോ, വെറുപ്പോടുകൂടെ മുഖത്തടിക്കുംപോലെ "ബാപ്ററിസ്ററ്" എന്നു വിളിക്കുകയോ ചെയ്യട്ടെ. എനിക്ക് അവരെ വേണ്ട!"

അവളെപ്പോലെയുള്ള അനേക യുവകമ്മ്യൂണിസ്ററുകരം, അന്ത്യം വരെ യേശുക്രിസ്തുവിനെ സേവിക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട്.

പൊതുജനമദ്ധ്യത്തിൽ വെച്ച് ക്രിസ്തീയ ഗീതങ്ങൾ പാടിയതിന് പെന്തക്കോസ്തുകാരായ വിശ്വാസികളെ വിചാരണ ചെയ്തതിനെപ്പററി 'കസഖ്സ്ഥാൻസ്ക്കപ്രവ്ദ' എന്ന പത്രം റിപ്പോർട്ടു ചെയ്യുകയുണ്ടായി.

കോടതിയിൽവെച്ച് അവരുടെ ജയിൽ ശിക്ഷപ്രഖ്യാപനം ചെയ്തപ്പോൾ അവർ അവിടെ മുട്ടുകുത്തി ഇങ്ങനെ പറഞ്ഞു. "ദൈവത്തിൻെറ കരങ്ങളിലേക്ക് ഞങ്ങൾ ഞങ്ങളെത്തന്നെ ഏല്പിച്ചുകൊടുക്കുന്നു. ദൈവമേ, വിശ്വാസത്തിനുവേണ്ടി കഷ്ടം സഹിക്കുന്നതിന് അനുവദിച്ചതിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു." അവർ ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ കാഴ്ചക്കാരനായിരുന്ന വിശ്വാസികൾ ഒത്തുചേർന്ന്, ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടവർ പാടിയ അതേ പാട്ടുതന്നെ പാടി!

ക്ളാസ്സൻ, ബോണ്ടാർ, റെലിഗിൻ എന്നീ സഹോദരന്മാരെ വിസ്തരിച്ച വിവരങ്ങളും അതേ പത്രം തന്നെ 1967 ആഗസ്ററ് 18-ാം തീയതി റിപ്പോർട്ടു ചെയ്യുകയുണ്ടായി അവരുടെ കുററം എന്താണെന്ന് പറഞ്ഞിരുന്നെങ്കിലും അവരുടെ ശിക്ഷ എന്താണ് എന്ന് അതിൽ പറഞ്ഞിരുന്നില്ല. ക്രിസ്തുവിനെപ്പററി കുട്ടികളെ പഠിപ്പിച്ചു എന്നുള്ളതായിരുന്നു അവരുടെ കുററം.

വിശ്വാസികൾക്കെതിരായി നടപടി എടുക്കുവാൻ അവർ തന്നെ അധികാരികളെ നിർബ്ബന്ധിക്കുന്നതായി സോവിയററ് സ്ക്കൈഗീസിയ എന്ന പത്രം 1967 ജൂൺ 15-ാം തീയതി പരാതിപ്പെടുകയുണ്ടായി. "സ്വതന്ത്രമായി ജീവിക്കുന്നതിനു മനസ്സില്ലാത്ത വിശ്വാസികളുടെ തുടർച്ചയായ പ്രകോപനപരമായ പ്രവർത്തനങ്ങളുടെ ഫലമായി ഒരു കൂട്ടം വിശ്വാസികളെ അറസ്ററുചെയ്യുവാൻ നിരപരാധികളായ കമ്മ്യൂണിസ്ററ് അധികാരികൾ നിർബന്ധിതരായി."

"ക്രിസ്തീയ സാഹിത്യങ്ങൾ മുദ്രണം ചെയ്യുന്നതിന് അനധികൃതമായി" ഒരു അച്ചടിയന്ത്രവും പതിനഞ്ചു കല്ലച്ചുകളും ബയൻറു ചെയ്യുന്നതിനുള്ള ആറ് യന്ത്രങ്ങളും അവർക്കുണ്ടായിരുന്നു എന്നതായിരുന്നു അവരുടെ കുററം.

വേദപുസ്തക വാക്യങ്ങൾ മുദ്രണം ചെയ്തതായ ബെൽററും റിബ്ബണും ധരിച്ച ആയിരക്കണക്കിന് പുരുഷന്മാരേയും, പെൺകുട്ടികളേയും കണ്ടുപിടിച്ചതായി പ്രവ്ദാ എന്ന പത്രം 1968 ഫെബ്രുവരി 21-ാം തീയതി റിപ്പോർട്ടു ചെയ്തു. അധികാരികൾ അന്വേഷണം നടത്തിയപ്പോൾ ഈ ഫാഷൻ (ഇത് പശ്ചിമരാജ്യങ്ങളിലേക്ക് ഞാൻ ശുപാർശചെയ്യുന്നു) ആരംഭിച്ചത് കമ്മ്യൂണിസ്ററ് പോലീസിലെ അംഗവും ലീയുബെർട്ട്സ് ദേശക്കാരനുമായ സ്ററാസിയൂക്ക് എന്ന വിശ്വാസിയായിരുന്നു എന്നു തെളിഞ്ഞു. അദ്ദേഹത്തെ അറസ്ററു ചെയ്തതായി ആ റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു.

കമ്മ്യൂണിസ്ററ് കോടതികളിൽവെച്ച് ഒളിവു സഭാംഗങ്ങൾ നൽകുന്ന ഉത്തരങ്ങൾ ദൈവപ്രേരണയാൽ ലഭിക്കുന്നതത്രെ. ഒരു ജഡ്ജി ചോദിച്ചു: "നിരോധിക്കപ്പെട്ട നിങ്ങളുടെ കൂട്ടത്തിലേക്ക് നിങ്ങൾ ജനങ്ങളെ ആകർഷിക്കുന്നതെന്തിന്?" ഒരു വിശ്വാസിനി ഉത്തരം പറഞ്ഞു: "യേശുക്രിസ്തുവിനുവേണ്ടി ഈ ലോകത്തെ മുഴുവൻ നേടുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം."

വേറൊരു വിചാരണയിൽ ജഡ്ജി പറഞ്ഞു "നിങ്ങളുടെ മതം ശാസ്ത്രത്തിന് വിരുദ്ധമാണ്." പ്രതിക്കൂട്ടിൽ നിന്ന ഒരു വിദ്യാർത്ഥി മറുപടി പറഞ്ഞു: "താങ്കൾക്ക് ഐൻസ്ററീനേക്കാളും ന്യൂട്ടനേക്കാളും കൂടുതൽ ശാസ്ത്രം അറിയാമോ? അവർ വിശ്വാസികളായിരുന്നു. ഈ പ്രപഞ്ചത്തിന് ഐൻസ്ററീൻെറ പ്രപഞ്ചം എന്ന പേരുണ്ടെന്ന് ഞാൻ ഹൈസ്കൂളിൽ വെച്ച് പഠിച്ചു. ഐൻസ്ററീൻ ഇങ്ങനെ എഴുതി: 'പ്രവാചകന്മാർ പ്രസംഗിച്ചതായ യഹൂദമതവും, യേശുക്രിസ്തു പഠിപ്പിച്ചതായ ക്രിസ്തുമതവും, അവയിൽ പിന്നീട് കടന്നുവന്ന പുരോഹിതമതം മാററി ശുദ്ധീകരിച്ചാൽ, ഈ ലോകത്തെ അതിൻെറ ദുഷ്തകളിൽനിന്ന് രക്ഷിപ്പാൻ കഴിവുള്ള ഒരു മതം നമുക്ക് ലഭിക്കും. ആ മതത്തെ ജയിപ്പിക്കേണ്ടത് എല്ലാ മനുഷ്യരുടേയും വിശുദ്ധ കടമയാണ്.' നമ്മുടെ പ്രസിദ്ധ ശരീരശാസ്ത്രവിദഗ്ധനായ പാവലോവിനെപ്പററി ചിന്തിക്കുക.

അദ്ദേഹം ഒരു വിശ്വാസിയായിരുന്നു എന്ന് നമ്മുടെ പ്രസിദ്ധമായ പുസ്തകങ്ങൾ പറയുന്നില്ലേ? ദാസ്കാപ്പിററൽ എന്ന പുസ്തകത്തിൻെറ മുഖവുരയിൽ, പാപത്താൽ നശിപ്പിക്കപ്പെട്ട ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നതിന് ക്രിസ്തുമതം, പ്രത്യേകിച്ച് പ്രൊട്ടസ്ററൻറ് വിഭാഗം മാതൃകായോഗ്യമായ ഒന്നാണ് എന്ന് മാർക്സ് പോലും പറയുകയുണ്ടായി. എൻെറ ജീവിതം പാപത്താൽ നശിപ്പിക്കപ്പെട്ടതായിരുന്നു. അതിനെ കൊള്ളാവുന്നതായി രൂപാന്തരപ്പെടുത്തുവാൻ മാർക്സ് ആണ് എന്നെ പഠിപ്പിച്ചത്. അങ്ങനെയിരിക്കെ മാർക്സിസ്ററുകാരായ നിങ്ങൾ എന്നെ അതിനുവേണ്ടി കുററം വിധിക്കുന്നതെന്തിന്?''

ആ ന്യായാധിപൻ നിശ്ശബ്ദനായിരുന്നതിൻെറ കാരണം മനസ്സിലാക്കുവാൻ പ്രയാസമില്ല.

ശാസ്ത്രത്തിനു വിരുദ്ധമായ മതത്തിൻെറ അംഗമാണ് എന്ന കുററപത്രത്തിന് ഉത്തരമായി വേറൊരു വിശ്വാസിനി കോടതിമുമ്പാകെ ഇങ്ങനെ പറഞ്ഞു. ''ക്ളോറോഫാം മുതലായ അനേക മരുന്നുകൾ കണ്ടുപിടിച്ച സിംപ്സനെക്കാൾ വലിയ ഒരു ശാസ്ത്രജ്ഞനല്ല താങ്കൾ എന്ന് എനിയ്ക്കുറപ്പുണ്ട്. അദ്ദേഹത്തിൻെറ ഏററവും വലിയ കണ്ടുപിടുത്തം ഏതാണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു. ഏററവും വലിയ കണ്ടുപിടിത്തം ക്ളോറോഫാം അല്ല. ഞാൻ ഒരു പാപിയാണെന്നും, ദൈവത്തിൻെറ കൃപയാൽ രക്ഷിക്കപ്പെടാൻ കഴിയുമെന്നുമുള്ളതായിരുന്നു എൻെറ ഏററവും വലിയ കണ്ടുപിടുത്തം.''

ഒളിവുസഭാംഗങ്ങളുടെ ജീവിതവും ത്യാഗവും തങ്ങളുടെ വിശ്വാസത്തിനുവേണ്ടി രക്തസാക്ഷികളായിത്തീരുവാനുള്ള സന്മനസ്സുമാണ് ക്രിസ്തീയ വിശ്വാസത്തെ തെളിയിക്കുന്ന ഏററവും വലിയ വാദം. ''വേദനയുടെ അടയാളമുള്ള വിശുദ്ധന്മാരുടെ കൂട്ടായ്മ'' എന്നു ആഫ്രിക്കയിലെ സുപ്രസിദ്ധ മിഷനറിയായിരുന്ന ആൽബെർട്ട് ഷെയ്ററ്സർ പേരുവിളിച്ച, ദുഃഖം ശീലിച്ചവനായ യേശുക്രിസ്തുവിനോടുള്ള

കൂട്ടായ്മയാണ് അവർക്കുള്ളത്. ഒളിവുസഭ സ്നേഹബന്ധ ത്താൽ യേശുക്രിസ്തുവിനോട് ബന്ധപ്പെട്ടിരിക്കുകയാണ്. ഈ ലോകത്തിലാർക്കും അവരെ പരാജയപ്പെടുത്താൻ കഴിയുകയില്ല.

ഒളിവുസഭയുടെ രഹസ്യക്കത്തുകളിലൊന്നിൽ അവർ ഇങ്ങനെ എഴുതി: "നല്ല ക്രിസ്ത്യാനികളായിത്തീരുവാനായിട്ടല്ല ഞങ്ങാം പ്രാർത്ഥിക്കുന്നത്, ദൈവം ഞങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്ന രീതിയിൽ ക്രിസ്തുവിനെപ്പോലെയുള്ള ക്രിസ്ത്യാനികളായിത്തീരുവാൻ, ദൈവനാമമഹത്വത്തിനായി, ഞങ്ങളുടെ ക്രൂശുകളെ സ്വമനസ്സാ ചുമപ്പാൻ ഇഷ്ടമുള്ള ക്രിസ്ത്യാനികളായിത്തീരുവാനത്രെ ഞങ്ങാം പ്രാർത്ഥിക്കുന്നത്."

യേശുക്രിസ്തു പഠിപ്പിച്ചതിനനുസരണമായി അവർ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരായിരിക്കണമെന്നുള്ളതു കൊണ്ട്, കോടതികളിൽ ചോദ്യം ചെയ്യുമ്പോഴും തങ്ങളുടെ നേതാക്കൻമാർ ആരാണെന്ന് അവർ പറയുകയില്ല.

പ്രതിക്കൂട്ടിൽ നിന്ന മാരിയാ സെവിസുക്ക് എന്ന സഹോദരിയോട് "നിങ്ങളെ ആരാണ് ക്രിസ്തുവിങ്കലേക്ക് നടത്തിയത്" എന്നു ചോദിച്ചപ്പോാം, "തന്റെ സഭയിലേക്ക് ദൈവം എന്നെ ആകർഷിച്ചു" എന്ന് അവാം മറുപടി പറഞ്ഞു. "നിങ്ങളുടെ നേതാവാരാണ്" എന്ന ചോദ്യത്തിനുത്തരമായി "ഞങ്ങാംക്ക് മാനുഷികമായ നേതാക്കൻമാരില്ല" എന്ന് അവാം ഉത്തരം പറഞ്ഞു. 1966 ജനുവരി 15-ാം തീയതി പ്രവ്ദാവോസ്റോക്ക എന്ന പത്രമാണ് ഇത് റിപ്പോർട്ട് ചെയ്തത്.

"പയനീർസ്" എന്ന യുവജനസംഘടന വിട്ടുപോകാനും ചുവന്ന ടൈ ധരിക്കാതിരിക്കുവാനും നിങ്ങളെ ഉപദേശിച്ചത് ആരാണ് എന്ന് വിശ്വാസികളായ കുട്ടികളോട് ചോദിച്ചപ്പോാം, ആരും ഞങ്ങളെ അങ്ങനെ ഉപദേശിച്ചിട്ടില്ല; അത് ഞങ്ങാം സ്വന്ത ഇഷ്ടപ്രകാരം ചെയ്തതാണ് എന്ന് അവർ ഉത്തരം പറഞ്ഞു.

ചില സ്ഥലങ്ങളിൽ മഞ്ഞുമല (ഒളിവുസഭ) യുടെ

മുകംഭാഗം വെളിയിൽ ദൃശ്യമാണെങ്കിലും മററു സ്ഥലങ്ങളിൽ തങ്ങളുടെ നേതാക്കാം അറസ്ററുചെയ്യപ്പെടാതിരിക്കുന്നതിനായി വിശ്വാസികാം സ്വയം സ്നാനമേല്ക്കാറുണ്ട്. മററു ചില സ്ഥലങ്ങളിൽ സ്നാനമേല്ക്കുന്നയാളും സ്നാനം കഴിപ്പിക്കുന്നയാളും ആരും തങ്ങളുടെ ഫോട്ടോ എടുക്കാതിരിക്കുന്നതിനായി മുഖം മൂടി ധരിച്ചുകൊണ്ട് നദിയിൽ ഇറങ്ങി സ്നാനം നടത്തുന്നു.

വോാനെസിനോ കോർസ്കി എന്ന ജില്ലയിലുള്ള വോറോനിൻ എന്ന ഗ്രാമത്തിൽവെച്ചു നടന്ന ഒരു നിരീശ്വരവാദ പ്രസംഗത്തെപ്പററി 'അദ്ധ്യാപകരുടെ മാസിക' എന്ന പത്രം 1964 ജനുവരി 30-ാം തീയതി റിപ്പോർട്ടു ചെയ്യുകയുണ്ടായി. പ്രസംഗം അവസാനിച്ചയുടനെ അവിടെ അവിടെ കൂടിയിരുന്ന വിശ്വാസികാം അതിനെ എതിർത്തു. അവർ ചോദിച്ച പല ചോദ്യങ്ങാംക്കും ഉത്തരം പറയാൻ ആ നിരീശ്വരവാദിയായ പ്രസംഗകന് കഴിഞ്ഞില്ല. "മോഷ്ടിക്കരുത്", കൊലചെയ്യരുത്' എന്നിങ്ങനെയുള്ള പ്രമാണങ്ങാം നിങ്ങാം ഘോഷിക്കുന്നു. എന്നാൽ നിങ്ങാം ആ പ്രമാണങ്ങാം അനുസരിക്കുന്നുമില്ല. ഈ പ്രമാണങ്ങാം നിങ്ങാംക്കു എവിടെനിന്ന് കിട്ടി?" അവർ ചോദിച്ചു. "കമ്മ്യൂണിസ്ററുകാർ എതിർക്കുന്നതായ വേദപുസ്തകത്തിൽ നിന്നാണ് ഈ സാന്മാർഗ്ഗിക പ്രമാണങ്ങളെല്ലാം വന്നത്." ആ പ്രസംഗകന് ഉത്തരം മുട്ടിപ്പോയി. വിശ്വാസികാം ജയഭേരി മുഴക്കി!

## മതപീഡനം വർദ്ധിക്കുന്നു

റഷ്യയിൽ എല്ലാ മതങ്ങളും പീഢിപ്പിക്കപ്പെടുന്നു. കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ യഹൂദന്മാർ പീഢിപ്പിക്കപ്പെടുന്നതു കോംക്കുമ്പോാം ക്രിസ്ത്യാനികാംക്ക് ഹൃദയവേദനയുണ്ടാകുന്നു. എന്നാൽ ഏററവും പീഢിപ്പിക്കപ്പെടുന്നത് ഒളിവുസഭയാണ്. വിശ്വാസികളെ കൂട്ടമായി അറസ്ററു ചെയ്യുകയും വിസ്തരിക്കുകയും ചെയ്യുന്നതായി സോവിയററ് പത്രങ്ങാം റിപ്പോർട്ടു ചെയ്യുന്നു. ഒരു സ്ഥലത്ത്

എൺപത്തിരണ്ട് വിശ്വാസികളെ ഭ്രാന്താശുപത്രിയിൽ അടയ്ക്കുകയുണ്ടായി. ഏതാനും ദിവസങ്ങാം കഴിഞ്ഞപ്പോാം "ദീർഘമായ പ്രാർത്ഥനമൂലം" ഇരുപത്തിനാലുപേർ മരിച്ചു! ദീർഘമായ പ്രാർത്ഥനകൊണ്ട് മരണമുണ്ടാകുമോ? അവർ അനുഭവിക്കേണ്ടിവന്നത് എന്തെല്ലാമായിരുന്നുവെന്ന് നിങ്ങാംക്ക് ഊഹിക്കാൻ കഴിയുമോ?

വിശ്വാസികളായ മാതാപിതാക്കാം തങ്ങളുടെ കുട്ടികളെ യേശുക്രിസ്തുവിനെപ്പററി പഠിപ്പിച്ചാൽ ആ കുട്ടികളെ തങ്ങളുടെ മാതാപിതാക്കളിൽ നിന്ന് ആജീവനാന്തം അപഹരിക്കുകയെന്നുള്ളതാണ് ഒളിവുസഭാംഗങ്ങളുടെ മേലുള്ള ഏററവും വലിയ പീഢ. അങ്ങനെ വേർപെടുത്തുന്ന കുട്ടികളെ ഒരു പ്രാവശ്യം പോലും സന്ദർശിക്കുവാൻ മാതാപിതാക്കാംക്ക് അവകാശമില്ല.

"മാതാപിതാക്കാംക്ക് തങ്ങളുടെ വിശ്വാസങ്ങാംക്കും മനോനിർണ്ണയങ്ങാംക്കും അനുസരണമായി മതപരവും സാന്മാർഗ്ഗികവുമായ അഭ്യസനം നൽകുന്നതിന് അവകാശമുണ്ട്." എന്ന ഐക്യരാഷ്ട്രസംഘടനയുടെ പ്രഖ്യാപനത്തിൽ റഷ്യ ഒപ്പുവച്ചതാണ്. ഈ അവകാശം റഷ്യയിൽ യഥാർത്ഥത്തിലുണ്ടെന്ന് റഷ്യയിലെ ഔദ്യോഗിക സഭയുടെ നേതാവും രാജ്യദ്രോഹിയുമായി കാരോവ് പ്രസ്താവിക്കുകയുണ്ടായി. അനേകർ ആ പ്രസ്താവന വിശ്വസിച്ച് വഞ്ചിക്കപ്പെടുന്നു! എന്നാൽ സോവിയററ് പത്രങ്ങാം എന്തുപറയുന്നു എന്ന് ശ്രദ്ധിക്കുക.

മാക്രിൻകോവ എന്ന ബാപ്ററിസ്ററുകാരിയായ ഒരു വിശ്വാസിനി, തൻെറ മക്കളെ ക്രിസ്തീയ വിശ്വാസത്തിൽ വളർത്തുകയും കമ്മ്യൂണിസ്ററ് യുവജനസംഘടനയുടെ ചുവന്ന ടൈ ധരിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്തതിനാൽ അവളുടെ ആറുമക്കളേയും അവളിൽനിന്ന് വേർപെടുത്തുന്നതിനായി കോടതി ശിക്ഷ വിധിച്ചു. ശിക്ഷ കേട്ടപ്പോാം ആ മാതാവ് "ഞാൻ എൻെറ വിശ്വാസത്തിനുവേണ്ടി പീഢ സഹിക്കുകയാണ്" എന്നു മാത്രം പറഞ്ഞു. ഇപ്പോാം അവളുടെ കുട്ടികാം ഒരു

ബോർഡിംഗ് സ്കൂളിൽ നിരീശ്വരത്വം പഠിക്കുകയാണ്. അവരുടെ ചെലവുകളും ആ അമ്മ വഹിക്കേണ്ടിയിരിക്കുന്നു. ക്രിസ്തീയ മാതാക്കളേ, അവളുടെ ഹൃദയവേദനെപ്പററി ചിന്തിക്കുക!

ഇഗ്നാത്തി മുള്ളിൻ എന്ന വിശ്വാസിക്കും ഭാര്യയ്ക്കും അതേ ശിക്ഷതന്നെ ലഭിച്ചതായി അദ്ധ്യാപകരുടെ മാസിക റിപ്പോർട്ടു ചെയ്യുകയുണ്ടായി. അവരുടെ വിശ്വാസത്തെ തള്ളിപ്പറയുവാൻ ജഡ്ജി ആവശ്യപ്പെട്ടു. "നിങ്ങളുടെ മക്കളെ വേണമോ? ദൈവത്തെ വേണമോ? ഏതുവേണമെന്ന് തിരഞ്ഞെടുത്തുകൊൾക. നിങ്ങൾ ദൈവത്തെ തിരഞ്ഞെടുക്കുന്നു വോ?" ആ ജഡ്ജി ചോദിച്ചു. "ഞാൻ എന്റെ വിശ്വാസം ത്യജിക്കുകയില്ല" ആ പിതാവ് ഉത്തരം പറഞ്ഞു.

".....സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു" എന്ന് പൗലോസ് അപ്പോസ്തോലൻ പറഞ്ഞു. മേൽപ്പറഞ്ഞ രീതിയിൽ മാതാപിതാക്കന്മാരിൽ നിന്ന് വേർപെടുത്തപ്പെട്ട് കമ്മ്യൂണിസ്ററ് പാഠശാലകളിലെത്തുന്ന കുട്ടികൾ. നിരീശ്വരന്മാരായിത്തീരുന്നതിനുപകരം അവരുടെ വിശ്വാസത്തിൽ സ്ഥിരപ്പെടുകയും മററു കുട്ടികളുടെയിടയിൽ ആ വിശ്വാസം പ്രചരിപ്പിക്കുകയും ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്!

യേശുക്രിസ്തുവിനേക്കാൾ കൂടുതലായി മക്കളെ സ്നേഹിക്കുന്നവർ അവന് യോഗ്യരല്ല എന്ന് വേദപുസ്തകം പറയുന്നു. ഇരുമ്പുമറയ്ക്ക് പിന്നിലുള്ള വിശ്വാസികൾ ആ വാക്കുകളുടെ അർത്ഥം ശരിയായി മനസ്സിലാക്കിയിട്ടുണ്ട്.

മക്കളെ കാണാതെ അവരിൽ നിന്ന് വേർപെട്ട് ഒരാഴ്ച ജീവിക്കുവാൻ ശ്രമിക്കുക! റഷ്യയിലെ സഹോദരങ്ങളുടെ യാതനകൾ എങ്ങനെയുള്ളതാണെന്ന് അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും.

വിശ്വാസികളായ മാതാപിതാക്കളിൽ നിന്ന് മക്കളെ വേർപെടുത്തുക എന്ന ശിക്ഷ ഇന്നും തുടർന്നുവരുന്നു. തന്റെ മകനെ ദൈവവിശ്വാസത്തിൽ വളർത്തി എന്നതിനാൽ സിററ്ഷ്

എന്ന മാതാവിൽ നിന്ന് ഷെററ്സെൽസ്ളാവ് എന്ന മകൻ വേർപെടുത്തപ്പെട്ടു എന്ന് "സ്നാമിയ ഇയുനോസ്ററി" എന്ന പത്രം 1967 മാർച്ച് 27-ാം തീയതി റിപ്പോർട്ടു ചെയ്യുകയുണ്ടായി. ഹബറോവ്സ്ക് ദേശക്കാരിയായ സാബാവിന എന്ന വൃദ്ധ, അനാഥയായ കൊച്ചുമകൾക്ക് "അസ്വാഭാവികമായ" ക്രിസ്തീയാഭ്യാസം നല്കിയതിനാൽ ആ കുട്ടി അവളിൽ നിന്ന് അപഹരിക്കപ്പെട്ടതായി "സോവിയററ്സ്ക റഷ്യ" എന്ന പത്രം റിപ്പോർട്ടു ചെയ്തു.

റഷ്യയിലെ ഒളിവുസഭയുടെ പ്രോട്ടസ്ററൻറ് വിഭാഗത്തെപ്പററി മാത്രം പറയുകയെന്നതു നീതിയല്ലല്ലോ.

റഷ്യയിലെ ഓർത്തഡോക്സ് വിശ്വാസികളിൽ വലിയ രൂപാന്തരം സംഭവിച്ചു കഴിഞ്ഞിരിക്കയാണ്. അവരിൽ ലക്ഷക്കണക്കിനാളുകൾക്ക് അവരുടെ പക്കൽ ജപമാലകളോ, കുരിശുരൂപങ്ങളോ, വിശുദ്ധൻമാരുടെ പ്രതിമകളോ, കുന്തുരുക്കമോ, മെഴുകുതിരികളോ ഉണ്ടായിരുന്നില്ല. ജയിലിൽ കിടന്ന വിശ്വാസികളുടെകൂടെ പട്ടക്കാർ ഉണ്ടായിരുന്നില്ല. പട്ടക്കാർക്ക് തങ്ങളുടെ സ്ഥാനവസ്ത്രങ്ങളോ വിശുദ്ധ തൈലമോ, കുർബ്ബാനയ്ക്കുള്ള ഗോതമ്പപ്പമോ വീഞ്ഞോ ഇല്ലായിരുന്നു. ഇതൊന്നുമില്ലാതിരിക്കുമ്പോഴും പ്രാർത്ഥനയിൽ ദൈവസന്നിധിയിലേക്ക് അടുക്കാമെന്ന് അവർ മനസ്സിലാക്കി, പ്രാർത്ഥിക്കാനാരംഭിച്ചു. ദൈവം തൻെറ ആത്മാവിനെ അവരുടെ മേൽ പകരുവാൻ തുടങ്ങി. സുവിശേഷ വിഹിത വിശ്വാസികളുടെയിടയിലുള്ളതുപോലെയുള്ള ഒരു യഥാർത്ഥ ആത്മീക ഉണർവ്വ് റഷ്യയിലെ ഓർത്തഡോക്സ് വിശ്വാസികളുടെയിടയിൽ വ്യാപരിച്ചുകൊണ്ടിരിക്കുകയാണ്.

റഷ്യയിൽ മാത്രമല്ല, റഷ്യയുടെ ആശ്രിത രാജ്യങ്ങളായ മററു കമ്മ്യൂണിസ്ററു രാജ്യങ്ങളിലും ഓർത്തഡോക്സ് ഒളിവുസഭ നിലനിന്നുവരുന്നു. പരിചയത്തഴക്കം മൂലം ചില ഓർത്തഡോക്സ് കർമ്മാദികൾ അവർ അനുഷ്ഠിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അവർ സുവിശേഷവിഹിതവിശ്വാസികളും ദൈവത്തോടു വളരെ അടുത്തു ജീവിക്കുന്നവരുമാണ്.

ഓർത്തഡോക്സ് സഭയും അനേക രക്തസാക്ഷികളെ പ്രദാനം ചെയ്തിട്ടുണ്ട്. ദൈവമില്ലാത്ത കമ്മ്യൂണിസ്ററുകളുമായി ഒത്തുതീർപ്പു നടത്തിയ പാത്രിയാർക്കീസിനെതിരായി പ്രതിഷേധസ്വരമുയർത്താൻ ധൈര്യപ്പെട്ട കാളുഗായിലെ വൃദ്ധനായ ആർച്ചുബിഷപ്പ് യെർമോഗൻ എവിടെയാണെന്ന് ആർക്കു പറയാൻ കഴിയും?

അൻപതുവർഷത്തെ കമ്മ്യൂണിസ്ററു ഭരണം! എന്നിട്ടും, സോവിയററ് പത്രങ്ങളിലെവിടെ നോക്കിയാലും ഒളിവുസഭയുടെ വിജയത്തെപ്പററി വായിക്കാൻ കഴിയും. പറഞ്ഞറിയിക്കാൻ പാടില്ലാത്ത യാതനകളിൽക്കൂടി കടന്നുപോകുന്നെങ്കിലും ഒളിവുസഭ വിശ്വസ്തയായിരിക്കുന്നു....വളരുകയും ചെയ്യുന്നു.

റുമേനിയക്കാരായ ഞങ്ങരം റുമേനിയായിലുണ്ടായിരുന്ന റഷ്യൻ പട്ടാളക്കാരുടെയിടയിൽ രഹസ്യമായി സുവിശേഷത്തിന്റെ വിത്ത് വിതച്ചു. അതുപോലെതന്നെ റഷ്യൻ പട്ടാളം താവളം ഉറപ്പിച്ചിരുന്ന മററു രാജ്യങ്ങളിലുമുള്ള വിശ്വാസികളും പ്രവർത്തിച്ചു. അങ്ങനെ വിതയ്ക്കപ്പെട്ട വിത്തുകരം മുളച്ച് വളർന്ന് കായ്ക്കുകയുണ്ടായി.

കമ്മ്യൂണിസ്ററുകാരെ ക്രിസ്തുവിനു വേണ്ടി നേടുവാൻ കഴിയും. കമ്മ്യൂണിസ്ററുകാർ വിശ്വാസികളായിത്തീരുവാൻ സാധിക്കും. നാം സഹായിക്കുമെങ്കിൽ കമ്മ്യൂണിസ്ററു മർദ്ദനത്തിൽകീഴിൽ കിടക്കുന്ന ജനതയേയും ക്രിസ്തുവിങ്കലേക്ക് നേടുവാൻ കഴിയും.

റഷ്യയിലും ചൈനയിലും മററു കമ്മ്യൂണിസ്ററു രാജ്യങ്ങളിലുമുള്ള ഒളിവു സഭ തഴച്ചു വളരുന്നു എന്നത് ഞാൻ പറഞ്ഞതു ശരിയാണ് എന്നുള്ളതിന്റെ തെളിവാകുന്നു.

അതിഭയങ്കരമായ പീഢകളിൽകൂടി കടന്നുപോകുന്ന വിശ്വാസികളുടെ ശ്രേഷ്ഠതയെ കാണിക്കുന്നതിനായി റഷ്യൻ ജയിലുകളിൽനിന്നു വന്ന ചില കത്തുകളുടെ ചില ഭാഗങ്ങരം ഞാൻ ഉദ്ധരിക്കട്ടെ.

## കമ്മ്യൂണിസ്ററുകാരിയായ വരിയ ക്രിസ്തുവിനെ കണ്ടെത്തുന്നു

വരിയയെ ക്രിസ്തുവിങ്കലേക്കു നടത്തിയ മരിയ എന്ന പെൺകുട്ടി എഴുതിയതാണ് ആദ്യത്തെ കത്ത്.

**ഒന്നാമത്തെ കത്ത്**

.....ഞാൻ ഇപ്പോഴും ഇവിടെത്തന്നെ താമസിക്കുകയാണ്. എല്ലാവർക്കും എന്നോടു സ്നേഹമാണ്. കമ്മ്യൂണിസ്ററു യുവജനസംഘടനയുടെ അംഗമായ ഒരു യുവതിക്കും എന്നോടു സ്നേഹമാണ്. അവ൦ എന്നോടു പറഞ്ഞു: "നീ എങ്ങനെയുള്ള ഒരാളാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ അനേകർ നിന്നെ ഉപദ്രവിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നു എങ്കിലും നീ അവരെയെല്ലാം സ്നേഹിക്കുന്നു." എല്ലാവരേയും, മിത്രങ്ങളെ മാത്രമല്ല ശത്രക്കളെയും, സ്നേഹിക്കുവാനാണ് ദൈവം ഞങ്ങളെ പഠിപ്പിച്ചത് എന്ന് ഞാൻ ഉത്തരം പറഞ്ഞു. ആ പെൺകുട്ടി എനിക്ക് വളരെ ദോഷം ചെയ്തുവന്നിരുന്നതിനാൽ ഞാൻ അവ൦ക്കുവേണ്ടി ഹൃദയഭാരത്തോടുകൂടി പ്രാർത്ഥിക്കുക പതിവായിരുന്നു. എന്നേയും സ്നേഹിക്കുവാൻ കഴിയുമോ എന്ന് അവ൦ എന്നോടു ചോദിച്ചപ്പോ൦ ഞാൻ അവളെ ആശ്ളേഷിച്ചു. ഞങ്ങ൦ രണ്ടുപേരും കരഞ്ഞു. ഇപ്പോ൦ ഞങ്ങ൦ ഒരുമിച്ചു പ്രാർത്ഥിക്കുന്നു. ദയവു ചെയ്ത് അവ൦ക്കുവേണ്ടി പ്രാർത്ഥിക്കുക. അവളുടെ പേര് വരിയ എന്നാണ്.

ദൈവമില്ല എന്ന് ആരെങ്കിലും ഉറക്കെ വിളിച്ചു പറയുമ്പോ൦ അവർ വാസ്തവമായി അങ്ങനെ വിശ്വസിക്കുന്നു എന്ന് തോന്നിപ്പോകും. പക്ഷേ അവരുടെ ജീവിതങ്ങ൦ വീക്ഷിക്കുമ്പോ൦, ദൈവമില്ല എന്ന് അവർ വായ്കൊണ്ട് പറയുമെങ്കിലും, ഹൃദയങ്ങളിൽ ദൈവത്തിനായുള്ള ഒരു വാഞ്ഛ കാണാൻ കഴിയും.....അവർ എന്തോ ഒന്നിനെ അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. അവരുടെ ഹൃദയത്തിൻെറ പൊള്ളത്തരം മറയ്ക്കുവാനായിട്ടാണ് അവർ ദൈവമില്ല എന്ന വാദം ഉപയോഗിക്കുന്നത്."

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരി മരിയ

എൻെറ കഴിഞ്ഞ എഴുത്തിൽ നിരീശ്വരവാദിയായ വരിയ എന്ന പെൺകുട്ടിയെപ്പററി എഴുതിയിരുന്നല്ലൊ. വരിയ യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു എന്നും, എല്ലാവരുടേയും മുൻപാകെ പരസ്യമായി സാക്ഷ്യം പറയുന്നു എന്നുമുള്ള സന്തോഷ വർത്തമാനം അറിയിക്കുവാനാണ് ഞാൻ ധൃതിയായി ഈ കത്തെഴുതുന്നത്.

യേശുക്രിസ്തുവിനെ സ്വീകരിച്ചപ്പോൾ അവൾക്കു രക്ഷയുടെ സന്തോഷം ലഭിച്ചു. എങ്കിലും ഇതിനുമുമ്പ് ദൈവമില്ല എന്ന് പ്രചരണം നടത്തിയല്ലോ എന്നോർക്കുമ്പോൾ അവൾക്ക് ദുഃഖമുണ്ടാകാറുണ്ട്. പണ്ടു ചെയ്ത ദോഷത്തിനു പ്രായശ്ചിത്തം ചെയ്വാൻ അവൾ തീരുമാനിച്ചിരിക്കുകയാണ്.

ഞാനും വരിയയും കൂടെ ദൈവമില്ലാത്തവരുടെ ഒരു യോഗത്തിനു പോയി. ബുദ്ധിപൂർവ്വമായി പെരുമാറണമെന്ന് ഞാൻ അവളോടു പറഞ്ഞെങ്കിലും അതുകൊണ്ടു പ്രയോജന മുണ്ടായില്ല. കമ്മ്യൂണിസ്ററുഗാനങ്ങൾ പാടിക്കഴിഞ്ഞപ്പോൾ (അതിൽ അവൾ പങ്കെടുത്തില്ല) അവൾ, സംസാരിക്കുവാൻ അനുവാദം ചോദിച്ചു. അനുമതി ലഭിച്ചപ്പോൾ അവൾ മുൻപോട്ട് വന്ന്, വികാരപൂർണ്ണയായും ധൈര്യത്തോടുകൂടെയും, താൻ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചിരിക്കു ന്നു എന്ന് പരസ്യമായി ഏററുപറഞ്ഞു. താൻ നാശത്തിലേക്ക് പോകുകയായിരുന്നു എന്ന് അറിയാതിരുന്നതുകൊണ്ട്, അവരുടെ ആത്മീക കണ്ണുകളെ കുരുടാക്കിയതിന് അവൾ മാപ്പുചോദിക്കുകയും പാപത്തിൻെറ വഴികളെ വിട്ട് യേശുക്രിസ്തുവിങ്കലേക്ക് വരാൻ അവൾ അവരോട് അപേക്ഷിക്കുകയും ചെയ്തു.

എല്ലാവരും ശാന്തരായിരുന്നു. സംസാരിച്ചുകഴിഞ്ഞപ്പോൾ "എനിക്കു വേണ്ടി മരിച്ച ക്രിസ്തുവിനെ ഘോഷിക്കാനും അവൻെറ കല്പനകളെയും ക്രൂശിൻെറ ശക്തിയേയും തെളിയിക്കുവാനും എനിക്ക് ലജ്ജയില്ല" എന്ന ക്രിസ്തീയ ഗീതം മുഴുവൻ അവൾ മധുരമായി പാടി.

അതിനുശേഷം.....അവർ പ്രിയപ്പെട്ട വരിയയെ പിടിച്ചുകൊണ്ട് പോയി. ഇന്നു മെയ്മാസം ഒൻപതാം തീയതിയാണ്. ഞങ്ങൾക്ക് അവളെപ്പററി ഒന്നും അറിഞ്ഞുകൂടാ. എന്നാൽ അവളെ രക്ഷിക്കുവാൻ ദൈവത്തിന് ശക്തിയുണ്ട്. പ്രാർത്ഥിക്കുക!''

നിങ്ങളുടെ സ്വന്തം മരിയ

**മൂന്നാമത്തെ കത്ത്**

ഇന്നലെ (ആഗസ്ററ് രണ്ടാം തീയതി) ഞാൻ ജയിലിൽ വെച്ച് പ്രിയപ്പെട്ട വരിയയോടു സംസാരിച്ചു. അവളെപ്പററി ചിന്തിക്കുമ്പോൾ എന്റെ ഹൃദയം വേദനിക്കുന്നു. അവൾ ഇപ്പോഴും ഒരു കൊച്ചുകുട്ടിയാണ്. പത്തൊമ്പതു വയസ്സേ പ്രായമുള്ളു. ഒരു വിശ്വാസി എന്ന നിലയിലും അവൾ ആത്മീകമായി ഒരു ശിശുവാണ്. എങ്കിലും അവൾ യേശുക്രിസ്തുവിനെ പൂർണ്ണഹൃദയത്തോടുകൂടെ സ്നേഹിച്ചതിനാൽ ഉടനെത്തന്നെ ദുർഘടം നിറഞ്ഞവഴിയെ ഇറങ്ങിത്തിരിച്ചു. ആ പാവപ്പെട്ട പെൺകുട്ടി വളരെയധികം വിശപ്പു സഹിക്കുന്നുണ്ട്. അവൾ ജയിലിലാണെന്നറിഞ്ഞപ്പോൾ ഞങ്ങൾ അവൾക്കു പാഴ്സലുകൾ അയക്കാൻ തുടങ്ങി. പക്ഷേ ഞങ്ങൾ അയച്ചതിന്റെ ഒരു ചെറിയ അംശം മാത്രമേ അവൾക്കു ലഭിച്ചുള്ളു.

ഇന്നലെ ഞാൻ അവളെ കണ്ടപ്പോൾ അവൾ ക്ഷീണിച്ചും വിളറിയും അടിയേററും കാണപ്പെട്ടു. കണ്ണുകളിൽ ദൈവസമാധാനവും ഭൗമീകമല്ലാത്ത ഒരു സന്തോഷവും നിറഞ്ഞിരിക്കുന്നത് കാണുവാൻ എനിക്കു കഴിഞ്ഞു.

പ്രിയ സഹോദരങ്ങളേ, യേശുക്രിസ്തുവിന്റെ അത്ഭുതകരമായ സമാധാനം അനുഭവിച്ചിട്ടില്ലാത്തവർക്ക് ഇതു മനസ്സിലാക്കുവാൻ കഴികയില്ല. ക്രിസ്തുവിലായിരിക്കുന്ന ഞങ്ങളെ തടയുവാൻ യാതനകൾക്കോ നിരാശകൾക്കോ സാദ്ധ്യമല്ല.

ഇരുമ്പഴികൾക്കിടയിൽക്കൂടി ഞാൻ ചോദിച്ചു. ''വരിയാ, നീ ചെയ്ത കാര്യങ്ങളോർത്ത് നീ സങ്കടപ്പെടുന്നില്ലേ?''

“ഇല്ല” അവൾ പറഞ്ഞു. “അവർ എന്നെ സ്വതന്ത്രയായി വിട്ടാൽ ഞാൻ വീണ്ടും പോയി യേശുക്രിസ്തുവിന്റെ മഹാസ്നേഹത്തെപ്പററി പറയും. ഞാൻ യാതന അനുഭവിക്കുന്നു എന്നു ചിന്തിക്കേണ്ട. കർത്താവ് എന്നെ ഇത്രമാത്രം സ്നേഹിക്കുകയും അവന്റെ നാമത്തിനുവേണ്ടി കഷ്ടം സഹിക്കുവാൻ അവസരം നല്കുകയും ചെയ്തിരിക്കുന്നതിനാൽ ഞാൻ സന്തോഷിക്കുന്നു.

നിങ്ങൾ അവൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു. അവളെ സൈബീരിയായിലേക്കു അയയ്ക്കുവാൻ സാദ്ധ്യതകളുണ്ട്. അവളുടെ ദേഹത്തുള്ള വസ്ത്രമൊഴികെ അവൾക്കുണ്ടായിരുന്നതെല്ലാം അവർ അപഹരിച്ചുകഴിഞ്ഞു. അവൾക്കു ബന്ധുമിത്രാദികളാരുമില്ല. അതിനാൽ അവൾക്കാവശ്യമുള്ളവ നാം ശേഖരിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ അയച്ചു തന്ന പണം ഞാൻ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. വരിയയെ നാടുകടത്തുകയാണെങ്കിൽ ഞാൻ അതു അവളെ ഏല്പിക്കും. ദൈവം അവളെ ശക്തിപ്പെടുത്തുകയും, ഭാവിയെ നേരിടുവാൻ ശക്തികൊടുക്കുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവം അവളെ കാക്കട്ടെ.”

നിങ്ങളുടെ സ്വന്തം മരിയ

**നാലാമത്തെ കത്ത്**

പ്രിയപ്പെട്ട മരിയ, ഇത്രയും കാലത്തിനുശേഷം ഇന്നാണ് നിനക്ക് ഒരെഴുത്തെഴുതാൻ എനിക്കു സാധിക്കുന്നത്. ഞങ്ങൾ....എന്ന സ്ഥലത്തു സുഖമായി വന്നിറങ്ങി. ഞങ്ങളുടെ ക്യാമ്പ് ടൗണിൽനിന്നു പത്തുമൈൽ ദൂരെയാണ്. ഇവിടുത്തെ ഞങ്ങളുടെ ജീവിതം വിവരിക്കാൻ എനിക്കു കഴിവില്ല. അതിനെപ്പററി നിനക്കറിയാമല്ലോ. എന്നെപ്പററി അല്പം ചിലത് എഴുതുവാനേ ഞാൻ ആഗ്രഹിക്കുന്നുള്ളു. എനിക്ക് ശരീരം കൊണ്ട് അദ്ധ്വാനിക്കത്തക്കവണ്ണം ദൈവം ആരോഗ്യം തരുന്നതിനായി ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. എന്നേയും സഹോദരി 'X'നേയും കൂടെ വർക്ക്ഷോപ്പിൽ ജോലിയ്ക്കാക്കിയിരിക്കുകയാണ്. അവിടെയുള്ള

യന്ത്രങ്ങളിന്മേലാണ് ഞങ്ങൾ ജോലി ചെയ്യേണ്ടിയിരുന്നത്. ജോലി പ്രയാസമുള്ളതാണ്. സഹോദരി 'X'-ന്റെ ആരോഗ്യസ്ഥിതി മോശമാണ്. ഞാൻ അവളുടെയും എന്റേയും ജോലി ചെയ്യേണ്ടിയിരിക്കുന്നു. ഞാൻ ആദ്യം എന്റെ ജോലി ചെയ്തുതീർത്തിട്ട് പിന്നെ സഹോദരിയെ സഹായിക്കുന്നു. ഞങ്ങൾക്കു ലഭിക്കുന്ന ആഹാരം നിങ്ങളുടേതുപോലെതന്നെ തുച്ഛമാണ്. എന്നാൽ അതിനെപ്പററിയല്ല ഞാൻ എഴുതുവാൻ ആഗ്രഹിക്കുന്നത്.

രക്ഷയുടെ മാർഗ്ഗം നിന്നിൽക്കൂടി ദൈവം എനിക്കു കാണിച്ചുതന്നതിനാൽ എന്റെ ഹൃദയം ദൈവത്തെ വാഴ്ത്തുകയും സ്തോത്രം ചെയ്യുകയും ചെയ്യുന്നു. ഈ മാർഗ്ഗത്തിൽ വന്നതിനാൽ ഇപ്പോൾ എന്റെ ജീവിതത്തിന് ഒരു ലക്ഷ്യമുണ്ട്. ഞാൻ ഇവിടെനിന്ന് എങ്ങോട്ടു പോകണമെന്നും, ആർക്കുവേണ്ടിയാണ് ഞാൻ കഷ്ടം സഹിക്കുന്നതെന്നും എനിക്ക് അറിയാം. എന്റെ ഹൃദയത്തിലുള്ള രക്ഷയുടെ സന്തോഷം എല്ലാവരോടും സാക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ വേർപിരിക്കുവാൻ ആർക്കു കഴിയും? ഒരുത്തർക്കും സാദ്ധ്യമല്ല. ജയിൽ വാസമോ, കഷ്ടതയോ നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് വേർപിരിക്കയില്ല. ദൈവം നമുക്കു തരുന്നതായ കഷ്ടതകൾ നമ്മിലുള്ള ദൈവവിശ്വാസത്തെ ശക്തിപ്പെടുത്തുന്നു. എന്റെ ഹൃദയത്തിൽ ദൈവസ്നേഹം നിറഞ്ഞു കവിഞ്ഞൊഴുകുകയാണ്. എല്ലാവരോടും ഞാൻ യേശുക്രിസ്തുവിനെക്കുറിച്ച് സാക്ഷിക്കുന്നതിനാൽ അവർ (ജയിൽ അധികൃതർ) എന്നെ ശപിക്കുകയും അധിക വേല തന്ന് കഷ്ടപ്പെടുത്തുകയും ചെയ്യുന്നു. എങ്കിലും എനിക്ക് അടങ്ങിയിരിക്കാൻ കഴിയുന്നില്ല. നാശയോഗ്യയായിരുന്ന എന്നെ യേശുക്രിസ്തു ഒരു പുതിയ സൃഷ്ടിയാക്കിത്തീർത്തു.

അങ്ങനെയിരിക്കെ മൗനമായിരിപ്പാൻ എനിക്ക് കഴിയുമോ? ഇല്ല; ഒരിക്കലും സാദ്ധ്യമല്ല! എന്റെ അധരങ്ങൾക്ക് സംസാരിക്കാൻ കഴിയുന്നിടത്തോളം കാലം ഞാൻ ദൈവത്തിന്റെ

വലിയ സ്നേഹത്തെപ്പററി സാക്ഷിക്കുക തന്നെ ചെയ്യും.

ഈ ക്യാമ്പിലേക്കു വരുന്ന വഴിയിൽവെച്ച് ഞങ്ങൾ ക്രിസ്തുവിലുള്ള അനേക സഹോദരൻമാരേയും സഹോദരികളേയും കാണുവാനിടയായി. ഒരൊററ നോട്ടത്തിൽ തന്നെ അവർ ദൈമക്കളാണെന്നുള്ളത് ആത്മാവിൻെറ സാക്ഷ്യത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു എന്നുള്ളത് അത്ഭുതകരമായ ഒരു കാര്യമാണ്. അവരോട് സംസാരിക്കേണ്ട ആവശ്യമില്ല. ഒററ നോട്ടത്തിൽ തന്നെ അവർ ആരാണെന്ന് മനസ്സിലാക്കാൻ കഴിയും.

ഞങ്ങൾ ഇങ്ങോട്ടു യാത്രചെയ്യുമ്പോൾ ഒരു റെയിൽവേസ്റേറഷനിൽവെച്ച് ഒരു സഹോദരി ഞങ്ങൾക്ക് കുറേ ആഹാരപദാർത്ഥം തന്നതിനുശേഷം രണ്ടുവാക്കുകൾ മാത്രം പറഞ്ഞു: "ദൈവം ജീവിക്കുന്നു."

ഒരു ദിവസം സന്ധ്യകഴിഞ്ഞപ്പോഴാണ് ഞങ്ങൾ താമസിക്കുവാനുള്ള പാളയത്തിൽ വന്നെത്തിയത്. "നിങ്ങൾക്കു സമാധാനം" എന്ന വാക്കുകളോടെ ഞങ്ങൾ അവരെ അഭിവാദ്യം ചെയ്തു. "ഞങ്ങൾ നിങ്ങളെ സമാധാനത്തോടെ സ്വീകരിക്കുന്നു." എന്ന ശബ്ദം പാളയത്തിൻെറ എല്ലാ കോണുകളിൽനിന്നും ഉയർന്നപ്പോൾ ഞങ്ങൾ അത്ഭുതപ്പെട്ടു. അന്നുമുതൽ തന്നെ ഞങ്ങളെല്ലാവരും ഒരു കുടുംബത്തിൻെറ അംഗങ്ങളാണെന്നു ഞങ്ങൾക്കു തോന്നി.

അതെ, അങ്ങനെതന്നെയായിരുന്നു. യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച അനേകർ ഇവിടെയുണ്ട്. ഇവിടെയുള്ള തടവുകാരിൽ പകുതിയിലധികം പേർ വിശ്വാസികളാണ്. ഞങ്ങളുടെ കൂട്ടത്തിൽ നല്ലതുപോലെ പാടാനും പ്രസംഗിക്കാനും കഴിവുള്ളവരുണ്ട്. കഠിനാദ്ധ്വാനം കഴിഞ്ഞ് വൈകുന്നേരം മടങ്ങിവരുമ്പോൾ അല്പസമയത്തേക്കെങ്കിലും ഞങ്ങളുടെ രക്ഷിതാവിൻെറ പാദത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥനയിൽ കഴിക്കുന്നത് എത്ര ആനന്ദകരമാണ്! എവിടെയായിരുന്നാലും യേശുക്രിസ്തു ഉള്ള സ്ഥലത്ത് സ്വാതന്ത്ര്യമുണ്ട്.

മനോഹരമായ അനേകം ആത്മീയ ഗീതങ്ങൾ പഠിക്കുവാൻ ഇവിടെ എനിക്ക് ഇടയായി. ദൈവവചനത്തിൽനിന്നും കൂടുതലായി പഠിക്കുവാനും എനിക്കു കഴിയുന്നു. എനിക്കു പത്തൊമ്പതു വയസ്സായപ്പോൾ ഞാൻ എന്റെ ക്രിസ്തുവിൽ ആയതിന്റെ ഒന്നാം പിറന്നാൾ ആഘോഷിച്ചു. അത്ഭുതകരമായ ആ ദിവസം ഞാൻ ഒരിക്കലും മറക്കുകയില്ല. ആ ദിവസം മുഴുവൻ ഞങ്ങൾക്ക് ജോലിത്തിരക്കായിരുന്നു. എങ്കിലും ഞങ്ങളുടെ ചില സഹോദരന്മാർ അടുത്തുള്ള നദിയിലേക്കു പോയി. ഉറഞ്ഞിരുന്ന മഞ്ഞുകട്ട പൊട്ടിച്ചുമാററി അവർ സ്ഥലം തയ്യാറാക്കി. അന്നു രാത്രി ദൈവവചനപ്രകാരം ഞാനും ഏഴു സഹോദരങ്ങളും സ്നാനമേററു. എന്റെ ഇപ്പോഴത്തെ സന്തോഷം പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഞാൻ നിന്നോട് കാണിച്ചിട്ടുള്ള തെററുകൾക്ക് അല്പമെങ്കിലും എന്റെ സ്നേഹത്തിൽകൂടെ പ്രായശ്ചിത്തം ചെയ്യാമായിരുന്നു. എങ്കിലും ദൈവം നമ്മെ ആക്കിവെച്ചിരിക്കുന്ന സ്ഥാനത്ത് നാം ആയിരിക്കണമല്ലൊ.

അവിടെയുള്ള എല്ലാ ദൈവമക്കളോടും എന്റെ വന്ദനം പറയുക. ദൈവം നമ്മുടെ പ്രവർത്തനങ്ങളെ അനുഗ്രഹിക്കും. അവൻ എന്നെ അനുഗ്രഹിച്ചിരിക്കുന്നു, എബ്രായർ 12:1 മുതൽ 3 വരെയുള്ള വാക്യങ്ങൾ വായിക്കുക.

നിങ്ങളുടെ ദൈവവിശ്വാസം ശക്തമായിത്തീർന്നിരിക്കുന്നതിനാലും, നിങ്ങൾ കഷ്ടതയിലും ദൈവത്തെ സ്തുതിക്കുന്നതിനാലും ഇവിടെയുള്ള സഹോദരങ്ങൾ എല്ലാവരും നിങ്ങൾക്കു വന്ദനം പറയുന്നു. നീ മററുള്ളവർക്ക് എഴുതുമ്പോൾ ഞങ്ങളുടെ സ്നേഹാന്വേഷണങ്ങൾ അറിയിക്കുക.

സ്വന്തം വരിയ

**അഞ്ചാമത്തെ കത്ത്**

പ്രിയപ്പെട്ട മരിയാ,

വളരെ നാളുകൾക്ക് ശേഷമാണ് നിനക്ക് ഒരു കത്തെഴുതുവാൻ സാധിക്കുന്നത്. ദൈവകൃപയാൽ ഞാനും

സഹോദരി..............യും സുഖമായിരിക്കുന്നു. ഞങ്ങൾ ഇപ്പോൾ..............എന്ന സ്ഥലത്താണ്. അവർ ഞങ്ങളെ..............എന്ന സ്ഥലത്തേക്ക് അയയ്ക്കാൻ പോകുകയാണ്.

മാതൃതുല്യമായ നിന്റെ സ്നേഹാന്വേഷണങ്ങൾക്ക് ഞാൻ നന്ദി പറയുന്നു. നിങ്ങൾ അയച്ചിരുന്ന വസ്തുക്കൾ എല്ലാം എനിക്കു കിട്ടി. ഏററവും വിലയേറിയ വേദപുസ്തകം അയച്ചുതന്നതിനു ഞാൻ നന്ദിപറയുന്നു. എനിക്കുവേണ്ടി അവർ ചെയ്ത ഉപകാരങ്ങൾക്കായി എന്റെ നന്ദി അവരെ അറിയിക്കുക.

ദൈവം തന്റെ സ്നേഹത്തിന്റെ മർമ്മം എനിക്ക് വെളിപ്പെടുത്തിയതിനാൽ ഞാൻ ലോകത്തിലേക്കു സൗഭാഗ്യമുള്ളവളാണ്. എനിക്ക് നേരിടുന്ന പീഡകൾ ദൈവത്തിന്റെ പ്രത്യേക കൃപയായി ഞാൻ കരുതുന്നു. ദൈവത്തിനുവേണ്ടി കഷ്ടം സഹിക്കാൻ ആദ്യകാലം മുതൽതന്നെ എനിക്ക് സാധിച്ചതിൽ എനിക്കു സന്തോഷമുണ്ട്. ഞാൻ അന്ത്യം വരെ ദൈവത്തോട് വിശ്വസ്തയായിരിക്കാൻ നിങ്ങൾ പ്രാർത്ഥിക്കുക. ഈ വിശുദ്ധ യുദ്ധത്തിൽ ദൈവം നിങ്ങളെ ശക്തിപ്പെടുത്തട്ടെ.

ഞാനും............എന്ന സഹോദരിയും നിങ്ങൾക്ക് വന്ദനം പറയുന്നു.

ഞങ്ങൾ............എന്ന സ്ഥലത്തു ചെല്ലുമ്പോൾ നിങ്ങൾക്ക് വീണ്ടും എഴുതുവാൻ സാധിച്ചേക്കും. ഞങ്ങളെപ്പററി ഭാരപ്പെടരുത്. സ്വർഗ്ഗത്തിൽ ഞങ്ങളുടെ പ്രതിഫലം വലിയതാകയാൽ ഞങ്ങൾ സന്തോഷിക്കുന്നു.

നിങ്ങളുടെ വരിയ

**യേശുക്രിസ്തുവിനെ രക്ഷിതാവായി കണ്ടെത്തിയ വരിയ എന്ന കമ്മ്യൂണിസ്ററ് യുവതിയുടെ അവസാനത്തെ കത്താണ് ഇത്. കഠിനാദ്ധ്വാന ക്യാമ്പിൽ ജീവിക്കുവാനാണ് അവൾക്ക് ശിക്ഷ ലഭിച്ചത്. അവളെപ്പററി പിന്നെ കേട്ടിട്ടില്ല. എങ്കിലും**

അവളുടെ അതിമഹത്തായ സ്നേഹവും, ക്രിസ്തുവിനുവേണ്ടി യുള്ള സാക്ഷ്യവും, കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലുള്ള ഒളിവുസഭയുടെ മഹത്വത്തേയും അവർ അനുഭവിക്കുന്ന പീഢയേയും വെളിപ്പെടുത്തുന്നു.

# അദ്ധ്യായം ഏഴ്

## ഒളിവു സഭയിൽ നിന്നുള്ള സന്ദേശം

എന്നെ "ഒളിവുസഭയുടെ ശബ്ദം" എന്ന് വിളിക്കാറുണ്ട്. ആ മഹത്തായ പേരിന് ഞാൻ യോഗ്യനല്ല.

എങ്കിലും കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ ഒളിവുസഭയുടെ ഒരു വിഭാഗത്തെ ഞാൻ കുറെ വർഷങ്ങാം നയിക്കുകയുണ്ടായി. പതിന്നാലുവർഷത്തെ ജയിൽ വാസം, ദണ്ഡനം എന്നിവയിൽനിന്നും പ്രത്യേകിച്ച് "മരണമുറി" എന്ന ജയിലറയിലെ രണ്ടു വർഷക്കാലത്തെ ജീവിതത്തിൽനിന്നും ഞാൻ രക്ഷപ്പെടാൻ ഇടയായത് ഒരു അതിശയമാണ്. അതിനേക്കാം വലിയ ഒരു അതിശയം ദൈവം പ്രവർത്തിക്കുകയും, ജയിലറയിൽനിന്ന് എന്നെ വെളിയിലേയ്ക്കും, പിന്നീട് സ്വതന്ത്രസഭകളോട് സംസാരിക്കുവാനായി പശ്ചിമദേശങ്ങളിലേക്കു കൊണ്ടുവരികയും ചെയ്തു.

എണ്ണമററ ശവക്കുഴികളിൽ വിശ്രമിക്കുന്ന എൻെറ സഹോദരന്മാർക്കുവേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്. ദൈവാരാധനയ്ക്കായി കാടുകളിലും, നിലവറകളിലും ഒളിവുസങ്കേതങ്ങളിലും കൂടിവരുന്നവർക്കുവേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്.

ഞാൻ എൻെറ നാടുവിട്ട്, ലോകമെങ്ങുമുള്ള വിശ്വാസികരംക്കായുള്ള ഒരു സന്ദേശം അവർക്ക് എത്തിച്ചുകൊടുക്കണമെന്ന് റുമേനിയായിലെ ഒളിവുസഭ തീരുമാനിക്കുകയാണുണ്ടായത്. ഞാൻ അവിടെനിന്ന് രക്ഷപ്പെട്ടു ഇവിടെ എത്തിയതും ഒരു അതിശയമാണ്.

കമ്മ്യൂണിസ്ററ് രാജ്യങ്ങളിൽ ജീവനെ പണയംവെച്ചുകൊണ്ട് അദ്ധ്വാനിക്കുകയും പീഢ അനുഭവിക്കുകയും മരണം വരിക്കുകയും ചെയ്യുന്നവർ എന്നെ ഏല്പിച്ച ചുമതല നിർവ്വഹിക്കുകയത്രെ ഞാൻ ചെയ്യുന്നത്.

ഒളിവുസഭയിൽ നിന്ന് ഞാൻ കൊണ്ടുവരുന്ന സന്ദേശം ഇതാണ്:

"ഞങ്ങളെ ഉപേക്ഷിക്കരുതേ!"

"ഞങ്ങളെ മറക്കരുതേ!"

"ഞങ്ങളെ അവഗണിക്കരുതേ!"

"ഞങ്ങൾക്കാവശ്യമുള്ള ആയുധങ്ങൾ തരിക, അവ ഉപയോഗിക്കുന്നതിനുള്ള ചെലവുകൾ ഞങ്ങൾ വഹിച്ചുകൊള്ളാം."

നിങ്ങൾക്ക് തരുവാനായി എന്നെ ഏല്പിച്ച സന്ദേശം ഇതാണ്.

ശബ്ദരഹിതമായ, വായ് അടയ്ക്കപ്പെട്ട ഒളിവുസഭയ്ക്കു വേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്.

കമ്മ്യൂണിസ്ററ് രാജ്യങ്ങളിലുള്ള നിങ്ങളുടെ സഹോദരീസഹോദരന്മാരുടെ നിലവിളി ശ്രദ്ധിക്കുക! അവിടെനിന്ന് രക്ഷപ്പെടുന്നതിനോ, ഭദ്രതയ്ക്കുവേണ്ടിയോ, സുഖകരമായ ഒരു ജീവിതത്തിനുവേണ്ടിയോ അവർ കാംക്ഷിക്കുന്നില്ല. അവരുടെ തലമുറയെ നിരീശ്വരത്വംകൊണ്ട് വിഷമയമാക്കുന്നതിനെതിരായി യുദ്ധം ചെയ്യുന്നതിനുള്ള ആയുധങ്ങളത്രെ അവർ ചോദിക്കുന്നത്. ദൈവവചനം പ്രചരിപ്പിക്കുന്നതിനായി അവർ വേദപുസ്തകങ്ങൾ ചോദിക്കുന്നു. വേദപുസ്തകങ്ങൾ ഇല്ലാതെ അവർ ദൈവവചനം പ്രചരിപ്പിക്കുന്നതെങ്ങനെ?

ശസ്ത്രക്രിയാവിദഗ്ധനായ ഒരു ഡോക്ടർ സഞ്ചരിച്ചതായ ഒരു തീവണ്ടി മറെറാരു തീവണ്ടിയുമായി കൂട്ടിമുട്ടി. അയാൾ വെളിയിലിറങ്ങി നോക്കിയപ്പോൾ അനേകർ ഒടിവും ചതവും മുറിവുകളുമേററ് മരിക്കാറായിക്കിടക്കുന്നത് കണ്ടു. അവരുടെയിടയിൽക്കൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ട് നിസ്സഹായനായി അയാൾ വിളിച്ചു പറഞ്ഞു.

''ശസ്ത്രക്രിയക്കുള്ള ഉപകരണങ്ങൾ ഉണ്ടായിരുന്നെങ്കിൽ!'' ഒളിവുസഭയുടെ അവസ്ഥ ഇതാണ്. ശസ്ത്രക്രിയക്കുള്ള ഉപകരണങ്ങൾ ഉണ്ടായിരുന്നെങ്കിൽ, അനേകരുടെ ജീവനെ രക്ഷിക്കാൻ അയാൾക്കു കഴിയുമായിരുന്നു. അതിനുള്ള സന്മനസ്സ് അയാൾക്ക് ഉണ്ടായിരുന്നു.

എന്നാൽ അയാളുടെ പക്കൽ ഉപകരണങ്ങളില്ലാതായിപ്പോയി. ഒളിവുസഭ ഈ നിലയിൽ കഴിയുകയാണ്. തങ്ങൾക്കുള്ളത് സകലവും ചെലവഴിക്കുവാൻ, രക്തസാക്ഷികളായി മരിക്കുവാൻ അവർ തയ്യാറാണ്. പക്ഷേ പ്രവർത്തനത്തിനു വേണ്ട ഉപകരണങ്ങളില്ലാത്തതിനാൽ അവരുടെ ത്യാഗമനോഭാവം കൊണ്ട് പ്രയോജനമില്ലാതായിത്തീരുന്നു. വിശ്വസ്തയും ധൈര്യശാലിയുമായ ഒളിവുസഭയുടെ, നിങ്ങളോടുള്ള അപക്ഷ ഇതാണ്. ''ഞങ്ങൾക്ക് ആയുധങ്ങൾ തരിക—സുവിശേഷങ്ങൾ, വേദപുസ്തകങ്ങൾ സുവിശേഷസാഹിത്യങ്ങൾ മററു സഹായങ്ങൾ എന്നിവ തരിക ബാക്കി പ്രവർത്തനം ഞങ്ങൾ ചെയ്തുകൊള്ളാം.''

## സ്വതന്ത്രക്രിസ്ത്യാനികളെ, സഹായിക്കുക

സ്വതന്ത്രരായ ക്രിസ്ത്യാനികൾക്ക് ഒളിവുസഭയെ സഹായിക്കാൻ പല മാർഗ്ഗങ്ങളുമുണ്ട്.

ജീവന്റെ ഉത്ഭവസ്ഥാനം അദൃശ്യമായ ഒരു ഇടമാണെന്ന് നിരീശ്വരവാദികൾ വിശ്വസിക്കുന്നില്ല. ജീവിതത്തിൽ മർമ്മങ്ങളായുള്ളവ എന്തെന്നുള്ള യാതൊരു ബോദ്ധ്യവും അവർക്കില്ല. കാഴ്ചയാലല്ല വിശ്വാസത്താലുള്ള ജീവിതത്തിൽ, ദൈവവുമായുള്ള കൂട്ടായ്മയിൽ ജീവിതം നയിക്കുന്നതിനാൽ അവരെ സഹായിക്കാൻ നിങ്ങൾക്കു കഴിയും.

മാതൃകായോഗ്യവും, ത്യാഗപൂർണ്ണവുമായ ഒരു ജീവിതം നയിക്കുന്നതിനാൽ ഞങ്ങളെ സഹായിക്കുവാൻ അവർക്കു കഴിയും. വിശ്വാസികളെ പീഢിപ്പിക്കുമ്പോൾ അതിനെതിരെ പ്രതിഷേധസ്വരമുയർത്തുവാൻ അവർക്കു സാധിക്കും.

കമ്മ്യൂണിസ്ററുകാർ രക്ഷിക്കപ്പെടുന്നതിനായി

പ്രാർത്ഥിക്കുവാനും അങ്ങനെ ഞങ്ങളെ സഹായിക്കുവാനും പശ്ചിമദേശങ്ങളിലുള്ള വിശ്വാസികൾക്ക് കഴിയും. അങ്ങനെയുള്ള പ്രാർത്ഥനകൾ അർത്ഥശൂന്യമാണെന്ന് തോന്നിയേക്കാം. ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർക്കുവേണ്ടി പ്രാർത്ഥിച്ചു എങ്കിലും അടുത്ത ദിവസം അവർ ഞങ്ങളെ കൂടുതലായി ദണ്ഡിപ്പിക്കുകയുണ്ടായി. യേശുക്രിസ്തു യരുശലേമിനുവേണ്ടി പ്രാർത്ഥിച്ചതും അർത്ഥശൂന്യമായി തോന്നിയേക്കാം. ആ പ്രാർത്ഥനയ്ക്കുശേഷം അവർ അവനെ ക്രൂശിച്ചു. എന്നാൽ ഏതാനും ചില ദിവസങ്ങൾക്കുശേഷം അയ്യായിരത്തോളം പേർ മാറത്തടിച്ചുകൊണ്ട് അനുതപിക്കുകയും രക്ഷപ്രാപിക്കുകയും ചെയ്തു. മററുള്ളവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും നഷ്ടമാകുന്നില്ല. നിങ്ങൾ ഒരാൾക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന ചെയ്യുമ്പോൾ അതു സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ, അത് അനുഗ്രഹങ്ങളോടുകൂടെ നിങ്ങളിലേക്ക് തിരികെ വരികയും, നിങ്ങൾ ആർക്കുവേണ്ടി പ്രാർത്ഥിച്ചോ അവർക്ക് അത് ശാപമായിത്തീരുകയും ചെയ്യുന്നു. യേശുക്രിസ്തുവിൻെറ വചനങ്ങൾക്കനുസരണമായി ഞാനും മററു വിശ്വാസികളും ഹിററ്ലർക്കുവേണ്ടിയും ഹിററ്ലറിൻെറ അനുയായികൾക്കുവേണ്ടിയും പ്രാർത്ഥിച്ചു. ഐക്യകക്ഷികളുടെ വെടിയുണ്ടകളെപ്പോലെതന്നെ ആ പ്രാർത്ഥനകളും ഹിററ്ലറിൻെറ പരാജയത്തിനു കാരണമായിരുന്നു എന്ന് എനിക്കുറപ്പുണ്ട്.

നാം നമ്മുടെ അയൽക്കാരെ സ്നേഹിക്കേണ്ടിയിരിക്കുന്നു. മററാരേയും പോലെ കമ്മ്യൂണിസ്റ്റുകാർ നമ്മുടെ അയൽക്കാരാണ്.

"ജീവനുണ്ടാകുവാനും സമൃദ്ധിയായ ജീവൻ ഉണ്ടാകുവാനുമത്രെ ഞാൻ വന്നത്" എന്ന ക്രിസ്തുവിൻെറ വചനം നിവൃത്തിയാകാഞ്ഞതിൻെറ ഫലമായാണ് കമ്മ്യൂണിസ്റ്റുകാർ ഉണ്ടായത്. ക്രിസ്ത്യാനികൾ (വിശ്വാസികൾ) എല്ലാവർക്കും സമൃദ്ധിയായ ജീവൻ ലഭിക്കത്തക്കവണ്ണം പ്രവർത്തിച്ചിട്ടില്ല. ജീവിതത്തിൽ

വിലയുള്ളവരുടെ പുറംപന്തിയിൽ അവർ അനേകരെ ഉപേക്ഷിച്ചിട്ടിരിക്കുകയാണ്. അങ്ങനെ പുറംതള്ളപ്പെട്ടവർ നിഷേധിക്കുകയും കമ്മ്യൂണിസ്ററുപാർട്ടിയെ കെട്ടിപ്പടുക്കു കയും ചെയ്തു. സാമുദായികമായ അനീതികാക്കും അഴിമതികാക്കും ഇരയായിത്തീർന്നവരാണ് അവർ. ഇപ്പോഠ അവർ ക്രൂരന്മാരും വിരോധികളുമാണ്. അവരോട് നാം യുദ്ധം ചെയ്യേണ്ടിയിരിക്കുന്നു. എങ്കിലും, ക്രിസ്ത്യാനികാം തങ്ങളുടെ ശത്രുക്കളോടു യുദ്ധം ചെയ്യേണ്ടിവന്നാൽ തന്നെയും, അവരെ മനസ്സിലാക്കുകയും സ്നേഹിക്കുകയും ചെയ്യാൻ കടപ്പെട്ടവരാണ്.

അവർ കമ്മ്യൂണിസ്ററുകാരായതിൽ നമുക്കു കുററമില്ല എന്ന് കരുതരുത്. നാം നമ്മുടെ ചുമതലകാം നിർവ്വഹിച്ചില്ല എന്നുള്ള കുററം നമ്മുടെ പേരിലുണ്ട്.

അതിൻെറ പ്രായശ്ചിത്തമായി നാം അവരെ സ്നേഹിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. (ഇത് അവരോടു സഖ്യത ചെയ്യുകയില്ല)

കമ്മ്യൂണിസം എന്ന പ്രശ്നത്തെ സ്നേഹം കൊണ്ടുമാത്രം പരിഹരിക്കാമെന്ന ബുദ്ധിശൂന്യത എനിക്കില്ല. ഒരു രാജ്യത്തുള്ള അക്രമികളെ സ്നേഹം കൊണ്ടുമാത്രം ജയിക്കുക സാദ്ധ്യമല്ല. സഭാപരിപാലകൻമാർമാത്രം പോരാ, പോലീസുകാരും, ജയിലുകളും, ന്യായാധിപന്മാരും അതിന് ആവശ്യമുണ്ട്. അക്രമികാം പശ്ചാത്തപിക്കുന്നില്ലെങ്കിൽ, അവരെ ജയിലിലടച്ചേ മതിയാവൂ. കമ്മ്യൂണിസ്ററുകാരെ നേടുന്നതിലുള്ള ശരിയായ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ പ്രവർത്തനങ്ങളെ ഞാൻ 'സ്നേഹം' എന്ന ക്രിസ്തീയപദം കൊണ്ട് തടുക്കുകയില്ല. കമ്മ്യൂണിസ്ററുകാർ അക്രമികളാണ്. അന്തർരാഷ്ട്രീയമായ തോതിൽ അവർ അക്രമം ചെയ്യുന്നു. അക്രമികാം പിടിച്ചുപറി നടത്തുന്നു. കമ്മ്യൂണിസ്ററുകാർ രാജ്യങ്ങളെ പിടിച്ചുപറിക്കുന്നു.

എന്നാൽ ഒരു കമ്മ്യൂണിസ്ററുകാരൻെറ കുററങ്ങളും അക്രമങ്ങളും എത്ര വലുതായിരുന്നാലും അവനെ

ക്രിസ്തുവിങ്കലേക്ക് നടത്തുവാൻ സഭാപരിപാലകന്മാരും വിശ്വാസികളും ആവോളം ശ്രമിക്കേണ്ടിയിരിക്കുന്നു. അനുകമ്പയോടുകൂടെ അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

## വേദപുസ്തകങ്ങളും സുവിശേഷങ്ങളും ആവശ്യമുണ്ട്

രണ്ടാമത്, വേദപുസ്തകങ്ങളും വേദപുസ്തകഭാഗങ്ങളും അയച്ചുതന്നു സഹായിക്കുവാൻ സ്വതന്ത്ര ക്രിസ്ത്യാനികൾക്കു കഴിയും. ഭദ്രമായി ഇവയെ അയയ്ക്കാനുള്ള മാർഗ്ഗങ്ങളുണ്ട്. ഞാൻ അവിടെനിന്നു പോന്നതിന്റെ ശേഷം അനേക വേദപുസ്തകങ്ങളും വേദപുസ്തകഭാഗങ്ങളും എത്തിച്ചുകൊടുക്കുകയുണ്ടായി. ഒളിവുസഭയിലെ സഹോദരങ്ങൾക്കുവേണ്ടി കൊടുക്കുവാൻ സ്വതന്ത്രക്രിസ്ത്യാനികൾക്ക് മനസ്സുണ്ടെങ്കിൽ അവ എത്തിച്ചുകൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങളുണ്ട്. ഞാൻ റുമേനിയായിലായിരുന്നപ്പോൾ അങ്ങനെയുള്ള മാർഗ്ഗങ്ങളിൽ കൂടി എനിക്കു വേദപുസ്തകങ്ങൾ കിട്ടിയിട്ടുണ്ട്.

വേദപുസ്തകങ്ങളും വേദപുസ്തകഭാഗങ്ങളും അത്യാവശ്യമായിരിക്കുന്നു. ഇരുപതുമുതൽ അൻപതു വർഷങ്ങളോളമായി വേദപുസ്തകം കണ്ടിട്ടില്ലാത്ത ആയിരക്കണക്കിന് വിശ്വാസികൾ ഒളിവുസഭയിലുണ്ട്.

ഒരിക്കൽ ഗ്രാമവാസികളായ രണ്ടു വിശ്വാസികൾ എന്റെ വീട്ടിൽവന്നു. ശീതകാലത്ത് ഉറഞ്ഞമഞ്ഞ് നീക്കുന്ന കഷ്ടപ്പെട്ട വേലചെയ്ത്, അങ്ങനെ കിട്ടുന്ന പണം കൊണ്ട് ഒരു കീറിപ്പറിഞ്ഞ വേദപുസ്തകമെങ്കിലും വാങ്ങിക്കാമെന്നുള്ള ആശയോടുകൂടെയാണ് അവർ വന്നത്. എനിക്ക് അമേരിക്കയിൽ നിന്ന് വേദപുസ്തകങ്ങൾ കിട്ടിയിരുന്നതിനാൽ, കീറിപ്പറിഞ്ഞതല്ല, ഒരു പുതിയ വേദപുസ്തകം അവർക്കു കൊടുക്കുവാൻ എനിക്കു സാധിച്ചു. അവർക്ക് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. മഞ്ഞു നീക്കുന്ന വേലയിൽ നിന്നു ലഭിച്ച പണംകൊണ്ട് ആ വേദപുസ്തകത്തിന് വില തരുവാൻ

അവർ ആഗ്രഹിച്ചു. പക്ഷേ ഞാൻ ആ പണം സ്വീകരിക്കാതെ സൗജന്യമായി ആ വേദപുസ്തകം അവർക്ക് സമ്മാനിച്ചു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ, അതിനുവേണ്ടി ഹൃദയംഗമമായി നന്ദി പറഞ്ഞുകൊണ്ടുള്ള ഒരു കത്തു എനിക്കു ലഭിച്ചു. മുപ്പതു ഗ്രാമവാസികൾ ആ കത്തിൽ ഒപ്പിട്ടിരുന്നു. ആ വേദപുസ്തകം അവർ കേടുവരുത്താതെ മുപ്പതായി ഭാഗിച്ച് ഓരോ കഷണങ്ങൾ ഉപയോഗിക്കുകയും അന്യോന്യം കൈമാററം ചെയ്യുകയും ചെയ്തു.

റഷ്യാക്കാരനായ ഒരു വിശ്വാസി വേദപുസ്തകത്തിൻെറ ഒരു താളിനു വേണ്ടി യാചിക്കുന്നതു കേൾക്കുന്നത് ഹൃദയഭേദകമായ ഒരു കാര്യമാണ്. അവൻെറ ആത്മാവിൻെറ ആഹാരമാണ് അത്. ഒരു വേദപുസ്തകം കിട്ടാൻ വേണ്ടി ഒരാടിനെയോ പശുവിനെയോ വിലയായി കൊടുക്കാൻ അവർക്ക് സമ്മതമാണ്. ഒരു വിശ്വാസി തൻെറ വിവാഹമോതിരം വിററ് ഒരു കീറിപ്പറിഞ്ഞ പുതിയനിയമം വാങ്ങിയതായി എനിക്കറിയാം. ഞങ്ങളുടെ കുട്ടികൾ ഒരു ക്രിസ്തുമസ്സ് കാർഡ് ഒരിക്കലും കണ്ടിട്ടില്ല. ഒരു ക്രിസ്തുമസ്സ് കാർഡ് ലഭിച്ചാൽ ആ ഗ്രാമത്തിലെ കുട്ടികൾ എല്ലാം അതിനു ചുററും കൂടും. ആരെങ്കിലും ഒരാൾ യേശുകുഞ്ഞിനെക്കുറിച്ചും കന്യകമറിയാമിനെക്കുറിച്ചും, യേശുക്രിസ്തുവിനെക്കുറിച്ചും, രക്ഷയെക്കുറിച്ചും അവരോടു പറയും. ഒരു ക്രിസ്തുമസ്സ് കാർഡിൽ നിന്ന് ഇതെല്ലാം....! വേദപുസ്തകങ്ങളും സുവിശേഷങ്ങളും, സുവിശേഷസാഹിത്യങ്ങളും അയച്ച് സഹായിക്കുവാൻ നിങ്ങൾക്കു കഴിയും.

മൂന്നാമത്, കമ്മ്യൂണിസ്ററ് വിഷത്തെ ആക്രമിക്കുന്നതിനുതകുന്ന പ്രത്യേക പുസ്തകങ്ങളും ലഘുലേഖകളും അയയ്ക്കുവാൻ നിങ്ങൾക്കു കഴിയും. കൊച്ചു കുട്ടികൾ മുതൽ യുവജനങ്ങൾ വരെയുള്ളവർക്കുവേണ്ടി പ്രത്യേകം തയ്യാർ ചെയ്ത പുസ്തകങ്ങൾ ആവശ്യമുണ്ട്. "നിരീശ്വരവാദസഹായി" എന്ന ഒരു പുസ്തകം കമ്മ്യൂണിസ്ററുകാർ പ്രചരിപ്പിക്കുന്നുണ്ട്. അതു കമ്മ്യൂണിസ്ററുകാരുടെ "വേദപുസ്തകമാണ്."

ഇപ്രകാരമുള്ള വിഷമയമായ ഗ്രന്ഥങ്ങൾക്കുള്ള ക്രിസ്തീയ ഉത്തരങ്ങൾ പുസ്തകങ്ങളായി അയയ്ക്കുവാൻ നമുക്കു സാധിക്കും. ഇപ്രകാരമുള്ള പുസ്തകങ്ങൾ ഒളിവുസഭയ്ക്ക് ഇല്ല. അതില്ലാത്തിടത്തോളം കാലം അവരുടെ കൈകൾ കെട്ടപ്പെട്ടിരിക്കും.

"നിരീശ്വരവാദസഹായി" മുതലായ പുസ്തകങ്ങൾക്ക് ഉത്തരം പറയുന്ന പുസ്തകങ്ങൾ—കമ്മ്യൂണിസ്ററുവിഷമേററ യുവജനങ്ങൾക്കുള്ള ക്രിസ്തീയ ഉത്തരങ്ങൾ അടങ്ങിയ പുസ്തകങ്ങൾ—എന്നിവ അയച്ച് സഹായിക്കുവാൻ നിങ്ങൾക്കു കഴിയും.

നാലാമത്, സുവിശേഷവുമായി പല സ്ഥലങ്ങളിലേക്കു കടന്നു ചെല്ലുന്നതിനും ആളാംപ്രതി വേലചെയ്യുന്നതിനും മററുമായി ഒളിവുസഭയ്ക്ക് സാമ്പത്തിക സഹായങ്ങൾ ചെയ്തു അവരെ സഹായിക്കാൻ നിങ്ങൾക്കുകഴിയും. യാത്രക്കൂലിക്കും ഭക്ഷണത്തിനും മററും പണമില്ലാത്തതിനാൽ അവരിൽ അനേകർ തങ്ങളുടെ വീടുകളിൽ "കെട്ടപ്പെട്ടിരിക്കുകയാണ്." അതുകൊണ്ട് ഇരുപതോ മുപ്പതോ മൈൽ അകലെയുള്ള സ്ഥലങ്ങളിൽ പോലും രഹസ്യയോഗങ്ങൾക്കു പോകുന്നതിന് അവർക്ക് കഴിവില്ല. ഒരു മാസം അഞ്ചോ പത്തോ പവൻ (ഏകദേശം നൂറോ ഇരുനൂറോ രൂപ) കൊടുക്കുന്ന പക്ഷം പലരേയും അവരുടെ "ബന്ധനങ്ങളിൽ" നിന്ന് മോചിപ്പിക്കുന്നതിനും ദൈവവചനവുമായി ദൂരെയുള്ള ഗ്രാമങ്ങളിലേക്കും പട്ടണങ്ങളിലേക്കും പോകുന്നതിനും ഇടയാകും.

തങ്ങളുടെ വിശ്വാസത്തിനുവേണ്ടി ജയിൽവാസം സഹിച്ച സഭാശുശ്രൂഷകന്മാർക്ക് 'എരിയുന്ന' സുവിശേഷസന്ദേശമുണ്ട്. പക്ഷേ മററു സ്ഥലങ്ങളിൽപോയി അറിയിക്കുന്നതിനുള്ള സാമ്പത്തിക കഴിവുകൾ അവർക്കില്ല. മേൽപ്പറഞ്ഞരീതിയിലുള്ള ചെറിയ സാമ്പത്തിക സഹായം നൽകുന്നെങ്കിൽ അവർക്ക് പ്രവർത്തിക്കാൻ കഴിയും.

ഒളിവുസഭയുടെ വേലയിൽ രഹസ്യമായി ഏർപ്പെട്ടിരിക്കു

ന്ന ഔദ്യോഗിക സഭാശുശ്രൂഷകന്മാർക്കും സാമ്പത്തികസഹായങ്ങൾ ആവശ്യമുണ്ട്. ഔദ്യോഗിക സഭയുടെ ശുശ്രൂഷകന്മാരുടെ ശമ്പളം ഏററവും തുച്ഛമാണ്. എന്നാൽ അവരുടെ ജീവനെ പണയംവെച്ചുകൊണ്ട് അവർ കുട്ടികളോടും യുവജനങ്ങളോടും പ്രായമുള്ളവരോടും സുവിശേഷം പറയുന്നു. ഫലകരമായ ഒരു വേല ചെയ്യത്തക്കവണ്ണം അവർക്കു സാമ്പത്തിക സഹായങ്ങൾ ചെയ്യാൻ നിങ്ങൾക്ക് കഴിയും. അതുപോലെതന്നെ, സാധാരണക്കാരായ വിശ്വാസികൾക്ക് സാമ്പത്തികസഹായം ചെയ്യുന്നെങ്കിൽ അവർ പട്ടണംതോറും ഗ്രാമംതോറും സുവിശേഷം എത്തിക്കും. അവർ 'വിശ്വാസികൾ' ആയതിനാൽ കഷ്ടിച്ച് ഉപജീവനത്തിനുള്ളതു മാത്രമേ അവർക്കു വേതനമായി ലഭിക്കുന്നുള്ളു.

ഒരു മാസം അഞ്ചോ പത്തോ പവൻ ചെലവഴിക്കുന്ന പക്ഷം ഒരു ഒളിവു സഭാംഗത്തിനു ഫലകരമായി സുവിശേഷവേലചെയ്യുന്നതിന് സാധിക്കും.

അടുത്തതായി, റേഡിയോ മുഖാന്തരമായി കമ്മ്യൂണിസ്ററ് രാജ്യങ്ങളിലേക്ക് സുവിശേഷം പ്രക്ഷേപണം ചെയ്യണം. സ്വതന്ത്രലോകത്തിലുള്ള റേഡിയോ സ്റേറഷനുകൾ ഉപയോഗിച്ച്, ഒളിവുസഭയ്ക്കുള്ള ആത്മീക ആഹ്വാനം നൽകുവാൻ നമുക്കു കഴിയും. അവർക്ക് 'ജീവന്റെ അപ്പം' വളരെ ആവശ്യമാണ്. കമ്മ്യൂണിസ്ററു പ്രചരണത്തിനായി ധാരാളം റേഡിയോകൾ (ഹ്രസ്വതരംഗങ്ങളിൽ) ഉള്ളതിനാൽ, ലക്ഷക്കണക്കിനാളുകൾക്ക് സുവിശേഷം കേൾക്കുന്നതിനുള്ള സാഹചര്യമുണ്ട്. കമ്മ്യൂണിസ്ററ് രാജ്യങ്ങളിലേക്ക് റേഡിയോ പ്രക്ഷേപണങ്ങൾ ചെയ്യുന്നതിനുള്ള സാഹചര്യങ്ങൾ ഇപ്പോഴുണ്ട്. ഈ പ്രവർത്തനം വിപുലമാക്കേണ്ടിയിരിക്കുന്നു. ഈ പ്രക്ഷേപണങ്ങളിൽക്കൂടി ഒളിവുസഭയ്ക്കാവശ്യമുള്ള ആത്മീക ആഹാരം കൊടുക്കേണ്ടിയിരിക്കുന്നു. അങ്ങനെ ഒളിവുസഭയെ സഹായിക്കാൻ കഴിയും.

## രക്തസാക്ഷികളുടെ കുടുംബങ്ങാം

ക്രിസ്തീയ രക്തസാക്ഷികളുടെ കുടുംബങ്ങളുടെ സന്ധാരണത്തിനുള്ളവ കൊടുത്ത് നാം സഹായിക്കണം. പതിനായിരക്കണക്കിനുള്ള രക്തസാക്ഷികളുടെ കുടുംബങ്ങാം ദയനീയമായ അവസ്ഥയിൽ കഴിയുകയാണ്.

ഒളിവുസഭയിലെ ഒരംഗം അറസ്ററു ചെയ്യപ്പെടുമ്പോാം അവൻെറ കുടുംബം അനാഥമായിത്തീരുന്നു. ആരെങ്കിലും അവരെ സഹായിച്ചാൽ അതു കുററകരമാണ്. ഭാര്യയുടേയും കുഞ്ഞുങ്ങളുടെയും നില ദയനീയമാക്കിത്തീർക്കുന്നതിനായി കമ്മ്യൂണിസ്ററുകാർ മനപൂർവ്വമായി അങ്ങനെ ഒരു നിയമം ഉണ്ടാക്കിയതാണ്. ഒരു വിശ്വാസി ജയിലിൽ പോയി, ദണ്ഡനവും--മിക്കപ്പോഴും മരണവും—ഏല്ക്കുമ്പോാം അവൻെറ യാതനകാം ആരംഭിക്കുന്നതേയുള്ളു. അവൻെറ കുടുംബം അന്തമില്ലാത്ത യാതനകാം അനുഭവിക്കേണ്ടിവരുന്നു. സ്വതന്ത്രലോകത്തിലുള്ള സാധാരണ വിശ്വാസികാം സഹായം എത്തിച്ചില്ലായിരുന്നെങ്കിൽ ഞാനും കുടുംബവും ജീവിച്ചിരിക്കുകയില്ലായിരുന്നു. ഈ കഥ എഴുതാൻ ഇടവരികയുമില്ലായിരുന്നു.

റഷ്യയിലും മററു രാജ്യങ്ങളിലും ഈയിടെ വിശ്വാസികളെ കൂട്ടമായി അറസ്ററു ചെയ്യുകയും, കൂട്ടമായി ഭീഷണിപ്പെടുത്തുകയും ചെയ്യുകയുണ്ടായി. രക്തസാക്ഷികാം മരിക്കുകയും അവരുടെ പ്രതിഫലങ്ങാം വാങ്ങുവാനായി പോകുകയും ചെയ്യുന്നെങ്കിലും അവരുടെ കുടുംബങ്ങാം അതിസങ്കടകരമായ അവസ്ഥയിൽ കഴിയുന്നു. നാം അവരെ സഹായിക്കേണ്ടിയിരിക്കുന്നു. അതിനുള്ള കഴിവു നമുക്കുണ്ട്. പട്ടിണികിടക്കുന്ന ഇൻഡ്യാക്കാരേയും ആഫ്രിക്കക്കാരേയും നാം സഹായിക്കേണ്ടതാണ്. എന്നാൽ തങ്ങളുടെ ക്രിസ്തുവിലുള്ള വിശ്വാസത്തിനുവേണ്ടി കമ്മ്യൂണിസ്ററ് ജയിലുകളിൽ പീഢനമേററു മരിച്ച വിശ്വാസികളുടെ കുടുംബങ്ങളെക്കാാം കൂടുതലായി, വിശ്വാസികളുടെ സഹായങ്ങാം അർഹിക്കുന്നവർ ആരുണ്ട്

ഞാൻ റുമേനിയായിനിന്ന് രക്ഷപ്പെട്ടതിനുശേഷം യൂറോപ്യൻ ക്രിസ്ത്യൻ മിഷൻ അനേക രക്തസാക്ഷികളുടെ കുടുംബങ്ങൾക്ക് സഹായം എത്തിക്കുകയുണ്ടായി. എന്നാൽ അത് അത്യാവശ്യമുള്ള സഹായത്തിൻെറ ഒരു ഭാഗം മാത്രമേ ആകുന്നുള്ളു.

ഒളിവുസഭയുടെ അംഗമായ ഞാൻ ജീവിച്ചിരിക്കുകയും കമ്മ്യൂണിസ്ററ് ചങ്ങലകളിൽനിന്ന് വിടുതൽ പ്രാപിക്കുകയും ചെയ്തതിനാൽ ഇരുമ്പുമറയ്ക്കു പിന്നിലുള്ള എൻെറ സഹോദരങ്ങളുടെ ഒരു അഭ്യർത്ഥന ഞാൻ നിങ്ങളുടെ മുമ്പാകെ കൊണ്ടുവരികയാണ്. ഈ സന്ദേശം നിങ്ങളുടെ മുമ്പാകെ എത്തിക്കുന്നതിനാണ് അവർ എന്നെ അയച്ചത്. അതു നിങ്ങളെ ഏല്പിക്കത്തക്കവണ്ണം അതിശയകരമായി ഞാൻ ജീവനോട് ശേഷിക്കുന്നു.

കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ ക്രിസ്തുവിൻെറ സുവിശേഷം എത്തിക്കേണ്ടതിൻെറ അത്യാവശ്യത്തെപ്പററി ഞാൻ നിങ്ങളോട് പറഞ്ഞല്ലോ. ക്രിസ്തീയ രക്തസാക്ഷികളുടെ കുടുംബാംഗങ്ങൾക്ക് സഹായം എത്തിക്കേണ്ടതിൻെറ അത്യാവശ്യത്തെപ്പററിയും ഒളിവുസഭയുടെ ദൗത്യം നിർവ്വഹിക്കത്തക്കവണ്ണം അതിനെ സഹായിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങളെപ്പററിയും ഞാൻ പറഞ്ഞല്ലോ.

എൻെറ കാലിന്മേൽ അവർ അടിച്ചപ്പോൾ എൻെറ നാവു കരഞ്ഞു. നാവിന് അടികൊണ്ടില്ല. പിന്നെ അതു കരഞ്ഞതെന്തിന്? കാലും നാവും ഒരേ ശരീരത്തിൻെറ ഭാഗങ്ങളായതുകൊണ്ട്. അതുപോലെതന്നെ സ്വതന്ത്ര ലോകത്തിലെ വിശ്വാസികളായ നിങ്ങളും കമ്മ്യൂണിസ്ററ് രാജ്യങ്ങളിലെ ദണ്ഡിപ്പിക്കപ്പെടുന്ന ഒളിവുസഭയും, ക്രിസ്തുവിൻെറ ശരീരമായ സഭയുടെ ഭാഗങ്ങളാണ്.

ഞങ്ങളുടെ വേദന നിങ്ങൾക്ക് അനുഭവപ്പെടുന്നില്ലേ?

കമ്മ്യൂണിസ്ററ് രാജ്യങ്ങളിൽ ആദിമസഭയെ അതിൻെറ മനോഹരതയിലും പൂർണ്ണപ്രതിഷ്ഠയിലും ത്യാഗപരമായ ജീവിതത്തിലും കാണുവാൻ കഴിയും.

യേശുക്രിസ്തു ഗത്സമന തോട്ടത്തിൽവെച്ച് അതിവ്യഥയിൽ ആയപ്പോഠം പത്രോസും യോഹന്നാനും യേശുക്രിസ്തുവിൽനിന്ന് അധികദൂരത്തല്ലായിരുന്നു. പക്ഷെ അവർ ഗാഢനിദ്രയിലായിരുന്നു. ഇന്നത്തെ രക്തസാക്ഷി സഭയായ ഒളിവുസഭയെപ്പററി നിങ്ങഠംക്കു എത്രമാത്രം ഹൃദയഭാരമുണ്ട്. അവർക്കു നിങ്ങഠം എത്ര സഹായം നൽകുന്നുണ്ട്? ഇരുമ്പുമറയ്ക്കു പിന്നിലുള്ള സഹോദരീസഹോദരങ്ങഠംക്കുവേണ്ടി എന്തു സഹായമാണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് നിങ്ങളുടെ സഭാശുശ്രൂഷകന്മാരോട് ചോദിക്കുക.

ഇരുമ്പു മറയ്ക്കുള്ളിൽ ആദിമസഭയുടെ ധൈര്യത്തേയും രക്തസാക്ഷികളേയും കാണുവാൻ കഴിയും. പക്ഷേ സ്വതന്ത്രസഭ ഉറങ്ങുകയാണ്.

ഒളിവുസഭയിലുള്ള സഹോദരങ്ങഠം, ആദിമക്രിസ്ത്യാനികളെപ്പോലെ അതി ധൈര്യത്തോടും പ്രതിഘ്ഠയോടും കൂടെ യുദ്ധത്തിലേർപ്പെട്ടിരിക്കുകയാണ്. എന്നാൽ അതേസമയം യേശുക്രിസ്തുവിൻെറ അതിവ്യഥയുടെ സമയത്ത് പത്രോസും യാക്കോബും യോഹന്നാനും ഉറങ്ങിയതുപോലെ പശ്ചിമദേശങ്ങളിലെ സഭകഠം ഉറങ്ങുകയാണ്.

നിങ്ങളുടെ സഹോദരങ്ങളായ ഒളിവുസഭാംഗങ്ങഠം സുവിശേഷത്തിനുവേണ്ടി കഠിനമായ യുദ്ധത്തിലേർപ്പെട്ടിരിക്കുമ്പോഠം നിങ്ങഠംക്ക് ഉറങ്ങാൻ കഴിയുമോ?

അവരുടെ സന്ദേശം നിങ്ങഠം കേഠംക്കുമോ? "ഞങ്ങളെ ഓർക്കുക, ഞങ്ങളെ സഹായിക്കുക."

"ഞങ്ങളെ ഉപേക്ഷിക്കരുതേ!"

കമ്മ്യൂണിസ്ററു രാജ്യങ്ങളിൽ യാതന അനുഭവിക്കുന്ന വിശ്വസ്തയായ രക്തസാക്ഷിസഭയുടെ സന്ദേശം ഞാൻ നിങ്ങളുടെ അടുത്തു എത്തിച്ചു കഴിഞ്ഞു.

കമ്മ്യൂണിസ്ററ് തടവറയിൽ
പതിന്നാല് സംവത്സരങ്ങളിലെ
പീഡനത്തിൻെറയും
ദുരിതാനുഭവത്തിൻെറയും
മുറിപ്പാടുകളുള്ള ദേഹമാണ്
റിച്ചാർഡ് വുംബ്രാണ്ട്.
നൂറുകണക്കിനു ക്രിസ്തീയ
വിശ്വാസികളുടെ അചഞ്ചലമായ
സ്ഥൈര്യവും, അനുസ്യൂതമായ
വിശ്വാസവും അദ്ദേഹത്തിനു
നേരിട്ടു കാണുവാൻ കഴിഞ്ഞു.
പ്രിയജനങ്ങളിൽ നിന്ന് പിടിച്ച
കററപ്പെട്ട്, ശാരീരിക പീഡനവും
മർദ്ദനവും സഹിച്ചെങ്കിലും
ആത്മാവ് തളരാതെ, ക്രിസ്തീയ
വിശ്വാസത്തിൽ അടിപതറാതെ
ഉറച്ചുനിന്ന അവരത്രെ

ജീവിക്കുന്ന
രക്തസാക്ഷികൾ